സർവ്വദേശ ഭൂമി ഗാനം
മഹാശാസ്ത്ര മൂലം
ശബ്ദ ബ്രഹ്മം
അക്ഷരബ്രഹ്മം
ആദി വചനം
സൃഷ്ടി മന്ത്രം
സംഹാര കാഹളം
ഏക മഹാശബ്ദം
മഹാദേവിയുടെ മഹാചിരി
ഓം OM

GOD has Arrived.
= MAHAASHAKTHI = BRAHMAM =
SUPREME MOTHER of the Universe has Arrived.

ദൈവം മനുഷ്യരൂപത്തിൽ, മഹാപ്രപഞ്ചത്തിന്റെ മഹാപിതാവും മഹാമാതാവുമായ മഹാദേവിയായി മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

Free Share..

പരമശിവൻ
ഏകദാസൻ, മഹാദാസൻ
പശുപതി, ശാസ്ത്രായുധൻ
പ്രപഞ്ച പിതാവ്
മഹാദേവൻ
PARAMASIVAN
Supreme Servant / SupremeOx
Father of the Universe
MAHAADEVAN

30.11.2018 Friday

# ശബരിമല, മക്ക, വേളാങ്കണ്ണി തുടങ്ങി ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയുടെ 'തെറ്റുകളും ശരികളും' മഹാശാസ്ത്ര പ്രകാരം വിശദീകരിക്കുന്നു.


| നമ്പർ | ഉള്ളടക്കം | പേജ് |
|---|---|---|
| 1 | ദേവാലയ വിശ്വാസങ്ങളെയും ആചാരങ്ങളെയും മറ്റും സാമാന്യ ബുദ്ധി ശക്തി വിവരിക്കുന്നു. | 2 - 6 |
| 2 | ശബരിമല ദേവാലയം സംബന്ധിച്ച പ്രധാന പേജുകൾ : 1-6-21, 104-106, 112-113, 119-125, 130-132, 156-158, 163-187, 230-233, 254-302, 310-344, 350-362, 386-400 | |
| 3 | മതദേവാലയം, രാഷ്ട്രീയ പാർട്ടി എന്നിവ സ്വകാര്യം ആണ്. | 10-14 |
| 4 | ദേവാലയ ആചാരങ്ങളെയും മറ്റും മഹാശാസ്ത്രം പരമായി വിവരിക്കുന്നു . (1) സൃഷ്ടി പരം : ആചാരങ്ങൾ + അനുഷ്ഠാനങ്ങൾ = ധർമ്മശാസ്ത്രം. (2) സ്ഥിതിപരം | 7 - 14<br>14-116 |
| 5 | രാജാവും മന്ത്രിയും ജനങ്ങളുമെല്ലാം അന്യോന്യം ഭരിക്കാനല്ലാ; എല്ലാവരും ആനന്ദിക്കാനാണ് ജീവിതം. | 14-19 |
| 6 | ദൈവീകമായ പോലീസ് സേന | 23-36 |
| 7 | ധർമ്മ ശാസ്ത്രത്തിന്റെയും ന്യൂനശക്തികളുടെയും ഭൗതിക അസ്തിത്വത്തെ ഒരല്പം വിവരിക്കുന്നു. ന്യൂനശക്തികൾ തിരുത്തൽ ശക്തികളായി പ്രവർത്തിക്കുന്നു ! | 37-116 |

| | | |
|---|---|---|
| 8 | ദേവാലയ കാര്യങ്ങളെയും മറ്റും മഹാശാസ്ത്രം പരമായി വിവരിക്കുന്നു. (3) സംഹാരം ഉൾപ്പെട്ട മഹാനീതി പരം | 117-400 |
| 9 | സൃഷ്ടി ശാസ്ത്രം; സൃഷ്ടി പാത്രം = ശിവ ലിംഗം = ആകാശം ആനന്ദ ശാസ്ത്രം ദൈവത്തെ ഉടൻ നേരിൽ കാണാം. ദൈവം അനുവദിക്കാതെ ആരാധിച്ചാൽ ശിക്ഷയുണ്ട്. ദൈവീകമായ ആരാധനയും സ്തുതിയും ദേവാലയ നിർമ്മാണവും, മഹാശാസ്ത്ര പ്രകാരം വിവരിക്കുന്നു. | 117-129<br>130-155<br>156-162<br>160-186<br>187-229 |
| 10 | മന്ത്രങ്ങൾ ഓംനീതി, മായ എന്നിവയുടെ ഹ്രസ്വ വിശദീകരണം | 230-239<br>240-260 |
| 11 | മതദേവാലയങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ദൈവീകമല്ല. അയ്യപ്പൻ തുടങ്ങിയ ദേവതകൾ സൃഷ്ടികളാണ്; അവർക്ക് പുനർജ്ജന്മ സിദ്ധാന്തം ബാധകം. ചില പ്രമുഖരുടെ മുജ്ജന്മങ്ങൾ നോയമ്പ്, തഴമ്പ് ശരണം ? സനാതന ധർമ്മം + പ്രാർത്ഥന | 261-337<br>289-302<br>303-316<br>317-322<br>323-339 |
| 12 | മഹാശക്തിയായ മഹാദേവി അവതരിച്ചുകഴിഞ്ഞു. ദൈവ വിപ്ലവം ഗ്രന്ഥകാരന്റെ ദൈവീകമായ അവകാശവും അധികാരവും വിശദീകരിക്കുന്നു. < അടിയന്തരാവസ്ഥ > സംഹാരം @ മോക്ഷം | 340-400<br>340-400<br>350-362<br>365-385<br>386-400 |

**ദേവാലയങ്ങളുമായി ബന്ധപ്പെട്ട ജീവിത കാര്യങ്ങളെ ആദ്യം സാമാന്യ ബുദ്ധിശക്തി/യുക്തി (= ശാസ്ത്ര-ത്തിന്റെ ആദ്യ ഘട്ടം) പ്രകാരം വിശദീകരിക്കുന്നു.**

(1) ശബരിമല, മക്ക, വത്തിക്കാൻ, വേളാങ്കണ്ണി, തുടങ്ങി ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും നടത്തിപ്പുകാരെയും, അവിടങ്ങളിൽ ദർശനം/ സന്ദർശനം നടത്തുന്ന വ്യക്തികളെയും, ബന്ധിപ്പിക്കുന്നത് **മതപരമായ വിശ്വാസങ്ങൾ, വ്യക്തിപരമായ താല്പര്യങ്ങൾ,** പരമമായി ഇരുകൂട്ടർക്കും ലഭിക്കുന്ന ആനന്ദങ്ങൾ എന്നിവയാണ്.

**മതവും മതദൈവങ്ങളും ഉൾപ്പെടുകയാൽ, വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പാലിക്കുന്നതും പാലിക്കാത്തതും, ദേവാലയ നടത്തിപ്പുകാരും സന്ദർശകരായ വ്യക്തികളും എന്ന 2 കക്ഷികളും തമ്മിലുള്ള വ്യക്തിപരങ്ങളും മതപരങ്ങളുമായ വിഷയമാണ്.**

**(2) സമൂഹത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ അല്ലാത്തതും, ഒരു വിഭാഗം വ്യക്തികളുടെ മതപരമോ മറ്റെന്തെങ്കിലുമോ വിധത്തിൽ സ്വകാര്യവുമായ കാര്യങ്ങളെ, പൊതുസമൂഹത്തിന്റെ വിഷയമാക്കാനും, അതുവഴി സമൂഹത്തിന്റെ ശാന്തിയും സമാധാനവും കൂട്ടായ്മയും നഷ്ടപ്പെടാനും ഇടവന്നു കൂടാ. ആകയാൽ പൊതുജനങ്ങൾ, പൊതുജനങ്ങളുടെ അടിമകൾ മാത്രമായ - മന്ത്രിമാർ, പോലീസ്, ജഡ്ജിമാർ, രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ - എന്നിവർക്ക് മതവിഷയങ്ങളിൽ ഇടപെടാൻ സാമാന്യ ബുദ്ധിശക്തി പ്രകാരം അവകാശമില്ല.**

**(3) മത-ദേവാലയ കാര്യനിർവ്വാഹകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി ദുഷ്കീർത്തി, ദുസ്വാർത്ഥം, അജ്ഞാനം, അവിവേകം, തുടങ്ങിയവ കൊണ്ട് ദേവാലയം സന്ദർശിക്കുന്ന വ്യക്തികളെ, ചന്തിയിൽ പച്ച ഈർക്കിൽ കൊണ്ട് 4 പെടപെടച്ചും മറ്റും തുരത്താൻ, ദേവാലയ നടത്തിപ്പുകാർക്ക് / കാര്യനിർവ്വാഹകർക്ക് കഴിയുന്നതാണ്.**

**(4) കേരളത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടവരും, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും, ജനങ്ങളുടെ സേവകരും അടിമകളുമായ മന്ത്രിമാരും ജഡ്ജിമാരും പോലീസും മറ്റും ശബരിമല വിഷയത്തിൽ, ഒരു വിഭാഗം വ്യക്തികളുടെ മതപരമോ മറ്റെന്തെങ്കിലുമോ വിധത്തിൽ 'സ്വകാര്യമായ വിഷയങ്ങളിൽ അനാവശ്യമായി ഇടപെട്ടതാണ്' വിഷയ സംബന്ധമായി ശബരിമലയിൽ ഉണ്ടായ വലിയ പിഴവ്.**

**അനാവശ്യമായി ഇടപെട്ടവർ പിൻവാങ്ങി കഴിഞ്ഞാൽ, സാമാന്യ ബുദ്ധിശക്തി പ്രകാരം 'മാത്രം' വിഷയം അവസാനിക്കുന്നു. പ്രശ്നം വഷളാക്കിയ 'ജനസേവകരായി വേഷം കെട്ടുന്ന അടിമകൾ' മാപ്പ് പറയുകയും, സ്വന്തം കീശയിൽ നിന്നും നഷ്ടപരിഹാരം കൂടി ചെയ്താൽ, നാട്ടിലെ സമാധാനത്തിന് ഭംഗം ഉണ്ടാവില്ല !**

(5) കാലത്തിന്റെ ഒഴുക്കിൽ പെട്ട്, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും ചേർന്ന 'ജനങ്ങളുടെ അടിമകളുടെ' അടിമകളായി പ്രവർത്തിക്കേണ്ടി വന്നതാണ് പോലീസിൽ **ഇന്ന് കടുത്ത വീഴ്ച്ചയുണ്ടാവാൻ** മുഖ്യ കാരണം. അവർ മനുഷ്യരാണെന്നതു മറന്നുള്ള പരിഹാസവും ഒരു കാരണമാണ്. വിരലിലെണ്ണാവുന്ന മന്ത്രിമാരുടെയും മറ്റും തോന്നിയാസങ്ങളെയും ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങളെയും, അനുസരിക്കുന്ന **നാണംകെട്ട** ജീവിതത്തിൽ നിന്നും പോലീസ് സേനക്ക് മുക്തി ഉടൻ! **'ദൈവീകമായ പോലീസ് സേനക്ക്' ഉന്നതമായ സ്ഥാനമുണ്ട്.** വൈകാതെ ഭൂമിയിൽ മുഴുവൻ 3 മുതൽ 33 വർഷക്കാലം

തുടർച്ചയായി ഓം മുഴക്കി ദൈവ വിപ്ലവം ആരംഭിക്കുമ്പോൾ, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരും ജനങ്ങളുടെ മാത്രം സേവകരുമായ പോലീസ് സേന, ഗ്രാമ പഞ്ചായത്തുകളുടെ ഭാഗമായി മാറും. അപ്പോഴാണ്, മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം ശരിയാണോ' എന്ന് സ്വയം പരിശോധിച്ച് പ്രവർത്തിക്കുന്ന 'ദൈവം സൃഷ്ടിച്ച സ്വതന്ത്ര ജീവികളും യഥാർത്ഥ ജനസേവകരും ജനങ്ങളുടെ ഭാഗവുമായി' പോലീസ് മാറുക. ചുവടെ പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**ശബരിമലയിലും മറ്റും ദർശനമോ സന്ദർശനമോ നടത്താൻ,** ആചാരങ്ങളെ തെറ്റിച്ച് പണി ഇല്ലാതെയും ദുസ്വാർത്ഥങ്ങളോടെയും പോകുന്ന സ്ത്രീകളുടെയും അടിമകളായ മന്ത്രിമാരുടെയും മറ്റും, വാലുപോലെ നടക്കുന്നത് ധർമ്മ ശാസ്ത്ര വിരുദ്ധമാണെന്ന് മനസ്സിലാക്കി സംരക്ഷണം കൊടുക്കാൻ പോലീസ് സേന തയ്യാറായില്ല എങ്കിൽ, മേല്പടി സ്ത്രീ ജനങ്ങൾ മുഖാന്തരം സമൂഹത്തിൽ അശാന്തി ഉണ്ടാകില്ല. മേല്പടി നാണംകെട്ട വാൽപണി സ്വന്തം ചിലവിൽ മന്ത്രിമാരും ജഡ്ജിമാരും ചെയ്ത് വിജയിക്കട്ടെ !

**വലിയ ഒരു വിഭാഗം ജനങ്ങളുടെ അടിമകളായി പ്രവർത്തിച്ച്, വളരെപ്പേർക്ക് നന്മ ചെയ്ത് പാപം കുറയ്ക്കാനും, പറ്റിയാൽ പുണ്യം കൂടി നേടാനും അതിനീചരായ പാപികൾക്ക് ദൈവം നൽകിയ അവസരത്തെയാണ് മന്ത്രി എന്ന ലേബലിൽ അനേകർ നഷ്ടപ്പെടുത്തുന്നത്.**

**അതിഗൗരവമായ ഒരു ദൈവീക പ്രസ്താവനയാണ് മുകളിൽ കൊടുത്തത്. തക്കതായ ആധാരം ഇല്ലാതെ ചെയ്തു കൂടാ.**

**ആധാരം :- ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്തതും മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതുമായ ഏകദൈവമായ മഹാദേവി ഈയുള്ളവന്റെ നാവിൽ, അക്ഷര ബ്രഹ്മവും, മഹാശാസ്ത്ര മൂലവും മറ്റുമായ ഓം കുറിച്ചിട്ടുണ്ട്; മഹാശിവയുടെ 'മത്സ്യാവതാരം' ഈയുള്ളവനിൽ പ്രവേശിച്ചിട്ടുണ്ട്, ദിവ്യമഹാദർശനം അനേകം തവണ ലഭിച്ചിട്ടുണ്ട്; അനേകം മായാപരമായ മഹാകാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടാതെ, മഹാദേവനും പ്രപഞ്ചപിതാവുമായ പരമശിവൻ തുടങ്ങിയ മഹാപദവികളും, ബന്ധപ്പെട്ട അവകാശങ്ങളും അധികാരങ്ങളും ലഭിച്ചിട്ടുണ്ട്. അവയെല്ലാം സൂചിത മഹാവേദ ഗ്രന്ഥത്തിൽ വിശദമായും, ഈ ലഘുഗ്രന്ഥത്തിന്റെ അവസാനം ഭാഗികമായും വിവരിച്ചിട്ടുണ്ട് / തെളിയിച്ചിട്ടുണ്ട്.** ലഭിച്ച **മായാശക്തികളെ** ആക്ടിവേറ്റ് ചെയ്തിട്ടില്ല/സമയമായിട്ടില്ല!

**മതപരമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും സാമാന്യ ബുദ്ധിശക്തി/യുക്തി പ്രകാരം പരിപാലിക്കുന്നതിനെ വിവരിച്ചുവല്ലോ. അടുത്തത്, ഭൂമിയിലെ മുഴുവൻ ദേവാലയങ്ങൾക്കും സർവ്വത്തിനും ബാധകമായ 'മഹാശാസ്ത്രം' പ്രകാരമുള്ള ഏറ്റവും ഹ്രസ്വമായ വിശകലനമാണ്. ശാസ്ത്രം സ്ഥാപിച്ചു കഴിഞ്ഞാൽ, ശാസ്ത്രത്തിൽ ലയിച്ച് യുക്തി അവസാനിക്കുന്നതാണ്.**

**ദൈവം ജീവികളെയും, അവയിൽ ഒന്നായിട്ട്, 'മോക്ഷത്തെ ബന്ധിപ്പിച്ച് കൂടുതൽ ബുദ്ധിശക്തികളും മറ്റു ശക്തികളും, നൽകി മനുഷ്യൻ എന്ന ജീവിയെയും സൃഷ്ടിക്കുന്നു'; എന്നല്ലാതെ; മത-ജാതി രാഷ്ട്രീയ ജീവികളെ സൃഷ്ടിക്കുന്നില്ല.**

ദൈവത്തിന്റെ ഖരരൂപവും മണ്ണുമായ ഭൂമിയുടെ സൂക്ഷ്മ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരം കൊണ്ട്, യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവ്, എല്ലാ ആനന്ദങ്ങളെയും ഭൂമിയിൽ നിന്നും നേടിയാണ് ജീവിക്കുന്നത്. **മനുഷ്യൻ എന്ന ജീവി മാത്രമാണ് ദൈവമോ ഭൂമിയോ ശരീരമോ ആവശ്യപ്പെടാതെ, അപക്വമായി ദൈവകാര്യങ്ങളെ അന്വേഷിക്കാനും, അന്വേഷിച്ചവർക്ക് ശരിയെന്നു തോന്നുന്നതും തോന്നിയതുമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ചേർത്ത് മതങ്ങളെ തട്ടിക്കൂട്ടാനും പിൽക്കാലത്ത് അനേകർ തട്ടിക്കൂട്ടിയ അനേകം മതങ്ങളിലെ വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പേരിൽ കലഹിക്കാനും കൊല്ലാനും യുദ്ധം ചെയ്യാനും ജീവിതം ധാർമ്മികമായി അധഃപതിപ്പിക്കാനും പ്രവർത്തിച്ചു പോരുന്നത്.**

ഇസ്രായേൽ, മക്ക, കൈലാസ നിരകൾ, ശബരിമല എന്നിങ്ങനെ വ്യത്യസ്ത മത-ദേവാലയങ്ങളിലും ബന്ധപ്പെട്ട പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള ദുരന്തങ്ങളും അക്രമങ്ങളും വധങ്ങളും, മരണങ്ങളുമെല്ലാം അവിടങ്ങളിലെല്ലാം ദൈവീക കാര്യങ്ങളല്ല; മറിച്ച് പൈശാചിക ശക്തികളാണ് നടമാടുന്നത് എന്ന് ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

**ദൈവത്തിന്റെ ആലയം/വീട്, ദൈവം വസിക്കുന്ന വീട്, ദൈവത്തോട് പ്രാർത്ഥിക്കാനും സ്തുതിക്കാനുമുള്ള വീട് എന്നിങ്ങനെ വിവിധ അർത്ഥങ്ങളോടെ മനുഷ്യർ പണ്ടു കാലം മുതൽ ഇന്നും ഉണ്ടാക്കിപ്പോരുന്ന കെട്ടിടങ്ങൾക്ക് ദേവാലയം, പള്ളി, മസ്ജിദ്, ക്ഷേത്രം, മന്ദിരം, എന്നെല്ലാം പേരുകളുണ്ട്. ദേവാലയങ്ങളും മറ്റ് പ്രസ്ഥാനങ്ങളും ഉൾപ്പെടെയുള്ള ഭൂമിയിലെ എല്ലാ വിഷയങ്ങളെയും സൃഷ്ടി സ്ഥിതി സംഹാരം പ്രകാരം അഥവാ ഭൗതിക-ധർമ്മ- ആത്മീയ ശാസ്ത്രങ്ങൾ ചേർന്ന മഹാശാസ്ത്രം പ്രകാരം വിശകലനം ചെയ്യുന്നതാണ് എല്ലായ്പ്പോഴും മഹാഉചിതം.**

**(1) സൃഷ്ടിപരം.** **ദേവാലയങ്ങളെ ഉണ്ടാക്കിയവരും ഉണ്ടാക്കിച്ചവരും അവിടങ്ങളിൽ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഏർപ്പെടുത്തിപ്പോരുന്നു എന്നല്ലാതെ**

# സർവ്വത്തിനും അതീതവും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവുമായ ദൈവം, ദേവാലയങ്ങളെ സൃഷ്ടിച്ചിട്ടില്ല;

**അതുകൊണ്ടു തന്നെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ദൈവത്തിന് വിഷയവുമല്ല; സർവ്വത്തിനും അതീതമാണ് !.**

**സ്രഷ്ടാവായ ദൈവത്തിന്റെ ആവശ്യത്തിന് ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടാവുക എന്നുവച്ചാൽ സർവ്വത്തിനും അതീതമല്ലാതായി ത്തീരുക; ആദിയും അന്തവും ഇല്ലാത്ത മഹാഅവസ്ഥ ഇല്ലെന്നുകൂടിയാണ് അർത്ഥം. ദൈവത്തിന്റെ ഇഷ്ടങ്ങളെ മനുഷ്യന് നിശ്ചയിക്കാൻ കഴിയില്ല എന്നിരിക്കെ, ഭാവിക്കുന്നതു പോലും കടുത്ത ദൈവ നിന്ദയാണ്.**

**ദൈവത്തിന് ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇല്ലേ ?**

**സർവ്വത്തിനും അതീതമായ ദൈവം കുഞ്ഞുങ്ങളായ ഭൂമിയിലെ എല്ലാ മനുഷ്യരുടെയും ജീവിതം ആനന്ദകരമാക്കാൻ മനുഷ്യർ പാലിക്കേണ്ടതിനായി ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും നിശ്ചയിച്ചിട്ടുണ്ട്.** **അവയ്ക്ക് ഭൂമിയിലെ മതങ്ങളുമായും മത-ദേവാലയങ്ങളുമായി ബന്ധമില്ല. മാത്രമല്ല; ദൈവം, മനുഷ്യർക്കു വേണ്ടി നിശ്ചയിച്ചിട്ടുള്ള 'ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും' പാലിക്കുന്നതോ, അവ പ്രകാരം നിർമ്മിച്ചതോ ആയ ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ല.** തൃശൂർ വടക്കുംനാഥ ക്ഷേത്രം, മക്ക എന്നിവ അല്പം പരിഷ്ക്കരിച്ചാൽ ദേവാലയങ്ങളായി മാറ്റാൻ കഴിയുന്നതാണ്.

www.omsathyam.com/GodlyRevolution/Mahaavedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**ദൈവീകമായി മനുഷ്യർ പാലിക്കേണ്ടതായ ആചാരങ്ങളും, ആനന്ദങ്ങളെ വർദ്ധിപ്പിച്ച് ഭൂമിയിൽ ജീവിക്കാൻ മനുഷ്യന് ആവശ്യമായ ധർമ്മ ശാസ്ത്രവും ഒന്നു തന്നെയാണ്.** **യുക്തിശാസ്ത്രം, സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭരണ ശാസ്ത്രം, നീതിന്യായ ശാസ്ത്രം, എന്നീ ശാഖകൾ ഉള്ളതും, യഥാർത്ഥ വേദങ്ങളിൽ രണ്ടാമത്തേതുമായ ധർമ്മ ശാസ്ത്രവും ഭൂമിയിലെ മൂലകങ്ങളിൽ, ഭൗതിക ശാസ്ത്ര ത്തോടൊപ്പം ലയിപ്പിച്ചിരിക്കുകയാണ്. എന്നുവച്ചാൽ ധർമ്മ ശാസ്ത്രം മാത്രമാണ് ഭൂമിയിലെ ദേവാലയങ്ങൾ ഉൾപ്പെടെ എവിടെയും പാലിക്കുവാൻ ഭൂമിയിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും സ്വയം ബാദ്ധ്യതയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും; അവയ്ക്കെല്ലാം ഭൗതികമായ അസ്തിത്വവും ഉണ്ട്.**

**ശബരിമല തീർത്ഥാടന വിഷയത്തിലും മറ്റും കേരളത്തിലെ ഗവണ്മെന്റിന്റെ നിലപാട്, ഇടപെടീൽ എന്നിവ തീർത്തും തെറ്റാണെന്ന് തെളിയിച്ചു കൊണ്ട് വിഷയം തുടരാം.**

ദൈവത്തിന്റെ ഖര രൂപവും മണ്ണുമായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ളതായ ധർമ്മ ശാസ്ത്രം, മണ്ണായ ദേശങ്ങളുടെ **ഭരണഘടന** ആണെന്നും, **ധർമ്മശാസ്ത്രം പ്രകാരമാണ് ഭൂമിയിലെ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും ഭൂമി മഹാസമനീതിയെ നൽകുന്നത് എന്നും മനസ്സിലാക്കി, ജനസേവകരുടെയും സമസ്ത ജനങ്ങളുടെയും ഭരണഘടനയും ജീവിത-ആചാരങ്ങളുമായി ധർമ്മ ശാസ്ത്രത്തെ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്ന ജനസേവകർക്ക് / ഗവണ്മെന്റിനു മാത്രമാണ് മതങ്ങളെയും, മതദേവാലയങ്ങൾ ഉൾപ്പെട്ട മതാചാരങ്ങളെയും ഖണ്ഡിക്കാനും അവരുടെ വിഷയങ്ങളിൽ ഇടപെടുവാനും യോഗ്യത ഉണ്ടാവുക. തെമ്മാടികൾ = എമ്പോക്കികൾ മാത്രമായ കേരളത്തിലെ ഉൾപ്പെടെ ഭൂമിയിലെ യാതൊരു ഭരണകൂടങ്ങൾക്കും യോഗ്യത ഇല്ല തന്നെ.**

**'നീതി വിധിക്കാൻ മനുഷ്യന് അവകാശം ഇല്ല'** എന്നും **'കോടതി ധർമ്മ ശാസ്ത്രവിരുദ്ധമാണ്' എന്നും അറിയാത്ത ജഡ്ജിമാർ** ജനങ്ങളുടെ ചിലവിൽ ജീവിക്കുന്ന മറ്റൊരു കൂട്ടം അടിമകളാണ്. അവരുടെ അധമ-തീർപ്പുകളുടെ അടിസ്ഥാനത്തിൽ അജ്ഞാനികളായ ഭക്തരെയും മറ്റും ദ്രോഹിച്ച് ജീവിക്കുന്ന അടിമകളായ മന്ത്രിമാരും, ജഡ്ജിമാരും, ധർമ്മ ശാസ്ത്രത്തെ അനുസരിക്കേണ്ടതിനു പകരം, 'മന്ത്രിമാർ എന്ന അടിമകളുടെ' അടിമകളായി ക്കൊണ്ട് പ്രവർത്തിക്കുന്ന പോലീസ് സേനയും പാപങ്ങളും ദൈവ ശിക്ഷകളും വാരിക്കൂട്ടുകയാണ്. ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് പാപികളും എന്നതിനാൽ ദൈവം കൈവിടില്ല, പക്ഷേ ശിക്ഷിച്ചു തിരുത്തേണ്ടത് മഹാസമനീതി നടപ്പാക്കാൻ ആവശ്യമാകയാൽ ശിക്ഷകൾ ഉറപ്പാണ്.

**ഭൂമിയിലെ എല്ലാ ജനങ്ങളും സദാ അനുസരിക്കേണ്ടത് ഭൂമിയുടെ മൂലകങ്ങളിൽ/വസ്തുക്കളിൽ ദൈവം@ഭൂമി ലയി(പ്പി)ച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ മാത്രമാവണം. പകരം, അധമരായ ജനങ്ങൾ തട്ടിക്കൂട്ടിയ ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങളെയും പദവികളെയും അനുസരിക്കുമ്പോഴാണ് പിഴവുകൾ സംഭവിക്കുന്നത്.**

**പ്രവൃത്തികളിലെ ശരിയും തെറ്റും; പുണ്യവും ശിക്ഷയും നിശ്ചയിക്കുന്നതും നിർവ്വഹിക്കുന്നതും ദൈവീകമായ നീതിയാണ്. ആകയാൽ വ്യക്തികളെ സംബന്ധിച്ച് സർവ്വ പ്രധാനമായ കാര്യം ദൈവീകമായ ശരിയും നീതിയുമാണ്.**

**മഹാനീതിയായ ദൈവം ഓരോ വ്യക്തിയുടെയും പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിക്കുമാണ് നീതി നൽകുന്നത്; ജീവികളോ വസ്തുക്കളോ അല്ലാത്തതും ഭൗതിക അസ്തിത്വം ഇല്ലാത്തതുമായ പ്രസ്ഥാനങ്ങൾക്കല്ല. അപ്പോൾ ഓരോ വ്യക്തിയും / ജീവാത്മാവും ശ്രദ്ധിക്കേണ്ടത് അവരവരുടെ ചിന്തകളും ആശയങ്ങളും അഭിപ്രായങ്ങളും പ്രവൃത്തികളും ധർമ്മ ശാസ്ത്ര പ്രകാരമാവാൻ മാത്രമാണ്.**

സ്വതന്ത്രമായ ബുദ്ധിശക്തി ഏറെ ലഭിച്ച ഏക ജീവിയായ മനുഷ്യനെ വഴിതെറ്റിക്കാൻ ശാസ്ത്ര വിരുദ്ധമായ ദേവാലയം, മതം, രാഷ്ട്രീയപാർട്ടി തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ പ്രവർത്തിക്കുന്നവർക്ക്/ പരിശ്രമിച്ചവർക്ക് തീർച്ചയായും ദൈവ ശിക്ഷ കൂടുന്നതുമാണ്.

മണ്ണായ ഭൂമിയുടെ എല്ലാ പ്രദേശങ്ങളിലെയും ദേശങ്ങളിലെയും വായു, ജലം, ഭക്ഷണ വിഭവങ്ങൾ എന്നിവ അടിസ്ഥാന പരമായി എല്ലാ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും യഥാക്രമം ശ്വസിക്കാനും, കുടിക്കാനും കുളിക്കാനും, ഭക്ഷിക്കാനും കഴിയും, ശരീരത്തിന്റെ പ്രവർത്തനങ്ങൾക്ക് ചേരും എന്നതു പോലെ, ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെയും, വസ്തുക്കളെയും ഉപയോഗിച്ച് മനുഷ്യർക്ക് നിർമ്മിക്കുന്ന സ്മാർട്ട് ഫോണും ഇന്റർനെറ്റും വാട്സാപ്പും ടെലിവിഷനും വിമാനവും കാറും തീവണ്ടിയും മറ്റുമായ വാഹനങ്ങളും വസ്ത്രങ്ങളും ആഭരണങ്ങളും വീടുകളും കെട്ടിടങ്ങളും ഭക്ഷണങ്ങളും എല്ലാം എല്ലാം പൊതുവായ വസ്തുതകളാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികൾക്ക് ദൈവം സൃഷ്ടിക്കുന്ന ശരീരങ്ങളും രക്തവും അവയവങ്ങളും അവയുടെ പ്രവർത്തനങ്ങളുമെല്ലാം ഭൂമിയുടെ മൂലകങ്ങളും അവയിൽ ലയിച്ചിട്ടുള്ള ഭൗതിക- ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ കൊണ്ടും ഭൗതിക-അസ്തിത്വം ഉള്ള പൊതുവായ വസ്തുതകളാണ്. **പൊതുവായ മേല്പടി വസ്തുക്കളിലും വസ്തുതകളിലും മതം, ജാതി, മത-ദേവാലയം, രാഷ്ട്രീയം, വർഗ്ഗം, തുടങ്ങിയ വ്യത്യാസങ്ങൾ ഇല്ല തന്നെ; അതായത് അവ ഒരു വ്യക്തിയുടെയോ ഏതാനും/അനേകം വ്യക്തികളുടെയോ സ്വകാര്യം മാത്രമാണ്.**

**ദൈവ കാര്യങ്ങളെ കുറിക്കുന്ന മതമോ, ദേവാലയമോ, രാഷ്ട്രീയ പാർട്ടിയോ ഒക്കെ സ്വകാര്യം അല്ലാതെ പൊതുവായത് ആവണമെങ്കിൽ, അവയുടെ ഘടനയും രൂപവും ഭാവവും ഒന്നാവണം, ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക-അസ്തിത്വവും ഉണ്ടാകണം. അങ്ങനെ വരുമ്പോൾ ഒന്നിലധികം മതങ്ങളും രാഷ്ട്രീയങ്ങളും ഏക മഹാശാസ്ത്രത്തിന്റെ ഭാഗമായി മാറുന്നതാണ്. സമസ്ത ദേവാലയങ്ങൾക്കും ഒരേ രൂപവും ഭാവവും ഉണ്ടാകും!**

**ഭൂമിയിൽ ഇന്നുള്ള മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും ദേവാലയങ്ങളും, അവിടങ്ങളിലെല്ലാം ഉള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും സ്വകാര്യം ആണെന്ന് ശാസ്ത്ര പരമായി തെളിയിച്ചിരിക്കുന്നു, എന്ന് പറയുമ്പോൾ, വ്യത്യസ്ത മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും ദേവാലയങ്ങളും സ്വകാര്യമാണല്ലോ; മുസ്ലീങ്ങളുടേതാണ് മക്ക; ഹിന്ദുക്കളുടേതാണ് കാശി വിശ്വനാഥ ക്ഷേത്രം, ക്രിസ്ത്യാനികളുടേതാണ് വേളാങ്കണ്ണി പള്ളി എന്നെല്ലാം പെട്ടെന്ന് തോന്നും. ശാസ്ത്ര സത്യങ്ങളെ ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നത് സാമാന്യ ബുദ്ധി ശക്തി കൊണ്ട് തിരിച്ചറിയാൻ കഴിയുമെങ്കിലും ശ്രമം ഉണ്ടാകുന്നില്ല. ഭൂമിയിലെ വസ്തുക്കളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെ മഹാനീതി ശാസ്ത്ര പ്രകാരം ഭൂമിയിലെ സത്യങ്ങളെ സംരക്ഷിക്കാൻ പദ്ധതികളുണ്ട്. മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല; അവകാശവും ഇല്ല എന്ന ഇ-മഹാവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

വ്യത്യസ്ത മതങ്ങളും ജാതികളും രാഷ്ട്രീയ പാർട്ടികളും ദേവാലയങ്ങളും ഉൾപ്പെടെ സ്വകാര്യമായ ഏതൊന്നിനെയും സംരക്ഷിക്കേണ്ടത് ധർമ്മ ശാസ്ത്ര പ്രകാരമാവണം. കാലാവധി ത്തീയതി കഴിഞ്ഞവ ധർമ്മ ശാസ്ത്ര വിരുദ്ധമായി ഭൂമിയിൽ/ സമൂഹത്തിൽ നിലകൊണ്ടാൽ ദോഷങ്ങളും നഷ്ടങ്ങളും ധാർമ്മിക അധഃപതനങ്ങളും ഉണ്ടാകുന്നതാണ്; ന്യൂനശക്തികൾ ഉണ്ടാക്കുന്നതാണ്. Date of Expiry കഴിഞ്ഞ മരുന്നുകൾ ഉപയോഗിച്ചാൽ അപകടവും മരണവും ഒക്കെ സംഭവിക്കാം ! മനുഷ്യ ശരീരത്തിലെ എല്ലാ കോശങ്ങളും സ്ഥിരമായി മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു എന്നതിനെ വിശകലനം ചെയ്താൽ തന്നെ പാഠങ്ങൾ ബോദ്ധ്യമാകുന്നതാണ്.

**ദേവാലയങ്ങളെ ഉണ്ടാക്കിയവരും ഉണ്ടാക്കിച്ചവരും മരണപ്പെടുമ്പോൾ അവരുടെ ശരീരം മണ്ണിൽ അടിഞ്ഞ്; വീണ്ടും മണ്ണിന്റെ സ്വന്തമാകുന്നതു പോലെ ആദ്യ നിർമ്മാതാക്കൾ മരണപ്പെടുമ്പോൾ അവർ ഉണ്ടാക്കിയ മന്ദിരങ്ങൾ, മണ്ണും ഭൂമിയുമായ ദൈവത്തിന്റേതാകുന്നു.**

**കുഞ്ഞുങ്ങളായ മനുഷ്യർക്ക് സ്രഷ്ടാവായ ദൈവം അനുവദിച്ചിട്ടുള്ള വ്യക്തി സ്വാതന്ത്ര്യത്തെ സദുപയോഗമോ ദുരുപയോഗമോ ചെയ്ത് വ്യക്തി / വ്യക്തികൾ ആരംഭിച്ചു വച്ച / വാങ്ങിയ / ഉണ്ടാക്കിയിട്ടുള്ള / തട്ടിക്കൂട്ടിയ വസ്തുക്കളെയും മതം ജാതി മത-ദേവാലയം രാഷ്ട്രീയം വർഗ്ഗം തുടങ്ങിയ പ്രസ്ഥാനങ്ങളെയും മരണത്തോടെ കഴിയുമെങ്കിൽ കൂടെക്കൊണ്ടു പോവുക എന്നല്ലാതെ കൈമാറ്റം ചെയ്യാൻ വ്യക്തിക്കോ, സ്വന്തമായ അദ്ധ്വാനം കൊണ്ട് നേടാത്തവ സ്വീകരിക്കാനോ സ്വന്തമാക്കാനോ ജീവിച്ചിരിക്കുന്നവർക്കോ മണ്ണായ ഭൂമി അവകാശം നൽകുന്നില്ല.**

www.omsathyam.com/GodlyRevolution/Mahaavedam.pdf എന്ന മഹാവേദ ഗ്രന്ഥത്തിലെ ദൈവീകമായ സാമ്പത്തിക ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**ഉണ്ടാക്കിയ/ ഉണ്ടാക്കിച്ച വ്യക്തികളുടെ സ്വകാര്യം മാത്രമായ മത-ദേവാലയങ്ങളെ പ്പറ്റി പറയുമ്പോൾ, സ്വന്തം കാര്യത്തിൽ ഭൂമിയിൽ നിലനിൽക്കാൻ കഴിവില്ലാത്തവരും, ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ഭൂമിയായ ദൈവത്തിന്റെ അംശമായ ശരീരം പ്രത്യക്ഷമായി വിധിക്കുന്ന മരണത്തിന് കീഴടങ്ങുന്നവരുമായ ജീവാത്മാക്കൾക്ക് അവർ ഉണ്ടാക്കിയ മന്ദിരങ്ങളെ ഭൂമിയിൽ നിലനിർത്താൻ കഴിയില്ല; കൂടെക്കൊണ്ടു പോവാനും കഴിയില്ല. ധർമ്മ ശാസ്ത്ര പ്രകാരം ഭൂമിയുടെ സ്വന്തമായി മാറുന്ന മതദേവാലയം, മത-രാഷ്ട്രീയ പ്രസ്ഥാനങ്ങളും ആഫീസുകളും തുടങ്ങിയവ, സ്ഥാപകരുടെ മരണത്തോടെ പൊതു ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച അടിമകളും ജനസേവകരുമായ ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ വരണം.**

'ഇന്ത്യൻ നാഷണൽ കോൺഗ്രസ്' പിരിച്ചുവിടാൻ **ഗാന്ധിജി** ഉപദേശിച്ചതിനെ തള്ളിയവരും ഏവരും അറിയേണ്ടത് എല്ലാ രാഷ്ട്രീയ പാർട്ടികളും കാലാവധി തീയതി കഴിഞ്ഞു; അവയുടെ ചീഞ്ഞളിഞ്ഞ ശവങ്ങൾ ധർമ്മ ശാസ്ത്ര വിരുദ്ധമായി നിലകൊണ്ട് സമൂഹത്തിൽ ബഹുവിധ മാരക രോഗങ്ങൾ പരത്തുകയാണ് !

വ്യക്തി / വ്യക്തികൾ ആരംഭിച്ചു വച്ച / ഉണ്ടാക്കിയിട്ടുള്ള / തട്ടിക്കൂട്ടിയ മതം, ജാതി, മത-ദേവാലയം, രാഷ്ട്രീയം, വർഗ്ഗം, തുടങ്ങിയവയിൽ മത-ദേവാലയം, മന്ദിരങ്ങൾ / ആഫീസുകൾ തുടങ്ങിയവ ഭൗതിക അസ്തിത്വം ഉള്ളവയാണ്; ഭൂമിയിലെ വസ്തുക്കളെ സദുപയോഗമോ ദുരുപയോഗമോ ചെയ്ത് ഉണ്ടാക്കിയവയാണ്. **അശാസ്ത്രീയമായി ഉണ്ടാക്കിയവ, ബന്ധപ്പെട്ട വ്യക്തികൾക്ക് മഹാനീതി ശാസ്ത്ര പ്രകാരം പാപവും ശിക്ഷകളും തീർച്ചയായും നൽകുന്നതാണ്**. ഭൗതിക അസ്തിത്വം ഉള്ളതായ മന്ദിരങ്ങളെയും അവയുമായി ബന്ധപ്പെട്ട മറ്റ് സമ്പത്തുകളെയും ഏറ്റെടുക്കുക എന്നതിൽ മത-ജാതി പരങ്ങളായി തട്ടിക്കൂട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഭരണകൂടത്തിലെ ഏറെക്കുറെ മുഴുവൻ സേവകർക്കും മുകളിൽ സാമൂഹ്യ സേവനത്തിൽ ഏർപ്പെടുന്ന വ്യക്തി ധാർമ്മികമായി ഉയരുമ്പോഴാണ്, ഭരണകൂടം ശ്രദ്ധിക്കേണ്ടതും ചെയ്യേണ്ടതുമായ വൃദ്ധ സദനങ്ങൾ, അനാഥ മന്ദിരങ്ങൾ, ശ്മശാനം തുടങ്ങിയവ പലപ്പോഴും വ്യക്തി(കൾ) ചെയ്തു തുടങ്ങുന്നത്.

അതേസമയം അടിസ്ഥാന പരമായി സ്വകാര്യമായവ (അവയെ) ആദ്യം ഉണ്ടാക്കിയവരും ഉണ്ടാക്കിച്ചവരുമായ വ്യക്തികളുടെ മാത്രം സ്വന്തമാണ്; സ്വകാര്യമാണ്. കൂട്ടുചേരാൻ തയ്യാറാകുന്ന ഏതൊരാൾക്കും വസ്തുതകളെ മണ്ണിന്റെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരം വിശദീകരിക്കാൻ സാധിച്ചിരിക്കണം.

വ്യക്തി / വ്യക്തികൾ ആരംഭിക്കുന്ന സ്വകാര്യമായ സംരംഭങ്ങളുടെ സ്വഭാവം മതം, ജാതി, രാഷ്ട്രീയം, വർഗ്ഗം, പ്രാദേശികം, ദേശീയം, എന്നിങ്ങനെ ഇടുങ്ങിയതായാൽ, സമൂഹത്തിന്റെ പൊതുവായ ഐക്യത്തിനും ഐശ്വര്യത്തിനും ദോഷമാകും എന്നു തിരിച്ചറിയാനും, ജനങ്ങളെ ബോധ്യപ്പെടുത്തി തടയാനും, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ പരിഹരിക്കാൻ നിയോഗിച്ച അടിമകളും ജനസേവകരുമായ ഭരണകൂടത്തിനു കഴിയണം. **സ്വകാര്യമായ രാഷ്ട്രീയ പാർട്ടികളുടെ ഭാഗവും തെമ്മാടികളുമായി ജനസേവകർ അധഃപതിച്ചതിനാലാണ്** പുതിയ മതദേവാലയങ്ങളും പ്രസ്ഥാനങ്ങളും നാട്ടിൽ ഉണ്ടാകുന്നത്.!

ദേവാലയങ്ങളെയും രാഷ്ട്രീയ പാർട്ടികളുടെ ആഫീസുകളെയും ഒക്കെ സ്ഥാപകരുടെ മരണത്തോടെ ഏറ്റെടുക്കേണ്ടത് പൊതു ജനങ്ങളുടെ പൊതുവായ ആവശ്യം ആവണം. എന്നാൽ റോഡ് നന്നാക്കണം, കുടിവെള്ളം വിതരണം മുടങ്ങരുത്, ഗ്യാസ് പെട്രോൾ വില കുറയ്ക്കണം, ബസ് ചാർജ് കുറയണം, ട്രെയിൻ വേണം/ കൂടുതൽ വേണം എന്നിങ്ങനെ **പൊതുവായ ആവശ്യങ്ങൾ നാട്ടിൽ ഉണ്ടെങ്കിലും**, **പൊതുജനങ്ങൾ ഇല്ല.** മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക-ധർമ്മ ശാസ്ത്രങ്ങൾ പ്രകാരമുള്ള ഭൗതിക അസ്തിത്വം ഇല്ലാത്തതായ മതം, ജാതി, രാഷ്ട്രീയം, തൊഴിൽ വർഗ്ഗം, തുടങ്ങിയ വ്യത്യാസങ്ങൾ പ്രകാരം **ഭിന്നിച്ചു** ജീവിക്കുകയും കലഹിക്കുകയും കൊല്ലുകയും, യുദ്ധം ചെയ്യുകയും, ഒളിപ്പോര് നടത്തുകയും, വെള്ളപ്പൊക്കവും സുനാമിയും കൊടുങ്കാറ്റും തീപിടിത്തവും പോലെയുള്ള ദുരന്തങ്ങൾ നാട്ടിൽ ഉണ്ടാകുമ്പോൾ കുറെയൊക്കെ ഒന്നിക്കുകയും, ശേഷം വീണ്ടും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി **ഭിന്നിച്ചു** തമ്മിലടിക്കുകയും ചെയ്യുന്ന **അവിവേകികളാണ്** ഭൂമിയിലെങ്ങും കൂടുതൽ ! **പൊതുജനങ്ങൾ എന്ന പേര് ഉപയോഗിക്കണം എന്നുണ്ടെങ്കിൽ, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളായി തമ്മിലടിച്ചു ജീവിക്കുന്നവർക്ക് മനുഷ്യരായി പരിണാമം ഉണ്ടാകണം.**

## (2) സ്ഥിതി പരം.

**മഹാനീതിയായ ദൈവത്തിന്റെ ഖര രൂപമായ ഭൂമിയുടെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ പ്രത്യക്ഷ ദൈവാംശമായ ശരീരത്തിലൂടെ,** സ്ത്രീപുരുഷ നിർണ്ണയം, മുഖഛായ, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ഉയരം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളിൽ വ്യത്യാസങ്ങളെ സൃഷ്ടിച്ചു കൊണ്ട് 100 മനുഷ്യ ജന്മങ്ങളിലൂടെയാണ് **ഭൂമി @ ദൈവം മനുഷ്യർക്ക് മഹാസമനീതിയും, ഭൂമിയിൽ നിന്നും മോക്ഷവും നൽകുന്നത്. ജന്മഗുണങ്ങളെ തുല്ല്യമാക്കിയാൽ, ഉദാഹരണമായി, സൗന്ദര്യം തുല്ല്യമായാൽ എല്ലാവരും ഒരേപോലെ ആയിരിക്കും, സ്ത്രീ പുരുഷ വ്യത്യാസം പോലും സാദ്ധ്യമാവില്ല.**

**ഒരു ജന്മത്തിലെ തുച്ഛമായ ആയുസ്സുമായി ഭൂമിയിലെ ഏതെങ്കിലും പ്രദേശത്ത്, അടിസ്ഥാന പരമായി ഭൂമിയുടെ ഇഷ്ടം അനുസരിച്ച് ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ബുദ്ധി ശക്തി കൂടുതൽ ലഭിച്ച വിവരദോഷികൾ**

മതം, ജാതി, രാഷ്ട്രീയം, വർഗ്ഗം, പ്രാദേശികം, ദേശീയം, എന്നിങ്ങനെ ഇടുങ്ങിയ ചിന്താഗതികളുമായി സമൂഹത്തിലെ ശാന്തിയും സമാധാനവും സന്തോഷവും കെടുത്തുന്ന പ്രവൃത്തികളെ ചെയ്യുന്നത് കടുത്ത അപരാധമാണ്. ദൈവ ശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്. ഒരു ജന്മഗുണത്തിൽ പോലും സമനീതി നടപ്പാക്കാൻ കഴിയാത്ത മത-രാഷ്ട്രീയ നേതാക്കൾ, ദൈവത്തിന്റെ മഹാനീതി കാര്യങ്ങളെ കുറിച്ച് ഏകദേശമായ അറിവ് നേടാൻ പോലും ശ്രമിക്കാതെ, വിഡ്ഢിത്തങ്ങൾ പുലമ്പുന്നത് അവർക്കു വേണ്ടി അവസാനിപ്പിക്കണം; അതീവ ജാഗ്രതയും പുലർത്തണം.

**ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർക്ക് ചുറ്റുമുള്ള ജനങ്ങളെ 'കള്ളങ്ങളും തെറ്റുകളും' പഠിപ്പിക്കാതെ; പാപങ്ങളും ദൈവ ശിക്ഷകളും സമ്പാദിക്കാതെ, അവരവർക്കു വേണ്ടി ശ്രദ്ധിക്കാനുള്ള സ്വയം ബാദ്ധ്യതയുണ്ട്. മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികൾ തലമുറകളായി ചെയ്തു പോരുന്ന പാപക്കറ ഉടൻ കഴുകിക്കളയുക.**

സ്ത്രീപുരുഷ നിർണ്ണയം, മുഖഛായ, നിറം, സൗന്ദര്യം, ആയുസ്സ്, ആരോഗ്യം, ബുദ്ധിശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, തുടങ്ങിയ ജന്മഗുണങ്ങളിൽ ഒന്നു മാത്രമാണ് ബുദ്ധിശക്തി. ചുറ്റുമുള്ള മനുഷ്യർക്കും, മൃഗങ്ങൾ-പക്ഷികൾ-സസ്യങ്ങൾ-മത്സ്യങ്ങൾ എന്നിങ്ങനെ മറ്റുള്ള ജീവികൾക്കും ബുദ്ധിശക്തികളെ ഓംകാര നീതിശാസ്ത്ര പ്രകാരം ഏറ്റക്കുറച്ചിലുകളോടെ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികൾക്കും മഹാസമ ആനന്ദം എന്ന മഹാസമനീതിയെ വ്യവസ്ഥ ചെയ്യുന്ന മഹാആവിഷ്ക്കാരമാണത്. ജന്മഗുണമായി വ്യവസ്ഥ ചെയ്തിട്ടുള്ള ബുദ്ധിശക്തിയിൽ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ സമം ആയാൽ തൊഴിൽ അഭിരുചി എന്ന ജന്മഗുണത്തെ സ്ഥാപിക്കാൻ കഴിയുന്നതല്ല. സമൂഹത്തിലെ എല്ലാ ജനങ്ങൾക്കും ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ എന്നിങ്ങനെ ഏതെങ്കിലും ഒരാളുടെ ബുദ്ധിശക്തി മാത്രം നൽകേണ്ടുന്ന അവസ്ഥയാണ് ഉണ്ടാവുക.

ഉദാഹരണത്തിന്, എല്ലാവരും ഡോക്ടർമാർ ആയാൽ, കൃഷി, നെയ്ത്, തയ്യൽ, മേശിരി, ആശാരി, ലേബർ, ഡ്രൈവർ, മുക്കുവൻ, വിമാന പൈലറ്റ്, തുടങ്ങിയ തൊഴിലുകളും, ചെയ്യാൻ ആളും ഇല്ലാത്ത അവസ്ഥ ഉണ്ടാകും. ഇനി ഭൂമിയിലൊക്കെയും ഇന്നുള്ള 750 കോടി ജനങ്ങളും മറ്റൊരു രാജ്യത്തിലെ പ്രസിഡന്റോ, ഇന്ത്യയിലെ പ്രധാനമന്ത്രിയോ മാത്രമാവാൻ ആഗ്രഹിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. സമ്പൂർണ്ണ സാക്ഷരത ഉണ്ടായാൽ ജനാധിപത്യ- ഭരണസമ്പ്രദായം മംഗളമാകും എന്നു വാദിക്കുന്ന രാഷ്ട്രീയക്കാരും മറ്റു വിവരദോഷികളും ഏറെ ചിന്തിക്കുക. അതായത്, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. (ഓരോ ജന്മ ഗുണവും അതേപോലെ അതീവ ഗൗരവമാണ്).

കൃഷിക്കാർ, മുക്കുവർ, തുടങ്ങിയ സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും കൂടുതൽ ബുദ്ധിശക്തി ലഭിച്ചാലും, സമൂഹ ജീവിതം സാദ്ധ്യമാവാതെ വരും. ദൈവം കുഞ്ഞുങ്ങളായ മനുഷ്യരുടെ നല്ലതിനു വേണ്ടി നൽകുന്ന ബുദ്ധിശക്തികളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുമ്പോൾ, ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ, **കുറച്ചു ലഭിച്ചവരെ മന്ദബുദ്ധി, ബുദ്ധിയില്ലാത്ത കഴുത എന്നെല്ലാം വിളിച്ചാൽ, അറിഞ്ഞും അറിയാതെയും അവർ ആക്ഷേപിച്ചത് മഹാനീതിയായ ദൈവത്തെയാണ്.**

മഹാമാതാവും മഹാനീതിയും ഏകദൈവവുമായ മഹാദേവിക്കോ, മഹാപിതാവും മഹാനീതിപതിയും പരമശിവനുമായ മഹാദേവനോ കുഞ്ഞുങ്ങൾ തങ്ങളെ ആക്ഷേപിക്കുന്നതിന്റെ പേരിൽ ശിക്ഷിക്കുന്നതല്ല. എന്നാൽ അവർ വേദനിപ്പിച്ച 'ബുദ്ധിശക്തി കുറച്ചു ലഭിച്ച കുഞ്ഞുങ്ങൾ' വേദനിക്കുന്നതിന്റെ അളവിന് ആനുപാതികമായി ശിക്ഷിക്കേണ്ടി വരും! ആകയാൽ ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവർ ജാഗ്രത കാട്ടണം.

മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ, ജീവിത കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾക്ക് ആധാരമായി 'മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വം ഉള്ള ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങളെയും അളവുകളെയും ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണ്.'

**ജീവിതം ആനന്ദിക്കാനാണ്; അന്യോന്യം ഭരിക്കാനല്ലാ.**

**ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കു നിയോഗിച്ചവരും ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരുമായ അടിമകൾ വഴിപിഴച്ചതു കാരണം, മറ്റുള്ള ജീവികൾക്കുള്ള സ്വാതന്ത്ര്യവും സന്തോഷവും പോലും മനുഷ്യർക്ക് ഇല്ലാതെ വന്നു.**

**സൃഷ്ടികളായ മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയെല്ലാം ജനിപ്പിക്കുന്നത് / ജനിക്കുന്നത് ജീവിക്കാനാണ്; ജീവിക്കുകയാണ് ജീവികളെല്ലാം ചെയ്യുന്നത്; ജീവിക്കുന്നത് ആനന്ദിക്കാനാണ്; ഭൗതിക ശാസ്ത്ര സാങ്കേതിക നിയമങ്ങളും വികസനങ്ങളും കൊണ്ട് അനന്തമായ ആനന്ദങ്ങളെ നേടാനും കൂടുതൽ ആനന്ദിച്ചു ജീവിക്കാനുമാണ് മനുഷ്യർ പ്രയത്നിച്ചു പോരുന്നത്. ആനന്ദങ്ങൾക്കെല്ലാം അതീതമായ ദൈവം, സൃഷ്ടികൾക്ക് മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകുന്നു; ജീവാത്മാക്കളായ കുഞ്ഞുങ്ങൾ സ്വീകരിക്കുന്നു.**

Life is to Enjoy;
Not for Ruling in between.

The Slaves living at the expense of the people who were assigned to do the general needs of the people gave up Virtues, and People are at the state of Not getting the Freedom and Joy of the other creatures even !

The Purpose of Creation of all Creatures, including human beings, are born to live; all creatures are living & Life is to Enjoy. Human beings are trying to achieve endless pleasures and enjoy life with the science and technology techniques and development. GOD who created the Infinite Pleasures is beyond all the pleasures, supplies/ delivers the endless joy / pleasures to human beings with Supreme Motherly love; the Creatures@ Children@Souls receive it.

**100 മനുഷ്യ ജന്മങ്ങളിലൂടെ ഭൂമി നൽകുന്ന അനന്തമായ ആനന്ദങ്ങളെയെല്ലാം അറിയാനും അനുഭവിക്കാനും, ശേഷം നക്ഷത്രം എന്ന മോക്ഷം നേടുമ്പോൾ, അനന്ത കാലം ആനന്ദങ്ങളെ ആസ്വദിക്കാനുമാണ് ജീവിതം. മത്സ്യം സസ്യം പക്ഷി മൃഗം എന്നീ അവസ്ഥകൾ കടന്ന് മനുഷ്യാവസ്ഥയിൽ എത്തിയിട്ടുള്ള മനുഷ്യന്, ജന്തുനീതി ചെയ്യാനുള്ള അവകാശവും പോലീസ് അധികാരവും മൃഗാവസ്ഥയിൽ നേടിയ മുൻസ്വത്താണ്; മനുഷ്യാവസ്ഥയിൽ കൂടുതൽ അവകാശവും അധികാരവും കൈവരികയാണ്. എന്നാലും സ്വന്തം ആവശ്യമായി ധർമ്മ ശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കുന്ന നിലയിലേക്ക് വ്യക്തി ഉയരുകയും വേണം.**

The Human Life is to know & enjoy the infinite pleasures from Earth in a life span of 100 Reincarnations, and then avail Moksham @ Salvation wherein enjoy the Pleasures for Infinite Time as Star ō . The human state reached after the respective evolutions from fish- plant- bird - animal empower Human beings with the Animal Justice with Police Powers pre-secured at the Animal stage. Although the Rights & Power increase in the human stage, a person be stuck to the Science of Duties & Justice for Him.

ജീവിതത്തിന്റെ ഉദ്ദേശത്തെ മനസ്സിലാക്കാൻ ശ്രമിക്കുക പോലും ചെയ്യാതെ വലിയ ഒരു വിഭാഗം രാഷ്ട്രീയ ഭരണാധികാരികളും ഉദ്യോഗസ്ഥരും തോന്നും പോലെ പ്രവർത്തിച്ച് പാപവും ശിക്ഷകളും വാരിക്കൂട്ടുകയാണ്. മറ്റൊരിടത്ത്, ജനങ്ങളെ ചൂഷണം ചെയ്ത് ഭൗതികമായ ആനന്ദങ്ങളെ സ്വന്തമാക്കി ജീവിക്കുന്ന മതപ്പരിഷകൾ **ജനങ്ങളുടെ ജനനത്തെ മരണവുമായും മരണാനന്തര ജീവിതവുമായും ബന്ധിപ്പിക്കുന്ന പാഴ് വേല ചെയ്യിക്കുന്നു !**

ധർമ്മ ശാസ്ത്രം പ്രകാരം ആനന്ദിച്ചു ജീവിക്കുക എന്നതിനു പകരം ജീവിക്കാൻ ആവശ്യമില്ലാത്ത ദൈവകാര്യങ്ങളിൽ മനുഷ്യൻ ഇടപെട്ടു കൂടാ. ദൈവത്തിന്റെ 'മഹാജ്ഞാനം കൂടിയായ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രം' പ്രകാരമല്ലാത്ത യാതൊന്നും ദൈവീകമല്ല. ദൈവകാര്യങ്ങൾ ഉൾപ്പെട്ട ആത്മീയ ശാസ്ത്ര കാര്യങ്ങളെ ഉചിതമായ സമയത്ത് ദൈവം നേരിട്ട് പഠിപ്പിച്ചു കൊള്ളും. അർദ്ധ-മഹാദേവിയായ പരമശിവനിലൂടെ, ഓരോ മനുഷ്യന്റെയും 90 മുതൽ 95 വരെയുള്ള പുരുഷ-ജന്മങ്ങളിൽ ഒന്നിൽ **മഹാദേവിയുടെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിക്കുമ്പോൾ മാത്രമാണ് ദൈവ കാര്യങ്ങൾ ഉൾപ്പെട്ട ആത്മീയശാസ്ത്രത്തെ സമ്പൂർണ്ണമായി പഠിക്കാനും പഠിപ്പിക്കാനും മനുഷ്യൻ യോഗ്യത നേടുക**.

ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, തങ്ങൾക്ക് ശരിയെന്നു തോന്നുന്നതോ, ആരെങ്കിലും തട്ടിക്കൂട്ടിയതോ ആയ കാര്യങ്ങളെ ന്യായീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും തയ്യാറായാൽ ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിച്ചില്ല എന്നാണ് അർത്ഥം. ദൈവം പാതി, മനുഷ്യൻ പാതി എന്നതിൽ സ്വന്തം പകുതി സംശുദ്ധമാവാൻ ഓരോരുത്തരും ശ്രദ്ധിക്കണം.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിലെ ഓംകാര നീതി ശാസ്ത്രം എന്ന അദ്ധ്യായത്തിൽ എല്ലാ ജന്മഗുണങ്ങളെയും, അവ പ്രകാരം മഹാസമനീതി നൽകുന്നതിനെയും വിശദീകരിച്ചിട്ടുണ്ട്.

## വീണ്ടും ദേവാലയ കാര്യങ്ങളെ കുറിച്ച് തുടരാം :

**ശബരിമല, മക്ക, ജെറുസലേം, വേളാങ്കണ്ണി തുടങ്ങിയ ഏതൊരു ദേവാലയ കാര്യത്തിലും പരമമായ ദൈവീക ശരി അന്വേഷിക്കാനും അറിയാനും ജനങ്ങളെ പഠിപ്പിക്കാനും പരിശ്രമിക്കേണ്ടത് മുഖ്യമായും രണ്ടു വിഭാഗം മനുഷ്യരുടെ കടമകളിൽ പെടുന്നുണ്ട്. (1) ബുദ്ധിശക്തികളും സൗകര്യങ്ങളും അവസരങ്ങളും (ദൈവത്തിൽ നിന്നും) കൂടുതൽ ലഭിച്ച വ്യക്തികൾക്ക് സാമൂഹ്യ കടമയുണ്ട്; സ്വയം ബാദ്ധ്യതയുമാണ്. (2) ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ ശ്രദ്ധിക്കേണ്ടവരും, ജനങ്ങളുടെ ചിലവിൽ ജീവിക്കുന്നവരുമായ 'മന്ത്രിമാരും രാജാവും ഉൾപ്പെടെയുള്ള ജനസേവകർ എന്ന അടിമകളുടെ കടമകളിൽ പെടുന്നു.'**

(1) ബുദ്ധിശക്തിയും വിവേകവും വിജ്ഞാനവും ഏറെയുണ്ടെന്നും, തങ്ങളുടെ വിശ്വാസങ്ങൾ മാത്രമാണ് ശരിയെന്നും ഉറപ്പിച്ചു വിശ്വസിക്കുന്നവർ വർദ്ധിച്ചിട്ടുണ്ട്. മതപരമായും രാഷ്ട്രീയപരമായും മറ്റുള്ള അനേകർ വളരെ അധഃപതിച്ചു കഴിയുന്നു എന്ന് കരുതുന്നവരും ഉപദേശിക്കുന്നവരും വർദ്ധിച്ചിട്ടുണ്ട്. വ്യക്തികളെ സംബന്ധിച്ചിടത്തോളം അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണ്. ഭൂരിപക്ഷം വരുന്ന 'സാധാരണ ജനങ്ങളായ ദൈവത്തിന്റെ കുഞ്ഞുങ്ങളെ' മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ചിന്തകൾ കൊണ്ട് വഴിതെറ്റിച്ചതും മനസ്സു കൊണ്ട് മനുഷ്യൻ അല്ലാതാക്കിപ്പോരുന്നതും എക്കാലവും ന്യൂനപക്ഷം വരുന്ന ബുദ്ധിജീവികളാണ് അഥവാ ബുദ്ധിശക്തി കൂടുതൽ ലഭിച്ചിട്ടുള്ളവരാണ്. സാധാരണ ജനങ്ങളെ വഴിതെറ്റിച്ച ബുദ്ധിജീവികൾക്ക് പണ്ടും ഇന്നും വഴിതെറ്റിയതു കൊണ്ടാണ് ധാർമ്മിക അധഃപതനം സംഭവിച്ചത്. ബുദ്ധിജീവികൾക്ക് എന്തുകൊണ്ടാണ് വഴിതെറ്റിയത്?

അധർമ്മങ്ങളും, ദുസ്വാർത്ഥങ്ങളും മാത്രമല്ലാ കാരണം. ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിച്ചില്ല.

മറ്റുള്ളവരുടെ വിശ്വാസങ്ങൾ തെറ്റിയിരിക്കുന്നു എന്ന് വിശ്വസിക്കുന്നവർ സ്വന്തം വിശ്വാസങ്ങൾ ശരിയാണോ എന്ന് പരിശോധിക്കാൻ തയ്യാറാകുന്നില്ല എങ്കിൽ, ദൈവം നൽകിയ ബുദ്ധിശക്തികളെ ഉചിതമായി ഉപയോഗിക്കാത്തവരാണ്. പരിശോധിക്കേണ്ടത് എങ്ങനെയാണ് ?

**സനാതനമായ അഥവാ എക്കാലവും മാറ്റമില്ലാത്ത ഭൗതിക-ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരമാണ് വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉൾപ്പെടെ പ്രപഞ്ചത്തിലെ ഏതൊരു കാര്യവും പരിശോധിക്കേണ്ടത്. രോഗ നിർണ്ണയം, മരുന്നുകൾ, രക്തം, മൂത്രം, എക്സ്റേ, സ്കാൻ തുടങ്ങി സർവ്വതും ഭൗതിക ശാസ്ത്ര പരമായി ലാബിൽ ടെസ്റ്റ് ചെയ്യാൻ തയ്യാറാകുന്ന എല്ലാ മത-പുരോഹിതന്മാരും മത-വിശ്വാസങ്ങളെ കലർത്താൻ വന്നാൽ, മതപ്പരിഷകളെ ആട്ടിയകറ്റണം; ശാസ്ത്രപരമായി മാത്രം പരിശോധിക്കണം. തെറ്റുകളെ തിരുത്തുകയും വേണം. മുമ്പ് വ്യക്തമാക്കിയതു പോലെ,** ഒരു ജന്മത്തിലെ തുച്ഛമായ ആയുസ്സുമായി ഭൂമിയിലെ ഏതെങ്കിലും പ്രദേശത്ത്, അടിസ്ഥാന പരമായി ഭൂമിയുടെ ഇഷ്ടം അനുസരിച്ച് ജനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ബുദ്ധി ശക്തി കൂടുതൽ ലഭിച്ച വിവരദോഷികൾ തജ്ജന്മത്തിലെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ചിന്തകളെ അധമങ്ങളും അബദ്ധങ്ങളും മണ്ടത്തരങ്ങളും ദുസ്വാർത്ഥങ്ങളും എന്നെല്ലാം തിരിച്ചറിഞ്ഞു തിരുത്തി ജീവിക്കണം.

(2) മതപ്പരിഷകൾ ജനങ്ങളെ മരണവുമായും മരണാനന്തര ജീവിതവുമായും ബന്ധിപ്പിക്കുന്ന പാഴ് വേല ചെയ്യിച്ച്, ചൂഷണം ചെയ്ത് ജീവിക്കുന്നതിൽ പങ്കുചേരാൻ മന്ത്രിമാരും മറ്റുമായ അടിമകളും തയ്യാറായിരിക്കുന്നു !

# മനുഷ്യൻ എന്ന വ്യക്തിയുടെ/ജീവിയുടെ സ്വത്വമായ ജീവാത്മാവിനെ സംബന്ധിച്ച ഏതാനും മഹാപാഠങ്ങളെ കൂടി ചുവടെ വെളിപ്പെടുത്തുന്നു.

തത്സമയ ജീവിശരീര-രൂപം, സ്ത്രീ പുരുഷ വ്യത്യാസം, മുഖഛായ, ചർമ്മഗന്ധം, സൗന്ദര്യം, നിറം, ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം തുടങ്ങിയ **ജന്മഗുണങ്ങൾ തന്നെ 2 വിധമുണ്ട്. ഗൂഢവും, പ്രകടവും.** ജീവാത്മാവിന്റെ സൃഷ്ടിപരമായ ആയുസ്സ്, ആരോഗ്യം, ബുദ്ധി ശക്തി, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനന സ്ഥലം, മാതാപിതാക്കളുടെ ഔന്നത്യം- സൃഷ്ടിപരമായ ആയുസ്സ് -ആരോഗ്യം- സാമ്പത്തിക ഭദ്രത എന്നിവ ഗൂഢ- ജന്മഗുണങ്ങളാണ്. ഒരു വ്യക്തിയെ കാണുമ്പോൾ, അഥവാ വ്യക്തിയുടെ ശരീരത്തിൽ നിന്നും മേല്പടി ജന്മഗുണങ്ങളെ അറിയാൻ കഴിയുന്നതല്ല; അറിയാവുന്ന അവസ്ഥ ഉണ്ടായും കൂടാ; ഉണ്ടായാൽ ജീവിതത്തിലെ ആനന്ദം കുറയുകയും ഇല്ലാതാവുകയും ചെയ്യുന്നതാണ്.

പ്രകട ജന്മഗുണങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവാത്മാക്കൾ അന്യോന്യം കാണുകയും കേൾക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുക. ജീവിയുടെ ശരീര-രൂപം, സ്ത്രീ പുരുഷ വ്യത്യാസം, മുഖഛായ, ചർമ്മഗന്ധം, സൗന്ദര്യം, നിറം, എന്നിവ പ്രകട ജന്മഗുണങ്ങളാണ്. എന്നുവച്ചാൽ അവയെ പ്രത്യക്ഷമെന്നോണം ജീവിയുടെ ശരീരത്തിൽ ചേർക്കേണ്ടതുണ്ട്; ചേർത്തിട്ടുണ്ട്; അറിയുകയും അനുഭവിക്കുകയും ചെയ്യുന്നുമുണ്ട്. മഹാനീതി ശാസ്ത്ര പ്രകാരം പ്രകട-ജന്മഗുണങ്ങളെ ശരീരത്തിൽ ചേർക്കുന്നത് ദൈവമാണെന്ന കാര്യം മനുഷ്യരുടെ ശ്രദ്ധയിൽ പെടുത്തുന്നില്ല. മനുഷ്യർക്ക് അതറിയാവുന്ന അവസ്ഥ ഉണ്ടായാൽ; ദൈവത്തിന്റെ പ്രത്യക്ഷ സാന്നിധ്യം ഉണ്ടാകും പോലെയാണ്; ജീവിതത്തിലെ ആനന്ദം കുറയുകയും ഇല്ലാതാവുകയും ചെയ്യുന്നതാണ്.

സ്ത്രീ പുരുഷ ബീജങ്ങളിൽ ജീനുകൾ എന്ന പേരിലും മറ്റും രൂപപ്പെടുത്തുന്ന ജന്മഗുണങ്ങളെ ജീവാത്മാവിനോടൊപ്പം ഭ്രൂണത്തിന്റെ മൂല-ശരീരത്തിലേക്ക് പ്രവേശിപ്പിക്കുമ്പോഴും, 'ഭ്രൂണം' വളർന്ന് 'കുഞ്ഞ്, കുട്ടി, കുമാരൻ/കുമാരി, യുവാവ്/യുവതി, അച്ഛൻ/അമ്മ, മുത്തച്ഛൻ/മുത്തശ്ശി, വൃദ്ധൻ/വൃദ്ധ എന്നിങ്ങനെ മാറ്റമുണ്ടാകുമ്പോൾ, മേല്പടി പ്രകട-ജന്മഗുണങ്ങൾ പ്രകടമാവണം. പ്രകടമാവണമെങ്കിൽ അവയെ ചേർക്കേണ്ടത് ജീവാത്മാവിനെ വഹിക്കുന്ന ശരീരത്തിന്റെ ചർമ്മത്തിലാവണം.

പ്രകട ജന്മഗുണങ്ങളായ ശരീര-രൂപം, മുഖഛായ, സൗന്ദര്യം, നിറം, തനിപ്പെട്ട ഗന്ധം-ശബ്ദം, എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യർ അന്യോന്യം കാണുന്നതും അറിയുന്നതും ചർമ്മം ആവരണം ചെയ്തിരിക്കുന്ന ശരീരത്തെയാണ്. ജീവികളെല്ലാം ജീവാത്മാവിന്റെ ഭാവങ്ങളും ആനന്ദങ്ങളുമായ വാത്സല്യം, സ്നേഹം, പ്രേമം, കാമം തുടങ്ങിയവ അനുഭവിക്കുന്നത് മുഖ്യമായും ചർമ്മം വഴിയാണ്. നാവ്, കണ്ണ്, ചെവി, മൂക്ക്, മുല, ലിംഗം, നാഭി, കൈപ്പത്തി, കാൽപ്പാദം, ... എന്നിവയുടെ ചർമ്മത്തെയും അവയിലൂടെ ലഭ്യമാകുന്ന ആനന്ദങ്ങളെയും പ്രത്യേകമായും സാധാരണമായും അനുഭവിച്ചു കൊണ്ട് ജീവാത്മാവ് ശരീരത്തിൽ മുഴുവൻ വ്യാപരിക്കുന്നു. ജീവാത്മാവിന് അസ്തിത്വത്തെ സംബന്ധിച്ച പിണ്ഡ ബോധം നൽകാതെ ചർമ്മത്തിലൂടെ വ്യാപരിപ്പിക്കുകയാണ് എന്നും അറിയണം. **മാത്രമല്ല; ജീവാത്മാക്കൾക്ക് അന്യോന്യം അറിയാനും ബന്ധപ്പെടാനും ആനന്ദങ്ങളെ അനുഭവിക്കാനും 'പ്രകട ജന്മഗുണങ്ങളെ ചർമ്മവുമായി' ബന്ധിപ്പിക്കുമ്പോൾ, ഗൂഢ-ജന്മഗുണങ്ങളെ ശരീരത്തിലെ ഇതര അവയവങ്ങളുമായും കോശങ്ങളുമായും ഉചിതമായി ബന്ധിപ്പിച്ചിരിക്കുകയാണ്.**

**ജീവാത്മാവിന്റെ സ്വന്തമായ 'പ്രകട ജന്മഗുണങ്ങളെ' ചർമ്മത്തിലൂടെ പ്രകടമായും, 'ഗൂഢ ജന്മഗുണങ്ങളെ' ഗൂഢമായും വഹിക്കുന്ന 'ശരീരം' സമസ്ത ആനന്ദങ്ങളെയും ജീവാത്മാവിനു നൽകി ക്കൊണ്ട് ജീവാത്മാവിനു വേണ്ടി സദാ പ്രവർത്തിക്കുന്ന ദൈവീക-മഹാവാത്സല്യത്തെ ജീവാത്മാവ് തിരിച്ചറിയുന്നില്ല എന്നേയുള്ളൂ. കുഞ്ഞുങ്ങളായ ജീവാത്മാക്കൾ ധർമ്മശാസ്ത്ര പരമായി ആനന്ദിച്ചു ജീവിക്കുക എന്നല്ലാതെ സർവ്വത്തിനും അതീതവും ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിനും, ദൈവാംശമായ ശരീരത്തിനും കുഞ്ഞുങ്ങളിൽ നിന്നും യാതൊന്നും വേണ്ട.**

ചർമ്മത്തിലൂടെ ശരീരം മുഴുവനും ജീവാത്മാവാണെന്ന പ്രതീതിയെ സൃഷ്ടിച്ചും ജീവാത്മാവിനെ ശരീരം ആനന്ദിപ്പിക്കുന്നുണ്ടെന്ന് വിശകലനം ചെയ്താൽ ബോദ്ധ്യമാകും. മേല്പടി ബഹുവിധ കാരണങ്ങളാൽ ചർമ്മത്തെ, ശരീരത്തിൽ നിന്നും വേറിട്ട് വിശകലനം ചെയ്യണം.

...

ദൈവത്തിന്റെ മഹാഖര രൂപവും മണ്ണുമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള ശരീരം ദൈവാംശവും, പ്രത്യക്ഷ ദൈവവുമായി ക്കൊണ്ട്, അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായി ഇല്ലാത്ത ആത്മാവിന് സമസ്ത ആനന്ദങ്ങളെയും നേടാനും അനുഭവിക്കാനും വഴിയൊരുക്കുന്നു എന്ന് സ്വയം വിശകലനം ചെയ്താൽ തന്നെ ബോദ്ധ്യമാകും.

**ഭൂമിയിലെ മൂലകങ്ങളിൽ ലയി(പ്പി)ച്ചിട്ടുള്ള ധർമ്മ ശാസ്ത്രങ്ങളെപ്പറ്റി ചിന്തിക്കുക പോലും ചെയ്യാതെ, തോന്നും പോലെ ഭൗതിക അസ്തിത്വം ഇല്ലാത്തതായ നിയമങ്ങളെ തട്ടിക്കൂട്ടിയാൽ, അവയെ തിരുത്താനുള്ള ഭൗതിക ശാസ്ത്ര സംവിധാനങ്ങളെ ഭൂമി ഒരുക്കിയിട്ടുണ്ട് എന്നറിയുക.**

**മഹാപ്രപഞ്ചത്തിലെ ജീവികളുടെ ശരീരം ഉൾപ്പെടെ എല്ലാ വസ്തുക്കളും/ സർവ്വവും പ്രവർത്തിക്കുന്നത് അവയുടെ മൂലകങ്ങളിൽ (Elements) 'ദൈവം @ ഭൂമി' ലയി(പ്പി)ച്ചിട്ടുള്ള ന്യൂനശക്തികളും അവയുടെ പ്രവർത്തന നിയമങ്ങളും ഉൾപ്പെട്ട പ്രകടമായ ഭൗതിക ശാസ്ത്ര നിയമങ്ങളും പ്രകടമല്ലാത്ത അഥവാ ഗൂഢമായി ലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളും പ്രകാരമാണ്.'** www.omsathyam.com/ Godly Revolution/SupremeJusticeGOD.pdf **ഇ-മഹാവേദഗ്രന്ഥത്തിൽ വിശദീകരണമുണ്ട്.**

It should be understood that the EARTH has established Supreme Infrastructure to set right any and all unrighteous systems and laws without physical/ material existence, which do not match with Dharma Shaasthram @ the Science of Duties & Virtues.

Everything in the Universe, including the Bodies of the Creatures operate also incorporating the MINUS POWERS and Laws Governing them dissolved by GOD in their elements, besides the Physical Science and the Science of Duties & Virtues. The Supreme E-book www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf gives details.

| | |
|---|---|
| മൂലകങ്ങളിൽ (Elements) 'ദൈവം @ ഭൂമി' ലയി(പ്പി)ച്ചിട്ടുള്ള ന്യൂനശക്തികളും അവയുടെ പ്രവർത്തന നിയമങ്ങളും, മനുഷ്യർ ഭൗതിക ശാസ്ത്ര സാങ്കേതിക വികസനത്തിലൂടെ വർദ്ധിപ്പിക്കുന്ന തീകത്തിച്ചുള്ള പാചകം മുതലുള്ള എല്ലാ ആനന്ദങ്ങളെയും ഉപയോഗിക്കാൻ ധർമ്മ ശാസ്ത്ര ബന്ധനം നിർവ്വഹിക്കുന്നുണ്ട്. അതിനാൽ ആനന്ദങ്ങളെ നേടാനും അനുഭവിക്കാനും എല്ലാ മനുഷ്യരും രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്ര പ്രകാരമുള്ള യോഗ്യത നേടേണ്ടതുണ്ട്. | The MINUS Powers and their Operating Laws merged in the Elements by Earth @ GOD apply Tying up as per the Science of Duties & Virtues @ Dharma Shaasthram for Enjoying all Pleasures obtained by the Physical Science @ Bhouthika Shaasthram, from Cooking of Food by using Fire to all achievements in Science and Technology. Hence, all human beings have to obtain the Qualifications according to the 2nd Vedam = Dharma Shaasthram @ the Science of Duties and Virtues, to achieve and enjoy the Pleasures. |

| സൃഷ്ടി ശാസ്ത്രം | Creational Science |
| --- | --- |
| ആദ്യമായി ഒരു ശൂന്യതയെയും, പിന്നീട് ശൂന്യതയിൽ എന്തെങ്കിലുമൊക്കെ പ്രത്യക്ഷമായോ പരോക്ഷമായോ പ്രകടമാക്കുന്ന പ്രവൃത്തിയെന്ന് 'സൃഷ്ടി', 'സൃഷ്ടിക്കുക' എന്നീ പദങ്ങളെ നിർവ്വചിക്കാം.<br><br>മണ്ണ്, ജലം, വായു, സമുദ്രം, വസ്തുക്കൾ, ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ജീവികൾ തുടങ്ങിയവയിൽ സ്രഷ്ടാവ് ഉൾപ്പെടാത്ത സൃഷ്ടിക്കപ്പെട്ടതിനെയും, 'സൃഷ്ടി' എന്നു പറയും.<br><br>ദൈവത്തിന്റെ മഹാജ്ഞാനമായ 'മഹാശാസ്ത്രം' പ്രകാരം 'ആദിയും അന്തവുമില്ലാത്ത ആകാശം' എന്ന 'സൃഷ്ടി-പാത്രത്തിന്റ' ഉള്ളിലാണ് 'സമസ്ത സൃഷ്ടിയും' മഹാഭദ്രമാക്കിയിട്ടുള്ളത്. | The terms "Creation" and "Create" are defined as the Activity of Establishing a 'Vacuum' first and then Showing anything / something in the Vacuum direct or indirect.<br><br>Every thing such as Soil, Water, Air, Ocean, Materials, Earth, Sun, Moon, Stars, living creatures, etc that are all Created by (the Creator) is also called 'Creation', if none of them is / are the Creator.<br><br>According to GOD's 'Supreme Knowledge' the Whole Creation / Creatures are Supremely Protected in the Infinite Vacuum cum Creation Vessel / Womb @ SKY. |

ആദി സൃഷ്ടി മാത്രമല്ലാ; ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ ജീവികളെ അവരുടെ മാതാപിതാക്കളിലൂടെ പുനർസൃഷ്ടി നടത്തുന്നതും യഥാർത്ഥത്തിൽ 'ആകാശത്തിന്റെ' ഉള്ളിൽ തന്നെയാണ്.

എങ്ങനെയെന്നാൽ 'ആകാശം' എന്ന 'മഹാശൂന്യതയുടെ മഹാസൂക്ഷ്മമായ അംശങ്ങളാണ് ' മനുഷ്യൻ ഉൾപ്പെടെയുള്ള സ്ത്രീ-ജീവികളിലെ (ദൈവത്തിന്റെ ഖരരൂപമായ ഭൂമിയിലെ മൂലകങ്ങൾ കൊണ്ടുള്ള ശരീരത്തിന്റെ ഭാഗമായ) 'ഗർഭപാത്രം' എന്ന 'ശൂന്യത-യിലേക്കുള്ള ശൂന്യവീഥി'. ശൂന്യത യഥാർത്ഥത്തിൽ ജീവികളുടെ അവയവമല്ല. സൃഷ്ടിയും പുനർസൃഷ്ടിയും ചെയ്യുന്ന മഹാശൂന്യതയായ ആകാശത്തിന്റെ മഹാശാസ്ത്ര പ്രകാരമുള്ള മഹാനാമങ്ങൾ മാത്രമാണ് 'മഹാലിംഗം, മഹാശക്തി ലിംഗം, ശക്തി ലിംഗം, മഹാശിവലിംഗം, ശിവലിംഗം' എന്നിവ.

Not only the First Creatures; but also the reincarnation of GOD's beloved Children / young ones thru their parents are actually created (reincarnated) in the 'sky.'

For the Supremely Infinite Vacuum @ Sky @ GOD's Creation Vessel enters into the Womb in the Body of all Female Creatures including human beings, to facilitate the Creation in Creatures, whereas Body of all Creatures are in fact Portion of GOD @ Earth made up of Elements in Earth. The Womb as well as the Vaginal Tract in Female Creatures are to be understood as Vacuum which is Portion from the Sky @ GOD's Creation Vessel. Vacuum can never be considered as an Organ of any Body. MahaLingham, MahaaShakthi Lingham, Shakthi Lingham, MahaaShiva Lingham, Shiva Lingham are the Supreme Names of 'Supreme Vacuum SKY ' as per the Supreme Science, doing All Creations.

| | |
|---|---|
| എല്ലാ ജീവികളെയും എല്ലായ്പ്പോഴും ജനിപ്പിക്കുന്നത് മഹാശിവ കൂടിയായ ദൈവത്തിന്റെ മഹാലിംഗമായ ആകാശത്തിന്റെ അകത്ത് മാത്രമാണെന്നും, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ പ്രദേശങ്ങളുടെ ഭാഗമാക്കുന്നില്ല എന്നും; ഏതെങ്കിലും ദേശക്കാരെന്ന് അവകാശപ്പെടാൻ യാതൊരു ജീവികൾക്കും യാതൊരു അവകാശവും ഇല്ലെന്നും തെളിയുന്നു. അക്കൂടെ, ജീവിയുടെ ജനനം മുതൽ മരണം വരെയുള്ള എല്ലാ കാര്യങ്ങളെയും മഹാഭദ്രമായി ചെയ്യുന്ന ഭൂമിയെ ദൈവമാണെന്നു തിരിച്ചറിയുന്നവർക്ക് ഭൂമിയുടെ കുഞ്ഞാണെന്ന് മഹാശാസ്ത്രപരമായി അവകാശപ്പെടാനും മണ്ണും ഭൂമിയുമായ ദൈവം മഹാവാത്സല്ല്യത്തോടെ ഓരോ വ്യക്തിയെയും അനുഗ്രഹിക്കുകയുമാണ്. | It is proved above that All Creatures are born/ created in the Supreme Godly Womb/ Vessel @ Sky @ MahaaLingham of MahaaShiva @ MahaaDevi. That's, No Creatures including the Human beings are made as Parts and/or organs of Earth namely Places/ Nations. It is thus evident that No Creature can claim to be the Native of any Nation. In addition, all those Creatures who recognize the Earth which provide everything including all the infinite pleasures to all Creatures on/in Earth from Birth till Death as GOD, bless them to claim as a Beloved Child of Earth as per Supreme Science. |

മഹാശാസ്ത്രപരവും, മതങ്ങളുമായി ബന്ധമില്ലാത്തതുമായ ശക്തി ലിംഗവും, ശിവ ലിംഗവും ആകാശവും ഒക്കെയായ മഹാലിംഗത്തിന് ആദിയും അന്തവും ഇല്ലെന്ന് നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ ആദിയും അന്തവും ഇല്ലാത്ത മഹാരൂപത്തിന്റെ അംശമായ മഹാപ്രപഞ്ചത്തെ മനുഷ്യന് സ്വന്തം കണ്ണുകൾ കൊണ്ട് കാണാൻ കഴിയുന്നതാണ്.

ഭൂമിയിൽ എവിടെ നിന്നും ശിവലിംഗമായ ആകാശത്തേക്കു നോക്കിയാലും ഒരു കുട പോലെ അർദ്ധ-ഗോളാകൃതിയിലാണ് ആകാശത്തെ കാണുക. പ്രസ്തുത അർദ്ധ-ഗോളത്തിനകത്താണ് സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും നക്ഷത്ര-സമൂഹങ്ങളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചമുള്ളത്. കുട പോലെയുള്ള അർദ്ധ-ഗോളത്തിന് യഥാർത്ഥത്തിൽ അന്തമില്ല. മഹാപ്രപഞ്ചത്തിൽ

People can see with naked eyes and understand that ShivaLingam @ Shakthi Lingham @ Sky is without Beginning and Ending (infinite) besides having no connection with any religions. In other words, man can see the Supreme Universe, which is a part of the Supreme Universal figure of GOD, with one's own naked eyes.

Look at the Sky @ ShivaLingam from anywhere on Earth. The Sky will be seen semi-spherical like an umbrella. The semi-globe contain the Sun, the Moon, the stars and galaxies. The semi-globe like the umbrella actually does not end; it's an infinite vacuum.

| | |
|---|---|
| **പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നക്ഷത്ര കോടികൾക്കു സ്ഥിതിചെയ്യാനും (പ്രവർത്തിക്കാനും) ഇടംകൊടുക്കുന്നതും, മനുഷ്യ ബുദ്ധികൊണ്ട് അളക്കാൻ കഴിയാത്തതും, അന്തം ഇല്ലാത്തതുമായ മഹാലിംഗത്തിന്റെ വൃത്ത-കോണായ വശങ്ങളിലേക്കും മുകൾഭാഗത്തേയ്ക്കും ആണ് യഥാർത്ഥത്തിൽ നോക്കിയതെന്ന് സ്വയം വിശകലനം ചെയ്താൽ ബോദ്ധ്യമാകുന്നതാണ്.**<br><br>**സൃഷ്ടിപാത്രവും ആകാശവുമായ ശിവലിംഗത്തിന്റെ ചുവട് കണ്ടെത്താനാവുമോ എന്ന് കണ്ണുകൾ കൊണ്ടും, നേടാനായ അറിവുകൊണ്ടും പരിശ്രമിക്കുക. ഭൂമിക്കും താഴേക്ക് ആദി കണ്ടെത്താനാവാത്ത അവസ്ഥയിൽ ശിവലിംഗത്തെ മനസ്സിലാക്കുമ്പോഴും, ഭൂമി ഉൾപ്പെടെയുള്ള പ്രപഞ്ചം മേല്പടി അർദ്ധ-ഗോളാമായ കുടയ്ക്ക് ഉള്ളിലാണ്.** | The infinite Sky @ ShivaLingham will also contain the newly-created billions of stars too. Further it can be understood that actually people look at the infinite top and sides of the ShivaLingham @ Sky. It is immeasurable by human wisdom and totally infinite.<br><br>Then attempt with the eyes and the knowledge whether the Bottom of ShivaLingham @ Sky can be seen. The Earth is not visible to the bottom from the ground, but it is clear that the ShivaLingham @ Sky is infinite. It is possible to understand that the Sky @ ShivaLingham go to the bottom through the Earth and the semi-spherical ShivaLingham contain the Earth; it's without Ending & infinite. |

| | |
|---|---|
| മനുഷ്യൻ ഉൾപ്പെടെയുള്ള യാതൊരു ജീവികളുടെയും ലൈംഗിക അവയവങ്ങൾക്ക് 'ശിവലിംഗവുമായി' അടിസ്ഥാന പരമായ ബന്ധം ഇല്ലെന്നും സുവ്യക്തമാണ്. ദൈവ വിപ്ലവത്തോടെ ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രമാകും.! | It is also clear that the sexual organs of any creature including human beings have NO relation with ShivaLingham. Beginning from Godly Revolution, all Worship Centres on Earth will only have ShivaLingham. |

## മനുഷ്യൻ ഉൾപ്പെടെയുള്ള സൃഷ്ടികൾക്ക് യാതൊന്നും സൃഷ്ടിക്കാനുള്ള ശക്തി യാതൊരിക്കലും ഇല്ല.

**സൃഷ്ടികൾക്ക് എന്തെങ്കിലും ചെയ്യാനുള്ള ശക്തിയും ഇച്ഛാശക്തിയും അറിവും പുറമേ നിന്ന് ലഭിക്കണം. സ്രഷ്ടാവ് അറിവും ശക്തിയും നൽകിയാൽ മാത്രമാണ് സൃഷ്ടിക്ക് സ്വയം ആരാണ് എന്നു പോലും അറിയാൻ കഴിയുക. "ഞാൻ ആരാണ്" എന്ന ചോദ്യം മനുഷ്യൻ എന്ന ജീവിക്കു മാത്രം ഉണ്ടായത്, മനുഷ്യനു മാത്രം ശാസ്ത്ര ജ്ഞാനത്തെ സ്രഷ്ടാവ് നൽകിയതു കൊണ്ടാണ്. സമസ്ത ജീവികൾക്കും സമ ജ്ഞാനം നൽകിയാൽ, മനുഷ്യന് ഇന്നത്തെ പ്പോലെ ജീവിക്കാൻ കഴിയില്ല എന്നും ശാസ്ത്ര സാങ്കേതിക വികസനമോ അതിൻ പ്രകാരമുള്ള അനന്തമായ ആനന്ദങ്ങളെ കണ്ടെത്താനും തുല്ല്യമായി പങ്കിടാനും ജീവികൾക്ക് കഴിയുന്നതല്ല എന്നും ജീവികളുടെ ജീവിത ഉദ്ദേശം വെളിപ്പെടുത്താൻ പോലും സാധിക്കുന്നതല്ല എന്നും നിസ്സാരമായി മനസ്സിലാക്കാൻ കഴിയും.**

**ഉദാഹരണമായി അല്പം കൂടി കുറിക്കാം :-**
**ശിവലിംഗവും സൃഷ്ടിപാത്രവും മഹാശൂന്യതയുമായ ആകാശത്തെ അനുകരിച്ച്, മനുഷ്യന് എന്തെങ്കിലും സൃഷ്ടിക്കണമെങ്കിൽ, ആദ്യമായി ആദിയും അന്തവും ഇല്ലാത്ത ആകാശത്തിന് പുറത്ത് പോകേണ്ടി വരും. എന്തെന്നാൽ, ശിവലിംഗവും സൃഷ്ടിപാത്രവും മഹാശൂന്യതയുമായ ആകാശത്തിനകത്ത് പുതിയ ഒരു ശൂന്യത സൃഷ്ടിക്കാൻ കഴിയുന്നതല്ല. കഴിയുമെന്നു തോന്നിയാൽ അല്പജ്ഞാനം കൊണ്ടുള്ള ഭ്രമം മാത്രമാണ്. ഭൂമിയും ചന്ദ്രനും സൂര്യനും നക്ഷത്രങ്ങളും മറ്റും ശിവലിംഗവും മഹാശൂന്യവുമായ ആകാശത്തിൽ സ്ഥാപിച്ചിരിക്കുന്ന മഹാശിവയായ മഹാദേവിയുടെ മഹാവിദ്യ പോലെയുള്ള കാര്യങ്ങൾ പിന്നീട് ..**

Creatures including Human beings can never create anything.

Because Creatures always need Power, Desiring Power and Knowledge to do something, and Creatures even do not know of themselves unless the Creator is kind enough to inform them about. Man out of all creatures could alone ask "Who am I?" as he alone given the Scientific knowledge. If Scientific lessons imparted to other creatures too, it is simple to understand that man as well as other creatures can not take part in scientifically developed technologies, never find the infinite pleasures nor succeed in sharing between them.

To write down a little, if a man is to do any Creation, a vacuum is to be created first imitating the Shiva lingham @ Sky for which he will have to get out of the infinite Sky first. It is not possible to create a new vacuum within the Supreme Vacuum @ Sky @ ShivaLingham. The Supreme Posting of Earth, Moon, Sun, Stars etc in the Supreme Vacuum @ Sky & ShivaLingham be discussed with Laughter later..

# ആനന്ദ ശാസ്ത്രം

## ജീവിക്കുന്നത് ആനന്ദിക്കാൻ മാത്രമാണ്. ആനന്ദങ്ങളെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യനും പ്രവർത്തിക്കുന്നത്..

### മാനുഷിക ആനന്ദങ്ങളും അളവുകളും

ഭക്ഷണസാധനങ്ങൾ 40, ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ ഭൂമിയിലെ യഥാർത്ഥമായ 4 വിഭാഗ-തൊഴിലുകൾക്കും 20, ദാനം (ത്യാഗം) 5, ഭക്തി (പ്രിയം, ആദരം, ആരാധന) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5

**മനുഷ്യരുടെ പരമാനന്ദമായ കാമം 25**

സൃഷ്ടിച്ചിട്ടുള്ളത് ഭക്തി (പ്രിയം, ആദരം) 5, ദാസ്യം 5, വാത്സല്യം 5, പ്രേമം 5, പ്രേമ-സാക്ഷാത്ക്കാരം 5 എന്നിവയെ സംയോജിപ്പിച്ചാണ്.

**മഹാപ്രപഞ്ചത്തിലെ മൊത്തം ആനന്ദം 100 അളവ്**

### ദൈവ-ആനന്ദങ്ങളും അളവുകളും

**1. മഹാദാസ്യം 30**

മനുഷ്യരുടെ പരമാനന്ദമായ കാമം 25 -നോട് വീണ്ടും ദാസ്യം 5 ചേർത്താണ് **മഹാദാസ്യം 30** സൃഷ്ടിച്ചിട്ടുള്ളത്.

**2. മഹാവാത്സല്യം 35**

മഹാദാസ്യം 30 -നോട് വീണ്ടും വാത്സല്യം 5 ചേർത്താണ് **മഹാവാത്സല്യം 35** സൃഷ്ടിച്ചിട്ടുള്ളത്.

മഹാപ്രപഞ്ചത്തിന്റെ ഏകസൃഷ്ടി-സ്ഥിതി-സംഹാര കർത്താവും, മഹാമാതാവും മഹാനീതിയും ഭൂമിയുമായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്കെല്ലാം മഹാസമനീതിയെ നൽകുന്നത് എല്ലാ സൃഷ്ടികൾക്കും സമആനന്ദങ്ങളെ മഹാഅനുഗ്രഹിച്ചു നൽകിയാണ്.

100 മനുഷ്യ ജന്മങ്ങളിലൂടെ സമആനന്ദങ്ങളെ ഓരോ മനുഷ്യനും നൽകുന്നതിനെ ഓംകാര നീതിശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ ആനന്ദങ്ങൾക്കെല്ലാം അളവുകളുണ്ട്.

മൊത്തം 100 അളവ്. ഭക്ഷണ സാധനങ്ങൾക്ക് ആകെ 40 അളവ്, എന്നാൽ ഏറ്റവുമധികം രുചികരമായ ഭക്ഷണത്തിൽ നിന്ന് ഒരു സമയം ലഭിക്കുന്ന പരമാവധി ആനന്ദം 5 അളവാണ്. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നിങ്ങനെ 4 വിഭാഗങ്ങളായ തൊഴിലുകൾക്കെല്ലാം കൂടി 20, വാത്സല്യം 5, ദാസ്യം 5, ദാനം/ധർമ്മം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5, എന്നിങ്ങനെ 90 അളവുകൾ.

**മനുഷ്യന്റെയും മറ്റുള്ള ജീവികളുടെയും അഥവാ ദേവതകൾ ഉൾപ്പെടെയുള്ള എല്ലാ സൃഷ്ടികളുടെയും പരമാനന്ദമായിട്ട്, (ദൈവം) മഹാനിശ്ചയിച്ചിട്ടുളളത് കാമത്തെയാണ്. തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്ത് കാമലീല പൂർത്തിയാക്കുന്ന വ്യക്തിക്ക് മനുഷ്യരുടെ പരമാനന്ദമായിട്ട് ദൈവം മഹാനിശ്ചയിച്ചിട്ടുളള 25 അളവ് കാമാനന്ദം ലഭിക്കുന്നു.**

വാത്സല്യം 5, ദാസ്യം 5, ഭക്തി/സംഗീതം 5, പ്രേമം 5, പ്രേമ സാക്ഷാത്ക്കാരം 5 എന്നിവ ചേർന്നാണ് കാമം 25 ഉണ്ടാവുന്നത്. മനുഷ്യർ തങ്ങളെത്തന്നെ മറന്ന് കാമാനന്ദത്തിൽ മുഴുകുമ്പോൾ, അവരിലൂടെ ദൈവം കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നു.

# ദൈവത്തിന്റെ ആനന്ദങ്ങൾ

**ജീവികളുടെയെല്ലാം മഹാമാതാവും മഹാനീതിയുമായ ഏകദൈവം, താൻ സൃഷ്ടിച്ചിട്ടുള്ള ആനന്ദങ്ങൾക്കെല്ലാം അതീതമാണെങ്കിലും, ഒരു മഹാജീവിയെ പോലെ മഹാപ്രപഞ്ചത്തിലെ കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിനാൽ, കുഞ്ഞുങ്ങളുടെയെല്ലാം സന്തോഷത്തെ കണക്കാക്കി കുഞ്ഞുങ്ങളായ ജീവികളോടുള്ള <u>മഹാവാത്സല്യത്തെ</u> മഹാമാതാവായ മഹാദേവിയുടെ മഹാആനന്ദമായും, <u>മഹാദേവിയോടുള്ള മഹാദാസ്യത്തെ</u> തന്റെ ഭാഗവും ഭർത്താവും ഏകദാസനും പ്രപഞ്ചപിതാവും മഹാനീതി-പതിയും മഹാദേവനുമായ പരമശിവന്റെ മഹാആനന്ദമായും മഹാനിശ്ചയിച്ചിട്ടുണ്ട്.**

**മനുഷ്യന്റെ പരമാനന്ദ അളവായ 25 -നോട്, 5 അളവോടെയുള്ള ദാസ്യത്തെ ഒരിക്കൽകൂടി കൂട്ടുമ്പോൾ <u>30 അളവുകളുള്ള മഹാദാസ്യവും,</u> <u>മഹാദാസ്യം 30</u> നോട് 5 അളവോടെയുള്ള വാത്സല്യത്തെ ഒരിക്കൽകൂടി കൂട്ടുമ്പോൾ <u>35 അളവുകളുള്ള മഹാവാത്സല്യവുമായി.</u>**

# ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി അവതരിച്ചുകഴിഞ്ഞു.

ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, എല്ലാ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, ഭൂമിയും, മഹാനീതിയും, മഹാമാതാവും, മഹാശക്തിയും, ഏകദൈവവും, മഹാവാത്സല്ല്യവുമായ മഹാദേവി, ~ 'സ്വന്തം ഭാഗത്തെ', പരമാത്മാവ്, പ്രപഞ്ചപിതാവ്, മഹാദേവൻ, മഹാദാസൻ, ബ്രഹ്മദേവൻ, സംഹാര ദേവൻ, ക്രൈസ്റ്റ്, ദൈവത്തിന്റെ ഏക പ്രതിനിധി, ശാസ്ത്രായുധൻ, യഥാർത്ഥ റസൂൽ, ഏകദാസൻ, പരമശിവൻ , തുടങ്ങിയ മഹാനാമങ്ങളോടെ അയച്ചും, മത്സ്യാവതാരം, ഓം എന്നിവയെ ബന്ധിപ്പിച്ചും, യഥാർത്ഥ വേദങ്ങളെ വീണ്ടെടുപ്പിച്ചും, കേരളത്തിലെ ഒരു ഹിന്ദുകുടുംബത്തിൽ


**അവതരിച്ചുകഴിഞ്ഞു.**

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, ഭൂമിയും, മഹാമാതാവും, ഏകമഹാശക്തിയും ഏകദൈവവുമായ മഹാദേവിയെയും, ~ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവനെയും നേരിൽ കാണാൻ ഭൂമിയിൽ ഉടൻ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ കഴിയുന്നതാണ്.**

**ഏകദൈവമായ മഹാദേവിയുടെ നാമത്തിൽ ഭൂമിയിലെങ്ങും നിർമ്മിക്കുന്ന ദേവാലയങ്ങളുടെ രൂപവും ഭാവവും ഒന്നാവണം എന്ന് മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിശക്തി മഹാദേവി, തന്നിട്ടില്ല എന്നു കരുതുന്നവരുണ്ടോ ?**

**ദേവതകളെപ്പറ്റി ശാസ്ത്ര പരമായി വിശദീകരിക്കാൻ പോലും കഴിയാത്ത ജനങ്ങൾക്ക്, വ്യത്യസ്ത മത-ദേവാലയങ്ങളെയും അവിടെയുള്ള ദേവതകളുടെ വിഗ്രഹങ്ങളെയും കണ്ടാൽ മതിയോ ?**

**ഭൂമിയിലെങ്ങും ഉടൻ തുടർച്ചയായി 3 മുതൽ 33 വർഷക്കാലം മഹാസംഗീതമായി ഓം മുഴക്കി ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ ഭൂമിയിലെങ്ങുമുള്ള മനുഷ്യർ നാളതു വരെ ചുമന്നു നടന്ന മത-രാഷ്ട്രീയ വിശ്വാസങ്ങളെയും മറ്റും സ്വയം പുറത്താക്കി മഹാശാസ്ത്ര പരമായി മാത്രം ജീവിക്കുന്ന മനുഷ്യരായി മാറുന്നതാണ്. എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കുന്നതാണ്.**



**ശിവയായ മഹാദേവിയുടെ ആദിയും അന്തവും ഇല്ലാത്ത മഹാശൂന്യത എന്ന ലിംഗവും സൃഷ്ടിപാത്രവുമായ ആകാശത്തിന്റെ പ്രതീകമാണ് ശിവലിംഗം എന്ന് മുകളിൽ വിശദീകരിച്ചിട്ടുണ്ട്.**

**ശിവലിംഗം യഥാർത്ഥത്തിൽ വിഗ്രഹം അല്ല.**

**ഒരു ജീവിയുടെ അതേ രൂപത്തിലുള്ള പ്രതിമയെ ആണ് വിഗ്രഹം എന്നു പറയുന്നത്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം.**

**മഹാശാസ്ത്രപരമായ ആരാധനാ വാചകമാണത്.**

## ആരാധനയുടെയും സ്തുതികളുടെയും ഉദ്ദേശമെന്താണ് ?

**ആരാധനകളും സ്തുതികളും ദൈവത്തിനു വേണ്ടിയാണോ അഥവാ ദൈവത്തെ പ്രീതിപ്പെടുത്താനാണോ, അതോ മനുഷ്യരുടെ സന്തോഷത്തിനു വേണ്ടിയാണോ എന്നത് ആദ്യം വിശകലനം ചെയ്യണം. ദൈവത്തിനു വേണ്ടിയാണ് എന്നു കരുതിയാൽ, അഥവാ ദൈവത്തെ പ്രീതിപ്പെടുത്താനാണ് ഉദ്ദേശമെങ്കിൽ കുഞ്ഞുങ്ങൾക്ക് തെറ്റിയിരിക്കുന്നു. ജീവികളുടെയെല്ലാം സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് ആധാരമാക്കിയിട്ടുള്ളത് മഹാവാത്സല്യമാണ്. സർവ്വത്തിനും അതീതമായ ദൈവത്തിന്, സൃഷ്ടികളും കുഞ്ഞുങ്ങളുമായ മനുഷ്യരോടുള്ള മഹാവാത്സല്ല്യത്തെ ദൈവത്തിന്റെ ഏകമഹാആനന്ദമായി മഹാനിശ്ചയിച്ചിട്ടുണ്ട്.**

**ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാവരും എന്നതിനാൽ കുഞ്ഞുങ്ങൾ ദുസ്വാർത്ഥങ്ങൾ ഇല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്താൽ, അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളോട് ദൈവത്തിന് മഹാവാത്സല്യം ഉറപ്പായും വർദ്ധിക്കുന്നതാണ്. ദേവതകളെയും മറ്റും ആദരിക്കുക എന്നതിനു പകരം ആരാധിച്ചു പോന്നത് ശിക്ഷാർഹമാണ്.**

**ദൈവത്തിന്റെ പ്രീതി നേടാൻ ഭൂമിയിൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലെന്ന് സമസ്ത മനുഷ്യരും അറിഞ്ഞു കൊള്ളുക.**

**മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ഏക മഹാശക്തിയായ ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ് എല്ലാ ആരാധനകളും സ്തുതികളും; എന്നാൽ സ്തുതികളും ആരാധനകളും കൊണ്ട് ആനന്ദിക്കുന്നത് ജീവിയാണ്; സർവ്വത്തിനും അതീതമായ ദൈവത്തിന് യാതൊന്നും വേണ്ട. പ്രീതി, നീതിക്ക് തടസ്സവുമാണ്. മറിച്ചായാൽ കുഞ്ഞുങ്ങൾ തന്നെയാണ് വേദനിക്കേണ്ടി വരിക !**

**മനുഷ്യരുടെ സ്തുതിയും ആരാധനയും കൊണ്ട് സർവ്വത്തിനും അതീതവും, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയുമായ ദൈവത്തിന് യാതൊന്നും നേടാനില്ല; നേടുന്നുമില്ല.**

**ദൈവം നൽകുന്ന ശക്തിയും സൗകര്യങ്ങളും ഉപയോഗിച്ച് ദൈവത്തെ സ്തുതിക്കുന്ന കോപ്രായങ്ങളും പ്രവൃത്തികളും കണ്ടും കേട്ടും സന്തോഷിക്കുന്ന ഒരു കോമാളി അല്ലാ സർവ്വത്തിനും അതീതമായ മഹാശക്തിയായ ദൈവം.** അക്കാരണം കൊണ്ട് **സൃഷ്ടികളെ സ്തുതിക്കുകയും ആരാധിക്കുകയും** ചെയ്യുന്ന **നീചാവസ്ഥ** ഉണ്ടായിക്കൂടാ. ദേവതകൾ **ദുർദ്ദേവതകളായി അധഃപതിക്കാൻ ഒരു കാരണം സൃഷ്ടികളായ അവർ, അവകാശം ഇല്ലാത്ത ദുഷ്ക്കീർത്തികളിൽ ഭ്രമിച്ചതാണ്.**

**ദൈവം എന്നാലെന്താണെന്ന് മഹാശാസ്ത്രപരമായിട്ട് മനസ്സിലാക്കാതെയും, ദൈവത്തിന്റെ നേരിട്ടുള്ള അനുവാദമില്ലാതെയും ആരാധനകൾ എന്ന പേരിൽ കാട്ടിക്കൂട്ടുന്നത് കോപ്രായങ്ങളാണ്, ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.**

**'ആരാധന, സ്തുതി' തുടങ്ങിയ പേരുകളിൽ ദൈവത്തെ പ്രീതിപ്പെടുത്താമെന്നു കരുതുന്നവർ അജ്ഞാനികളും അധമരും നീചരും ഭീരുക്കളും പാപികളും ഒക്കെയാണ്.**

**മനുഷ്യരുടെ സന്തോഷത്തിനാണ് ആരാധനയും സ്തുതികളുമെങ്കിൽ, കുഞ്ഞുങ്ങളുടെ ആനന്ദത്തെ ധർമ്മ ശാസ്ത്രപരമായി അനുവദിക്കേണ്ടത് മഹാവാത്സല്യം കൂടിയായ മഹാനീതിയും മഹാമാതാവും മഹാശക്തിയുമായ മഹാദേവിയുടെ ചുമതലയാണ്.**

**ആരാധനയും, സ്തുതിയും രണ്ടാണ്. ദൈവഭാഗവും, പ്രപഞ്ച പിതാവും, അർദ്ധമഹാദേവിയുമായ പരമശിവനിലൂടെ, മനുഷ്യന്റെ സന്തോഷത്തെ കണക്കാക്കി, മനുഷ്യർക്ക് മഹാനിശ്ചയിച്ചിട്ടുള്ള 100 മനുഷ്യ ജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ഒരേയൊരു ജന്മത്തിൽ - മഹാശാസ്ത്രത്തെ മുഴുവൻ ഓരോ മനുഷ്യനും പ്രത്യേകം പ്രത്യേകമായി നേരിട്ട് ലഭ്യമാക്കുകയും, ദൈവം എന്താണെന്ന് മനുഷ്യൻ മനസ്സിലാക്കുകയും, 'ഓരോരുത്തരെയും തന്റെ പൊന്നുമോളും പൊന്നുമോനുമായി മഹാവാത്സല്ല്യത്തോടെ മഹാസംരക്ഷിക്കുന്ന ദൈവമഹത്വം ഓർത്തോർത്ത് മനുഷ്യൻ വിതുമ്പിക്കരയുകയും ചെയ്യുന്ന ഏക ജന്മത്തിൽ - മാത്രമാണ്' ദൈവത്തെ ആരാധിക്കാൻ മനുഷ്യനെ അനുവദിച്ചിട്ടുള്ളത് ! ദൈവത്തിന്റെ മഹാ-മഹത്വങ്ങളെപ്പറ്റി സുവ്യക്തമായി അറിയണമെങ്കിൽ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെ നിർബ്ബന്ധമായും മനുഷ്യനു ലഭിക്കണം. പ്രസ്തുത ജന്മത്തിൽ, മനുഷ്യൻ പുരുഷനായിരിക്കും; എന്നതിനു പുറമെ ഏറെക്കുറെ 50 വയസ്സോടടുപ്പിച്ച് ഒരു ശിവരാത്രിയിലാണ് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ദൈവത്തെ ആരാധിക്കാനുള്ള യോഗ്യത നൽകുന്നത്. അതായത് ഏതാനും വർഷങ്ങൾ മാത്രവും, ദിവസത്തിൽ ഏറെക്കുറെ 1 മുതൽ 15 മിനുട്ടോളം മാത്രവുമാണ് ആരാധിക്കാൻ അനുവദിച്ചിട്ടുള്ളത്.**

**ആരാധനയുടെ അനാവശ്യകതയെ എടുത്തുകാണിക്കുകയും, ദൈവത്തിന്റെ ആവശ്യമോ ഇഷ്ടമോ അല്ലെന്ന് സുവ്യക്തമാക്കുകയും ചെയ്യുന്ന വസ്തുതയാണത്.**

**മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കി അനുവദിച്ചിട്ടുള്ള ആരാധനയെ ഭക്തിഭ്രാന്തായി മാറ്റിയാൽ, ദൈവശിക്ഷ ഉണ്ടാകും.**

**ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയുമാണ് മഹത്തായ ദൈവാരാധന എന്നത് ഉൾക്കൊണ്ട് പ്രവർത്തിക്കുന്നവർക്ക് പുണ്യങ്ങളും നേടാം.**

# സ്തുതികൾ

**ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം അനുസരിച്ച്, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുന്നവരെ മാത്രം, ദൈവത്തെ സ്തുതിക്കാൻ ഒരല്പം അനുവദിക്കുന്നുണ്ട്.**

**സ്തുതിക്കാതെ ജീവിക്കാൻ വിഷമിക്കുന്നവർ 'ദൈവത്തെയോ, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയെയോ മാത്രം' അല്പനേരം സ്തുതിക്കുക. മുഖ്യ സ്തുതി വാചകം 'ഓം നമഃ ശിവായ' (മഹാശിവയെ / മഹാദേവിയെ നമിക്കുന്നു) എന്നതാണ്. കൂടാതെ, ഓം ശിവായ നമഃ, അമ്മേ ശിവ, ദേവീ ശരണം തുടങ്ങിയ ദൈവീക വാചകങ്ങളും, അവയുടെ ഭാഷാന്തരങ്ങളും ഉപയോഗിക്കാം.**

**ശിവയിൽ ശിവനും ഉണ്ടെന്നത്, മഹാശിവയായ മഹാദേവി, സ്വന്തം ഭാഗമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മറ്റൊരു ബഹുമതിയാണ്. എന്നാൽ, ആരാധനയുടെ കാര്യത്തിൽ മുമ്പ് വ്യക്തമാക്കിയതുപോലെ, ഏകദൈവമായ മഹാദേവിയും, മഹാദേവിയുടെ ഭാഗമായ പരമശിവനും മനുഷ്യരുടെ സ്തുതികളിൽ പ്രസാദിക്കുന്നതല്ല; പ്രീതിയും കാട്ടില്ല. മനുഷ്യരുടെ ആനന്ദത്തിനു വേണ്ടി മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾ മാത്രമാണവ. അക്കാരണം കൊണ്ട് ശിവ എന്ന മഹാ-പദത്തെ ശിവൻ എന്ന് കരുതിയാലും ശിവയും ശിവനും കോപിക്കില്ല.**

**സ്തുതികളെ ഭക്തിഭ്രാന്തായി മാറ്റിയാൽ, ദൈവശിക്ഷ ഉണ്ടാകും. ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതു മാത്രമാണ് ദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗം.**

**മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അവയവങ്ങൾ മാത്രമായ 'ദേശങ്ങളും നാടുകളും ഉൾപ്പെടെയുള്ള എന്തിനെ സ്തുതിച്ചാലും' പാപമാണ്.**

**ധർമ്മശാസ്ത്ര വിരുദ്ധമായി മനുഷ്യർ പ്രവർത്തിച്ചാൽ, ഭൂമിയിലെ വസ്തുക്കളിൽ പ്രവർത്തിക്കുന്ന ന്യൂനശക്തികളുടെ അളവ് വർദ്ധിക്കുന്നതാണ്; ആനുപാതികമായിട്ട് ജനങ്ങളിലൂടെ ബഹുവിധ അധമ തീവ്രവാദങ്ങൾ വളരുന്നതുമാണ്. ഓംകാരനീതിശാസ്ത്ര പ്രകാരം ആനന്ദങ്ങൾക്കും ദൈവശിക്ഷകൾക്കും കൃത്യമായ അളവുകളുണ്ട്. വ്യത്യസ്തങ്ങളായ മതിഭ്രമം ബാധിച്ച എല്ലാവരും സദാ ജാഗ്രത പുലർത്തണം.!**

വ്യത്യസ്ത ജന്മങ്ങളിലായി സംഗീതം നൽകി അനുഗ്രഹിക്കുന്നത് ദൈവത്തിന്റെ മറ്റുള്ള കുഞ്ഞുങ്ങളെ ആനന്ദിപ്പിക്കാനാണ്. കഥയറിയാൻ ശ്രമിക്കുക പോലും ചെയ്യാതെയും അർത്ഥശൂന്യമായ സ്തുതി ഗീതങ്ങൾ കൊണ്ട് സമൂഹത്തെ ദുഷിപ്പിക്കുന്ന ഗായകരായ വിവര ദോഷികൾക്ക് നൽകിയ സംഗീത സിദ്ധിയെ കളങ്കപ്പെടുത്തിയ കടുത്ത അപരാധത്തിന്, അവരെ ഗായകരാക്കിയ മഹാനീതിയായ മഹാദേവി; ഓംകാര നീതിശാസ്ത്ര പ്രകാരം പ്രപഞ്ചപിതാവ് കൂടിയായ പരമശിവനിലൂടെ, കടുത്ത ശിക്ഷകളെ നൽകിയാണ് ഗായകരെയും കവികളെയും മറ്റും തിരുത്തുക. മഹാസ്ത്രീരൂപം സ്വീകരിച്ച് മഹാമാതാവായി അവതരിക്കുന്ന മഹാദേവിയുടെ ശരീര-അവയവങ്ങളെ വർണ്ണിക്കാനോ സ്തുതിക്കാനോ പാടില്ലായെന്ന് മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ധർമ്മശാസ്ത്ര നിയമങ്ങളെ വിശകലനം ചെയ്താൽ സ്വയം ബോദ്ധ്യമാകുന്നതാണ്. മാത്രമല്ല; ദൈവ /ദൈവീക പ്രതിമകൾ അഥവാ വിഗ്രഹങ്ങൾ നിർമ്മിക്കാനോ പ്രചരിപ്പിക്കാനോ ആരാധിക്കാനോ പാടില്ല. ദൈവത്തിന്റെ മാത്രമല്ല; മനുഷ്യൻ ഉൾപ്പെടെ ജീവികളുടെ പ്രതിമകളും പാടില്ല. ഭൂമിയിൽ ഇപ്പോഴുള്ള വിഗ്രഹങ്ങളും, അനവധി ദേവാലയങ്ങളും ദൈവ വിപ്ലവത്തോടെ നശിപ്പിക്കേണ്ടി വരും!

ഒരാളുടെ / നിങ്ങളുടെ മാതാവിന്റെയോ ഭാര്യയുടെയോ (ഭർത്താവിന്റെയോ) മകളുടെയോ സഹോദരിയുടെയോ ഉറ്റവരായ മറ്റു സ്ത്രീകളുടെയോ പുരുഷന്മാരുടെയോ പ്രതിമകളെ മറ്റുള്ളവർ നിർമ്മിക്കുന്നതും, 'പ്രതിമയുടെ-ശരീര അവയവങ്ങളിലും, സൗന്ദര്യത്തിലും' നയന-മനോലയനത്തിൽ ഏർപ്പെടുന്നതും, അവർ പ്രതിമയുടെ ശരീരത്തിലെ വിവിധ അവയവങ്ങളിൽ 'തഴുകുന്നതും', അവയവങ്ങളെ വർണ്ണിക്കുന്നതും, നിങ്ങൾ ഇഷ്ടപ്പെടുമോ എന്ന് സ്വയം ചോദിക്കുമ്പോൾ തിരിച്ചറിവ് ഉണ്ടാകുന്നതാണ്.

'ഏകമഹാശക്തിയും ഏകദൈവവുമായ മഹാദേവിയുടെയോ', 'മഹാദേവിയുടെ ഭാഗവും മഹാദാസനും മഹാദേവനുമായ പരമശിവന്റെയോ', വിഗ്രഹങ്ങളെയും ചിത്രങ്ങളെയും പോലും നിർമ്മിക്കാനോ പ്രതിഷ്ഠിക്കാനോ ആരാധിക്കാനോ പാടില്ലായെന്ന് സുവ്യക്തമാക്കുന്നു.

ധർമ്മ ശാസ്ത്ര വിരുദ്ധമായി കലാകാരന്മാരെ അടിമകളെപ്പോലെ പീഡിപ്പിച്ചും കൊന്നും അവരുടെ തജ്ജന്മ-ജീവിതത്തെ ഇല്ലാതാക്കിയതിന്റെ ചരിത്രം ഏറെക്കുറെ എല്ലാ ശില്പ-ചിത്ര വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്ന മന്ദിരങ്ങളുടെയും പിന്നിൽ ഉണ്ടെന്നത് കണക്കിലെടുത്ത് ആനന്ദങ്ങളെ ധർമ്മശാസ്ത്രപ്രകാരം പുനഃക്രമീകരിക്കണം.

## നൃത്തം മുഖ്യമായും പുരുഷകലയാണ് :

പുരുഷനായ 'നടരാജന്റെ വിഗ്രഹം' സുവ്യക്തമാക്കുന്നുണ്ട്. കുട്ടികളല്ലാത്ത സ്ത്രീകൾ നൃത്തം പഠിക്കുന്നതും, നൃത്തം ചെയ്യുന്നതും, തിരുവാതിരക്കളി പോലെ സ്ത്രീകളോടൊപ്പമാവണം; പുരുഷന്മാർ കാണെ ആവരുത്; അതേസമയം ഭർത്താവിനോടൊത്ത് സ്വകാര്യമായിട്ട് നൃത്തം ചെയ്യുകയും വിനോദിക്കുകയും ആവാം. അമ്മ-പെങ്ങൾ-മക്കൾ മനോഭാവം ഇല്ലാത്ത അന്യപുരുഷന്മാർ കാൺകെ സ്ത്രീ നൃത്തം ചെയ്താൽ, സ്ത്രീയുടെ അവയവങ്ങളിലൂടെ പുരുഷന്റെ കണ്ണുകൾ സഞ്ചരിച്ചെന്നും, കണ്ണുകൾ കൊണ്ട് കാമകേളി നടത്തിയെന്നും മറ്റും വരാം. സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവം, മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികളുടെയെല്ലാം പരമാനന്ദമായിട്ട് നിശ്ചയിച്ചിട്ടുള്ള കാമാനന്ദത്തെ ധർമ്മശാസ്ത്രപരമായിട്ട് മാത്രം ആസ്വദിക്കേണ്ടതുണ്ട്. കുടുംബ ബന്ധങ്ങളെ ഭദ്രപ്പെടുത്താനും അത് ആവശ്യമാണ്.

# മത്സരം ദൈവീകമല്ല.

മഹാശക്തിയും മഹാഭരണാധികാരിയും മഹാനീതിയുമായ ദൈവം, മനുഷ്യർക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നത് ജന്മഗുണങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ്. സ്ത്രീ-പുരുഷൻ, ആയുസ്സ്, ആരോഗ്യം, സൗന്ദര്യം, നിറം, ഉയരം, തൊഴിൽ അഭിരുചി, വിനോദ അഭിരുചി, ജനനസ്ഥലം, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവയാണ് ജന്മഗുണങ്ങൾ. ജന്മഗുണങ്ങളിലെ വ്യത്യസ്തത; അതിസങ്കീർണ്ണവും അതിവിപുലവുമായ മുജ്ജന്മ-പിൻജന്മകാര്യങ്ങൾ; കാലഘട്ടവും ജനപ്പെരുപ്പവും ശാസ്ത്രവികസനവും സമന്വയിച്ച് ആവശ്യമാക്കുന്ന കാര്യങ്ങൾ, തുടങ്ങിയവയെല്ലാം ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന മഹാനീതികാര്യങ്ങളാണ്.

ഒരു ഉദാഹരണം : ഇന്നത്തെ ഭൂമിയിലെ സുമാർ 750 കോടി ജനങ്ങൾക്ക് തുല്യമായ സൗന്ദര്യം നൽകിയാൽ ഒരേ മുഖഛായ ഉണ്ടാവുന്നതും അന്യോന്യം തിരിച്ചറിയാൻ കഴിയാതെ ജനങ്ങൾ കഷ്ടപ്പെടുന്നതുമാണ്. മുഖഛായ ഉൾപ്പെടെയുള്ള ജന്മഗുണങ്ങളിലെ വ്യത്യസ്തതകളെ നിർവ്വഹിക്കാൻ ജനങ്ങളെയോ, ഭരണാധികാരികളെയോ ചുമതലപ്പെടുത്താൻ ദൈവം തയ്യാറായാൽ, വേണ്ടേ വേണ്ടേ എന്നുപറഞ്ഞ് ഭരണാധികാരികൾ ഉൾപ്പെടെ എല്ലാ ജനങ്ങളും നിലവിളിക്കുന്നതാണ് !

ദൈവം നൽകിയതെന്ന് ഉറപ്പായും അറിയുന്ന ശരീര-സൗന്ദര്യ മത്സരങ്ങളാണ് ഏറ്റവും ഹീനമായത്; കായിക കലാ-സാഹിത്യ മത്സരങ്ങളാണ് തൊട്ടു പിന്നിൽ.

ആനന്ദിച്ചു ജീവിക്കുന്നതിനു പകരം തങ്ങളുടെ മക്കൾ, മത്സരിച്ചുകൊണ്ട് ജീവിക്കുന്നതിനെയും ചില മക്കൾ വിജയിക്കുന്നതും മറ്റു മക്കൾ തോൽക്കുന്നതും മനുഷ്യ-മാതാപിതാക്കൾ ഇഷ്ടപ്പെടുമോ?! ഏതൊരു പ്രവൃത്തിയും ധർമ്മശാസ്ത്രപരമാവണം.

സൃഷ്ടികളെ ദാസരായിട്ടു കരുതാതെ, പൊന്നോമന-
കുഞ്ഞുങ്ങളായി അനുഗ്രഹിക്കുകയും, കുഞ്ഞുങ്ങളുടെയെല്ലാം
മഹാമാതാവും മഹാനീതിയും മാത്രമായിക്കൊണ്ട്,
കുഞ്ഞുങ്ങളെ ഭാരപ്പെടുത്താതെ മഹാകരുതുകയുമാണ്
ദൈവം ചെയ്യുന്നത്. ഭൂമിയിലെ അനന്തങ്ങളായ ആനന്ദങ്ങളെ
കുഞ്ഞുങ്ങളായ ജീവികൾക്കെല്ലാം മഹാസമമായിട്ട്
നൽകുന്നതിന്നായിട്ട് മഹാഅനുഗ്രഹിച്ചു സൃഷ്ടിച്ചിട്ടുള്ള
ജന്മഗുണങ്ങളുടെയും മറ്റ് ജീവിതകാര്യങ്ങളുടെയും പേരിൽ
മനുഷ്യർ മത്സരിക്കുന്നത് അതിനീചമാണ്; കടുത്ത
ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്.

മഹാനീതിയായ ഏകദൈവത്തിന്റെയും, സൃഷ്ടികളായ മനുഷ്യരുടെയും ഇടയിൽ സൃഷ്ടികളായ മധ്യസ്ഥരുടെ ആവശ്യമില്ല. സ്രഷ്ടാവായ ദൈവം, സൃഷ്ടികളിൽ നിന്നും മധ്യസ്ഥരെ നിയമിച്ചിട്ടുമില്ല; നിയമിക്കുകയുമില്ല. മഹാസമനീതിയെ കളങ്കപ്പെടുത്തുന്നതാണ് പ്രവാചക സങ്കല്പങ്ങളെന്ന് നിസ്സാരമായിട്ട് മനസ്സിലാക്കാനാവും.

**ഭൂമിയിലുള്ള മതങ്ങൾ മുഴുവൻ ദൈവീകമല്ലെന്നും, പൈശാചികമാണെന്നും, മത നിയമങ്ങളെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നവരും, പ്രചരിപ്പിക്കുന്നവരും, പാലിക്കുന്നവരും, കടുത്ത ദൈവ നിന്ദ ചെയ്യുന്നുവെന്നും മനസ്സിലാക്കാൻ മതങ്ങളും മതപുരോഹിതരും തന്നെ അവരറിയാതെ മുന്നോട്ടു വെക്കുന്ന ശാസ്ത്രീയ മാർഗ്ഗമാണ് സ്തുതികളും ആരാധനകളും..... എങ്ങനെയെന്നാൽ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും, സർവ്വത്തിനും അതീതവുമായ ദൈവം, സൃഷ്ടികളുടെ സ്തുതികളിലും ആരാധനകളിലും വഴിപാടുകളുകളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പ്രീതിപ്പെടുകയില്ല. എന്നു മാത്രമല്ല, ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാനായി ദൈവം നൽകിയ/ നൽകുന്ന ശക്തിയും സമ്പത്തും വസ്തുക്കളും സമയവും മറ്റും പാഴാക്കുന്നതിന് ശിക്ഷിക്കുന്നതുമാണ്.**
പ്രീതിപ്പെട്ടാൽ, ഇന്നത്തെ സർക്കാർ ആഫീസുകളെയും മത-ദേവാലയങ്ങളെയും പോലെ ദൈവം @ സത്യധർമ്മനീതികൾ അധഃപതിക്കും; സൃഷ്ടികളായ പഴയ കാല ദേവതകളും മനുഷ്യരും ഏറെക്കുറെ പൂർണ്ണമായും അധഃപതിച്ചു കഴിഞ്ഞു.....

| ദൈവവും ദൈവരൂപവും |
| --- |
| **പ്രപഞ്ച പിതാവായ പരമശിവൻ** |

**മഹാശക്തിയായ ദൈവത്തിന് ഭൂമിയിൽ സൃഷ്ടിക്കുന്ന ജീവികളുടെ ധർമ്മശാസ്ത്രപരമായ ആവശ്യങ്ങളെ, മഹാപൂർണ്ണതയോടെ പരിപാലിക്കുവാൻ കഴിയും. ദൈവത്തിന്റെ പ്രവൃത്തികളിൽ യാതൊരു കുറ്റങ്ങളും കുറവുകളും യാതൊരിക്കലും ഉണ്ടാവുകയുമില്ല. മഹാപ്രപഞ്ചത്തിന് അതീതവും, ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്തതും, മഹാശക്തിയും ഏകദൈവവുമായ മഹാദേവി, രണ്ടാവാതെ രണ്ടായും, സ്വന്തം ഭാഗമായും, പരമശിവനെ മഹാഅത്ഭുതമായി രൂപപ്പെടുത്തി ക്കൊണ്ട്, ദൈവ കാര്യങ്ങളെ ശിവമാക്കുന്നു. മഹാവേദ ഗ്രന്ഥങ്ങളിലെ ബ്രഹ്മ-പാഠങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.**

....

# ഓം നമഃ ശിവായ

ഓം ശിവായ നമഃ  ദേവീ ശരണം  അമ്മേ ശിവ !

**ഓരോ വ്യക്തിക്കും 100 മനുഷ്യ ജന്മങ്ങൾ ഉള്ളതിൽ, മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും ദൈവത്തിന്റെ മഹത്വത്തെയും മനുഷ്യൻ മനസ്സിലാക്കുന്ന ഏകജന്മത്തിൽ മാത്രമാണ് മനുഷ്യനു ദൈവത്തെ ആരാധിക്കാൻ അനുവാദമുളളത്.**

**ശിഷ്ടമുള്ള 99 ജന്മങ്ങളിൽ ദൈവത്തെ വിസ്മരിച്ച് ജീവിക്കാൻ മനുഷ്യർക്കു കഴിയില്ല.**

**ദൈവം മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർച്ചയായിട്ട് സംഹാരവും പുരോഗമിക്കുമ്പോൾ ദൈവത്തെ മഹാശാസ്ത്രപരമായിട്ട് അറിയാനും ധർമ്മ ശാസ്ത്രത്തെ ഉൾക്കൊണ്ട് ജീവിക്കാനും മനുഷ്യർ ഉത്സാഹിക്കുന്നതാണ്. ദൈവത്തെ ആരാധിക്കാൻ സാധിക്കുന്നതല്ല എങ്കിലും ദൈവനാമം ജപിക്കാനും ദൈവത്തെയും ദൈവ ശാസ്ത്രത്തെയും വണങ്ങാനും മനുഷ്യർക്കു കഴിയണം. ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ലഭിക്കുവാനും അതാവശ്യമാണ്.**

**"മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ, മഹാശാസ്ത്ര പ്രകാരം, മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശക്തിയും മഹാപിതാവും മഹാമാതാവുമായ മഹാദേവിയെ നമിക്കുന്നു" എന്നത്, അർത്ഥം ശരിയാണ്; എന്നാൽ  വാചകം വളരെ നീണ്ടതാണ്; കുഞ്ഞുങ്ങളായ മനുഷ്യർ ആയാസപ്പെടുന്നത് മഹാമാതാവായ മഹാദേവി ഇഷ്ടപ്പെടുന്നില്ല.**

**കുഞ്ഞുങ്ങളുടെ ആവശ്യവും ആനന്ദവും കണക്കാക്കി മഹാദേവി മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാലളിതവും മഹാസുന്ദരവുമായ ദൈവനാമവും പ്രാർത്ഥനാ വാചകവുമാണ്  "ഓം നമഃ ശിവായ."**

**"സർവ്വവും മംഗളമാക്കുന്ന മഹാദേവി" എന്ന അർത്ഥത്തെ "ശിവായ /ശിവ" എന്ന പദത്തിന് മഹാനിശ്ചയിക്കുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ ഭാരപ്പെടുത്താത്ത മഹാവാത്സല്യമാണത്.**

**ഓം എന്താണെന്ന് മഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്രപരമായിട്ട് പ്രത്യേകം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. 'മഹാ' എന്ന അർത്ഥത്തെ തൽക്കാലം സ്വീകരിക്കുന്നു. "ഓം നമഃ ശിവായ" = "നമിക്കുന്നു (ഞാൻ) മഹാശിവയെ =  (ഞാൻ) മഹാദേവിയെ നമിക്കുന്നു.**

**"ഓം" ഒഴിവാക്കിക്കൊണ്ട് "നമഃ ശിവായ" എന്നും "ശിവായ നമഃ " എന്നും പറയാവുന്നതാണ്. "ശിവായ നമഃ " = "(ഞാൻ) ശിവയെ (ദേവിയെ) നമിക്കുന്നു" = "നമഃ ശിവായ".**

**മഹാശക്തിയായ മഹാദേവി മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാപ്രപഞ്ചത്തിൽ ഒരു ദേവി മാത്രമേ ഉള്ളൂ. കുഞ്ഞുങ്ങളെല്ലാം ആനന്ദമായിട്ടു ജീവിക്കുക എന്നല്ലാതെ "ദേവി" എന്നോ "മഹാദേവി" എന്ന് വിളിക്കുന്നതോ ദേവിയെ വിസ്മരിക്കുന്നതു പോലെ വിഷയമാക്കാത്തതോ "ദേവിക്ക് " വിഷയമല്ല.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി എന്ന അദ്ധ്യായത്തിൽ മഹാഭാഗമായ പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാദേവൻ എന്ന മഹാപദവി മഹാസമ്മാനമായി നൽകുന്നതിനെ വിവരിച്ചിട്ടുണ്ട്. സമാനമായ മറ്റൊരു മഹാആവിഷ്ക്കാരമാണ്  ഓം നമഃ ശിവായ എന്ന വാചകത്തിലും ഉൾപ്പെടുത്തിയിട്ടുള്ളത്.**

**ശിവയും ശിവനും  ഓം നമഃ ശിവായ എന്ന വാചകത്തിൽ ഉണ്ട്. ശിവാ എന്ന് വിളിച്ചാൽ, ശിവയെ ആണ്; ശിവനെയും ആണ്. മഹാദേവിയുടെ മഹാആവിഷ്ക്കാരമാണ്.**

**ശിവ ചക്രം, പരമശിവൻ, ശിവൻ എന്നെല്ലാം തന്റെ രണ്ടാമത്തെ ഭാഗത്തിനു പേരിടുന്ന മഹാശക്തി, ശിവന്റെ 'ശിവ' യെന്ന ലളിത മനോഹര നാമം സ്വീകരിച്ച് മഹാപ്രപഞ്ചത്തിലെ സൃഷ്ടികളുടെ അഹംഭാവങ്ങളെയും, പദവികൾക്കും കീർത്തികൾക്കും വേണ്ടിയുള്ള കോപ്രായങ്ങളെയും ലജ്ജിപ്പിക്കുന്നുണ്ട് !**

**ശിവ = മഹാദേവി = മഹാശക്തിയായ ദൈവം എന്ന മഹാസുന്ദര ലളിത നാമത്തെ സ്വീകരിക്കാൻ മഹാദേവി തയ്യാറാകുമ്പോൾ, ശിവൻ പോലും സ്വയം ലജ്ജിക്കുന്നതാണ് !**

**ശിവ എന്ന് മഹാദേവിയെ വിളിച്ചാൽ മതിയാകും എന്ന് മഹാദേവി പറയുമ്പോൾ, <u>സ്വന്തം കൂച്ചൽ മാറാൻ</u> മഹാശിവ എന്ന് പരമശിവൻ പേരുമാറ്റി വിളിക്കുന്നത് മനുഷ്യരെ ചിന്തിപ്പിക്കണം. മനുഷ്യരുടെ സന്തോഷത്തിനു വേണ്ടി ഒരു സംബോധനാ മന്ത്രത്തെ മഹാദേവി മഹാനിശ്ചയിക്കുമ്പോൾ അവിടെയും ശിവനെ മുന്നിൽ നിർത്തുന്നു. മാത്രമല്ല; കാളി എന്ന പദത്തിൽ നിന്നാണ് കാള എന്ന പദം ഉണ്ടായത് എന്നപോലെയും പദത്തിന് ഉപരിയായും <u>ശിവയിൽ നിന്നുമാണ് ശിവനുണ്ടായത്</u>. ധർമ്മശാസ്ത്ര പ്രകാരം മാത്രം ജീവിച്ചാൽ മാത്രമേ ശിവനെ പോലും അത്തരം മഹാആവിഷ്ക്കാരത്തെ ശിവ അറിയിക്കുള്ളൂ. മഹാപാഠങ്ങളെ ലഭിക്കാനും പഠിക്കാനും മനുഷ്യർ യോഗ്യത നേടണം എന്ന് സാരം.**

ശിവനിൽ ശേഷിക്കുന്ന അഹംഭാവം നിമിത്തം ശിവനെ സ്തുതിക്കുന്നത് ശിവൻ ആസ്വദിക്കാൻ ഇടയായാൽ ശിവൻ ലജ്ജിക്കണം. മഹാദേവീ, ഈയുള്ളവന്റെ മേൽ ഓംകാര നീതിശാസ്ത്ര ബന്ധനം കൂടി എല്ലായ്പ്പോഴും മഹാനിർവ്വഹിച്ച് എല്ലായ്പ്പോഴും ഈയുള്ളവനെ മഹാസംശുദ്ധനാക്കേണമേ ... എന്ന് പരമശിവൻ പ്രാർത്ഥിക്കുന്നുണ്ട്; മഹാനുഗ്രഹത്തോടെ ശ്രദ്ധിക്കുന്നുമുണ്ട്.

ശിവന്റെ ഹൃദയത്തോട്, മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണം സത്തയും, ശിവയുടെ മഹാഹൃദയവും കൂടിയായ ഓംകാരത്തെ ചേർത്ത് ശിവനിലൂടെ പ്രവർത്തിപ്പിക്കുമ്പോൾ, ശിവ ശക്തി ബന്ധത്തെ നിർവ്വചിക്കാൻ പരമശിവൻ തീർത്തും അപ്രാപ്തനാകുന്നു.

ഒരു പക്ഷേ, മഹാശിവയായ മഹാദേവിയിൽ ശിവന് നൽകാതെ ശേഷിക്കുന്നത് ആദിയും അന്തവുമില്ലാത്ത ആകാശം എന്ന മഹാലിംഗം മാത്രമാവും !

ആകാശം എന്ന മഹാലിംഗം, സർവ്വത്തിനും അതീതമായ ബ്രഹ്മം പോലെയാണെന്ന് മുമ്പ് സൂചിപ്പിച്ചതിനെ കണക്കാക്കുമ്പോൾ, പരമശിവൻ മഹാപൂജ്യമായി മാറുന്നതാണ്.

അഹംഭാവം, ദുസ്വാർത്ഥം തുടങ്ങിയ ദുർഗ്ഗുണങ്ങളിൽ പെട്ടിരിക്കുന്നവർ മുകളിൽ കൊടുത്ത പാഠങ്ങളെ ഉൾക്കൊണ്ട് ധർമ്മശാസ്ത്ര പരമായി ആനന്ദിച്ച് ജീവിക്കണം. സ്വയം വിശകലനം ചെയ്യാവുന്നതാണ്.

**മഹാദേവിയെ ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, മഹാപ്രപഞ്ചത്തിലെ അനന്തകോടി വസ്തുക്കളെയും അനന്തകോടി ജീവികളെയും സൃഷ്ടിക്കാനും സംരക്ഷിക്കാനും മഹാനീതി നൽകാനും, ഒരു തുള്ളി ജലത്തിന്റെ ശക്തി പോലും മഹാദേവിക്ക് വേണ്ടതില്ല എന്നറിയണം.**

മഹാദേവി മഹാഅനുഗ്രഹിച്ച് മഹാവാത്സല്യം കൂടിയായ ഓംകാരനീതിശാസ്ത്ര പ്രകാരം നൽകുന്ന ശക്തികളെയും സംഗീതത്തെയും ഒക്കെ ഒക്കെ ദുരുപയോഗം ചെയ്യുന്ന കുഞ്ഞുങ്ങളുടെ പോഴത്തരങ്ങളിൽ / ഭോഷത്തങ്ങളിൽ മഹാശക്തിയായ മഹാദേവി ആനന്ദിക്കണമോ ? സംഗീതം ഉൾപ്പെടെ സർവ്വ ആനന്ദങ്ങളെയും സൃഷ്ടിച്ച ദൈവം സർവ്വ ആനന്ദങ്ങൾക്കും അതീതമാണ്.

ജനങ്ങളുടെ സന്തോഷത്തിനായി മഹാദേവി അനുവദിച്ച പ്രാർത്ഥനാ / ആരാധനാ വാചകം മഹാദേവിക്കു വേണ്ടിയാണെന്ന് കരുതരുത്.

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം**

# = ഓം നമഃ ശിവായ

എന്ന അർത്ഥത്തിൽ ലഘുവായ സ്തുതി മാത്രം ചെയ്യാൻ ശ്രദ്ധിക്കുക. ഭക്തിക്കും പരമാവധി. 5 അളവ് ആനന്ദത്തെ മഹാഅനുവദിച്ചിട്ടുണ്ട്.

**ശിവൻ = ശിവ = മംഗളമാക്കുന്നവൻ = മഹാദേവൻ = മഹാദേവി എന്നിങ്ങനെയും അർത്ഥങ്ങളുണ്ട്; ശിവയിൽ ശിവനുണ്ട്; ശിവനിൽ ശിവയും. ശിവനെ വേറിട്ട് കണക്കാക്കുമ്പോൾ ശിവനില്ലെങ്കിലും ശിവയുണ്ട്; ശിവ അഥവാ മഹാശക്തിയായ മഹാദേവി എപ്പോഴുമുണ്ട്. എല്ലായ്പ്പോഴും ഉള്ളതായ മഹാശിവയ്ക്കു മാത്രമാണ് സർവ്വം മംഗളമാക്കാൻ കഴിയുക.**

പരമശിവനെ മഹാഅനുഗ്രഹിച്ച് മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും നൽകിക്കൊണ്ട് പരമശിവനിലൂടെ പ്രപഞ്ചകാര്യങ്ങളെ ശിവമാക്കുമ്പോഴും പരമശിവൻ 'ലൂടെ' മാത്രമാണെന്നും ശിവയായ മഹാദേവിയാണ് യഥാർത്ഥത്തിൽ സർവ്വതും മഹാ-ഭദ്രമാക്കുന്നത് എന്നും മനസ്സിലാക്കണം.

മഹാദേവിയും, മഹാദാസനായ പരമശിവനും മഹാപ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവവും തുടർന്ന് സംഹാരവും പുരോഗമിക്കുമ്പോൾ, മഹാദേവിയായ മഹാശിവയാണ് ഏക- മഹാശക്തിയായ ദൈവം എന്നത് ജനങ്ങളെല്ലാം സുവ്യക്തമായി അറിയുന്ന കാര്യങ്ങളാണ്. മഹാദേവിയെ നമിക്കുന്നതോടൊപ്പം, മഹാദേവിയുടെ ഭാഗമായ പരമശിവനെയും നമിക്കേണ്ടുന്നത് മനുഷ്യരുടെ ആവശ്യമാവുന്നതാണ്. മഹാദേവിയുടെ ഭാഗമായിട്ട് ഏകദാസനായ പരമശിവനെ സൃഷ്ടിച്ചിട്ടുള്ളത് പോലെ, "ഓം നമഃ ശിവായ" എന്ന വചനത്തിൽ മഹാശിവയായ മഹാദേവി, ശിവനെയും മഹാഅനുഗ്രഹിച്ചു മഹാഉചിതമായിട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

**മഹാദേവിയുടെ ഭാഗമായ ഏകദാസനായും, ഏക പ്രതിനിധിയായും, പ്രപഞ്ച പിതാവായും, സംഹാര നാഥനായും, പരമശിവനായും ഒക്കെ ശിവനെ മഹാസൃഷ്ടിച്ചിട്ടുള്ളത് ശിവയായ മഹാദേവിയുടെ മഹാകരുണയായും മഹാഭാഗ്യമായും മഹാഅനുഗ്രഹത്താൽ പരമശിവന് സുവ്യക്തമായിട്ട് അറിയാം. തന്റെ തെറ്റുകളെയും കുറ്റങ്ങളെയും കുറവുകളെയും പിഴവുകളെയുമൊക്കെ മഹാശിക്ഷിച്ചു തിരുത്തണമേ എന്ന് പ്രാർത്ഥിക്കുന്നതുമാണ്.**

**ശിവന്റെ എല്ലാമായ - മഹായജമാനയായ മഹാശിവയെ മാത്രം കുഞ്ഞുങ്ങളെല്ലാം സ്തുതിക്കുന്നതും വണങ്ങുന്നതും തന്റെ ഇഷ്ടമാവാനും മഹാശിവയോട് പ്രാർത്ഥിക്കുന്നുണ്ട് പരമശിവൻ.**

**മഹാശിവയായ മഹാദേവിയെ "ഓം നമഃ ശിവായ" എന്ന് പരമശിവൻ പൂജിക്കുകയും ആരാധിക്കുകയും ചെയ്യുന്നുണ്ട്.**

**പൂജിക്കുക എന്നാൽ മഹാദേവിയുടെ ഇഷ്ടങ്ങളെ അറിഞ്ഞ് പൂവ് ചൂടികൊടുക്കുക എന്നാണ്. വിഗ്രഹങ്ങൾ പാടില്ല; ശിവലിംഗത്തിലും പുഷ്പാർച്ചന പാടില്ല.**

**മഹാദേവനെ അനുകരിച്ച് പുരുഷന്മാർ ഭാര്യ, അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും, സ്ത്രീകൾ അമ്മ-മാർ, സഹോദരി, മകൾ എന്നിങ്ങനെ ഉറ്റവർക്കും ധർമ്മ ശാസ്ത്ര പ്രകാരം പൂവ് ചൂടി-ക്കൊടുക്കാവുന്നതാണ്.**

മഹാശക്തികളെന്നു വിശേഷിപ്പിക്കാവുന്ന ശക്തികളെയും പരമശിവന് നൽകിയിട്ടുള്ളതോടൊപ്പം, പരമശിവനെ ഓംകാര നീതിശാസ്ത്രത്തിൽ ബന്ധിച്ച് സദാ മഹാസംശുദ്ധനാക്കുന്നതും മഹാശിവയുടെ മഹാകരുണയാണ്. ദൈവ ഭാഗമായ പ്രപഞ്ച പിതാവ് സദാ മഹാസംശുദ്ധനാവേണ്ടതുണ്ട്.

സൃഷ്ടിചക്രത്തിലെ മനുഷ്യർക്കെല്ലാം ആത്മീയ സാക്ഷാത്ക്കാരം എന്ന മോക്ഷത്തെ പിതാവായ പരമശിവനി 'ലൂടെ' മഹാദേവി മഹാഅനുഗ്രഹിച്ചു നൽകുന്നതാണ് സംഹാരം. അതിനുശേഷം, പുതിയ സൃഷ്ടിചക്രം ആരംഭിക്കുമ്പോൾ, മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയും ഭൂമിയുമായ മഹാദേവി, മഹാഉചിതമായ സമയത്ത് 2 ശിവരൂപങ്ങളെയും പിൻവലിക്കുന്നതാണ്.

**സ്ത്രീയും പുരുഷനും "തന്നെത്തന്നെ മറക്കുകയും ഇണയെ മാത്രം ഓർക്കുകയും ചെയ്യുന്ന പരമാനന്ദമായ കാമാനന്ദം ധർമ്മശാസ്ത്രപരമായിട്ട് മാത്രം ആസ്വദിക്കേണ്ടതുണ്ട് - അതിനാൽ കാമാനന്ദത്തെ ആസ്വദിച്ചു തുടങ്ങുമ്പോൾ "ഓം നമഃ ശിവായ" ഉൾപ്പെടെയുള്ള ദൈവനാമങ്ങൾ ഉരുവിട്ടുകൂടാ; ദൈവനിന്ദ വേണ്ട.**

മനുഷ്യർ പരസ്പരം കണ്ടുമുട്ടുമ്പോഴും, യാത്ര പറയുമ്പോഴും ഒക്കെ "ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" "നമസ്ക്കാരം, വന്ദനം, അസ്സലാമു അലൈക്കും, ഗുഡ് ബൈ... " എന്നിങ്ങനെയെല്ലാം പറയുന്നത് മനുഷ്യരുടെ സ്വകാര്യമാണ്; വേഷം കെട്ടൽ അല്ലാത്ത ദൈവ -സ്മരണ നല്ലതാണ്.

**"ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ","ദേവീ ശരണം" എന്നിവ ജപിക്കുന്നത് ധർമ്മശാസ്ത്രപരമായ ജീവിതത്തിന് ആക്കം കൂട്ടുന്നതാണ്.** എന്നാൽ, ദൈവത്തിനു വേണ്ടി ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ അപേക്ഷിക്കുകയോ ചെയ്താൽ ദൈവനിന്ദ ഉണ്ടാകുന്നതാണ്; പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതുമാണ്. **"ഓം നമഃ ശിവായ" , "ഓം ശിവായ നമഃ ", "അമ്മേ ശിവാ", "ദേവീ ശരണം" എന്നീ 4 വാചകങ്ങളിൽ വ്യക്തികൾക്ക് ചേരുന്നതും ലളിതമായതും സ്വയം സ്വീകരിച്ചു കൊള്ളുക.**

**<u>സാധാരണ ജനങ്ങൾക്ക് ഏറ്റവും ഉചിതമായത് "അമ്മേ ശിവാ" എന്നതാവും.</u> വേറെയും കാരണങ്ങളുണ്ട്. 'അമ്മ' എന്ന പദം വാത്സല്യത്തെ കനപ്പെടുത്തുന്നതാണ്. മേല്പടി 4 വാചകങ്ങളും പഞ്ചാക്ഷരങ്ങൾ ചേർന്നതാണ്; എന്നാൽ "അമ്മേ ശിവാ" എന്ന വാചകം മാത്രം "മ്മ" എന്ന കൂട്ടക്ഷരം കൊണ്ടാണ് കഷ്ടിച്ച് പഞ്ചാക്ഷരങ്ങൾ ആവുന്നത്. ഒരു അക്ഷരം കുറയുമ്പോലെയും വാത്സല്യത്തെ വർദ്ധിപ്പിക്കുന്ന ആനന്ദം പോലെയും "അമ്മേ ശിവാ" സാധാരണ ജനങ്ങൾക്ക് കൂടുതൽ ഇണങ്ങുന്നതാണ്.**

**"ഓം നമഃ ശിവായ", "ഓം ശിവായ നമഃ ", "അമ്മേ ശിവാ", "ദേവീ ശരണം" എന്നിങ്ങനെയെല്ലാം മനുഷ്യർ ജപിക്കുന്നത് ദൈവത്തെ സന്തോഷിപ്പിക്കാനല്ല; ദൈവത്തിനു വേണ്ടിയുമല്ലാ എന്നറിയുക.**

**ദൈവ സ്മരണയ്ക്ക് സ്വീകരിക്കാവുന്ന മഹാശാസ്ത്ര പരവും ലളിതവുമായ മഹാപദങ്ങളെ അനുഗ്രഹിച്ചു നൽകിയിട്ടുള്ളത് മനുഷ്യരുടെ സന്തോഷത്തെ കണക്കാക്കിയാണ്. ദൈവത്തിന്റെ ആവശ്യമല്ലായെന്ന് സുവ്യക്തമായി അറിയണം.**

**മഹാശക്തിയായ ദൈവം ശക്തികളെ നൽകിയാൽ മാത്രമേ മനുഷ്യൻ ഉൾപ്പെടെ ഏതൊരു ജീവിക്കും ഏതൊരു കാര്യവും ചെയ്യാൻ കഴിയുകയുള്ളൂ എന്നിരിക്കെ, മനുഷ്യരോട് കേമത്തം കാട്ടിയിട്ട് ദൈവത്തിന് യാതൊന്നും നേടാനില്ല.**

## 'ഓം നമഃ ശിവായ' പഞ്ചാക്ഷരങ്ങളാണ്.

"ഓം, om, aum, ओम, ஓம்" എന്നിങ്ങനെ വ്യത്യസ്ത ഭാഷകളിലെ അക്ഷരങ്ങളെ ഉപയോഗിച്ച് എഴുതുകയും വായിക്കുകയും അച്ചടിക്കുകയും ചിത്രമാക്കുകയും ശില്പമാക്കുകയും, കമ്പ്യൂട്ടറിലും ടെലിവിഷനിലും മൊബൈൽ ഫോണിലുമൊക്കെ എഴുതുകയും മറ്റും ചെയ്യുമെന്നല്ലാതെ, ഏതെങ്കിലും പ്രത്യേക ഭാഷയിലെ അക്ഷരമല്ലാ "ഓം". (മാത്രമല്ല, ഉച്ചാരണത്തിൽ 2 അക്ഷരങ്ങൾ പ്രകടമായതിനെ "ഒറ്റ അക്ഷരപ്പട്ടിക" -യിൽ പെടുത്താനാവില്ല.).

അതായത്, "ഓം" എന്ന് ഉച്ചരിക്കുമ്പോൾ, "ഓം" ശബ്ദബ്രഹ്മവും, എഴുതുമ്പോൾ "ഓം" അക്ഷരബ്രഹ്മവുമാണ്.

മഹാശക്തിയായ ദൈവത്തിന്റെ 'മഹാപ്രപഞ്ചത്തിന് അതീതമായ മഹാഅവസ്ഥ'യാണ് ബ്രഹ്മം എന്ന് മുമ്പ് വിശദീകരിച്ചതാണ്.

"ഓം" അക്ഷരബ്രഹ്മം ആണ്; അക്ഷരമല്ല.

**അക്ഷരബ്രഹ്മം, ശബ്ദ ബ്രഹ്മം എന്നിങ്ങനെയുള്ള പദസമുച്ചയങ്ങളിൽ "മഹാശക്തിയായ ദൈവം" എന്ന അർത്ഥമുള്ള "ബ്രഹ്മം" എന്ന പദത്തിനാണ് പ്രാധാന്യം.**

**അക്ഷരബ്രഹ്മം എന്തെന്നാൽ, 'ബ്രഹ്മ' ത്തെ അക്ഷരം (ലിപി) കൊണ്ടും അവതരിപ്പിക്കാൻ കഴിയുമെന്നും, മഹാശാസ്ത്രപരമായി എഴുതുന്ന അഥവാ മഹാനിശ്ചയിച്ചിട്ടുള്ള അക്ഷരത്തിൽ പ്രവേശിക്കാൻ 'ബ്രഹ്മ'ത്തിനു കഴിയുമെന്നുമാണ്.**

അതായത് ഓം എന്ന അക്ഷരബ്രഹ്മത്തിന് ഭാഷകൾക്കെല്ലാം അതീതവും, ശാസ്ത്രപരവുമായ അക്ഷരലിപിയുണ്ട്. മഹാലിപി യെന്ന് വിശേഷിപ്പിക്കാവുന്ന അക്ഷരം എഴുതുന്നത് എങ്ങനെയെന്നും, പ്രസ്തുത അക്ഷരത്തിൽ ബ്രഹ്മം പ്രവേശിക്കുന്നത് എങ്ങനെയെന്നും മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിശദീകരി ക്കുന്നുണ്ട്.

ശബ്ദബ്രഹ്മമായ ' ഓം ' ചേർത്താലും, ഇല്ലെങ്കിലും, നമഃ ശിവായ 5 അക്ഷരങ്ങളാണ് = പഞ്ചാക്ഷരങ്ങൾ.

**ദൈവവിപ്ലവത്തോടെ അധമകാര്യങ്ങൾ ഏറെയും അവസാനിക്കുന്നതാണ്; ലാഭിക്കുന്ന ധനവും ഊർജ്ജവും സമയവും മറ്റും മണ്ണിൽ അദ്ധ്വാനിക്കാനും തങ്ങളുടെയും മറ്റുള്ളവരുടെയും നന്മകൾക്കായി ഉപയോഗിക്കാനും ജനങ്ങൾക്കെല്ലാം കഴിയട്ടെ !**

# ഓം നമഃ ശിവായ

## ഓം ശിവായ നമഃ ദേവീ ശരണം

## അമ്മേ ശിവ !

ആവർത്തിക്കുന്നു : ഭൂമിയിലുള്ള മതങ്ങൾ മുഴുവൻ ദൈവീകമല്ലെന്നും, പൈശാചികമാണെന്നും, മത നിയമങ്ങളെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നവരും, പ്രചരിപ്പിക്കുന്നവരും, പാലിക്കുന്നവരും, കടുത്ത ദൈവ നിന്ദ ചെയ്യുന്നുവെന്നും മനസ്സിലാക്കാൻ മതങ്ങളും മതപുരോഹിതരും തന്നെ അവരറിയാതെ മുന്നോട്ടു വെക്കുന്ന ശാസ്ത്രീയ മാർഗ്ഗമാണ് സ്തുതികളും ആരാധനകളും..... എങ്ങനെയെന്നാൽ, ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയും, സർവ്വത്തിനും അതീതവുമായ ദൈവം, സൃഷ്ടികളുടെ സ്തുതികളിലും ആരാധനകളിലും വഴിപാടുകളുകളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും പ്രീതിപ്പെടുകയില്ല. എന്നു മാത്രമല്ല, ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാനായി ദൈവം നൽകിയ/ നൽകുന്ന ശക്തിയും സമ്പത്തും വസ്തുക്കളും സമയവും മറ്റും പാഴാക്കുന്നതിന് ശിക്ഷിക്കുന്നതുമാണ്. പ്രീതിപ്പെട്ടാൽ, ഇന്നത്തെ സർക്കാർ ആഫീസുകളെയും മത-ദേവാലയങ്ങളെയും പോലെ ദൈവം @ സത്യധർമ്മനീതികൾ അധഃപതിക്കും; സൃഷ്ടികളായ പഴയ കാല ദേവതകളും മനുഷ്യരും ഏറെക്കുറെ പൂർണ്ണമായും അധഃപതിച്ചു കഴിഞ്ഞു.....

ദേവാലയം

## യഥാർത്ഥ ദേവ / വേദ ഭാഷയായ മലയാള ഭാഷയിലെ ദേവാലയം എന്ന പേര് കൂടുതൽ നന്ന്.

ദേവനും ദേവിയുമായ ദൈവത്തിന്റെ ആലയം അഥവാ വീട് എന്നു പേരിടുന്നതും, ദേവാലയം നിർമ്മിക്കുന്നതും മനുഷ്യർക്കു വേണ്ടി ത്തന്നെയാണ്. ദൈവം, സൃഷ്ടികളെ കുഞ്ഞുങ്ങളായി മാത്രം കരുതാനും മഹാസമനീതി എന്ന മഹാസമത്ആനന്ദത്തെ ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങൾക്കും മഹാഅനുഗ്രഹിച്ചു നൽകാനുമായി മഹാവാത്സല്ല്യത്തെ സമസ്ത ജീവികളോടുമുള്ള ദൈവത്തിന്റെ ഏക-മഹാആനന്ദമായി നിശ്ചയിച്ചിരിക്കുന്നു എന്ന് മുമ്പ് തെളിയിച്ചിരുന്നു. അതേപോലെ കുഞ്ഞുങ്ങളുടെ ഇഷ്ടത്തെ ധർമ്മ ശാസ്ത്ര പ്രകാരം അനുവദിക്കുമ്പോൾ, കുഞ്ഞുങ്ങൾക്ക് പ്രാർത്ഥിക്കാനും, ദൈവത്തെ ഒരല്പം സ്തുതിക്കാനും ദേവാലയം നിർമ്മിക്കാൻ അനുവദിക്കുന്നതായി മനസ്സിലാക്കാം.

ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തോടെ' ഭൂമിയിലെ എല്ലാ ദേവാലയങ്ങൾക്കും ഒരൊറ്റ ഘടനയും രൂപവും സ്വഭാവവും ഉണ്ടാകുന്നതാണ്. ദേവാലയം എന്ന പേരിൽ ഒരു ആലയം ദൈവത്തിന് നൽകിക്കഴിഞ്ഞാൽ പിന്നെയത് ദൈവത്തിന്റേതാണ്. ദൈവത്തിന് സൃഷ്ടികളുടെ സഹായം വേണ്ടാ എന്നത് ദൈവത്തിന്റെ ആലയമായ ദേവാലയത്തിനും ബാധകമാണ്. ആത്മനിർവൃതിക്കും പ്രാർത്ഥനയ്ക്കും മറ്റും സന്ദർശനം നടത്തുന്ന വ്യക്തികൾ/ ഉപയോഗിക്കുന്നവർ ദേവാലയത്തെ ധർമ്മശാസ്ത്ര പ്രകാരം പരിപാലിക്കുക എന്നല്ലാതെ ദൈവത്തിന് ജോലിക്കാരെ വേണ്ടാ. പിന്നീട് വിശദീകരിക്കുന്നുണ്ട്.

# മന്ത്രങ്ങൾ

**മന്ത്രിക്കുന്നതാണ് മന്ത്രം.
ശബ്ദമില്ലാതെപോലെയും (മനസ്സിൽ),
ശബ്ദത്തോടെയും മന്ത്രിക്കാനാവും.
ദൈവത്തിന്റെ മഹായുക്തിയായ
മഹാജ്ഞാനത്തെ മഹാപ്രപഞ്ചത്തിന്റെ
സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കു വേണ്ടി
മഹാശാസ്ത്ര - നിയമങ്ങളായി പരിവർത്തനം
ചെയ്യുന്നത് ശബ്ദമില്ലാതെപോലെയും
ശബ്ദത്തോടെയുമാണ്. അപ്പോൾ
ശാസ്ത്രനിയമങ്ങൾ മന്ത്രങ്ങളാണ്.**

**മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര
നിയമങ്ങൾ വസ്തുക്കളിൽ ശബ്ദമില്ലാതെയും
ശബ്ദത്തോടെയും മഹാലയി ച്ചിരിക്കുകയാണ്
എന്നു പറയുമ്പോൾ വേദഭാഷയായ മലയാളത്തിൽ
ചിരിക്കുകയാണ് എന്ന പദം ഉപയോഗിച്ചത്
ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണ്.**

**ദൈവത്തിന്റെ മഹാചിരി കൂടിയായ ഓം
എല്ലാ വസ്തുക്കളുടെയും ആറ്റങ്ങളിൽ
സദാ മഹാലയി-ച്ചിരിക്കുകയാണ്.
മഹാചിരി കൂടിയായ ഓം എന്ന
മഹാമന്ത്രത്തിൽ നിന്നാണ് ഗൂഢവും
പരസ്യവുമായി എല്ലാ മന്ത്രങ്ങളും
ശബ്ദങ്ങളും ജനിക്കുന്നത് !**

# ദൈവ മന്ത്രങ്ങൾ

ഏകദൈവമായ മഹാദേവിയുടെ 2 ഭാഗങ്ങളിൽ ആദ്യത്തേത് പരമശിവനും രണ്ടാമത്തേത് മഹാദേവിയും ആണ്. മഹാദേവിയുടെയും പരമശിവന്റെയും മദ്ധ്യേയുള്ള കൂട്ടുകെട്ടാണ് ഭൂമിയും ആകാശവും ജീവികളും സർവ്വതും ഉൾപ്പെട്ട മഹാപ്രപഞ്ചം. ദൈവഭാഗങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടിനെ മഹാഭദ്രമാക്കുന്ന 2 കരാറുകളെ ദൈവ മന്ത്രങ്ങൾ എന്ന് പേരിട്ടിരിക്കുന്നു. മഹാദേവിയുടെ മഹാഹൃദയമാണ് ഓംകാരം; സ്വകാര്യമാണ്; ആകയാൽ 'ഓംകാര മന്ത്രം' ഗൂഢമാണ്. ഏകദൈവമായ മഹാദേവി, സ്വന്തം ഭാഗമായ പരമശിവന് ഓംകാരം മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മലയാള ഭാഷയിലുള്ള ലളിതമായ 'ഓംകാര മന്ത്രം' ചൊല്ലി കൊടുക്കുന്നുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പ് നൽകിയിരുന്നു. ഒരു വാക്ക് പോലും ഓർമ്മയില്ല. മഹാദേവിയുടെ സ്വകാര്യമായ 'ഓംകാര മന്ത്രം' മഹാദേവിക്ക് ആവശ്യമുള്ളപ്പോൾ ഓർമ്മിപ്പിക്കും!

ഇ-മഹാഗ്രന്ഥത്തിന്റെ എല്ലാ പേജുകളുടെയും ചുവട്ടിൽ ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം എന്ന ലളിതമായ വാചകം കാണാം. മഹാദേവി പരമശിവന് മഹാഅനുഗ്രിച്ചു നൽകിയിട്ടുള്ള സംഹാര മന്ത്രമാണത്. മനുഷ്യർക്ക് അതിൽ കാര്യമില്ല എങ്കിലും പരസ്യപ്പെടുത്തിയത് മനുഷ്യരുടെ സംഹാരം എന്ന മോക്ഷത്തെ മഹാദേവി പരമശിവനിലൂടെ നിർവ്വഹിക്കുന്നത് സത്യധർമ്മനീതികളെ ആധാരമാക്കിയാണ് എന്നറിയിക്കാനാണ്. മഹാദേവിയോ പരമശിവനോ മാനുഷിക അവതാരം എടുക്കുമ്പോൾ വ്യക്തി ബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾ മോക്ഷത്തെ വിപരീതമായി ബാധിക്കില്ല എന്ന് അറിയിക്കാൻ കൂടിയാണ്.

**ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.**

# ആത്മീയശാസ്ത്ര - മന്ത്രങ്ങൾ

സ്തുതി ഗീതം, ജപം, തുടങ്ങിയവ ദൈവത്തിന് ആവശ്യമില്ല. കുഞ്ഞുങ്ങളെല്ലാം ധർമ്മശാസ്ത്ര പരമായി ആനന്ദിച്ചു ജീവിക്കണം. ദൈവത്തിന് അത്രയേ വേണ്ടൂ. കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ മഹാഉചിതമായി അഥവാ ഓംകാര നീതി ശാസ്ത്ര പ്രകാരം മഹാനീതിയും മഹാമാതാവും മഹാവാത്സല്യവുമായ മഹാദേവി നിറവേറ്റുന്നതാണ്. ഉദാഹരണത്തിന് യുക്തിവാദികളുടെയും നിരീശ്വരവാദികളുടെയും ജീവിത ആവശ്യങ്ങളെ മത-അന്ധവിശ്വാസികളേക്കാൾ ഉപരിയായി ദൈവം മഹാവാത്സല്യത്തോടെ മഹാകരുതുന്നുണ്ട്.

**മാനുഷിക ദൈവ സംബോധനാ മന്ത്രങ്ങൾ.** മനുഷ്യർക്ക് അന്യോന്യം വിളിക്കാനും, ദൈവത്തെ വിളിക്കാനും സംബോധന ചെയ്യാനും, നാമങ്ങൾ ആവശ്യമുണ്ട്. കുഞ്ഞുങ്ങളുടെ / മനുഷ്യരുടെ സന്തോഷവും വ്യക്തിസ്വാതന്ത്ര്യവും കണക്കിലെടുത്ത് ഹ്രസ്വ-പ്രാർത്ഥന, ഹ്രസ്വ-സ്തുതി ഗീതം, ഹ്രസ്വ-ജപം എന്നിവ അനുവദിക്കാൻ ദൈവം ബാദ്ധ്യസ്ഥമാണ്. 4 ലളിതമായ ശാസ്ത്ര-വാചകങ്ങളെ പ്രപഞ്ചപിതാവായ പരമശിവനിലൂടെ മഹാദേവി അറിയിക്കുന്നു :

1. ഓം നമഃ ശിവായ, 2. ഓം ശിവായ നമഃ, 3. ദേവീ ശരണം, 4. അമ്മേ ശിവ! (അക്ഷര ബ്രഹ്മമായ ഓം അക്ഷരമോ പദമോ അല്ല). ലളിതവും ശാസ്ത്രപരവുമായ മേല്പടി 4 'രണ്ടു പദ-വാചകങ്ങൾ' യഥാർത്ഥത്തിൽ സംബോധനകൾ മാത്രമാണ്; മന്ത്രങ്ങളല്ല. ഏതാനും സെക്കന്റുകളോ മിനുട്ടുകളോ മാത്രമായി സ്തുതികളെ ചുരുക്കി ക്കൊള്ളണം. ദൈവത്തിന്റെയും മനുഷ്യരുടെയും ജീവികളുടെയും ശരീര-വർണ്ണനകൾ പാടില്ല. അവ സ്വകാര്യതയിലും മഹാനീതികാര്യങ്ങളിലുമുള്ള കടന്നുകയറ്റമാണ്. കടുത്ത ശിക്ഷകളുണ്ട്. സ്തുതിയും പ്രീതിയും മഹാനീതിക്ക് തടസ്സമാണ്. ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്.

ദൈവത്തെ ആരാധിക്കാൻ ദൈവം അനുവദിക്കുന്നത് 100 സ്ത്രീ-പുരുഷ മനുഷ്യജന്മങ്ങളിലെ 90 മുതൽ 95 വരെയുള്ള ജന്മങ്ങളിൽ ഒരേയൊരു പുരുഷ ജന്മത്തിൽ, ദൈവം നേരിട്ട് മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകിയ ശേഷം മാത്രമാണെന്ന് വ്യക്തമാക്കിയിരുന്നു. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം എന്ന മഹാവിശിഷ്ടമായ ആരാധനാ മന്ത്രത്തെ ചൊല്ലാൻ ദൈവം അവകാശവും അധികാരവും നൽകണം. വിപരീതമായി പ്രവർത്തിച്ചാൽ ശിക്ഷ തീർച്ചയാണ്. ആകയാൽ മേല്പടി കഠിന വാചകത്തെ ദൈവീക മന്ത്രമായി കൂട്ടേണ്ട.

## ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മന്ത്രങ്ങളുടെ ആവശ്യമില്ല.

**ദൈവത്തിനും മനുഷ്യനും തമ്മിൽ നേരിട്ട് കൂട്ടുകെട്ടില്ല; ദൈവത്തിന്റെ മഹാഖരരൂപമായ ഭൂമിയുമായാണ് മനുഷ്യന്റെ കൂട്ടുകെട്ട് വ്യവസ്ഥ ചെയ്തിട്ടുള്ളത്.**

**മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം അനന്തമായ ആനന്ദങ്ങളെ അറിഞ്ഞും അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർക്ക് മഹാശാസ്ത്രം @ മണ്ണിന്റെ നിയമങ്ങൾ മാത്രമാവണം ജീവിത മന്ത്രങ്ങൾ എന്ന് മഹാനീതിയായ മഹാദേവി മഹാനിശ്ചയിച്ചിട്ടുണ്ട്.**

**ആവർത്തിക്കുന്നു : ഭക്തിഭ്രാന്ത് പാടില്ല. വിപരീതമായി പ്രവർത്തിച്ചാൽ കടുത്ത ശിക്ഷ തീർച്ചയാണ്.**

ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവത്തോടെ മന്ത്രജപം, മന്ത്രവാദം, ഹോമം, വഴിപാടുകൾ, മൃഗ ബലി, നരബലി, ഭക്ഷണ നോമ്പുകൾ, മത-തീർത്ഥയാത്ര, മത-ധ്യാനം, യജ്ഞം, യാഗം, തപസ്സ്, ദൈവം നേരിട്ട് അനുവദിക്കാത്ത ആരാധന, എന്നിങ്ങനെ ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്ന പേരിലുള്ള എല്ലാവിധ ഭക്തിഭ്രാന്തുകളും ദുസ്വാർത്ഥങ്ങളും എന്നന്നേയ്ക്കുമായി അവസാനിക്കുന്നതാണ്.

# മായ

**ദൈവത്തിന്റെ മഹായുക്തി കൂടിയായ മഹാജ്ഞാനത്തെ മായാശക്തികൾ കൊണ്ട് ഭൗതിക അസ്തിത്വമുള്ള ജഗത്ത് അഥവാ മഹാപ്രപഞ്ചമായി പരിണമിപ്പിച്ചു കഴിയുമ്പോൾ ജഗത്ത് സത്യം അഥവാ യാഥാർത്ഥ്യം ആകുന്നു. ജഗത്ത് 'മായ' ആണ്; എന്നാൽ 'മിഥ്യ' അല്ല.**

**ജഗത്തിൽ ജീവിക്കുന്നവർക്ക് ആനന്ദത്തോടെ ജീവിക്കാൻ കഴിയണമെങ്കിൽ, ജഗത്തിലെ സർവ്വ വസ്തുക്കളിലും ജീവികളിലും ആനന്ദങ്ങളെ ഭൗതിക അസ്തിത്വത്തോടെ ലയിപ്പിക്കേണ്ടതുണ്ട്. ആനന്ദങ്ങളെ ആസ്വദിച്ച് അനുഭവിക്കുവാൻ ഗൂഢത കൂടിയേ കഴിയൂ. ഉദാഹരണത്തിന് മാമ്പഴത്തിൽ ഗൂഢമായിരിക്കുന്ന മാധുര്യവും പോഷകങ്ങളും ലഭിക്കുവാൻ മാമ്പഴം കഴിക്കണം. മാമ്പഴമോ മാമ്പഴച്ചാറോ കഴിക്കാതെ മാമ്പഴത്തിന്റെ മാധുര്യവും പോഷകങ്ങളും ലഭിച്ചാൽ ... പിന്നീട് മാമ്പഴം കഴിക്കുന്നത് എന്തിന് ? എല്ലാ ഭക്ഷണവും അങ്ങനെ തന്നെ.**

**മറ്റുള്ള ആനന്ദങ്ങളുടെ കാര്യവും അങ്ങനെ തന്നെ. ഉദാഹരണത്തിന് പാട്ട് കേൾക്കാതെ പാട്ടിൽ ഗൂഢമാക്കിയിട്ടുള്ള വൈവിധ്യമാർന്ന ആനന്ദങ്ങളെ ലഭിച്ചാൽ കുഴച്ചിലാവും. ഇണയുമായി സങ്കല്പത്തിൽ പോലും സല്ലപിക്കാത സമ്പൂർണ്ണമായ കാമാനന്ദം ലഭിച്ചാൽ ഭാവി തലമുറയുടെ കാര്യവും കുഞ്ഞുങ്ങളും വാത്സല്യവും കുഴച്ചിലാവും.**

**ജനനം, രോഗം, രോഗ മുക്തി, രോഗ ശയ്യയിലെ അനുഭവങ്ങൾ, ജീവിത നേട്ടങ്ങൾ, വിനോദം, വിവാഹം, മരണം, ദൈവ ദർശനം, തുടങ്ങിയ എല്ലാ കാര്യങ്ങളിലും വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ ആനന്ദങ്ങൾ ഉണ്ട്.**

**ഗൂഢമാക്കിയിട്ടുള്ള സുഖവും ദുഃഖവും കലർന്ന ആനന്ദങ്ങളെല്ലാം വിഷയ-വസ്തുത സംഭവിക്കാതെ മുൻകൂട്ടി അറിയാനും അനുഭവിക്കാനും കഴിയുമെന്ന് വന്നാൽ ജീവിതം ഇല്ല / സമ്പൂർണ്ണ കുഴച്ചിലാവും. അങ്ങനെയിരിക്കെ ദൈവം/മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് അപരാധം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനങ്ങളെ മനുഷ്യർ ചെയ്താൽ അത് അപരാധമാണ്.**

**മറ്റൊരു തരം ഗൂഢതയെപ്പറ്റി ഇനി കുറിക്കാം :-**

**മഹാദേവിയുടെ മഹാമായാ -ആവിഷ്ക്കാരമല്ലേ സർവ്വവും എന്നും, മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ, സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, ചോദ്യങ്ങൾ 3 ഉണ്ട്; 3 ഉത്തരങ്ങളും പ്രത്യേകം വേണം.**

**(1) മഹാദേവിയുടെ മഹാമായാ -ആവിഷ്ക്കാരം തന്നെയാണ് സർവ്വവും (പ്രപഞ്ചവും പ്രപഞ്ച കാര്യങ്ങളും). എന്നാൽ മഹാദേവി വസ്തുതകളെ 'മായ' കൊണ്ട് മറച്ച് 'മായക്കളി' നടത്തി വിനോദിക്കുന്നതായി കണക്കാക്കിയാൽ അപരാധം ഉണ്ട്.**

**ജീവിയല്ലാത്ത മഹാദേവി, ഒരു മഹാജീവിയെപ്പോലെ, ചിലത് ഗൂഢമാക്കിയിട്ടുള്ളത് കുഞ്ഞുങ്ങളായ സൃഷ്ടികൾക്കു വേണ്ടിയുള്ള മഹാവാത്സല്യമായും മഹാത്യാഗമായും തിരിച്ചറിയാൻ കഴിഞ്ഞാൽ ശ്രേഷ്ഠം.**

**സർവ്വത്തിനും അതീതവും മഹാവാത്സല്യവുമായ മഹാദേവി, സൃഷ്ടികളെ വച്ച് ക്രൂര വിനോദം ചെയ്യുന്ന മട്ടിൽ വ്യാഖ്യാനിക്കുന്നത് കടുത്ത അപരാധമാണ്.**

(2) **മഹാദേവിയും മഹാദാസനും മഹാദേവിയുടെ തന്നെ രണ്ടു ഭാഗങ്ങൾ മാത്രമല്ലേ എന്നു ചോദിച്ചാൽ 'അതേ', എന്നാൽ ശിവ-ശക്തിചക്രങ്ങൾ മഹാപ്രപഞ്ചത്തിനും മുമ്പ്, ആദിയും അന്തവും ഇല്ലാത്ത അവസ്ഥയോടെ, സർവ്വത്തിനും അതീതമായ ബ്രഹ്മം കാരണമായി സൃഷ്ടിക്കപ്പെടുന്നതും പ്രവർത്തിക്കുന്നതും ദീർഘമായി വിവരിച്ചതാണ്.**

**ബ്രഹ്മം രണ്ടായി പിരിഞ്ഞ് രണ്ടു വ്യക്തികൾ പോലെ രണ്ടു കർമ്മങ്ങൾ ചെയ്യുമ്പോൾ, രണ്ടും ഫലത്തിൽ വിഭിന്നമാണ്. സൂക്ഷ്മ തലങ്ങളിൽ ഓരോ അണുവിലും ഇലക്ട്രോൺ, പ്രോട്ടോൺ എന്നിങ്ങനെ വ്യത്യാസപ്പെട്ടും വ്യത്യസ്ത ധർമ്മങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടും ഉണ്ടായതാണ് മഹാപ്രപഞ്ചവും ജീവികളും ! കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ അനന്തമായ ആനന്ദങ്ങളെ നൽകാൻ വേണ്ടി മാത്രം (മഹാജീവിയെപ്പോലെ ജീവിക്കുന്ന !) ദൈവത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കാര്യങ്ങളെ മഹാസൂക്ഷ്മമാക്കിയിട്ടുള്ളതും കുഞ്ഞുങ്ങൾക്ക് അനന്തമായ ആനന്ദങ്ങളെ നൽകാനാണ്.**

**മഹാ-ദൈവകാര്യങ്ങളെ ക്രൂരതമാശകൾ പോലെ സംസാരിക്കുന്നത് അപരാധമാണ്. മഹാവാത്സല്യവും കുഞ്ഞുങ്ങളുടെയെല്ലാം മഹാമാതാവുമായ മഹാദേവിയെ അപമാനിച്ചാൽ പതിയും, കുഞ്ഞുങ്ങളുടെയെല്ലാം പിതാവുമായ പരമശിവൻ ശിക്ഷിച്ചുതന്നെ തിരുത്തിയെന്നുവരും. പിതാവ് ശിക്ഷിക്കണ്ടേ, സ്വയം വിശകലനംചെയ്യുക.**

(3) **ദൈവത്തിന് സർവ്വ വിഷയങ്ങളെയും മുൻകൂട്ടി അറിയാതെ വരുമോ എന്നു ചോദിച്ചാൽ, ശ്രദ്ധിക്കുക.**

**കുഞ്ഞുങ്ങളായ ജീവികളുടെ ആനന്ദങ്ങളെയും വ്യക്തിസ്വാതന്ത്ര്യത്തെയും കണക്കാക്കി മഹാദേവി മഹാമര്യാദ കാട്ടുന്നു. മുൻകൂട്ടി അറിയാൻ ശ്രമിക്കുന്നില്ല; അറിയുന്നില്ല. അതേസമയം ദൈവത്തിന്റെ വാതക രൂപവും ജീവികളുടെ ജീവനും ആകുന്ന ഓക്സിജൻ, മനുഷ്യരിൽ ഏറെക്കുറെ** 18 **തവണ മിനുട്ടിൽ ശ്വാസോച്ഛ്വാസം ചെയ്യിക്കുമ്പോൾ, മനുഷ്യന്റെ ചിന്തകളെ പ്പോലും സദാ അറിയുന്നുണ്ട്. ദൈവം ജീവികൾക്കെല്ലാം വ്യക്തിസ്വാതന്ത്ര്യം അനുവദിച്ചിരിക്കെ ചിന്തകളെ ആസ്പദമാക്കി മനുഷ്യന് കാര്യങ്ങളിൽ തോന്നും പോലെ പ്രവർത്തിക്കാം, പരിശ്രമിക്കാം, ഒഴിവാക്കാം ... ധർമ്മശാസ്ത്ര പ്രകാരം ആനന്ദിച്ചു ജീവിക്കാനും പുണ്യം നേടാനും സാധിക്കും. ധർമ്മശാസ്ത്ര വിരുദ്ധമായി ജീവിച്ച് പാപങ്ങളും ശിക്ഷയും നേടാം. അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമാണ് ദൈവം ഇടപെടുക.**

'മായ' പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും മഹാവാത്സല്യം കൂടിയായ ഓംകാരനീതിശാസ്ത്രത്തെ നിവർത്തിക്കുന്നത് ഓംകാരം തന്നെയാണ്. പരമശിവന്റെ ഹൃദയത്തെയും ഉൾക്കൊണ്ട് പരമശിവനിൽ പ്രവർത്തിക്കുമ്പോൾ വേറിട്ട ശരീരമുള്ള പരമശിവനെക്കൂടി ഏറ്റെടുക്കുകയാണ് മഹാദേവി. സ്ഥിതി എന്ന ജീവിതത്തിൽ പുരുഷന് പ്രാധാന്യം എന്നത് ദൈവ കാര്യത്തിൽ വീഴ്ച്ച ഉണ്ടാവാൻ കാരണമായിക്കൂടാ. മഹാജ്ഞാനത്തെ ബ്രഹ്മ-മഹാദേവിയിൽ നിന്നും ഗ്രഹിച്ചിട്ടുള്ള പരമശിവൻ, പതിയായ മഹാദേവിയുടെ മഹാഅസാധാരണമായ സാധാരണത്തം അറിഞ്ഞും അനുഭവിച്ചും മഹാപാദ പൂജ ചെയ്തും മഹാവാഹനമായും ഒക്കെ മഹാദാസ്യ-സേവനം ചെയ്യാൻ എല്ലായ്പ്പോഴും ശ്രദ്ധിക്കുന്നു. ആയതിന് മഹാഅനുഗ്രഹവും തേടുന്നു. 'പരമശിവനെയും മഹാപ്രപഞ്ചത്തെയും ഉൾക്കൊണ്ട് ' പരമശിവന്റെ ഉള്ളിൽ കഴിയുന്ന മഹാഹൃദയമായ 'ഓംകാരം' മഹാചിരിക്കുന്നു !

**ഇനി മഹാദേവിയായി അവതരിക്കുന്ന ബ്രഹ്മം ചേർന്ന മഹാശക്തിചക്രത്തിന്റെ മഹാവിശേഷം കുറിക്കാം. മഹാഹൃദയമായ ഓംകാരത്തിന്റെ അഭാവത്തിൽ മഹാദാസനായ പരമശിവന്റെ പതിയും ദാസിയുമെന്നോണം പ്രവർത്തിക്കുകയാൽ നേരിട്ട് മഹാകാര്യങ്ങളിൽ ഇടപെടുന്നതല്ല. മഹാദാസനും മഹാദേവനുമായ പരമശിവന്റെ പതിയും സാധാരണ സ്ത്രീയുമായി കഴിയുന്ന മഹാദേവിക്ക്, പരമശിവനിൽ പ്രവേശിച്ചിട്ടുള്ള ഓംകാരം കനിയാതെ മായാശക്തികൾ ഇല്ല; ആകയാൽ മായാശക്തികൾക്കു വേണ്ടി മഹാദേവിയെ സ്യഷ്ടികൾ സമീപിച്ചിട്ടു കാര്യമില്ല. മായാശക്തികളില്ലാതെ സാധാരണ സ്ത്രീയായി ജീവിക്കുന്ന ഏകദൈവത്തെ പാഠമാക്കണം.**

**മഹാദേവനും ഭർത്താവുമായ പരമശിവന് മഹാപ്രപഞ്ചത്തിന്റെ ശക്തി നിയന്ത്രണ സത്തയായ ഓംകാരത്തെ സൂക്ഷിക്കുന്ന അധികാരി എന്ന നിലയ്ക്ക് സദാ മഹാസംശുദ്ധനായിരിക്കുവാനും മഹാദേവി മഹാകനിയുന്നുണ്ട്. ഓംകാര നീതിശാസ്ത്ര പ്രകാരം മഹാസംശുദ്ധനാക്കണമേ എന്ന പരമശിവന്റെ പ്രാർത്ഥന പ്രകാരം സംരക്ഷിക്കുന്നതാണ്. അപ്പോഴും എപ്പോഴും പ്രപഞ്ചത്തിലെ സമസ്ത കുഞ്ഞുങ്ങളുടെയും നല്ലതിനു വേണ്ടിയാണ് മഹാദേവി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നത്.**

**ഓംകാര നീതിശാസ്ത്രം പ്രകാരം കുഞ്ഞുങ്ങളെ അനുഗ്രഹിക്കേണ്ടതായ സന്ദർഭങ്ങളിൽ പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ 'മഹാപ്രപഞ്ചത്തിന്റെ മൊത്തം ശക്തിയിൽ 10 അളവുകളോടെ ശക്തിയുള്ള മഹാവലതുകൈ' അറിയാതെ-അറിഞ്ഞ് ഉയരുകയും മഹാഅനുഗ്രഹിക്കുന്നതുമാണ്.**

**പരമശിവനിൽ പ്രവർത്തിക്കുന്ന മഹാദേവിയുടെ ഇടതുകാലിന് 10 അളവ്, വലതു കാലിന് 5, മഹാഹൃദയമായ ഓംകാരത്തിന് 20 എന്നെല്ലാം അളവുകളുണ്ട്. മഹാപ്രപഞ്ചത്തിന് ആവശ്യമായ മൊത്തം അഗ്നിയെ വലതുകൈയ്യിലെ ചൂണ്ടുവിരലും, മൊത്തം ജലത്തെ ഇടതുകൈയ്യിലെ ചൂണ്ടുവിരലും വഹിക്കുന്നുണ്ട്. കൈകൾ മാറിയോ എന്നോർമ്മയില്ല. വായുവിന്റെ കാര്യം ഉൾപ്പെടെ ചിലതും ഈയുള്ളവൻ മറന്നു പോയി. മഹാഉചിതമായി മഹാദേവി ഓർമ്മിപ്പിക്കുന്നതാണ് !**

**'മായ' പ്രത്യക്ഷമായിരിക്കുന്ന സംഹാര കാലത്തും എപ്പോഴും സൃഷ്ടി സ്ഥിതി സംഹാര നിയമങ്ങൾ സദാ മണ്ണിൽ മഹാലയിച്ചിരിക്കുകയാണ്. അവ പ്രകാരം ജീവിക്കാനാണ് മനുഷ്യർ ശ്രദ്ധിക്കേണ്ടത്. മായാശക്തികളെ ആഗ്രഹിച്ചു കൂടാ. മഹാദേവിയുടെ പ്രത്യക്ഷ സാന്നിദ്ധ്യവും മഹാശാസ്ത്ര പാഠങ്ങളും ഉൾക്കൊണ്ട് അത്യാനന്ദത്തോടെ ജീവിക്കാൻ സാധിക്കുന്നതാണ്. വ്യക്തിസ്വാതന്ത്ര്യം ഒട്ടും ആഗ്രഹിക്കാതെ മഹാശക്തിയും മഹാനീതിയുമായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ച് മാത്രം ജീവിക്കുന്നവനാക്കി എല്ലായ്പ്പോഴും മഹാഅനുഗ്രഹിക്കണമേ എന്ന് വിനീത വിധേയനായി പ്രാർത്ഥിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓംകാരത്തെ പരമശിവനിൽ പ്രവേശിപ്പിച്ചതായി കണക്കാക്കിയാൽ പരമശിവന് സ്വന്തമായ ഇഷ്ടങ്ങളോ അഭിപ്രായങ്ങളോ പാടില്ല. ഗ്രഹങ്ങളെപ്പോലും നിസ്സാരമായി സൃഷ്ടിക്കുവാൻ ശക്തിയുള്ള ഓംകാരം മഹാ-പ്രവർത്തിക്കുന്നത് ഓംകാര നീതി ശാസ്ത്രം പ്രകാരം മാത്രമാവുന്നതാണ് സമസ്ത പ്രപഞ്ചത്തിലെയും കുഞ്ഞുങ്ങൾക്കു നല്ലത്.**

**ആദ്യ മഹാകാല ചക്രത്തിലെ പിൻവലിച്ചു കഴിഞ്ഞ ശിവനും, മഹാദേവിയുടെ ഭാഗമായ പരമശിവനും ഒന്നല്ലെങ്കിലും, ഇപ്പോഴത്തെ സൃഷ്ടിചക്രം മുതൽ ഒന്നെന്നു കണക്കാക്കാം. ദൈവത്തെ സംബന്ധിച്ച കാര്യങ്ങളിൽ കുഞ്ഞുങ്ങൾ അധികമായി ചിന്തിച്ചും മറ്റും ആനന്ദിച്ചു ജീവിക്കാനുള്ള ഊർജ്ജവും സമയവും അവസരങ്ങളും നഷ്ടപ്പെടുത്തുന്നത് മഹാവാത്സല്യമായ മഹാദേവിക്കും മഹാദേവനും ഇഷ്ടമല്ല. ദൈവത്തിന് ഇഷ്ടമല്ലാത്തത് ധർമ്മ ശാസ്ത്ര പരമല്ല അഥവാ ദൈവീകമല്ല.**

## ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

# മത-ദേവാലയങ്ങളും സ്തുതിയും ആരാധനയും

ദൈവം, സൃഷ്ടികളെ കുഞ്ഞുങ്ങളായി മാത്രം കരുതാനും മഹാസമനീതി എന്ന മഹാസമആനന്ദത്തെ ഭൂമിയിലെ എല്ലാ കുഞ്ഞുങ്ങൾക്കും മഹാഅനുഗ്രഹിച്ചു നൽകാനുമായി മഹാവാത്സല്ല്യത്തെ സമസ്ത ജീവികളോടുമുള്ള ദൈവത്തിന്റെ ഏക-മഹാആനന്ദമായി നിശ്ചയിച്ചിരിക്കുന്നു എന്ന് മുമ്പ് തെളിയിച്ചിരുന്നു. അതേപോലെ കുഞ്ഞുങ്ങളുടെ എല്ലാ ഇഷ്ടങ്ങളെയും ധർമ്മ ശാസ്ത്ര പ്രകാരം അനുവദിക്കുമ്പോൾ, കുഞ്ഞുങ്ങൾക്ക് പ്രാർത്ഥിക്കാനും, ദൈവത്തെ ഒരല്പം സ്തുതിക്കാനും ദേവാലയം കൂടി നിർമ്മിക്കാൻ അനുവദിക്കുന്നതായി തെളിയിച്ചിരുന്നു.

ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരം, മത-ജാതി ജീവികളെന്നോണം ജീവിക്കുന്ന മനുഷ്യർ തോന്നുന്ന പോലെയെല്ലാം നിർമ്മിച്ചതും വ്യത്യസ്തങ്ങളും വൈവിധ്യങ്ങളുമായ മത-ദേവാലയങ്ങളാണ് ഉള്ളത്. ആകയാൽ ഉടനെ ആരംഭിക്കുന്ന 'ദൈവ വിപ്ലവത്തോടെ' ഭൂമിയിലെ എല്ലാ ദേവാലയങ്ങൾക്കും ഒരൊറ്റ ഘടനയും രൂപവും സ്വഭാവവും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായാൽ ഇത് പഠിക്കുന്ന കുഞ്ഞുങ്ങൾ സന്തോഷിക്കുമോ സങ്കടപ്പെടുമോ മതപരമായി സംശയിക്കുമോ ? സ്വയം ചോദിച്ചും വിശകലനം ചെയ്തും നാളിതുവരെ നേടിയ ആത്മീയ ജ്ഞാനത്തെ പരിശോധിക്കാം. ഉത്തരം പറയാൻ ജാള്യത ഉണ്ടാകും !

മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ചിന്തകൾക്കെല്ലാം അതീതമായ ദേവാലയങ്ങളും ദൈവ-വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടാവുകയാണെങ്കിൽ ജനങ്ങൾ മതവിശ്വാസം ഉപേക്ഷിച്ചു എന്ന അർത്ഥം ഉണ്ടാകുന്നതാണ്. തന്നോടു തന്നെയും, ചുറ്റുപാടും, ചോദിക്കുകയും പരിശോധിക്കുകയും ചെയ്താൽ, ഏറെക്കുറെ എല്ലാ രാജ്യങ്ങളിലും പ്രത്യേകിച്ചും ഇന്ത്യ, പാകിസ്താൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ, ഇറാൻ, ഇറാക്ക്, അറബ് രാജ്യങ്ങൾ, ഇസ്രായേൽ, ... തുടങ്ങിയ രാജ്യങ്ങളിൽ മത-ജാതി ഭ്രാന്ത് മൂത്ത അതിഭീകരമായ അവസ്ഥയാണ് വ്യാപകമായിരിക്കുന്നത്. ഇന്ത്യ ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങളിലെ സംസ്ഥാനങ്ങളിൽ / പ്രവിശ്യകളിൽ ഇടയ്ക്കിടെ മാറിയും തിരിഞ്ഞും മത-ജാതി ഭ്രാന്ത് മൂത്ത് സമൂഹ ജീവിതം സാദ്ധ്യമല്ലാത്ത പോലെ ദുസ്സഹമായ അവസ്ഥകൾ ഉണ്ടാകുന്നുമുണ്ട്.

**ദൈവത്തിന്റെ വര രൂപമായ ഭൂമി ജനിപ്പിക്കുകയും; വായു, ജലം, ഭക്ഷണ വിഭവങ്ങൾ ഉൾപ്പെട്ട ആനന്ദങ്ങളെ കൊടുത്തു വളർത്തുകയും ചെയ്യുന്ന (ഭൂമിയുടെ) കുഞ്ഞുങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യം, ജീവിക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവ കൊടുക്കാൻ അവകാശവും അധികാരവും ഉള്ളതും ഭൂമിക്കു തന്നെയാണ്; (ശക്തി) കൊടുക്കുന്നതും ഭൂമിയുടെ അംശങ്ങളായ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരത്തിലൂടെ ഭൂമിയാണ്. ചെറുതും വലുതുമായ ശൂന്യമോ, ഒരു മൺതരിയോ എറുമ്പിനെയോ പോലും സൃഷ്ടിക്കാൻ കഴിവില്ലാത്ത മനുഷ്യൻ എന്ന ഒരു കീടം @ സൃഷ്ടിയായ ജീവി മാത്രം, ഭൂമിയിലെ മനുഷ്യരെ മത -ജാതി പരമായി തിരിച്ചു വിലക്കുകൾ ഏർപ്പെടുത്തിയാൽ മഹാമാതാവും മഹാനീതിയുമായ ഭൂമി ഇഷ്ടപ്പെടുമോ ?**

**മക്ക, മദീന എന്നീ നാടുകളിൽ പട്ടിക്കും പൂച്ചക്കും കാക്കയ്ക്കും വിലക്ക് ഇല്ല; അമുസ്ലീങ്ങൾ എന്നു പേരിട്ട് ഭൂമിയുടെ കുഞ്ഞുങ്ങളെ വിലക്കിയിട്ടുണ്ട് !**

**ഗുരുവായൂർ, തിരുവനന്തപുരം തുടങ്ങി അനവധി ഹിന്ദുമത ദേവാലയങ്ങളിൽ അന്യമതസ്ഥർക്ക് പ്രവേശനമില്ല ? ...**

**വിലക്കുന്നത് ദൈവത്തിന്റെ ഖര രൂപമായ ഭൂമിയോ, ഭൂമിയുടെ അംശങ്ങളും അവയവങ്ങളുമായ നാടുകളോ, ജീവികളുടെ ശരീരങ്ങളോ അല്ല. ധർമ്മശാസ്ത്ര പ്രകാരം മാത്രം ഉപയോഗിച്ച് അനന്തമായ ആനന്ദങ്ങളെ നേടി ജീവിക്കാനായി ദൈവം @ ഭൂമി നൽകിയ ദൈവാംശമായ @ ഭൂമിയുടെ അംശമായ ശരീരത്തെ ദുരുപയോഗം ചെയ്യുന്ന ജീവാത്മാക്കളാണ്. അവകാശങ്ങളും അധികാരങ്ങളും ഇല്ലാതെ കാട്ടുന്ന കടുത്ത നീചത്തങ്ങൾക്ക് മതഭ്രാന്തരെ മഹാനീതിയായ ദൈവം ശിക്ഷിക്കുന്നതാണ്.**

**മത ദേവാലയങ്ങളിലെയും, ഭരണകൂടങ്ങളിലെയും ജാതി, വർണ്ണം, തുടങ്ങിയ വിലക്കുകൾക്ക് എതിരെ, ഇന്ത്യയിൽ മാത്രമല്ല; ദക്ഷിണ ആഫ്രിക്കയിലും ധീരമായ പോരാട്ടം നടത്തിയ ഗാന്ധിജിയെ ജനിപ്പിച്ചതും ജീവിപ്പിച്ചതും മണ്ണായ ഭൂമി തന്നെ !**

**സ്വന്തം പൊന്നോമന കുഞ്ഞുങ്ങൾക്ക്, വഴിതെറ്റിയ / വിവര ദോഷികളായ കുഞ്ഞുങ്ങൾ വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ധർമ്മ ശാസ്ത്ര വിരുദ്ധമായ വിലക്കുകൾ ഏർപ്പെടുത്തിയാൽ**

# മഹാമാതാവും മഹാനീതിയുമായ ദൈവത്തിനു സഹിക്കുമോ ?

**മഹാശക്തിയും മണ്ണും ഭൂമിയും മഹാദേവിയുമായ ഏകദൈവം സൃഷ്ടിച്ച വസ്തുക്കളെയോ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളെയോ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികളാക്കാൻ അഥവാ ക്രിസ്ത്യൻ, മുസ്ലിം, ഹിന്ദു, എന്നിങ്ങനെയെല്ലാം പരിവർത്തനം ചെയ്യാൻ മതാചാര്യന്മാർ, മതങ്ങൾ, പുരോഹിതന്മാർ തുടങ്ങി യാതൊരാൾക്കും കഴിയുന്നതല്ല.**

**ശരീര -ഘടന-വളർച്ച-പ്രത്യുല്പാദനം, അവയവങ്ങൾ, അവയവങ്ങളുടെ പ്രവർത്തനം, ജീവനും ശക്തിയുമായ ഓക്സിജൻ, ജലം-രക്തം-ഭക്ഷണം, ഭക്ഷണരുചി-വാത്സല്യം-സ്നേഹം-പ്രേമം-കാമം-ഭക്തി-ദാനം-ദയ-സംഗീതം ഇത്യാദി ആനന്ദ അനുഭവങ്ങൾ, ആയുസ്സ്, ആരോഗ്യം- രോഗങ്ങൾ-അപകടം- ചികിത്സ, തൊഴിലുകൾ, വിനോദം, ബുദ്ധി ശക്തി, വിദ്യാഭ്യാസം, ജനനം, മരണം, ശവം ചീയൽ, മത്സ്യം -സസ്യം -പക്ഷി മൃഗം തുടങ്ങിയ ജീവികൾ, മാംസം, മുട്ട, വസ്തുക്കൾ, വസ്ത്രം, ഗൃഹം, കാർ-ബൈക്ക്-ബസ്-ട്രെയിൻ-കപ്പൽ-വിമാനം തുടങ്ങിയ വാഹനങ്ങൾ, കമ്പ്യൂട്ടർ, ഫോൺ, വാട്സാപ്പ്, ടെലിവിഷൻ എന്നിങ്ങനെ മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെട്ട ഭൗതികമായ കാര്യങ്ങളിൽ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-വ്യത്യാസങ്ങൾക്ക് യാതൊരു 'ഭൗതിക സ്ഥാനവും' ഭൂമിയിൽ ഇല്ല തന്നെ. ഒരേ വായു ശ്വസിച്ചും ജലം കുടിച്ചും ജീവിക്കുന്നവർക്ക് ഒരേ ഭൂമിയുടെ കുഞ്ഞുങ്ങളാണ് എന്ന തിരിച്ചറിവോടെ, നേടിയ ജ്ഞാനത്തെ വിശകലനം ചെയ്യാൻ കഴിയട്ടെ !**

# ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയ ശാസ്ത്രത്തെ സൃഷ്ടിയായ മനുഷ്യൻ 'തേടുന്ന കാര്യമല്ല; തേടേണ്ട കാര്യവുമില്ല.' മഹാ-ഉചിതമായ സമയത്ത് ദൈവം അറിയിക്കുകയാണ്.

ഭൂമിയിലെങ്ങും ഓം മുഴക്കി ദൈവ വിപ്ലവം ആരംഭിക്കുന്നതിനു മുമ്പ്, ദൈവ ഭാഗമായ പരമശിവനിലൂടെ മത്സ്യാവതാരം, ഓം എന്നിവ പ്രകാരം ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള യഥാർത്ഥ വേദങ്ങളെ വീണ്ടെടുത്ത് കുഞ്ഞുങ്ങൾക്ക് /മനുഷ്യർക്ക് പൊതുവായി നൽകുന്നു. ജന്മങ്ങളുടെ എണ്ണം, നേടിയ പുണ്യം, മഹാനീതി എന്നിവയുടെ അടിസ്ഥാനത്തിൽ 90 മുതൽ 95 വരെയുള്ള പുരുഷജന്മങ്ങളിലൊന്നിൽ ഓരോ വ്യക്തിക്കും നേരിട്ട് നൽകുന്നുമുണ്ട്. തേടേണ്ട; മഹാദേവി നൽകുന്നതാണ്; ഉൾക്കൊണ്ട് ജീവിക്കുകയേ വേണ്ടൂ.

മനുഷ്യന് കൂടുതൽ ലഭിച്ച ബുദ്ധിശക്തിയും വിജ്ഞാനവും കൊണ്ട് ഭൂമിയിലെ അനന്തമായ ആനന്ദങ്ങളെ സദാ കണ്ടെത്തുകയും ആസ്വദിക്കുകയും ചെയ്യുന്നുണ്ട്. ഭൂമിയിലെ മറ്റുള്ള മനുഷ്യർക്കും (ജീവികൾക്കും) കൂടി സമമായി ആനന്ദിക്കാൻ കഴിയണം എന്നതു കൊണ്ട് ധർമ്മ ശാസ്ത്ര പ്രകാരം ആനന്ദിക്കുവാൻ ബാദ്ധ്യതയുണ്ട്. ബുദ്ധിശക്തി, ജ്ഞാനം, എന്നിവ കുറച്ചു ലഭിച്ച മറ്റുള്ള ജീവികളും ജീവിക്കുന്നത് ആനന്ദിക്കാനാണ്. അവയെപ്പോലെ, ജീവിക്കുന്നതും ജീവിക്കേണ്ടതും ആനന്ദിക്കാൻ മാത്രമാവണം; ദൈവത്തെയും ദൈവീക മഹാനീതി കാര്യങ്ങളെയും അന്വേഷിച്ചു നടക്കേണ്ടതില്ല. ഉചിതമായ സമയത്ത് 'ദൈവ കാര്യങ്ങളെ' ദൈവം അറിയിക്കും !

**ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രത്തിന്റെ മൂലം കൂടിയായ 'ഓം' കുറിച്ചാൽ മാത്രമാണ് ദൈവ കാര്യങ്ങളായ ആത്മീയശാസ്ത്രം പഠിപ്പിക്കാൻ മനുഷ്യൻ യോഗ്യത നേടുക.** അതുപോലും അറിയാത്ത 'കള്ളക്കൂട്ടങ്ങളെ ഗുരുക്കന്മാരായി സ്വീകരിച്ചു കൂടാ.' ദൈവത്തെ/ ദേവതകളെ ദർശിക്കാൻ ജെറുസലേം, മക്ക, ഹിമാലയം, കാശി, വേളാങ്കണ്ണി, മലയാറ്റൂർ, പരുമല, അജ്മീർ, കാഞ്ഞിരമറ്റം, ഗുരുവായൂർ, തൃശൂർ, തിരുവനന്തപുരം, ശബരിമല തുടങ്ങിയ ലക്ഷക്കണക്കിന് ദേവാലയങ്ങളിലെ വിഗ്രഹങ്ങളെ തേടി പോകുന്നവർ, ദേവതകൾ പുനർജ്ജനിച്ച് മനുഷ്യരായി ജീവിക്കുന്നുണ്ട് എന്നതും അറിയുന്നില്ല. **തങ്ങളുടെ ദേവാലയത്തിൽ വിഗ്രഹമില്ലെന്ന് കരുതുന്നവർക്ക്, 'കഅ്ബ ചുറ്റൽ' ഉൾപ്പെടെ വ്യത്യസ്ത മത-ദേവാലയങ്ങളിലെ മിക്ക ആചാരങ്ങളും വിഗ്രഹാരാധന ആണെന്നും, ദേവാലയം തന്നെ ഒരു വിഗ്രഹമാണ് എന്നതും തൽക്കാലം അറിയില്ല.** വിഗ്രഹത്തെ കണ്ടു വണങ്ങിയിട്ട് 'ദൈവത്തെ' കണ്ടെന്നു പറയുന്നത് 'കള്ളം' ആണ്. സ്വർഗ്ഗവും നരകവും കാണാത്ത എമ്പോക്കികൾ അവയെ വിശദീകരിക്കുന്നത് തെറ്റാണ്. കള്ളം പറയുന്നതും പ്രവർത്തിക്കുന്നതും മത-പുരോഹിതന്മാരുടെയും, മത - പ്രവർത്തകരുടെയും, മൂഢ-ഭക്തരുടെയും, അവരെല്ലാം കൂടി പ്രചരിപ്പിക്കുന്ന അസത്യ-മത-വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും മുഖമുദ്രയാണ്.

മഹാശാസ്ത്ര പരമായി നിർമ്മിച്ച ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ല; നിർമ്മിക്കേണ്ടത് എങ്ങനെയെന്ന് മുകളിൽ വിശദീകരിച്ചിട്ടുണ്ട്. വിശുദ്ധങ്ങളെന്നു കരുതുന്ന വ്യത്യസ്ത മത-ദേവാലയങ്ങളിലും ബന്ധപ്പെട്ട പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള ദുരന്തങ്ങളും അക്രമങ്ങളും വധങ്ങളും, മരണങ്ങളുമെല്ലാം അറിയിക്കുന്നത് 'അവിടങ്ങളിലെല്ലാം ദൈവീക കാര്യങ്ങളല്ല; മൂലകങ്ങളിലെ ന്യൂന-ശക്തികളുടെ പൈശാചിക പ്രവർത്തനം നടക്കുന്നു' എന്നാണ്. ദൈവം നേരിട്ട് അനുവദിക്കാതെ ദൈവത്തെ ആരാധിക്കാൻ യാതൊരു മനുഷ്യനും അവകാശം ഇല്ലെന്ന് അറിയണം. സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ഇഷ്ടങ്ങളെ മനുഷ്യർ നിശ്ചയിക്കുന്നതായി ഭാവിക്കുന്നതു പോലും കടുത്ത അപരാധമാണ്; ഭൂരിപക്ഷവും കടുത്ത അപരാധം ചെയ്യുന്നു !

**മണ്ണും ഭൂമിയുമായ ദൈവമോ, ~ ഭാഗമായ പരമശിവനോ, അറിയിക്കുന്ന കാര്യങ്ങൾക്കെല്ലാം, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള മഹാശാസ്ത്രം** @ ഭൗതിക-ധർമ്മ-നീതി ശാസ്ത്ര നിയമങ്ങൾ **പ്രകാരം ഭൗതിക-അസ്തിത്വം ഉണ്ട്.**

സൃഷ്ടികൾ മാത്രമായ മനുഷ്യർ മതാചാര്യന്മാരും മതപുരോഹിതരും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-നേതാക്കളായും..... അധഃപതിച്ച് അവർ നിശ്ചയിക്കുന്ന **ഭൗതിക അസ്തിത്വം ഇല്ലാത്തതായ** പ്രാർത്ഥനാ വാചകങ്ങളും പ്രാർത്ഥനാ സമയങ്ങളും വ്യക്തി-നിയമങ്ങളും സമൂഹ നിയമങ്ങളും ചുമന്നു പോരുന്നവരാണ് സമൂഹത്തിലെ ജനങ്ങളെങ്കിൽ, **ദൈവം നൽകിയ ബുദ്ധിശക്തി, അവസരങ്ങൾ എന്നിവ ഉപയോഗിക്കാത്ത അടിമകളായി ജനം മാറിയിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ദൈവത്തിന് സൃഷ്ടികളുടെ സഹായം വേണ്ടാ എന്നത് ദൈവത്തിന്റെ ആലയമായാൽ ദേവാലയത്തിനും ബാധകമാണ്.**

ദേവാലയത്തെ ആത്മനിർവൃതിക്കും പ്രാർത്ഥനയ്ക്കും സന്ദർശനം നടത്തുന്ന വ്യക്തികൾ/ ഉപയോഗിക്കുന്നവർ ദേവാലയത്തെ ധർമ്മശാസ്ത്ര പ്രകാരം പരിപാലിക്കുക **എന്നല്ലാതെ ദൈവത്തിന് ജോലിക്കാരെയും മദ്ധ്യസ്ഥരെയും പോപ്പന്മാരും ബിഷപ്പുമാരും മുസലിയാക്കന്മാരും തങ്ങന്മാരും മുക്രികളും തന്ത്രിമാരും ശാന്തിക്കാരും ദേവപ്രശ്നക്കാരും ഉൾപ്പെടെയുള്ള അധമ പ്രവൃത്തികളെ ചെയ്യുന്ന സന്താനങ്ങളുടെ സഹായം ആവശ്യമില്ല.**

**അത്തരം തെമ്മാടികളെ ദൈവത്തിന്റെ ആലയത്തിൽ നിന്ന് പുറത്താക്കേണ്ടത് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് നിയോഗിച്ച ജനങ്ങളുടെ അടിമകളുടെ കടമകളിൽ പെടുന്നു.**

**അറിയുക : ഓരോരുത്തരും അവരവരുടെ കടമകളെ ധർമ്മ ശാസ്ത്ര പരമായി ചെയ്യുന്നു എന്നല്ലാതെ ദൈവത്തിനു വേണ്ടിയല്ല. മഹാപ്രപഞ്ചം മുഴുവനും ദൈവത്തിന്റെ സ്വത്താണ്. ദൈവീകമായ സാമ്പത്തിക ശാസ്ത്രം പ്രകാരം നിർമ്മിക്കണം; ഉപയോഗിക്കണം. ദേവാലയം സ്വകാര്യമല്ല എന്നു കൂടിയാണ് വ്യക്തമാക്കിയത്.**

**സർവ്വത്തിനും അതീതമായ ദൈവത്തിന്റെ കാര്യങ്ങളെ മനുഷ്യർ ശ്രദ്ധിക്കണമെന്ന് ഭാവിക്കുന്നതും പറയുന്നതും, ദൈവം നേരിട്ടോ, മണ്ണിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ പ്രകാരമോ ആവശ്യപ്പെടാതെ, ദൈവത്തിനു വേണ്ടി ആചാരങ്ങളെയും മറ്റും ചെയ്യുന്നതായും, നടപ്പാക്കാൻ പ്രയത്നിക്കുന്നതായും ഭാവിക്കുന്നതും പറഞ്ഞു നടക്കുന്നതും പ്രസ്താവിക്കുന്നതും മറ്റൊരു കടുത്ത അപരാധമാണ്; കഴിവില്ലാത്ത എന്തോ ഒന്നായി ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ ദൈവത്തെ നിന്ദിക്കുകയാണ്. ശബരിമല, മക്ക, തുടങ്ങി വ്യത്യസ്ത മത ദേവാലയ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഒക്കെ ദൈവത്തിനെന്ന പേരിൽ സംരക്ഷിക്കാൻ കോപ്രായങ്ങളും ശണ്ഠകളും ശബ്ദ കോലാഹലങ്ങളുമായി തോന്നും പോലെ ഇറങ്ങി തിരിക്കുന്ന അവിവേകികൾക്ക് കടുത്ത ദൈവ ശിക്ഷയാണ് ലഭിക്കുക.**

**മനുഷ്യരുടെ ആനന്ദത്തിനു വേണ്ടി മനുഷ്യർ @ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ജീവികൾ ചെയ്യുന്ന നല്ലതും അധമവുമായ പ്രവൃത്തികൾ മനുഷ്യന്റെമാത്രം ആവശ്യമാണ്. ഭൂമിയിലെങ്ങുമുള്ള ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളെ ധർമ്മ ശാസ്ത്രപരമായി സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ദൈവത്തെ പ്രീതിപ്പെടുത്താനുള്ള ഏക മാർഗ്ഗം. ഏകദൈവമായ മഹാദേവിയും, മഹാദേവിയുടെ ഭാഗമായ പരമശിവനും മനുഷ്യരുടെ സ്തുതികളിൽ പ്രസാദിക്കുന്നതല്ല; പ്രീതിയും കാട്ടില്ല; ധർമ്മ ശാസ്ത്ര വിരുദ്ധമായ പ്രവൃത്തികൾക്ക് മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്ര പ്രകാരം ശിക്ഷ തീർച്ചയാണ്.**

കഴിഞ്ഞ ഒരു അദ്ധ്യായത്തിൽ ന്യൂനശക്തികളെ പ്പറ്റി ഒരല്പം സൂചിപ്പിച്ചത് പഠിച്ചാൽ, മനുഷ്യർക്കു നൽകിയിട്ടുള്ള ഉയർന്ന ബുദ്ധിശക്തികളും സമ്പൂർണ്ണമായ വ്യക്തി-സ്വാതന്ത്ര്യവും കൊണ്ട് ഭൂമിയിലെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്രത്തെ സ്വയം പാലിക്കുമ്പോഴാണ്

**ദൈവത്തിന്റെ അടിമകൾ ആവാതെ, പൊന്നോമന കുഞ്ഞുങ്ങളായി ജീവിക്കാൻ കഴിയുക**

എന്ന് വ്യക്തമായിരുന്നു. അതേസമയം കുഞ്ഞുങ്ങൾക്ക് ധർമ്മ ശാസ്ത്രത്തെ പാലിക്കുവാൻ കഴിയാതെ വരുമ്പോൾ, മഹാനീതി കാര്യങ്ങളെ മഹാഭദ്രമാക്കാൻ ന്യൂനശക്തികളെ മൂലകങ്ങളിൽ ലയിപ്പിച്ചിട്ടുണ്ട് എന്നും തെളിയിച്ചിരുന്നു.

**ശബരിമല പോലെ മതദേവാലയങ്ങളിലും പ്രസ്ഥാനങ്ങളിലും സമൂഹത്തിലും സംഘർഷങ്ങൾ വർദ്ധിക്കുമ്പോൾ, മനുഷ്യർ ധർമ്മ ശാസ്ത്രങ്ങളെ തെറ്റിക്കുന്നത് വളരെ വർദ്ധിച്ചെന്നും, ന്യൂനശക്തികളും കാരണമായിട്ടുണ്ട് എന്നുകൂടി ഗ്രഹിക്കണം. ഭൂമിയിലെ വസ്തുക്കളിലുള്ള ന്യൂനശക്തികൾ, 'തിരുത്തൽ ശക്തികൾ' എന്ന നിലയിൽ നിന്നും 'പൈശാചിക ശക്തികൾ' എന്ന അവസ്ഥയിലേക്ക് ക്രമേണ മാറുമ്പോൾ സമൂഹത്തിൽ അശാന്തിയും കലഹങ്ങളും വളരെയധികം വർദ്ധിക്കുന്നതാണ്.**

# സ്ത്രീ പ്രവേശന വിഷയത്തേക്കാൾ വളരെ വലിയ പൈശാചിക വിഷയങ്ങൾ ശബരിമല, മക്ക, തുടങ്ങിയ ഭൂമിയിലെ എല്ലാ മത-ദേവാലയങ്ങളിലും ഉണ്ട്.

**വസ്തുക്കളിൽ/ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ന്യൂനശക്തികൾ വാതകം, ദ്രാവകം, ഖരം എന്നിങ്ങനെ എല്ലാ അവസ്ഥകളിലും ഭൂമിയിലുണ്ട്; ജീവികളിൽ പ്രവേശിച്ചു പ്രവർത്തിക്കുന്ന അവയുടെ ഘടനയും അളവും സ്വഭാവങ്ങളും,**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
മഹാവേദ ഗ്രന്ഥത്തിലെ ന്യൂനശക്തികൾ എന്ന അദ്ധ്യായത്തിൽ നിന്ന് ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

**ന്യൂനശക്തികൾ, കടുത്ത പൈശാചിക ശക്തികളായി പരിണമിച്ചു കഴിഞ്ഞാൽ ദൈവീക അവതാരം പോലും ആവശ്യമാക്കുന്ന ഗൗരവമായ അവസ്ഥ ഉണ്ടായേക്കാം! ദൈവീക അവതാരത്തെ ശാസ്ത്ര പരമായി മുന്നിലും പിന്നിലും യഥോചിതം പ്രതിഷ്ഠിച്ചു കൊണ്ട്, ഭൂമിയിലെ** വസ്തുതകളെ ധർമ്മശാസ്ത്ര വിരുദ്ധമാക്കിയ മനുഷ്യരെക്കൊണ്ട് **വിഷയ ശുദ്ധീകരണം നടത്താൻ ദൈവം അവസരം ഒരുക്കുന്നുണ്ട്. ചെറുതും വലുതുമായ പാപഭണ്ഡാരങ്ങളെ ത്തന്നെ ശേഖരിച്ചവർക്ക് സദ് പ്രവൃത്തികളെ കൊണ്ട് പാപവും ശിക്ഷകളും കുറയ്ക്കാനും, അസാധാരണമായി പുണ്യം തന്നെ നേടാനും അവസരങ്ങളെ സൃഷ്ടിക്കുകയാണ് മഹാവാത്സല്ല്യം കൂടിയായ ദൈവം മഹാനീതി ശാസ്ത്രമായ ഓംകാര നീതിശാസ്ത്രം പ്രകാരം ചെയ്യുന്നത്. പ്രായശ്ചിത്തം ചെയ്യാൻ ദൈവം അവസരം കൊടുക്കുന്നു. ഓം, ഓംകാരം, ഓംകാര നീതിശാസ്ത്രം, മഹാപുനർജ്ജന്മ സിദ്ധാന്തം എന്നിവയും മേല്പടി മഹാവേദ ഗ്രന്ഥത്തിൽ മഹാശാസ്ത്ര പരമായി വിശദീകരിച്ചിട്ടുണ്ട്.**

പശ്ചാത്താപം കൊണ്ട് ശിക്ഷകളെ തജ്ജന്മത്തിൽ നിന്ന് അടുത്ത ഒന്നോ അനേകമോ ജന്മങ്ങളിലേക്ക് മാറ്റിനൽകും എന്നല്ലാതെ ഒഴിവാക്കുന്നതല്ല.

എല്ലാ കുഞ്ഞുങ്ങൾക്കും മഹാസമനീതി എന്ന മഹാസമ ആനന്ദത്തെ ഉറപ്പാക്കുന്ന ഓംകാര നീതിശാസ്ത്രം മഹാവാത്സല്യം ആണ് എന്നതിനൊപ്പം മഹാസമനീതിയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നതല്ല.

ദൈവ പ്രീതി ഉദ്ദേശിച്ച് സ്തുതികളും വഴിപാടുകളും നടത്തുന്നവർക്ക് ശിക്ഷ കുറയില്ല; പ്രീതി നീതിക്ക് തടസ്സമാണ്; ദൈവശിക്ഷകൾ വർദ്ധിച്ചെന്നും വരും. 'ഓം നമഃ ശിവായ' എന്ന സ്തുതിയെ ദൈവം ഒരല്പം അനുവദിക്കുന്നതിനെ ശാസ്ത്ര പരമായി കഴിഞ്ഞ ഒരു അദ്ധ്യായത്തിൽ വിശദമാക്കിയിരുന്നു.

## ഇനി, മറ്റു ചില ഗൗരവമായ പിഴവുകളെ ചൂണ്ടിക്കാട്ടാം :

വൈദ്യുതി വിളക്കുകൾ ഗൃഹങ്ങളിലും സ്ഥാപനങ്ങളിലും മത-ദേവാലയങ്ങളിലും ഏറ്റവും നല്ല വെളിച്ചം നൽകുമ്പോൾ, കാലത്തിനൊപ്പം സഞ്ചരിക്കാതെ എണ്ണയും നെയ്യും മെഴുകുതിരിയും, അദ്ധ്വാനവും മറ്റും പാഴാക്കി ക്കൊണ്ട് വ്യത്യസ്ത മത-ദേവാലയങ്ങളിൽ നൂറ് - ആയിരം - ലക്ഷം വിളക്കുകൾ കത്തിക്കുന്നത് ആർക്കു വേണ്ടി എന്നും എന്തിനു വേണ്ടി എന്നും ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള മഹാശാസ്ത്രം പ്രകാരം വിശദീകരിക്കണം. പ്രകാശം ഉൾപ്പെടെ സർവ്വം സൃഷ്ടിക്കുന്ന, സർവ്വത്തിനും അതീതമായ ദൈവത്തിന് വിളക്ക് വേണ്ട.

**ഇരുട്ടത്ത് കണ്ണുകാണാത്ത മനുഷ്യനാണ് വെട്ടവും വിളക്കും ആവശ്യമുള്ളത്. ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങൾക്ക് ചൂടാനും ആനന്ദിക്കാനുമായി മഹാമാതാവായ ദൈവം സൃഷ്ടിച്ച പൂക്കളെ വിഗ്രഹങ്ങളിൽ അണിയാനും, കുശുകുശു മന്ത്രങ്ങൾ ജപിക്കാനും മണ്ണിന്റെ നിയമങ്ങൾ ആവശ്യപ്പെടുന്നില്ല. പാലും പഴവും നെയ്യും തേനും തേങ്ങയും മാങ്ങയും മറ്റും ദൈവത്തിന്റെ വിശന്നിരിക്കുന്ന കുഞ്ഞുങ്ങൾക്ക് നൽകാതെ വിഗ്രഹത്തിൽ കൊട്ടിയിട്ടും തേച്ചു പിടിപ്പിച്ചും മറ്റും പാഴാക്കുന്നത് പൈശാചികമാണെന്ന് അവയെ ഭക്ഷിക്കാതെ വിഗ്രഹങ്ങൾ തന്നെ അറിയിക്കുന്നുണ്ട്.**

**ശിവലിംഗം മാത്രമേ ദേവാലയങ്ങളിൽ പാടുള്ളൂ, വിഗ്രഹ നിർമ്മാണം പോലും പാടില്ലെന്ന് വേറെ വിശദീകരിച്ചിട്ടുണ്ട്.**

**മതങ്ങൾ അങ്ങനെ അല്ലല്ലോ പറഞ്ഞിരിക്കുന്നത് എന്ന വർത്തമാനം / വാദം വേണ്ട.**

**ദൈവത്തിന് സൃഷ്ടികളിൽ നിന്ന് സഹായം വേണ്ട; ദൈവം നൽകിയ സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യം ധർമ്മ ശാസ്ത്ര പ്രകാരം ഉപയോഗിച്ച് അനന്തമായ ആനന്ദങ്ങളെ അനുഭവിച്ച് ജീവിക്കേണ്ടതിനു പകരം, നീചരും കള്ളരുമായ മനുഷ്യർ സൃഷ്ടിയുടെ ഉദ്ദേശത്തെ മരണവുമായും, മരണാനന്തര ജീവിതവുമായും ബന്ധിപ്പിച്ചു കൊണ്ട് തട്ടിക്കൂട്ടിയ കള്ള-ക്കൊള്ള-ക്കപട-കോപ്രായങ്ങളാണ് മതങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്ന് ചുരുക്കി പറയാം.**

മഹാഉചിതമായ സമയത്ത്, ദൈവ കാര്യങ്ങൾ ഉൾപ്പെട്ട ആത്മീയ ശാസ്ത്രത്തെ, സ്വന്തം ഭാഗമായ പരമശിവനിലൂടെ ദൈവം നേരിട്ട് കുഞ്ഞുങ്ങളെ/ മനുഷ്യരെ പഠിപ്പിക്കുന്നതാണ്.

**മഹാനീതിയായ ഭൂമി @ മഹാഗോമാതാവ് @ മഹാദേവി, സ്വന്തം ഭാഗമായ പരമശിവനിലൂടെ, മണ്ണായ ഭൂമിയിലെ വസ്തുക്കളിലും, അവ കൊണ്ട് ഉണ്ടാക്കിയ ജീവികളുടെ ശരീരത്തിലും ലയിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങൾ പ്രകാരം, ഭൂമിയിൽ ജനിക്കുകയും വളരുകയും (ജീവിക്കുകയും) ചെയ്യുന്ന മനുഷ്യർക്ക് സൃഷ്ടിചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം പ്രത്യക്ഷമല്ലാത്ത ദൈവ വിപ്ലവത്തിനു മുമ്പും, രണ്ടാമത്തെ പകുതിയിൽ ദൈവം പ്രത്യക്ഷമായ ശേഷവും - എല്ലായ്പ്പോഴും - ഓംകാര നീതിശാസ്ത്രം മാത്രമാണ് ബാധകമാവുക. ഓംകാര നീതിശാസ്ത്രം പ്രകാരം മാത്രമാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ളത്; സംഹാരം എന്നാൽ സൃഷ്ടിചക്രങ്ങളിലെ ജീവികളുടെ പരിണാമവും, മനുഷ്യാവസ്ഥയിലെ മോക്ഷവുമാണ്.**

**പ്രപഞ്ചം ഉൾപ്പെടെ സർവ്വത്തിനും അതീതമായ ബ്രഹ്മം, ഏകദൈവമായ മഹാദേവിയും, ~ഭാഗമായ മഹാദേവനുമായി, ദിവ്യമഹാവിദ്യയിലൂടെ രണ്ടാവാതെ രണ്ടായി പ്രവർത്തിക്കുമ്പോൾ, മഹാദേവിയും ~ ഭാഗവും മഹാദേവനുമായ പരമശിവനും ചേർന്ന ഭൂമിയായ മഹാദേവി മാത്രമാണ് സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഏകദൈവം.**

**ആരെ കണ്ടാലും, എന്തെങ്കിലും അറിഞ്ഞാലും, ശാസ്ത്ര പരമായ ഒരു പരിശോധനയും ഇല്ലാതെ ദൈവങ്ങളെന്ന് പേരിട്ട് ആരാധനകളും ജപവും വഴിപാടുകളും ആരംഭിക്കുമ്പോൾ, ഏകദൈവത്തിനെ എത്ര വേണമെങ്കിലും നിന്ദിക്കാമെന്നാണോ ?**

**ദൈവങ്ങൾ എന്ന് സൃഷ്ടികളായ ജനങ്ങൾ പറഞ്ഞാൽ, സൃഷ്ടികളായ ദേവതകൾ ദൈവം/ദൈവങ്ങൾ ആവില്ല !**

**ഉദാഹരണത്തിന്, അയ്യപ്പൻ, മുരുകൻ, ഗണപതി എന്നിവർ ശിവൻ എന്ന ഒരു ദേവതയുടെ മക്കളാണെന്ന് അഥവാ സൃഷ്ടികളാണെന്ന് പുരാണങ്ങൾ തന്നെ പറയുന്നുണ്ട്.**

**ദൈവങ്ങൾ എന്ന് മനുഷ്യ-കീടങ്ങൾ തെറ്റിദ്ധരിക്കുകയും പേരിടുകയും ചെയ്തിട്ടുള്ള അയ്യപ്പൻ, മുരുകൻ, ഗജപാതിമാർ (ഗണപതി/വിഘ്നേശ്വരൻ), നാരായണൻ (വിഷ്ണു), കൃഷ്ണൻ തുടങ്ങിയ ദേവതകൾ മുഴുവനും, ആദ്യ മഹാകാല ചക്രത്തിലെ മനുഷ്യരിൽ നിന്നും മോക്ഷം നേടിയ ഏതാനും പേർക്ക് താൽക്കാലികമായി നൽകിയ പദവികൾ മാത്രമാണ്. ഉദാഹരണത്തിന്, നാരായം കൊണ്ട് ചരിത്രം എഴുതാൻ പരമശിവനിലൂടെ നിയോഗിച്ച ഒരു ദേവത മാത്രമാണ് നാരായണൻ. മനുഷ്യരെ പ്പോലെ എന്ന് വിശേഷിപ്പിക്കാവുന്ന, സൃഷ്ടികൾ മാത്രമാണ് എല്ലാ ദേവതകളും. മനുഷ്യരെ പ്പോലെയുള്ള അവരുടെ ജനന ചരിത്രം സാക്ഷ്യമാണ്. പരമശിവന്റെ സന്താനങ്ങളായ മേൽ സൂചിപ്പിച്ച, ദേവതകൾ മുഴുവനും മനുഷ്യരായി പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്.**

ഏകമഹാശക്തിയും ഏകദൈവവുമായ മഹാദേവി, ഭാഗമായ പരമശിവനിലൂടെ ആദ്യ മഹാകാല ചക്രത്തിൽ ഭൂമിയിലെ ഏതാനും കാര്യങ്ങളെ സൃഷ്ടികൾക്കു വേണ്ടി ത്തന്നെ ചെയ്യാൻ, പ്രതിഫലം കൊടുത്ത് നിയോഗിച്ച ദേവതകൾ സൃഷ്ടികൾ മാത്രമാണ് എന്നിരിക്കെ, മനുഷ്യരും ദേവതകളുമായ സൃഷ്ടികൾ, നേരിട്ട് കാണുമ്പോൾ അന്യോന്യം ആദരിക്കുക എന്നതിനു പകരം ആരാധിക്കാൻ പാടില്ല.

മഹാശക്തിയായ മഹാദേവിയെ പോലും അനുവാദം ഇല്ലാതെ ആരാധിക്കാൻ പാടില്ല എന്നിരിക്കെ, ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളായ മൊബൈൽ ഫോണും വാഹനങ്ങളും ടെലിവിഷനും, തുടങ്ങിയ അനന്തമായ ശാസ്ത്ര  സംവിധാനങ്ങളെ ആസ്വദിച്ചു കൊണ്ട്, ദൈവം നൽകിയ ബുദ്ധിശക്തികളെ ഉപയോഗിക്കാതെ ശാസ്ത്ര വിരുദ്ധമായി എന്തിനെയും എങ്ങനെയും ആരാധിക്കാൻ ഇറങ്ങിയിരിക്കുന്ന തെമ്മാടി ക്കൂട്ടങ്ങൾക്കെല്ലാം കടുത്ത ശിക്ഷ ഉണ്ട്. ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കേണ്ടതിനു പകരം മതജാതി കോപ്രായങ്ങളുടെ പേരിൽ സമൂഹത്തിൽ അസ്വസ്ഥത വർദ്ധിപ്പിച്ചു പോരുന്നതിന് മഹാനീതിയും ഏകദൈവവുമായ മഹാദേവി @ ഭൂമി ശിക്ഷിക്കാൻ പാടില്ല എന്ന് ഭൂമിയിൽ ജീവിച്ചു കൊണ്ട് വാദിക്കുന്ന കീടങ്ങൾ ഉണ്ടെങ്കിൽ, ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതികമായ അസ്തിത്വം ഉള്ളതായ ഭൗതിക-ധർമ്മ-ശാസ്ത്രങ്ങൾ പ്രകാരമുള്ള ഹാജരാക്കണം. പുനർജ്ജന്മ സിദ്ധാന്തം ഉണ്ടെന്നു വിശ്വസിക്കുന്നവർ ഓംകാര നീതിശാസ്ത്രത്തിന്റെ കാതലായ മഹാപുനർജ്ജന്മ സിദ്ധാന്തത്തെ അന്വേഷിക്കാനും പഠിക്കാനും തയ്യാറാവാഞ്ഞത് എന്തുകൊണ്ടാണ് ? കുഞ്ഞങ്ങളേ, ശിക്ഷയുണ്ട്..

**മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളുടെ ശരീര-കോശങ്ങളിലും മഹാസ്ഥാപിച്ചിട്ടുള്ള മഹാനീതിശാസ്ത്ര-നിയമങ്ങൾ പ്രകാരം, പ്രത്യക്ഷമല്ലാതെ എന്നോണവും സ്വാഭാവികമെന്നോണവും ജീവികൾ ശിക്ഷിക്കപ്പെടുന്നു. ദൈവം 'മായ' പ്രത്യക്ഷമാക്കുമ്പോൾ, ശക്തിശാസ്ത്രവും ബാധകമാകുന്നതാണ്. മായ പ്രത്യക്ഷമായിരിക്കുന്ന കാലത്ത് മഹാശക്തിയായ മഹാദേവി 70% മാത്രം ശക്തികളെ സ്വയം സ്വീകരിച്ചുകൊണ്ട് തന്റെ മഹാദാസനും പതിയും പ്രപഞ്ചപിതാവുമായ പരമശിവന് 30% ശക്തികളെ മഹാഅനുഗ്രഹിച്ചു നൽകുന്ന മഹാസംവിധാനമാണ് ശക്തി-വിതരണ ശാസ്ത്രം അഥവാ ശക്തിശാസ്ത്രം. മഹാ-അനുഗ്രഹത്തോടെ മറ്റൊരിക്കൽ വിസ്തരിക്കാം. കുഞ്ഞുങ്ങളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ മഹാമാതാവായ മഹാദേവി, പരമശിവനെക്കൊണ്ടു മാത്രം ശിക്ഷിക്കുകയും, സ്വയം മഹാവാത്സല്യം മാത്രമായി മഹാവർത്തിക്കുന്നതുമാണ്.**

**ഓംകാര നീതിശാസ്ത്രത്തിന്റെ മഹാ-ഭീമത്വം സാധാരണജനങ്ങളെ സന്തോഷിപ്പിക്കുക തന്നെയാണ് ചെയ്യുക. എന്നാൽ വ്യക്തിസ്വാതന്ത്ര്യത്തെ ധർമ്മ ശാസ്ത്ര വിരുദ്ധമായി ഉപയോഗിക്കുന്നവർ, തീർച്ചയായും കടുത്ത ശിക്ഷകളെ ഏറ്റുവാങ്ങേണ്ടതുണ്ട്.**

**കുഞ്ഞുങ്ങളുടെ അജ്ഞാനം കൊണ്ടും ദുസ്വാർത്ഥം കൊണ്ടും ആണെങ്കിൽ പോലും തന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ തന്നെ ഭയക്കുന്നത് കർത്താവായ ദൈവം @ മഹാദേവി ഒട്ടും ഇഷ്ടപ്പെടുന്നില്ല. 1000 കോടി വർഷങ്ങളടങ്ങിയ ആദ്യ മഹാകാലചക്രത്തിൽ കുഞ്ഞുങ്ങളുടെയെല്ലാം മഹാദാസിയായി കഴിയുകയും, മഹാപ്രപഞ്ചത്തിന്റെ ഭരണത്തെ മാലാഖമാരെന്നും മലക്കുകളെന്നും ദേവതകളെന്നുമൊക്കെ വ്യത്യസ്ത മതങ്ങൾ പ്രകാരം അറിയപ്പെടുന്നവരെ ഏല്പിച്ചുകൊടുത്തത് തന്റെ കുഞ്ഞുങ്ങളെ മഹാശക്തി കൊണ്ടല്ലാതെ മഹാവാത്സല്യം കൊണ്ടു മാത്രം ജയിക്കാനും, മഹാവാത്സല്യമാണ് താനെന്ന് എല്ലാ അർത്ഥത്തിലും ബോദ്ധ്യമാക്കാനുമാണ്.**

**മഹാപിതാവും മഹാമാതാവും മഹാനീതിയുമായ ദൈവം, 'സ്ത്രീരൂപം സ്വീകരിക്കുന്നതും മഹാമാതാവായി മാത്രം അവതരിക്കുന്നതും' സമസ്ത ജീവികളുമായ തന്റെ കുഞ്ഞുങ്ങളെ മഹാവാത്സല്യത്തോടെ തന്നിലേക്ക് ചേർത്തു നിർത്താനാണ്.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

**ന്യൂനശക്തികളിലൂടെ ലഭ്യമാക്കുന്ന പാഠങ്ങളിൽ ജനങ്ങൾക്ക് വീണ്ടുവിചാരം ഉണ്ടാകട്ടെ ! ദൈവ കാര്യങ്ങളെ ദൈവം ശ്രദ്ധിച്ചു കൊള്ളും. അവയിൽ തലയിട്ട് ഒരു കാര്യവുമില്ലാതെ കുഞ്ഞുങ്ങൾ പാപവും ശിക്ഷകളും വാരിക്കൂട്ടുമ്പോൾ കുഞ്ഞുങ്ങൾക്ക് മാത്രമാണ് നഷ്ടങ്ങളും കോട്ടങ്ങളും ഉണ്ടാവുക.**

**പരമശിവന്റെ സന്താനങ്ങൾ എന്നു പറഞ്ഞത് ശരിയാണോ എന്ന് ചോദിക്കുന്നവരും, 'മാതാപിതാക്കൾ' എന്നതിനെ അനുകരിച്ച് 'ശിവയായ മഹാദേവിയുടെ നാമം ആദ്യം പറയുന്നതാണ് ശരിയെന്ന് വിശ്വസിക്കുന്നവരും' ഉണ്ടാകും. എല്ലാവരും അടിസ്ഥാനപരമായി പരമശിവന്റെ മാത്രം പുത്രനും പുത്രിയും ആണ്. മുമ്പ് സൂചിപ്പിച്ചതാണ് :- ഏകദൈവവും മഹാശക്തിയുമായ മഹാദേവിയുടെ അംശങ്ങൾ എപ്പോഴും മഹാശക്തികൾ തന്നെയാണ്. സൃഷ്ടി മാത്രമായ ജീവികളെ /ആത്മാക്കളെ എന്തും ഏതും എങ്ങനെയും തനിച്ചു ചെയ്യാൻ കഴിവുള്ള മഹാശക്തികളായി സൃഷ്ടിക്കാൻ പാടില്ല / കഴിയില്ല എന്നാണ് അതിന്റെ അർത്ഥം. ഏകദൈവവും മഹാശക്തിയുമായ മഹാദേവിയുടെ ഇഷ്ടം പോലെ അഥവാ ഓംകാര നീതിശാസ്ത്ര പ്രകാരം ജീവവും നിർജ്ജീവവുമായി പ്രവർത്തിക്കുന്ന ശിവ ചക്രത്തിന്റെ മാത്രം അംശമാകുമ്പോൾ ജീവാത്മാവിന്, ദൈവമായ മഹാദേവിയുടെ ഇഷ്ടം പോലെ നിർജ്ജീവവും ജീവവുമായി പ്രവർത്തിക്കാൻ സാധിക്കുന്നതാണ്. പരമശിവന്റെ മാത്രം മക്കൾ** എന്നതിനാലാണ് ബൈബിളിലും മറ്റും **പിതാവിനെ വിളിക്കുന്നതും**, മാതാവിനെ വിളിക്കാത്തതും ! സൗന്ദര്യം, നിറം, മുഖഛായ തുടങ്ങിയ പ്രകട ജന്മഗുണങ്ങളായി, മുഖ്യമായും ചർമ്മത്തിലൂടെയും രക്തത്തിലൂടെയും, ജീവാത്മാവ് ശരീരം മുഴുവൻ വ്യാപരിക്കുന്നത് വേറെ വിശദീകരിച്ചിരുന്നു.

**പരമാത്മാവായ ശിവന്റെ അംശം/ കുഞ്ഞ് മാത്രമാണ് ജീവാത്മാവ്.**

**സമുദ്രത്തിലെ ഒരു തുള്ളി ജലം സമുദ്രം അല്ല. പിതാവായ ശിവനും പുത്രനായ/പുത്രിയായ ജീവാത്മാവും ഒന്നാണെന്ന് ഭാവന ചെയ്യുന്നതു പോലും പാപമാണ്.**

**സ്വന്തമായി യാതൊരു ശക്തിയും ഇല്ലാത്ത ജീവാത്മാവ് അനുഭവിച്ച് അറിയുന്ന പോലെ, ഏകദൈവവും ഭൂമിയും മഹാശക്തിയുമായ മഹാദേവിയുടെ അംശം അല്ലാ ജീവാത്മാവ്. അസ്തിത്വം ഉൾപ്പെടെ യാതൊന്നും സ്വന്തമായി ഇല്ലാത്ത ജീവാത്മാവിന് അനന്തമായ ആനന്ദങ്ങളെ നേടി ജീവിക്കാനായി, ദൈവത്തിന്റെ ഖര രൂപമായ ഭൂമിയുടെ മൂലകങ്ങൾ കൊണ്ട് ഉണ്ടാക്കിയ ശരീരം എന്ന ദൈവാംശത്തെ, പ്രത്യക്ഷ ദൈവം പോലെയും, 'ഓരോ ദൈവം' ഓരോ ജീവാത്മാവിനും എന്നതുപോലെയും നൽകുന്നു. അതായത്, 'തത്ത്വമസി' തെറ്റാണെന്ന് സുവ്യക്തമാണ്.**

**ജനങ്ങളും / മനുഷ്യരും, മറ്റുള്ള ജീവികളും, അയ്യപ്പൻ ഉൾപ്പെടെയുള്ള ദേവതകളും ഒരേപോലെ സൃഷ്ടികളും 'എല്ലാവരും മഹാദേവിയുടെയും മഹാദേവന്റെയും കുഞ്ഞുങ്ങളാണ് ' എന്ന അർത്ഥത്തിൽ ശരിയുമാണ്. പുനർജ്ജനിച്ച് കേരളത്തിൽ ജീവിക്കുന്ന അയ്യപ്പൻ ഒരു പെൺകുട്ടിയുമാണ് !**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
എന്ന ദിവ്യമഹാവേദ ഗ്രന്ഥം പഠിക്കാൻ സാധിച്ചാൽ

# ഏകദൈവമായ മഹാദേവിയെ

അട്ടിമറിച്ച് നാരായണൻ, കൃഷ്ണൻ തുടങ്ങിയ ദേവതകൾ പ്രത്യേക സാഹചര്യത്തിൽ ദൈവമാകാൻ ശ്രമിക്കുന്നതു കാണാം. അങ്ങനെയുള്ളവർ ത്രിമൂർത്തികൾ ചേർന്ന ദൈവം, ത്രിമൂർത്തികളും അവരുടെ ഭാര്യമാരും ചേർന്ന ദൈവം, ആദിപരാശക്തി എന്ന ഏകദൈവം സൃഷ്ടിച്ച ത്രിമൂർത്തികൾ എന്ന ദൈവങ്ങൾ, എന്നെല്ലാം കഥകൾ ഉണ്ടാക്കുന്നതും, അവയെല്ലാം ശാസ്ത്ര പരമായി വിശകലനം ചെയ്യാതെ മതജീവികൾ പിൻപറ്റുന്നതും പ്രചരിപ്പിക്കുവാൻ ആവേശപ്പെടുന്നതും വളരെയധികം പൈശാചികമാണ്.

**ആദ്യ മഹാകാല ചക്രവുമായി ബന്ധപ്പെട്ട ദേവതകൾ, പരമാത്മാവായ ശിവചക്രത്തിന്റെ അംശങ്ങളായ കോടാനുകോടി ജീവാത്മാക്കളിൽ പെടുന്നു. ദേവതകളെ, മാലാഖമാർ, മലക്കുകൾ എന്നിങ്ങനെ വിളിക്കുമ്പോൾ, ദേവതകളുടെ ഭൂമിയിലെ താവളങ്ങൾ ഇന്ത്യയും കേരളവും തമിഴ്നാടുമാണ്. കാരണങ്ങളെ മേല്പടി ഗ്രന്ഥത്തിൽ ശാസ്ത്ര പരമായി വിവരിച്ചിട്ടുണ്ട്. ശാസ്ത്ര വിരുദ്ധമായ പ്രവർത്തനങ്ങളെ ശരിവെച്ചു കൊണ്ട് തോന്നുംപോലെ ജീവിക്കാൻ ഇഷ്ടപ്പെടുന്നവർ, ശാസ്ത്ര പരമായ ആനന്ദങ്ങളെ ഉപേക്ഷിക്കാനുള്ള സാമാന്യ മര്യാദ കാണിക്കണം. ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളായ മൊബൈൽ ഫോണും വാഹനങ്ങളും ടെലിവിഷനും, തുടങ്ങിയ അനന്തമായ ശാസ്ത്ര സംവിധാനങ്ങളിൽ, ആധുനിക ഭവനങ്ങളും, വസ്ത്രങ്ങളും ആഭരണങ്ങളും, തീ കൊണ്ട് പാചകം ചെയ്ത ഭക്ഷണ സാധനങ്ങളും ഉൾപ്പെടുന്നുണ്ട് ! അവയെല്ലാം ഉപേക്ഷിച്ച് കേമത്തം കാട്ടുവിൻ .....!**

**സ്വയംഭൂ അല്ലാത്തവരും, പ്രപഞ്ചത്തിന് അതീതമല്ലാത്തവരുമായ സൃഷ്ടികൾക്ക് ഇഷ്ടങ്ങളും താല്പര്യങ്ങളും ഉണ്ടാകുന്നതും, അതിനൊപ്പം അവരുടെ ഇഷ്ടക്കാർ പ്രവർത്തിക്കുന്നതും സ്വാഭാവികം മാത്രം.**

**ആധുനിക കാലത്തെ വ്യാഖ്യാനം പ്രകാരം, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്ത ഏകദൈവം എന്ന വ്യാഖ്യാനം 'അല്ലാഹു' എന്ന മതദൈവത്തിനു ചേരുമെങ്കിലും, യജമാനൻ എന്ന തെറ്റായ കർക്കശ ഭാവം അല്ലാഹുവിനെ പുരുഷനോ, പുരുഷ സമാനനോ ആക്കുന്നുണ്ട്. കൂടാതെ,**

www.omsathyam.com/GodlyRevolution/MahaaVedam.pdf

**എന്ന മഹാവേദ ഗ്രന്ഥം പഠിച്ചാൽ,**

**ധർമ്മകാര്യങ്ങളെ ശ്രദ്ധിക്കാൻ നിയോഗിച്ച ധർമ്മാംബിക എന്ന ഒരു സ്ത്രീ ദേവത, കാലക്രമേണ വാത്സല്യം നഷ്ടപ്പെട്ട്, പുരുഷന്റെ പാരുഷ്യം കൈവന്ന്, സ്വന്തം പേര് തന്നെ മറന്നുപോകുന്നതും, മറ്റൊരു ദേവതയുമായുള്ള ഏറ്റുമുട്ടലിൽ ഭൂമിയുമായുള്ള ബന്ധം നഷ്ടപ്പെട്ട് ആകാശത്ത് വസിച്ചിരുന്നതും, ഒരിക്കൽ അതിശക്തനായിരുന്ന പ്രസ്തുത ദേവതയായിരുന്നു അല്ലാഹു എന്നും പഠിക്കാനാവും.**

**ഇത്തരം സത്യങ്ങളെ വിശ്വസിക്കാനും പ്രചരിപ്പിക്കാനും സാഹസം വേണ്ട. എന്തെന്നാൽ, യാതൊരു ദേവതകളുടെയും ചരിത്രങ്ങൾക്കും ഒപ്പം മതമനുഷ്യർ തട്ടിക്കൂട്ടിയ കഥകൾക്കും ദുർവ്വാദങ്ങൾക്കും ഇനി ഒട്ടും പ്രസക്തി ഇല്ല; ദൈവ വിപ്ലവം വിദൂരമല്ല. ഉടനെ ഭൂമിയിൽ മുഴുവൻ**

**ഓം മുഴങ്ങുന്നതോടെ നാളതുവരെ ചുമന്നു നടന്ന മത -ഗ്രന്ഥങ്ങളെ ചുട്ടെരിക്കാനും മണ്ണിന്റെ നിയമങ്ങളെ പഠിക്കാനും പാലിക്കാനും ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-ഭ്രാന്തർ, ശരിക്കും വെകിളി പിടിച്ച് ഓടി നടക്കുന്നത് വൈകാതെ കാണാം; കൂട്ടത്തിൽ ഓടുകയും ചെയ്യാം !**

## ഭൂമിയിൽ മുഴുവൻ തുടർച്ചയായി 3 മുതൽ 33 വർഷം ഓം മുഴങ്ങി ക്കൊണ്ടുള്ള ദൈവ വിപ്ലവത്തിനു ശേഷം വേദങ്ങളെ ചിട്ടപ്പെടുത്തി പുനഃപ്രസിദ്ധീകരിക്കുമ്പോൾ, ബ്രഹ്മം, മഹാദേവി, പരമശിവൻ, എന്നീ 3 ദൈവ- നാമങ്ങളും, അവയുമായി ബന്ധപ്പെട്ട മറ്റു നാമങ്ങളും മാത്രം, മഹാശാസ്ത്രത്തിൽ @ മഹാവേദത്തിൽ നിലനിർത്തുന്നതാണ്.

ദേവതകൾ/ മാലാഖമാർ/ മലക്കുകൾ, ദുർദ്ദേവതകൾ, മനുഷ്യർ, മറ്റുള്ള ജീവികൾ എന്നിവരുടെ നാമങ്ങൾ മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ ഇല്ല; അതിനാൽ ഭൗതികമായ അസ്തിത്വവും ഇല്ല; വേദങ്ങളിലും ഉണ്ടാവില്ല.

**മഹാദേവി, ~ഭാഗമായ പരമശിവനിലൂടെ നാളിതുവരെ വെളിപ്പെടുത്തിയ പാഠങ്ങളിൽ,** ദുർദ്ദേവതയായി അധഃപതിച്ച നാരായണൻ മുമ്പുണ്ടാക്കിയ കരാർ നിമിത്തം വന്നു കൂടിയ ചെറിയ ചെറിയ പിഴവുകളെ തിരുത്തിക്കൊണ്ട് മഹാവേദത്തെ / മഹാശാസ്ത്രത്തെ മഹാദേവി, പരമശിവനിലൂടെ വീണ്ടും പ്രസിദ്ധീകരിക്കുന്നതാണ്. മഹാവേദ ഗ്രന്ഥങ്ങളിലെ ഉള്ളടക്കത്തിന് അത്യപൂർവമായി മണ്ണിന്റെ നിയമങ്ങളിൽ നിന്ന് വ്യത്യാസം കണ്ടാൽ, മണ്ണിന്റെ/ മണ്ണിലെ നിയമങ്ങൾ മാത്രമാണ് പരമമായ സത്യം എന്ന് അറിഞ്ഞു കൊള്ളണം. മഹാദേവിയുടെ മഹാവിളയാടലിന്റെ ഭാഗമായും, മഹാദേവി പരമശിവനെ മുന്നിൽ നിർത്തി നടത്തുന്ന മഹാവിളയാടലിന്റെ ഭാഗമായും; ക്രമപ്രശ്നങ്ങൾ ഉണ്ടായാൽ മണ്ണിന്റെ/ മണ്ണിലെ നിയമങ്ങൾ മാത്രമാണ് പരമ സത്യം എന്ന് ഉറപ്പിച്ചു കൊള്ളണം. വേദ ഗ്രന്ഥങ്ങളും 'സംഹാരം' പൂർണ്ണമാകുമ്പോഴേക്കും 'സംഹരിക്കപ്പെടും !

# മഹാപുനർജ്ജന്മ സിദ്ധാന്തത്തിലെ അല്പഭാഗം ചുവടെ ചേർക്കുന്നു :

**ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ഭൂമിയിലെ എല്ലാ മനുഷ്യരും (എല്ലാ ജീവികളും), മഹാപുനർജ്ജന്മ സിദ്ധാന്തം പ്രകാരം മാത്രമാണ് ജീവിക്കുന്നത്.**

... എല്ലാ കുഞ്ഞുങ്ങൾക്കും എല്ലാ ആനന്ദങ്ങളെയും മഹാ-സമമായി ആസ്വദിക്കുവാൻ അവസരം നൽകുന്ന മഹാ-പദ്ധതി കൂടിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം... 50 സ്ത്രീ ജന്മം, 50 പുരുഷ ജന്മം എന്നിങ്ങനെ ഓരോ മനുഷ്യനും 100 ജന്മങ്ങളിലൂടെ സ്ത്രീ-പുരുഷ സമത്വവും നേടുന്നു എന്ന് ശാസ്ത്രപരമായി തെളിയിക്കുമ്പോൾ, സ്ത്രീ-പുരുഷ സമത്വങ്ങളെ മംഗളപ്പെടുത്തുന്ന മഹാനീതിവ്യവസ്ഥിതിയാണ് മഹാപുനർജ്ജന്മസിദ്ധാന്തം. സമത്വങ്ങളുടെ പേരിൽ മനുഷ്യർ നടത്തുന്ന കോപ്രായങ്ങൾക്ക് അതോടെ അവസാനം ഉണ്ടാകുന്നതുമാണ്. .. തീർന്നില്ല, മനുഷ്യരുടെ ഭരണത്തിന് അനുവദിച്ചിട്ടുള്ളതായ ഭൗതികശാസ്ത്രം, ധർമ്മശാസ്ത്രം, നീതിശാസ്ത്രം എന്നിവയുടെ ഘടകങ്ങളിൽ മനുഷ്യർ പിഴവുകളെ വരുത്തുമ്പോൾ, അവയെ പരിഹരിക്കുവാനും, മനുഷ്യർക്ക് തെറ്റുകളെ തിരുത്തുവാൻ അവസരങ്ങൾ നൽകുന്നതിനും, സമനീതി നടപ്പാക്കുന്നതിനുമുള്ള മഹാ-പദ്ധതിയാണ് ... മഹാനീതിശാസ്ത്രം പ്രകാരം സമസ്ത ജീവികളെയും ശിക്ഷിക്കുവാനും തിരുത്തുവാനുള്ള മഹാപദ്ധതിയുമാണ്. 100 ജന്മങ്ങളിലൂടെ ഓരോ മനുഷ്യനും കടന്നു പോകുമ്പോൾ, ഭൂമിയിലുള്ള അനന്തമായ ആനന്ദങ്ങളെ അറിയാനും അനുഭവിക്കാനും ആസ്വദിക്കാനും മനുഷ്യന് അവസരമുണ്ടാകുന്നു. 100 ജന്മങ്ങൾക്കു ശേഷം മോക്ഷം നേടുമ്പോൾ, മനുഷ്യന് താൻ ഭൂമിയിൽ വച്ച് അനുഭവിച്ച അനന്തമായ ആനന്ദങ്ങളെ വീണ്ടും അനന്തമായി അനുഭവിച്ചു കൊണ്ടിരിക്കുവാൻ മഹാവാത്സല്യം കൂടിയായ മഹാദേവി എല്ലാ കുഞ്ഞുങ്ങളെയും അനുഗ്രഹിക്കുന്നു.

ജീവന്റെയും ജീവാത്മാവിന്റെയും വാതക-ഭൗതിക അസ്തിത്വവും, അവയുടെ പ്രവർത്തനങ്ങളും ഗൂഢമാക്കിയിരിക്കുന്നത് ജീവികളുടെ ആനന്ദത്തെ വർദ്ധിപ്പിക്കാനാണ്. **മഹാപുനർജ്ജന്മസിദ്ധാന്തം പ്രകാരമുള്ള പ്രവർത്തനങ്ങളെ മനസ്സിലാക്കുമ്പോൾ, മുജ്ജന്മ കാര്യങ്ങളെ വെളിപ്പെടുത്തരുതേ എന്ന് ഏറെ ജനങ്ങളും ദൈവത്തോട് കേഴുന്നതാണ്. ആവക കാര്യങ്ങളെപ്പറ്റി ഹ്രസ്വമായി സൂചിപ്പിച്ചശേഷം മഹാപുനർജ്ജന്മ സിദ്ധാന്തത്തെപ്പറ്റി തുടരാം** : (1) ഈ ജന്മത്തിൽ ഇന്ത്യയിൽ ജീവിക്കുന്ന മത-തീവ്രവാദി, കഴിഞ്ഞ ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ മറ്റൊരു മതംപ്രകാരമുള്ള തീവ്രവാദി ആയിരുന്നുവെങ്കിൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക. ഹിന്ദുമതത്തിൽ പുനർജ്ജന്മ സിദ്ധാന്തത്തെ വളരെയധികം സ്വീകരിച്ചിരിക്കെ, അങ്ങനെയൊരു സാദ്ധ്യതയെ തള്ളിക്കളയുവാൻ ഹിന്ദുമത പണ്ഡിതനു കഴിയുമോ ? പ്രസ്തുത പണ്ഡിതന്റെ വ്യക്തിഗത കാര്യത്തിൽ അത്തരം വിശേഷമുള്ളതിനെ തെളിയിച്ചാൽ ... ചിന്തിക്കുക. മാനുഷിക നിഗമനങ്ങളെ അനുസരിച്ചല്ല മഹാശക്തിയായ ദൈവം പുനർജ്ജന്മങ്ങളെ നിർവ്വഹിക്കുന്നതെന്നു തിരിച്ചറിയുമ്പോൾ, മത-ജാതി-ദേശ-വർണ്ണ-ഭാഷാ.. തുടങ്ങിയ ജന്മഗുണ വ്യത്യാസങ്ങളുടെ പേരിൽ കലഹിക്കുന്നവരും ബഹുവിധ തീവ്രവാദത്തിൽ ഏർപ്പെടുന്നവരും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും ഭോഷ്ക്കുകളും വളരെയധികം ഭീകരമാണ് എന്നും ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്നവയും മാത്രമാണെന്നു തെളിയുന്നതാണ്. (2) ഈ ജന്മത്തിൽ ഇന്ത്യയിൽ ജീവിക്കുന്ന മത-തീവ്രവാദി, അടുത്ത ജന്മത്തിൽ മറ്റൊരു രാജ്യത്തിലെ മറ്റൊരു മതംപ്രകാരമുള്ള തീവ്രവാദി ആയാൽ ... എന്നതിനെപ്പറ്റി ചിന്തിക്കുക... .. (5) ഇന്നത്തെ മത തീവ്രവാദി, ഇന്നലെകളിൽ ജീവിച്ച മറ്റൊരു മതത്തിലെ തീവ്രവാദിയെ ഭർത്സിക്കുകയും അയാളെ മോശമാക്കിയുള്ള പ്രഭാഷണങ്ങളെ നടത്തുകയും ചെയ്യുമ്പോൾ, ഇന്നലെയിലെ തീവ്രവാദിയുടെ പുനർജ്ജനനമാണ് താനെന്ന് തെളിയിക്കപ്പെട്ടാൽ ..... ചിന്തിക്കുക. (6) ഇന്നലെകളിലെ അനേകമനേകം പണ്ഡിതന്മാരും നേതാക്കളുമൊക്കെ ഇന്ന് മറ്റു ദേശങ്ങളിലും മറ്റു മതങ്ങളിലും മറ്റു തൊഴിൽ മേഖലകളിലും, എതിർ ലിംഗത്തിലും പെട്ടു ജീവിക്കുന്നതായി ........ ..... ചിന്തിക്കുക.

(7) മായ പ്രത്യക്ഷമാക്കിയ ശേഷം, ദൈവത്തെപ്പറ്റിയും മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെയും മഹാശാസ്ത്ര പ്രകാരം സുവ്യക്തമാക്കിയ ശേഷം മാത്രമേ സംഹാരം അഥവാ ആത്മീയസാക്ഷാത്ക്കാരം ആരംഭിക്കൂ എന്നിരിക്കെ, ഇന്നലെകളിൽ ജീവിച്ചു മരിച്ച പ്രഗത്ഭർ സ്വർഗ്ഗത്തിൽ പോയെന്നും ബ്രഹ്മത്തിൽ ലയിച്ചെന്നുമൊക്കെ കഥകൾ ഉണ്ടാക്കിയിട്ടുള്ളത് കടുത്ത അപരാധവും കടുത്ത ദൈവനിന്ദയും ശിക്ഷകളെ പിടിച്ചുവാങ്ങുന്ന കാര്യവുമാണ്. (8) തങ്ങളുടെയോ എതിരാളിയായി കരുതുന്നവരുടെയോ മുജ്ജന്മ പ്രതിമകൾക്ക് മാലയിട്ടു നടക്കുന്ന നികൃഷ്ട ജീവിതമാണ് ഇന്നത്തെ അനേകർ നയിക്കുന്നത് എന്നതിനെ പ്പറ്റി ചിന്തിക്കുക. (9) ഇന്നലെകളിൽ ഉന്നത ജാതിക്കാരനായി ജീവിച്ചയാൾ, ദുർബ്ബലരോട് കാട്ടിയ തെറ്റുകളുടെ അടിസ്ഥാനത്തിൽ ഇന്ന് ഹീന-ജാതിയെന്ന് വിശേഷിപ്പിക്കുന്ന ജാതികളിൽ പുനർജ്ജനിക്കുന്നതിനെപ്പറ്റി ചിന്തിക്കുക. 20 വയസ്സുള്ള ഇന്നത്തെ താഴ്ന്ന ജാതിക്കാരൻ നൂറ്റാണ്ടുകളായി നാട്ടിൽ താഴ്ന്ന ജാതിക്കാർ ബഹുവിധ കഷ്ടപ്പാടുകളെ അനുഭവിക്കുന്നു എന്ന് അരിശത്തോടെയും അമർശത്തോടെയും പറയുമ്പോൾ, മേല്പടി 20 വയസ്സിനു മുമ്പ് ഉന്നത ജാതിക്കാരനായി ജീവിച്ച അയാളും അനേകരും താഴ്ന്ന ജാതിക്കാരെ ദ്രോഹിക്കുകയായിരുന്നു എന്നതറിയുന്നില്ല. ....... തെളിയിച്ചാൽ .... ചിന്തിക്കുക.

(10) ഇന്നലെകളിൽ ഇന്ത്യയിലും അമേരിക്കയിലും ജീവിച്ച അനേകം ധനവാന്മാർ, ഇന്ന് കടുത്ത ദാരിദ്ര്യത്തിൽ പെട്ട് ആഫ്രിക്കൻ രാജ്യങ്ങളിൽ ജീവിക്കുന്നതായി ചിന്തിക്കുക .... തെളിയിച്ചാൽ ..... ചിന്തിക്കുക. (ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, മേൽ കൊടുത്തവ എല്ലായ്പ്പോഴും ഭൂമിയിൽ സംഭവിച്ചുപോരുന്ന സത്യങ്ങൾ മാത്രമാണ്.)

മേൽ വിവരിച്ചതു കൂടാതെയുള്ള മറ്റു ചില ഉദാഹരണങ്ങൾ ഇനി പറയാം :- (11) ഒരു കുടുംബത്തിലെ യുവതിയ്ക്ക്, തന്റെ മുജ്ജന്മത്തിലെ സ്നേഹസമ്പന്നയായ മാതാവ് അടുത്ത വീട്ടിലെ ചെറുപ്പക്കാരനായി ജന്മം എടുത്തിരിക്കുന്നത് തിരിച്ചറിയാൻ കഴിഞ്ഞാൽ .... ചിന്തിക്കുക.

(12) ഏതാനും വർഷം മുമ്പ് അപകടത്തിൽ മരിച്ച തന്റെ നല്ല ഭർത്താവ്, തന്റെ ബന്ധുവീട്ടിലോ, അടുത്ത വീട്ടിലോ, അയൽ നാട്ടിലോ കുഞ്ഞായി ജനിച്ചിരിക്കുന്നു എന്നു തിരിച്ചറിയാൻ കഴിഞ്ഞാൽ ..... ചിന്തിക്കുക. (13) തന്റെ മുജ്ജന്മത്തിലെ (നല്ല) ഭർത്താവിന്റെയും (ഭാര്യയുടെയും) നല്ല കുട്ടികളുടെയും ഓർമ്മകളെ ലഭിക്കുന്ന വ്യക്തി, അവർ ജീവിച്ചിരിക്കുന്നത് / പുനർജ്ജനിച്ചിരിക്കുന്നത് എവിടെ എന്നും മറ്റും കണ്ടുപിടിക്കാനും അവരോടൊത്തു ജീവിക്കാനുമായി ഇറങ്ങിപ്പുറപ്പെടുകയും ചെയ്താൽ ...... ചിന്തിക്കുക. (14) മുജ്ജന്മത്തിലെ ഭാര്യയെ അടുത്ത സുഹൃത്തിന്റെ/ മറ്റൊരാളുടെ ഭാര്യയായി തിരിച്ചറിയുകയും, സുഹൃത്തിനും /മറ്റൊരാൾക്കും ബന്ധുക്കൾക്കും മറ്റും അക്കാര്യത്തെപ്പറ്റിയുള്ള മുജ്ജന്മ ഓർമ്മകളെ ലഭിക്കാതിരിക്കുകയോ ലഭിക്കുകയോ ചെയ്താൽ ..... ചിന്തിക്കുക. (15) തന്റെ മുജ്ജന്മത്തിലെ വലിയ സമ്പത്തിന്റെ കാര്യങ്ങൾ ഓർമ്മവരുമ്പോൾ, പ്രസ്തുത വലിയ സമ്പത്ത് തിരിച്ചു പിടിക്കാനായി ശ്രമിച്ചാൽ .... ചിന്തിക്കുക. (16) തന്റെ ശത്രുക്കളായിരുന്നവർ ഉറ്റവരായും, മറിച്ചും പുനർജ്ജനിച്ചിരിക്കുന്നത് തിരിച്ചറിയാൻ മുജ്ജന്മ ഓർമ്മകളെ മുഴുവൻ ലഭിക്കുന്നതിലൂടെ ഭൂമിയിലെ ഒരു ചിലർക്കോ എല്ലാവർക്കുമോ സാധിച്ചാൽ ........ ചിന്തിക്കുക. (17) കുടുംബനാഥനോ, നാഥയോ, കുട്ടിയോ, മാതാവോ, മുജ്ജന്മത്തിൽ കള്ളനോ, വേശ്യയോ, കൊലപാതകിയോ, ആഭാസനോ ആയി ജീവിച്ച ചരിത്രങ്ങളുടെ ഓർമ്മകളെ കുടുംബത്തിലെ ഒരംഗത്തിനോ എല്ലാ അംഗങ്ങൾക്കുമോ ലഭിച്ചാൽ ..... ചിന്തിക്കുക. (18) എല്ലാവരുടെയും മുജ്ജന്മങ്ങളെ എല്ലാവരെയും അറിയിച്ചാൽ ഭൂമിയിൽ മനുഷ്യർക്ക് ജീവിക്കാനാകുമോ എന്നു കുറേനേരം ചിന്തിക്കുക... (19) തന്റെ അടുത്ത ജന്മത്തിന്റെയും ഇനിയുള്ള ജന്മങ്ങളുടെയും സൃഷ്ടിപരമായ വിധി പ്രകാരമുള്ള കണക്കുകളെ മുജ്ജന്മ-ഓർമ്മകളിലൂടെ മനസ്സിലാക്കാൻ/ അനുമാനിക്കാൻ കഴിയുമ്പോൾ, ജീവിതം ആനന്ദിച്ച് ആസ്വദിക്കുക എന്നതിനു പകരം ജന്മങ്ങളുടെ കണക്കുകളുമായിട്ട് കാലം തള്ളുന്നവരായി മനുഷ്യർ അധഃപതിക്കുന്നതാണ്. (20) ഇന്ന് മത-ദൈവ-കേമത്തങ്ങളെപ്പറ്റിയും മതാചാരങ്ങ ളെപ്പറ്റിയും വാതോരാതെ സംസാരിക്കുന്നവർ മുജ്ജന്മത്തിൽ അതേ മത-ദൈവത്തെപ്പറ്റി ദൂഷണമോ, ദുഷ്ക്കർമ്മങ്ങളോ മാത്രംചെയ്തു ജീവിച്ചതിന്റെ ഓർമ്മകളെ സമൂഹത്തിലെ എല്ലാവർക്കും ലഭിച്ചാൽ ... ചിന്തിക്കുക.

മഹാപുനർജ്ജന്മ സിദ്ധാന്തത്തെ ശാസ്ത്രപരമായി തെളിയിക്കുക എന്നു പറഞ്ഞാൽ മുജ്ജന്മ ഓർമ്മകളെ ഓരോരുത്തർക്കും സുവ്യക്തമായി നൽകുക, എന്നും അവയെ ജീവിതകാര്യങ്ങളുമായി ഒത്തുനോക്കി ബോദ്ധ്യപ്പെടുക എന്നുമാണ് അർത്ഥം.

**മേൽ വിവരിച്ച അതിസങ്കീർണ്ണമായ ജീവിത-പ്രശ്നങ്ങൾ എങ്ങും നിലനിൽക്കെ, ഇനി പറയൂ .... മുജ്ജന്മ ഓർമ്മകളെ മനുഷ്യർക്കു നൽകേണമോ ? വളരെ ചെറിയ നീതിബോധമെങ്കിലും ഉള്ളവർ വേണ്ടേ വേണ്ടാ എന്നും, മുജ്ജന്മ ഓർമ്മകളെ നൽകല്ലേ എന്നു കെഞ്ചുന്നതുമാണ്.. ഓംകാരനീതിശാസ്ത്രം മഹാനീതിയാണ്; മഹാനീതിയിൽ ശിക്ഷകളുമുണ്ട് !**

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളായ മനുഷ്യർ തങ്ങൾക്കു ദൈവം നൽകിയ സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തു കൊണ്ട് ദൈവത്തിന്റെ മറ്റു കുഞ്ഞുങ്ങളുടെ ആനന്ദങ്ങളെ തട്ടിത്തെറിപ്പിക്കുമ്പോഴും തട്ടിയെടുക്കുമ്പോഴും അതിന് സമ്പൂർണ്ണമായ പരിഹാരം ഉണ്ടാക്കേണ്ടതുണ്ട് എന്നു മുമ്പും സൂചിപ്പിച്ചിരുന്നു. അവിവേകം കാട്ടുന്ന കുഞ്ഞിനെ തിരുത്തേണ്ടതുണ്ട്, കൂടാതെ, പ്രിയപ്പെട്ട മറ്റു കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന സമപദവി തന്നെ ലഭ്യമാക്കേണ്ടതുണ്ട്; ശുദ്ധിപ്പെടുത്താൻ ഉചിതമായ ശിക്ഷ നൽകേണ്ടതുമുണ്ട്. ഓംകാര നീതിശാസ്ത്രത്തിന്റെ ഭാഗമായ മഹാപുനർജ്ജന്മ സിദ്ധാന്തത്തിലൂടെ മനുഷ്യർക്ക് ബഹുവിധ ശിക്ഷകളും നൽകുന്നുണ്ട്. മുമ്പ് (9), (10) എന്നീ ഉദാഹരണങ്ങളിൽ ഉത്തരം കൂടിയുണ്ട്. അപൂർവ്വമായി മറ്റു ചില ജീവി-ജന്മങ്ങളിലേക്കും ശിക്ഷ നീളുന്നതാണ്. മനുഷ്യർ ചെയ്തുകൂട്ടുന്ന വ്യത്യസ്ത തെറ്റുകളുടെയും കുറ്റങ്ങളുടെയും വ്യാപ്തി അനുസരിച്ചാണ് അത്തരം കാര്യങ്ങളെ നിശ്ചയിക്കുന്നത്. ഉദാഹരണങ്ങൾ മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. **ഓംകാരനീതിശാസ്ത്രം മഹാവാത്സല്യമാണ്...** മഹാനീതിയുടെ ഭാഗമായിട്ട് കുഞ്ഞുങ്ങളെ ശിക്ഷിക്കുമ്പോഴും മഹാവാത്സല്യം പ്രകടമാണ്. മഹാശാസ്ത്രത്തിന്റെ ശാഖകളായ ഭൗതികശാസ്ത്രത്തെയും ധർമ്മശാസ്ത്രത്തെയും ആത്മീയശാസ്ത്രത്തെയും ഒരേപോലെ ബഹുമതിക്കുന്ന ഒരു ഉദാഹരണം കുറിക്കുന്നു :- (1.1) ബസ്, കാർ, ബൈക്ക്, ട്രെയിൻ തുടങ്ങിയ വാഹന അപകടങ്ങളിൽ പെട്ടും മറ്റും കൈയ്യ്, കാല് തുടങ്ങിയ അവയവങ്ങളെ നഷ്ടപ്പെടുന്നതിനെപ്പറ്റി അറിയാമല്ലോ. അപകടത്തിൽ പെട്ട് ഒരാളുടെ ഒരു കൈയ്യ് നഷ്ടപ്പെടുമ്പോഴും ജനനത്തോടെ പോളിയോ ബാധിച്ചോ മറ്റോ ഒരു കൈയ്യ് തളരുന്നതായി കണക്കാക്കുമ്പോഴും, ഭൗതിക ശാസ്ത്രപരമായി സംഭവിച്ച ഒരവസ്ഥയാണ്. (1.2) സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ മഹാദേവി, മനുഷ്യന് 100 ജന്മങ്ങളെ മഹാനിശ്ചയിച്ചിട്ടുള്ളതിൽ ഒരു ജന്മത്തിൽ ജനനത്തോടെയോ പിന്നീടോ വികലാംഗത്വം ഉണ്ടാകുന്നതാണ്. ദൈവം നൽകിയ ശരീരത്തിന്റെയും ഓരോ ശരീര-അവയവങ്ങളുടെയും ഔന്നത്യം മനുഷ്യർ മനസ്സിലാക്കുവാനും, തന്റെയും മറ്റുള്ളവരുടെയും ശരീരത്തോട് അക്രമമോ ബഹുമാനമില്ലായ്മയോ കാട്ടാതിരിക്കാനും, ദൈവീക നീതിയെയും മഹാവാത്സല്യത്തെയും മഹത്വത്തെയും ശ്രദ്ധിക്കാനുമുള്ള വലിയ പദ്ധതി കൂടിയാണത്. (1.3) മുജ്ജന്മത്തിൽ പോലീസായിരിക്കെ ഒരാളുടെ കൈയ്യ് തല്ലിയൊടിച്ചതിന് ആത്മീയ ശാസ്ത്രപരമായി അഥവാ മഹാനീതിശാസ്ത്ര പരമായി ദൈവം കൊടുത്ത ശിക്ഷയായി കണക്കാക്കുമ്പോൾ, നീതിശാസ്ത്ര പരമായി സംഭവിച്ച ഒരവസ്ഥയാണ്. ദൈവശിക്ഷയുടെ ഭാഗമായിട്ട് ഒന്നിലധികം ജന്മങ്ങളിൽ വികലാംഗത്വം ഉണ്ടാകുന്നതാണ്, ശിക്ഷയുടെ അളവനുസരിച്ച് 5 വരെയാകാം. കൊടുംപാപം ചെയ്തവർക്ക് ജന്തുശിക്ഷകൂടി ഉൾപ്പെടുത്തുന്നതാണ്. മനുഷ്യർ കാല് തല്ലിയൊടിച്ച പട്ടി മുജ്ജന്മത്തിലെ അതിക്രൂരനായ ഗുണ്ടയോ പോലീസോ ആകാം !

ജനനത്തോടെയോ, അപകടത്തിൽ പെട്ടോ ഒരാളുടെ കൈയ്യ് / അവയവം നഷ്ടപ്പെടുമ്പോൾ, മേല്പടി (1.1) പ്രകാരം, ഭൗതികശാസ്ത്രപരമായ ഒരവസ്ഥയാണ് ; (1.2) പ്രകാരം, 100 ജന്മങ്ങളിൽ എല്ലാവർക്കും ബാധകമായ വികലാംഗത്വ ജന്മം ആവാം ; (1.3) പ്രകാരം, ദൈവീക മഹാനീതി നടത്തിപ്പിന്റെ ഭാഗമായുള്ള ശിക്ഷയാവാം. എന്നാൽ ദൈവശിക്ഷയുടെ ഭാഗമാണെന്ന് ദൈവം അറിയിക്കാതെയോ, മുജ്ജന്മ-ഓർമ്മകളെ നൽകാതെയോ, യാതൊരാളും അറിയുന്നില്ല എന്നതുകൊണ്ട് ശിക്ഷയുടെ ഭാഗമായി അധിക-വികലാംഗ ജന്മങ്ങളെ അനുഭവിക്കുന്നവർ സമൂഹത്തിൽ അപഹസിക്കപ്പെടാതെ ദൈവം സംരക്ഷിക്കുന്നു. അപഹസിക്കപ്പെടുന്നില്ല എന്നതിനെ മാറ്റി നിർത്തിയാൽ മഹാനീതിശാസ്ത്രം പ്രകാരം ദൈവം നൽകുന്ന ശിക്ഷയിലൂടെ ലഭിക്കുന്ന ശാരീരിക വേദനകളും മാനസിക വേദനകളും ഏതൊരാളും സഹിക്കുക തന്നെ വേണം. അതായത് ഓംകാരനീതിശാസ്ത്രം മഹാവാത്സല്യമാണ്. സമൂഹത്തിൽ ബഹുവിധ തെറ്റുകളും കുറ്റങ്ങളും ചെയ്യുന്നവരെ തിരുത്തുന്നതിന്റെ ഭാഗമായി ശിക്ഷിക്കേണ്ടേ ? സമൂഹത്തിന്റെ ധർമ്മശാസ്ത്രപരമായ പൊതുആവശ്യങ്ങളെ മാത്രം ശ്രദ്ധിക്കേണ്ടവരായ - ജനങ്ങളുടെ ദാസന്മാരായ - ഭരണാധികാരികൾ മദ്യ നിർമ്മാണം, മദ്യ വ്യാപാരം തുടങ്ങിയ അധമകാര്യങ്ങളെ നടത്തുന്നതു നിമിത്തം അനേകം കുടുംബങ്ങളിലെ ജീവിതം അലങ്കോലമായിരിക്കുന്നതിന് അടിമകളായ ഭരണാധികാരികളെ ശിക്ഷിക്കേണ്ടേ ?

**മഹാശക്തിയായ മഹാദേവി @ ഭൂമി, മഹാശക്തി കൊണ്ടും മഹാനീതി കൊണ്ടും മഹാവാത്സല്യം കൊണ്ടും മഹാഭദ്രമാക്കിയിട്ടുള്ളതാണ് മഹാഹൃദയമായ ഓംകാരത്തിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ഓംകാരനീതിശാസ്ത്രം അഥവാ മഹാനീതിശാസ്ത്രം.**

മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളുടെ ശരീര-കോശങ്ങളിലും മഹാസ്ഥാപിച്ചിട്ടുള്ള മഹാനീതിശാസ്ത്ര-നിയമങ്ങൾ പ്രകാരം, പ്രത്യക്ഷമല്ലാതെ എന്നോണവും സ്വാഭാവികമെന്നോണവും ജീവികൾ ശിക്ഷിക്കപ്പെടുന്നു... മഹാപിതാവും മഹാമാതാവും മഹാനീതിയുമായ ദൈവം, 'സ്ത്രീരൂപം സ്വീകരിക്കുന്നതും മഹാമാതാവായി മാത്രം അവതരിക്കുന്നതും' സമസ്ത ജീവികളുമായ തന്റെ കുഞ്ഞുങ്ങളെ മഹാവാത്സല്യത്തോടെ തന്നിലേക്ക് ചേർത്തുനിർത്താനാണ്.

**ഭൂമിയിൽ മുഴുവൻ സംഹാര കാഹളം കൂടിയായ ഓം തുടർച്ചയായി 3 മുതൽ 33 വർഷം മുഴക്കിയുള്ള ദൈവ വിപ്ലവം ഉടൻ ആരംഭിക്കുമ്പോൾ, അസംബന്ധങ്ങളായ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പരാക്രമങ്ങളും അവസാനിക്കുന്നതാണ്.**

# സൃഷ്ടികൾക്കെല്ലാം ബാധകമായ മഹാപുനർജ്ജന്മ സിദ്ധാന്തം, സൃഷ്ടികളായ ദേവതകൾക്കും ബാധകമാണ്; അവരെല്ലാം മനുഷ്യരായി ഭൂമിയിൽ ജീവിക്കുന്നുമുണ്ട്.

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

**പുനർജ്ജനിച്ചു ജീവിക്കുന്ന ഏതാനും പഴയ കാല ദേവതകളുടെയും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ചില പ്രമുഖരുടെയും കാര്യങ്ങളെ അല്പം കുറിക്കുന്നു :-**

**ഇതെഴുതുന്ന 2018 നവംബർ 24-ന് അതിരാവിലെ, ഭൂമിയിൽ ഉള്ളതായ (ദൈവം ഉൾപ്പെടെ) ഏതാനും മനുഷ്യരുടെ ജന്മ വിശേഷങ്ങൾ കുറിക്കുന്നു. ഉടൻ മായ / ദൈവം പ്രത്യക്ഷമാകുന്നതോടെ ഏതാനും മനുഷ്യർക്ക് മുജ്ജന്മ ഓർമ്മകളെ ലഭിക്കുന്നതാണ്. ജനസേവകരായ അടിമകളെ ഭരണാധികാരികളെന്നു തെറ്റിദ്ധരിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നത് വ്യക്തികളുടെ സ്വകാര്യമാണ്. അടിമകളുടെ മുജ്ജന്മങ്ങളെപ്പറ്റി യാതൊന്നും അറിയാതെ കാട്ടുന്ന കോനാംപീച്ചകൾ അവസാനിക്കാൻ പ്രധാന മന്ത്രിയുടെയും മറ്റും ഒരു പൈശാചിക മുജ്ജന്മത്തെ തെളിയിച്ചാലോ, 'ദൈവം അറിയിച്ചാലോ', പാപികളെ കൊണ്ടു തന്നെ ചെയ്യിച്ചാലോ മതിയാകും; അതിന് സാദ്ധ്യത കൂടുതലാണ്.**

'മഹാശക്തിയായ മഹാദേവിയും, ~ഭാഗവും
മഹാദാസനും മഹാദേവനുമായ പരമശിവനും'

# ഏക ദൈവം

ആണെന്നും, യഥാർത്ഥത്തിൽ ജീവികളോ സ്ത്രീകളോ പുരുഷന്മാരോ അല്ലാത്ത അവരെ പുണ്യങ്ങളും പാപങ്ങളും ബാധിക്കുന്നതല്ല എന്നും, ജീവികളുടെ ആനന്ദങ്ങൾക്കെല്ലാം അതീതമായ അവർ മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ ആനന്ദത്തെ കരുതി മഹാവാത്സല്യം, മഹാദാസ്യം എന്നീ ദൈവീക-ആനന്ദങ്ങളെ സ്വീകരിച്ചിരിക്കുകയാണ് എന്നും അറിയണം. 'സത്യധർമ്മനീതികളായ ധർമ്മ ശാസ്ത്രത്തെ' സ്വന്തം ഭാവമായി നിശ്ചയിച്ചു കൊണ്ടാണ് മണ്ണടി മഹാഭദ്രകാളിയായ മഹാദേവി സൃഷ്ടി സ്ഥിതി സംഹാരങ്ങളെ എല്ലായ്പ്പോഴും മഹാഭദ്രമാക്കിയിട്ടുള്ളത്. മാനുഷിക അവതാരത്തിലെ പിഴവുകൾ എന്ന് തോന്നിക്കുന്നവ കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള മഹാവിളയാടലുകളും, കുഞ്ഞുങ്ങൾ നേടിയ വരങ്ങളെയും കരാറുകളെയും കുഞ്ഞുങ്ങളുടെ ആഗ്രഹങ്ങളെയും മറ്റും പൂർത്തിയാക്കലുമാണ്.

**അനേകം ഗജപാതിമാർ (ഗണപതി) കേരളത്തിൽ തന്നെ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്. ഹിന്ദു മതത്തിൽ പെട്ട് ജീവിക്കുന്ന, ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠപുരുഷനും കൂടിയായ പ്രഥമ ഗജപാതിയുടെ മകളായിട്ടാണ് മഹാശക്തിയായ മഹാദേവി അവതരിച്ചിട്ടുള്ളത്. മഹാവേദഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. പരമശിവനായ ഗ്രന്ഥകാരനെ നേരത്തെ അയച്ചു; ജന്മം കൊണ്ട് ലഭിച്ച മതത്തെ 1991 -ൽ പരസ്യമായി കളയിച്ച്, മഹാശാസ്ത്രപരമായി പ്രവർത്തിപ്പിക്കുന്നു. ഗൗതമ ബുദ്ധൻ, ചാണക്യൻ, ക്രൈസ്റ്റ്, കാളിദാസൻ, ഷേക്സ്പിയർ, ഗാന്ധിജി.... എന്നിവരായി അയച്ചത് പശുപതിയായ പരമശിവനെയാണ് എന്ന് മഹാദേവി അറിയിച്ചിട്ടുണ്ട്. രാഷ്ട്രപിതാവ് എന്ന് സൃഷ്ടിയായ മനുഷ്യനെ പറയുന്നതിൽ അപാകതയുണ്ടെങ്കിലും പ്രപഞ്ച പിതാവായ പരമശിവന്റെ അവതാരമാകുമ്പോൾ, ഗാന്ധിജിയുടെ കാര്യത്തിൽ തടസ്സം ഒഴിവാകുന്നു.**

**പരമശിവനെ മാനുഷിക അവതാരങ്ങളായി അയച്ചതിൽ ബുദ്ധൻ, ക്രൈസ്റ്റ്, ഗാന്ധിജി, ഗ്രന്ഥകാരൻ ... എന്നിവരിൽ ഏറെക്കുറെ സമാനമായി സത്യം, ധർമ്മം, അഹിംസ, തുടങ്ങിയ ഗുണങ്ങൾ കാണാം. ദൈവീകമായി മാത്രം സിദ്ധിക്കുന്ന വിഷയ ഗവേഷണങ്ങളും, ധർമ്മ ശാസ്ത്ര കണ്ടെത്തലുകളും, അവയെ കർശനമായി പാലിച്ചുള്ള പ്രവർത്തനങ്ങളും അവരെ ഒന്നായി ദർശിപ്പിക്കുന്നുണ്ട്. വിശ്വമാനവികത, കാരുണ്യം, സ്നേഹം, ദാസ്യം, വാത്സല്യം തുടങ്ങിയവ എല്ലാവരിലും ജ്വലിക്കുന്നുണ്ട്. മഹാദേവി നേരിട്ട് അറിയിച്ചവ ഉൾപ്പെടെയുള്ള ഈയുള്ളവന്റെ ചരിത്രം മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.**

ആദ്യ മഹാകാലചക്രത്തിൽ കടുത്ത പിഴവുകൾക്ക് ശിക്ഷിക്കപ്പെട്ട 'ഈശ്വരൻ, ശിവൻ എന്നെല്ലാം പേരുകളുള്ള പ്രധാന ദേവത', പുനർജ്ജനച്ച് ആദിശങ്കരൻ, വിവേകാനന്ദൻ തുടങ്ങിയ ഉന്നത ജന്മങ്ങൾ കടന്ന് ഇപ്പോൾ ഒരു ഇസ്ലാമിക കുടുംബത്തിൽ ജനിച്ച്, ഹൈന്ദവത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തി ജീവിക്കുന്നുണ്ട്. ആദിശങ്കരൻ ആയിരിക്കെ ബ്രഹ്മ പാഠങ്ങളെ ഭാഗികമായി ലഭിച്ചപ്പോൾ, വിഭ്രാന്തിയും ആവേശവും കൊണ്ട് 'ജഗത്തിനെ മിഥ്യയായി' ഉദ്ഘോഷിച്ചതും, വിവേകാനന്ദൻ ആയിരിക്കെയും തിരുത്താൻ കഴിയാഞ്ഞതും കടുത്ത അപരാധം ആയി. അദ്ദേഹത്തിന്റെ ഭാഗമായ ഭാര്യ 'അന്നപൂർണ്ണേശ്വരിയായ പാർവ്വതിയും' പുനർജ്ജനിച്ചിട്ടുണ്ട്.

**ഭൂമിയിൽ ഇന്നുള്ള ഏറെക്കുറെ 750 കോടി മനുഷ്യരെ, ഏറ്റവും വലിയ നീചനെ ഏറ്റവും മുന്നിൽ 1, രണ്ടാമത്തെ നീചനെ 2, മൂന്നാമത്തെ നീചനെ 3 എന്ന ക്രമത്തിൽ ഒരു വരിയിൽ നിർത്തിയാൽ, No. 9 എന്ന ഒമ്പതാമത്തെ ഏറ്റവും വലിയ നീചനായി, മനുഷ്യരിൽ നിന്നും ദേവതയായി മാറി ഇപ്പോൾ വീണ്ടും മനുഷ്യനായി ജീവിക്കുന്ന മേല്പടിയാന്റെ സ്ഥാനം വരും. ആദ്യത്തെ 15 നീചർക്ക് ഒന്നോ അതിലധികമോ ജന്മങ്ങളിൽ പെരുമാളട്ട തുടങ്ങിയ നികൃഷ്ടമായ ജന്മങ്ങളെ ശിക്ഷയായി സ്വീകരിക്കേണ്ടി വരും !**

**അതികഠിനമായ സദ് പ്രവൃത്തികളിലൂടെ, സ്ഥിതി പരമായ വിധി പ്രകാരം ഏതൊരു കൊടിയ പാപിക്കും ശിക്ഷകളിൽ നിന്നും ഇളവ് നേടാൻ കഴിയും ! ഭൂമിയും മഹാനീതിയും മഹാമാതാവും മഹാവാത്സല്ല്യവുമായ മഹാദേവി, ഈ കുറിപ്പിൽ അതും ലക്ഷ്യമാക്കിയിട്ടുണ്ട്.**

**ഭൂമിയിലെ ഏറ്റവും കൊടിയ പിശാചായി അധഃപതിച്ച 'നാരായം കൊണ്ട് ചരിത്രം എഴുതാൻ നിയോഗിക്കപ്പെട്ട നാരായണൻ എന്ന ദേവത' അനേകം ജന്മങ്ങൾ കൊണ്ട് വളരെയധികം പുണ്യം നേടിയിട്ടുണ്ട്. മഹാദേവി, മഹാദേവൻ എന്നിവരെ തിരിച്ചറിയാനും അനേകം തവണ ദർശിക്കാനുള്ള മഹാഭാഗ്യത്തെ,** കേരളത്തിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച് **ഹൈന്ദവത്തോട്** കൂടുതൽ ആഭിമുഖ്യം പുലർത്തുകയും **ഇപ്പോൾ ശാസ്ത്ര പരമായി ജീവിക്കുകയും ചെയ്യുന്ന നാരായണന് ലഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ശിക്ഷിക്കപ്പെട്ട അനേകായിരം പൈശാചിക ശക്തികളെ നേരിൽ കാണാനും ചിലരുമായി സംഭാഷണം നടത്താനും അടുത്ത് ഇടപഴകാനും പുനർജ്ജനിച്ച നാരായണന് ഈ ജന്മത്ത് കഴിഞ്ഞിട്ടുണ്ട്.**

**അദ്ദേഹം ഏറ്റവും വലിയ നീചൻ** No. 8.

**ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ ആദ്യം മോക്ഷം നേടാൻ നാരായണന് കഴിഞ്ഞേക്കും ! ഓംകാര നീതിശാസ്ത്രത്തിന് ഭംഗം വരാതെ, ഒരു കൊടിയ വിഷ-ക്കരാറിനെ മഹാദേവി, ക്രൈസ്റ്റായി അയച്ച പരമശിവനിലൂടെ അനുവദിച്ചതിന്റെ ഭാഗമാണത്. പരമശിവൻ നേരിട്ട എല്ലാ പിഴവുകൾക്കും വേദനകൾക്കും മുഖ്യഅപരാധി നാരായണനാണ്.**

---

**മുൻ സൃഷ്ടിചക്രങ്ങളിൽ വൻപിഴവുകൾ ചെയ്ത മുരുകൻ @ സുബ്രഹ്മണ്യൻ എന്ന ദേവത ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിൽ അശോക ചക്രവർത്തി, ഐസക് ന്യൂട്ടൺ, സുഭാഷ് ചന്ദ്രബോസ്, ഗ്രന്ഥകാരന്റെ മകൻ, എന്നീ ശ്രേഷ്ഠ ജന്മങ്ങളിലും പിഴച്ചു. ഏറ്റവും വലിയ നീചൻ** No. 3.

**ഇന്ത്യയിലെ ഏറ്റവും വലിയ അടിമയായി, രാജാവ് (= പ്രധാന മന്ത്രി) ആയിട്ട്** 130 **കോടിയിലധികം ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും നന്മ ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള ഒരു അവസരത്തെ മഹാദേവി അദ്ദേഹത്തിന് നൽകുന്നതാണ്. ഘോരമായ പാപങ്ങളെ കുറയ്ക്കാൻ കഴിയുന്നില്ല എങ്കിൽ ഒന്നോ അതിലധികമോ ജന്മങ്ങളിൽ പെരുമാളട്ട തുടങ്ങിയ നികൃഷ്ട ജന്മങ്ങളെ ശിക്ഷയായി സ്വീകരിക്കേണ്ടി വരും !**

No. 3 ക്ക് വാട്സാപ്പ് മുഖേന 2018 ഒക്ടോബർ 21ന് അയച്ച കത്തിലെ ചില ഭാഗങ്ങൾ ചുവടെ ചേർക്കുന്നു .. ബഹുവിധ കടങ്ങളും, രോഗങ്ങളും, വീട്ടു ചിലവിന് കാശില്ലാത്തതു കൊണ്ടുള്ള കഷ്ടപ്പാടുകളും, .. ദൈവ കാര്യങ്ങളും കൊണ്ട്, തൽക്കാലം മോൻ ആഗ്രഹിക്കുന്ന രീതിയിൽ മോനോട് സംസാരിക്കാനുള്ള ഒരു മാനസിക അവസ്ഥയിൽ അല്ല ഞാൻ. .. വിശേഷങ്ങൾ ചോദിക്കുന്ന മോനോട് എന്റെ വിഷമങ്ങൾ ആയിരിക്കുന്ന വിശേഷങ്ങൾ പറയാനും പറയാതിരിക്കാനും വയ്യാത്ത അവസ്ഥയിലും ആണ്.. ഒരു ശതമാനം പോലും ശരിയല്ലാത്ത വർത്തമാനം എന്ന് ഞാൻ കരുതുമ്പോൾ, മോന്റെ അറിവിനും ഇഷ്ടങ്ങൾക്കും അനുസരിച്ച് മോൻ പറഞ്ഞത് ശരിയാണ്. .. സംഭാഷണം വേണ്ട. ..വാട്സാപ്പ് മുഖേന ഫോട്ടോ, പാട്ട്, അവിടത്തെ വിശേഷങ്ങൾ, തുടങ്ങിയവ സാധിക്കുമെങ്കിൽ അയച്ചു തരിക.. **മോന്റെ പണം മേലിൽ സ്വീകരിക്കാൻ തൽക്കാലം എനിക്ക് ആവില്ല.** എന്റെ ഇപ്പോഴത്തെ സാമ്പത്തിക ദാരിദ്ര്യം എന്നെ കണ്ടമാനം കുഴയ്ക്കുമ്പോഴും, **ദൈവത്തെ മാത്രം ആശ്രയിക്കുകയും, വ്യക്തികളെ ആശ്രയിക്കാത്തതുമായ രീതിയെ തുടരാനും മുറുകെ പിടിക്കാനും ദൈവീകമായി ഞാൻ ബാദ്ധ്യസ്ഥനാണ്. ഈയുള്ളവനിലൂടെ ദൈവം വെളിപ്പെടുത്തുന്ന ദൈവ കാര്യങ്ങളെ ഉൾക്കൊണ്ട് ജീവിക്കാനുള്ള സ്വയം ബാദ്ധ്യതയാണ് മോന്റെ കാര്യത്തിൽ എനിക്ക് വിഷയമായിട്ടുള്ളത്.** എങ്ങനെയെന്നാൽ, Supreme Justice GOD എന്ന ഒരു ഇ-മഹാഗ്രന്ഥം കഴിഞ്ഞ ആഴ്ച പ്രസിദ്ധീകരിച്ചത് അറിയാമല്ലോ. .. **മോനുമായും മറ്റും ബന്ധപ്പെട്ട വിഷയത്തിലേക്കു വരാം.** ഗ്രന്ഥത്തിൽ ഏതാനും ആൾക്കാരുടെ മുജ്ജന്മങ്ങളെ അറിയിച്ചത് കൂടാതെ, ഭൂമിയിലെ ഏറ്റവും നീചരായ രണ്ടു പേരെ പരാമർശിച്ചിരുന്നു. ഭൂമിയിലെ ഏറ്റവും നീചരായ 15 പേരുടെ ലിസ്റ്റ് വെളിപാടായി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. എനിക്ക് ഭ്രാന്താണെന്നും മറ്റും മോൻ ഉൾപ്പെടെയുള്ള അനേകർ പറയുമെങ്കിലും, വെളിപാടുകളെ പ്രസിദ്ധീകരിക്കാൻ **ദേവി** ആവശ്യപ്പെടുകയാണെങ്കിൽ ചെയ്യാതെ വയ്യ. ഭൂമിയിലെ ഏറ്റവും നീചരായ 15 പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടി വന്നാൽ, .. മൂന്നാമത്തേത് ... ഉൾപ്പെടെ ഈയുള്ളവന്റെ അടുത്ത ബന്ധുക്കളുടെയും മറ്റും പേരുകളാണ്. മോനും .. ഒക്കെ എനിക്ക് കൂടുതൽ പണം അയച്ചു തരാത്തതു കൊണ്ടുള്ള വകതിരിവില്ലായ്മ എന്ന് ഈയുള്ളവനെ ആക്ഷേപിക്കാൻ കഴിയും. മുമ്പ് മോൻ അയച്ചു തന്ന പണം കൊണ്ട് വളരെയധികം കാര്യങ്ങളെ സാധിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. എന്റെ സാമ്പത്തിക ദാരിദ്ര്യത്തിന്റെ പേരിൽ മോൻ ഉൾപ്പെടെ ആരോടും എനിക്ക് പരാതിയുമില്ല. മോനും മറ്റും മാതാപിതാക്കളോടുള്ള കടമകൾ നിറവേറ്റുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് മോനും മറ്റും ദൈവവുമായി പരിഹരിക്കേണ്ട വിഷയമാണ്. എന്റെ വിഷയം അല്ല. തദവസരത്തിലെ അറിവിനും ശക്തിക്കും അനുസരിച്ച് ധർമ്മം ചെയ്യുകയാണ് വ്യക്തി വേണ്ടത്. പണ്ട് പണം അയച്ചതിന്റെ പേരിൽ മോൻ മാതാപിതാക്കളെ കൊല്ലാക്കൊല ചെയ്തിട്ടുണ്ടെങ്കിലും, മോനെ വളർത്തിയതിന് ഞാൻ സാമ്പത്തിക കണക്കും അവകാശങ്ങളും പറഞ്ഞിട്ടില്ല. ഒന്നും ചെയ്തിട്ടില്ല എന്ന് മോൻ വാദങ്ങൾ നിരത്തിയാൽ തർക്കിക്കാനും ഇല്ല. ജയിൽ, **ദൈവ ശാസ്ത്രം, ..** ഭാര്യയും മക്കളും സഹോദരങ്ങളും ഉൾപ്പെടെ ഉറ്റവരുടെ കാര്യങ്ങൾ എന്നിങ്ങനെയെല്ലാം എനിക്ക് ഉണ്ടായിരുന്നതു പോലെ വൈവിധ്യമാർന്ന പ്രശ്നങ്ങൾ മോനെ അലട്ടിയിട്ടില്ല. ചെറിയ ലോകത്തിൽ ഒതുങ്ങി സ്വന്തം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാനും ആനന്ദിക്കാനും ശ്രദ്ധിച്ചവരാണ് നിങ്ങൾ. **എന്റെ ആനന്ദം അന്നും ഇന്നും ചുറ്റുമുള്ളവരുടെ സന്തോഷവും ദൈവ കാര്യങ്ങളും ആയിരുന്നു.** പിന്നെ, കുഞ്ഞുങ്ങളെ പോറ്റാനും വളർത്താനും സാമ്പത്തിക ചിലവുകളും അദ്ധ്വാനവും ശ്രദ്ധയും ഒക്കെ വേണം എന്ന് മോൻ ഇന്ന് അനുഭവിച്ച് അറിയുന്നുണ്ട് എങ്കിൽ, ..കാര്യത്തിൽ അമ്മായും ഞാനും അവസ്ഥകൾക്ക് അനുസൃതമായ കടമ ചെയ്തിട്ടുണ്ട്... **ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളായ മോനെയും ഏതൊരാളെയും ധാർമ്മികമായി ഉയർത്താൻ പ്രവർത്തിക്കുന്നു എന്നല്ലാതെ ആരുടെയും കുറ്റങ്ങളെ എണ്ണുകയും അധിക്ഷേപിക്കുകയും ചെയ്യുന്നത് എന്റെ ഉദ്ദേശമല്ല. എന്നിരിക്കിലും, മോന്റെ പേര് പരാമർശിച്ചുകൊണ്ട് മോന്റെ പണം ഞാൻ വാങ്ങിക്കൂടാ.**

**ഓം എന്ന അക്ഷരബ്രഹ്മത്തിലെ 3 ന് ജീവിതത്തിലുടനീളമുള്ള പ്രാധാന്യം വച്ച് ലിസ്റ്റിലെ ആദ്യത്തെ 3 പേരോട് താൽക്കാലികമായി കൂടുതൽ കർശനമാകാൻ ഈയുള്ളവന് ദൈവീക ബാദ്ധ്യതയുണ്ട്. കൂടുതൽ സാമ്പത്തിക ഞെരുക്കം എങ്ങനെ താങ്ങുമെന്ന് ചോദിച്ചാൽ എനിക്ക് അറിഞ്ഞുകൂടാ... ദേവീ ശരണം...** മോന്റെ കാറിന്റെ വില്പന കാര്യത്തിൽ, പിതാവ് ജീവിക്കുന്നതും മരിക്കുന്നതും വിഷയമല്ല, മോന് മോന്റെ കാറാണ് പ്രധാനമെന്ന് മുമ്പ് സുവ്യക്തമാക്കിയതാണ്. മോന്റെയും ആരുടെയും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിൽ ഞാൻ ഇടപെടില്ല. ഭാര്യ, മകൾ എന്നിവരുടെ കാര്യത്തിൽ മോന് പ്രസ്തുത സമീപനം ഉണ്ടാകാതിരിക്കട്ടെ എന്ന് അന്ന് ഞാൻ ആശംസിച്ചിരുന്നു. ബാക്കി വസ്തു വിൽക്കുമ്പോൾ മോനോടുള്ള സാമ്പത്തിക കണക്കുകൾ തീർക്കാം; **ദൈവേച്ഛ പോലെ. മോന്റെയും ഉറ്റവരുടെയും ചില കാര്യങ്ങളെ ദൈവ ശാസ്ത്ര ഗ്രന്ഥങ്ങളിൽ പരാമർശിക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുകയാണ്. വിശദീകരണം ഉണ്ടാവില്ല എന്നാണ് അറിയുന്നത്... ആവർത്തിക്കുന്നു. ആരെയും ആക്ഷേപിക്കാൻ ഞാൻ ഒട്ടും ആഗ്രഹിച്ചിട്ടില്ല. എന്റെ മേലുള്ള ദൈവീക ബന്ധനങ്ങളെ കുഞ്ഞുങ്ങൾക്ക് മനസ്സിലാകണമെങ്കിൽ, ഈയുള്ളവനിലൂടെ മഹാദേവി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങളെയും സന്ദേശങ്ങളെയും യഥോചിതം പഠിക്കാനുള്ള ഭാഗ്യം ലഭിക്കണം. ലഭിക്കട്ടെ ! ..മോനും, .. (മരു)മോൾക്കും, കുഞ്ഞിനും പൊന്നുമ്മകൾ. ദൈവീകമായ സ്നേഹ വാത്സല്യങ്ങളോടെ, ബാദ്ഷ പരമശിവൻ.** 2018 **ഒക്ടോബർ** 21 **ഞായറാഴ്ച.** Ref. (1) **മഹാവേദം** .. (2) **നീതി വിധിക്കാൻ മനുഷ്യനു കഴിയില്ല.** www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf ഈ ഗ്രന്ഥത്തിന്റെഭാഗമായി സന്ദേശത്തിൽ പുതിയതായി ചേർത്തവ : (1) മുൻ സൃഷ്ടിചക്രത്തിലെ ഒരു ദേവതക്ക് മോന്റേതു പോലെ സമാനമായ പ്രശ്നം ഉണ്ടായിട്ടുണ്ട്. ഇസ്ലാമിലെ ബലി പെരുന്നാളും ഇബ്രാഹിം നബിയുടെ ചരിത്രവും അതാണ്. (2) മുരുകൻ, അശോകൻ, ന്യൂട്ടൺ, ബോസ്, തുടങ്ങിയ ജന്മങ്ങളെ അല്പം വിശകലനം ചെയ്താൽ, പ്രതിപ്രവർത്തന സ്വഭാവം ഉറച്ചപോലെ കാണാം ! .. (3) **മകനോടും, ഭൂമിയിലും പ്രപഞ്ചത്തിലുമുള്ള എല്ലാ കുഞ്ഞുങ്ങളോടും സ്നേഹ വാത്സല്യങ്ങൾ കൂടുതൽ ഉള്ളതുകൊണ്ടാണ് തെറ്റുകളെ പരസ്യമാക്കുന്നത്.** 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' പാഠമാകട്ടെ. കുഞ്ഞുങ്ങൾക്ക് തെറ്റുകളും കുറവുകളും ബോദ്ധ്യമാവാനും തിരുത്താനും കഴിയണം. പരസ്യമാക്കുമ്പോൾ തന്നെ കുഞ്ഞുങ്ങൾക്ക് വളരെയധികം പുണ്യം നേടാൻ കഴിയും. തെറ്റുകുറ്റങ്ങളെ സ്വയം ഏറ്റുപറയുമ്പോഴും പരസ്യമാക്കി മാർഗ്ഗദർശനം ചെയ്യുമ്പോഴും പുണ്യം കൂടുന്നതാണ്. **ഓംകാരനീതിശാസ്ത്രത്തിന്റെ വ്യാപ്തി വളരെ അറിയാവുന്ന ഒരു പിതാവ് എന്ന നിലയിൽ പരമശിവനു കാട്ടാവുന്ന പരമാവധി പ്രീതിയാണത്.**

ഒരു ദേവത ധാർമ്മികമായി അധഃപതിച്ച് രാവണൻ എന്ന രാക്ഷസ രാജാവായി. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ പുനർജ്ജന്മങ്ങളിലൂടെ കഴിഞ്ഞ ജന്മത്ത് വല്ലഭായി പട്ടേലായി വന്നപ്പോൾ, ഗാന്ധിജിയുടെ കൂടെ നിൽക്കാനുള്ള അവസരങ്ങളെ മഹാവാത്സല്ല്യത്തോട മഹാദേവി ഒരുക്കി. വളരെയധികം പുണ്യം നേടാൻ അദ്ദേഹത്തിന് പ്രസ്തുത ജന്മത്തിൽ കഴിഞ്ഞുവെങ്കിലും, പഴയ കാല ഘോര പാപങ്ങൾ ഇനിയും ഏറെയുണ്ട്. കേരളത്തിലെ ഒരു മുസ്ലിം ഭവനത്തിൽ പുനർജ്ജനിച്ച് 60 കടന്ന പട്ടേൽ ഒരല്പം ഹിന്ദു വിരോധിയാണ്, ഭൂമിയിലെ 750 കോടി ജനങ്ങളിൽ **ഏറ്റവും വലിയ നീചൻ No. 6** എന്ന് ദൈവ വിപ്ലവത്തോടെ തെളിയുമ്പോൾ പ്രതിമ-ഭ്രാന്തർക്കും മറ്റും പലവിധ ദൈവ-ശിക്ഷകളുണ്ട് എന്നറിയണം ! പുനർജ്ജനിച്ച് മറ്റ് അവസ്ഥകളിൽ വ്യക്തി ഉണ്ടാകുമെന്ന് ചിന്തിക്കാൻ പോലും തയ്യാറാവാത്ത മൂഢരും അവിവേകികളും താന്തോന്നികളും കൂട്ടുനിൽക്കുന്നവരും ശിക്ഷകളെ വാരിക്കൂട്ടുന്നതാണ്. ചരിത്രം പ്രകാരം 182 മീറ്റർ (597 അടി) ഉയരമുള്ള ഒരു മനുഷ്യൻ അഥവാ രാക്ഷസൻ ഇന്ത്യയിലെ ഗുജറാത്തിൽ ജീവിച്ചതിനു തെളിവുകൾ ലഭിച്ചെന്ന വർത്തമാനം ഭാവിയിൽ ഉണ്ടാവാൻ ആധുനിക കാലത്തെ വിവരദോഷികൾ വഴിയൊരുക്കുന്നത് അവർ അറിയുന്നില്ല ! പ്രതിമ കൊണ്ട് പട്ടേലിന് യാതൊരു നേട്ടങ്ങളും ലഭിക്കുന്നില്ല; വിവരദോഷികൾക്ക് കോട്ടങ്ങൾ ഏറെ ഉണ്ടാകുന്നതുമാണ്. മണ്ണും ഭൂമിയുമായ ദൈവം, മണ്ണിന്റെ അംശമായ ശരീരത്തിലൂടെ നൽകുന്ന ശക്തി കൊണ്ട് ധർമ്മ ശാസ്ത്രപരമായി മണ്ണിൽ അദ്ധ്വാനിച്ച് ആനന്ദങ്ങളെ നേടുകയും, പങ്കിടുകയും, ആസ്വദിച്ച് ആനന്ദിക്കുകയും വേണം. പകരം തെമ്മാടികൾ = എമ്പോക്കികൾ, ജനങ്ങളിലെ ഭൂരിപക്ഷത്തിന്റെ അത്യാവശ്യങ്ങളെ മറന്നു കൊണ്ടും മറച്ചു കൊണ്ടും മറ്റും ടൂറിസം വികസനം എന്ന അധാർമ്മികമായ 'ധന സമ്പാദനം' ഉദ്ഘോഷിക്കുമ്പോൾ 'യഥാർത്ഥ സനാതന ധർമ്മം' തെറ്റിച്ചവർക്കെല്ലാം പാപങ്ങളും ശിക്ഷകളും ഉണ്ട്.

**'പാപ-പ്രതിമയെ' ഉണ്ടാക്കിച്ചവരും ഉണ്ടാക്കിയവരും, ബഹുവധങ്ങളിൽ കൂട്ടുനിന്നവരും സ്വന്തം കീശകളിൽ നിന്ന് 'സാമ്പത്തിക നഷ്ടം' നികത്തുമ്പോഴും, പാപ-പ്രതിമയെ പരിണമിപ്പിക്കുമ്പോഴും, ഭാഗികമായ പരിഹാരം മാത്രമാണവ. കുഞ്ഞുങ്ങളെ, ഓംകാര നീതി ശാസ്ത്രം മഹാവാത്സല്ല്യമാണ് എന്നതിന് കൊടിയ തെമ്മാടിത്തങ്ങളെ ലാഘവത്തോടെ ക്ഷമിക്കുമെന്ന് ധരിച്ചു പോകരുത്. ആനന്ദങ്ങൾക്ക് അളവുകൾ ഉണ്ടെന്ന് ഗ്രന്ഥത്തിൽ വിശദീകരിച്ചതു പോലെ, ശരീരത്തിലെ അവയവങ്ങൾ, പ്രവൃത്തികൾ, ഊർജ്ജം, സമയം, സമ്പത്ത് ഉൾപ്പെടെ സർവ്വത്തിനും അളവുകൾ ഉണ്ട്; മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിശക്തി ലഭ്യമാക്കിയിട്ടുണ്ട്. പാപങ്ങൾക്കും ശിക്ഷകൾക്കും അളവുകളുണ്ട്. മഹാവാത്സല്ല്യത്തോടെ ശിക്ഷിച്ചു തിരുത്തേണ്ടത് മഹാനീതി നടത്തിപ്പിന് ആവശ്യം ആണ്; സമനീതി ലഭിക്കുന്നതുമാണ്. സ്തുതികൾ, വഴിപാട് തുടങ്ങിയ ഹീനമായ മാർഗ്ഗങ്ങളിലൂടെ മഹാനീതിയായ മഹാദേവിയെ പ്രീതിപ്പെടുത്താൻ ശ്രമിച്ചാൽ, മഹാനീതി-പതിയായ പരമശിവനിലൂടെ ശിക്ഷകളെ വർദ്ധിപ്പിച്ചെന്നും വരും. ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ എല്ലാവരും എന്നതിനാൽ കുഞ്ഞുങ്ങൾ ദുസ്വാർത്ഥങ്ങൾ ഇല്ലാതെ, ധർമ്മശാസ്ത്ര പ്രകാരം അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്താൽ, അപ്രകാരം ചെയ്യുന്ന കുഞ്ഞുങ്ങളോട് ദൈവത്തിന് മഹാവാത്സല്യം ഉറപ്പായും വർദ്ധിക്കുന്നതാണ്. ദൈവത്തിന്റെ പ്രീതി നേടാൻ ഭൂമിയിൽ മറ്റു മാർഗ്ഗങ്ങൾ ഇല്ലെന്ന് സമസ്ത മനുഷ്യരും അറിഞ്ഞു കൊള്ളുക.**

**മലകളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഒരു ദേവത ധാർമ്മികമായി അധഃപതിച്ച് ദുർദ്ദേവതയായി, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിൽ പുനർജ്ജന്മങ്ങളിലൂടെ കേരളത്തിലെ ഒരു മുസ്ലിം ഭവനത്തിൽ ജീവിക്കുന്നു.** 60 **വയസ്സായ ഒരു മതഭ്രാന്തനാണ്, ഭൂമിയിലെ** 750 **കോടി ജനങ്ങളിൽ ഏറ്റവും വലിയ നീചൻ** No. 7.

**മഹാശക്തി എന്ന മഹാശാസ്ത്ര ദൈവ നാമത്തിലെ 'തി' ബന്ധമുള്ള, യഥാർത്ഥ സർവ്വ പ്രധാനിയായ ദേവത, 'അഗ്നിദേവൻ' എന്ന തെറ്റായ നാമത്തിൽ അറിയപ്പെടുന്ന 'അഗ്നിദേവത' കേരളത്തിലെ ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ച് കുറെയേറെ സാധുവായ ഒരു ചെറുപ്പക്കാരനായി ജീവിക്കുന്നുണ്ട്. ഭൂമിയിലെ 750 കോടി ജനങ്ങളിൽ ഏറ്റവും വലിയ നീചൻ No. 10.**

**ഓംകാര നീതി ശാസ്ത്രം അടിസ്ഥാന പരമായി മഹാവാത്സല്ല്യമാണെന്ന് കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്താൻ കുഞ്ഞുങ്ങൾക്കു വേണ്ടി സൃഷ്ടിച്ച ദേവതകൾ / മലക്കുകൾ / മാലാഖമാർ ധർമ്മ ശാസ്ത്ര വിരുദ്ധമായി പ്രവർത്തിച്ച കാര്യങ്ങളെ മേല്പടി മഹാവേദ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. നീതികാര്യങ്ങളുമായി ബന്ധപ്പെട്ട അവയ്ക്ക് ഭൗതികമായ അസ്തിത്വം ഉണ്ടാകുന്നത് അവ സത്യമാണെന്ന് ദൈവ വിപ്ലവം യാഥാർത്ഥ്യമാണെന്ന് തെളിയുമ്പോഴാണ്.**

**ഇനി, ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ മനുഷ്യരുടെ കാര്യം :- ഭൂമിയിലെ എല്ലാ അടിമകൾക്കും / ഭരണാധികാരികൾക്കും മുകളിൽ പുണ്യം കൊണ്ടും ജന്മങ്ങളുടെ എണ്ണം കൊണ്ടും ശ്രേഷ്ഠത ഏറെ നേടിയ ഒരു കുട്ടി കേരളത്തിലെ കോൺഗ്രസ് സംഘടനയിൽ ഉണ്ട് : കെ.മുരളീധരൻ; ആയുസ്സിനു പ്രശ്നമുണ്ട്; സ്ഥിതി പരമായ വിധി കൊണ്ട് മാറിയേക്കാം! ജവഹർലാൽ നെഹ്റു നല്ലവനായ ഒരു അറബിയാണ്. ലെനിൻ, ഇന്ദിരാഗാന്ധി, ഖലീഫ ഉമർ, അബൂബക്കർ, നാരായണ ഗുരു, തുടങ്ങിയവർ കേരളത്തിൽ പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്; ചിലർ മുൻകാല ദേവതകളാണ്. പോപ്പ് ജോൺ പോൾ 2 -ആയി വന്ന മുഹമ്മദ്, ഭൗതിക അസ്തിത്വം ഇല്ലാത്തതായ കുറെ നിയമങ്ങളെ വീണ്ടും തട്ടിക്കൂട്ടി, ഇപ്പോൾ ഒരു മുസ്ലീം കുടുംബത്തിൽ പുനർജ്ജനിച്ചിട്ടുണ്ട്. ദൈവ വിപ്ലവത്തോടെ, ബോദ്ധ്യപ്പെടും.**

## ഏറ്റവും വലിയ നീചർ Nos. 11 to 15

അഞ്ചു പേരും കേരളത്തിൽ, മുസ്ലീം ലേബലിൽ ജീവിക്കുന്നു; ആരും മതഭ്രാന്തരല്ല; 12 മുതൽ 14 വരെയുള്ള 3 പേരിൽ ഒരാൾ 'നാരായണ ഗുരുവിന്റെ' പുനർജ്ജന്മം ആണ്; മഹാദേവി അക്കാര്യത്തിൽ ഈയുള്ളവന് മറവി സൃഷ്ടിച്ചതിന് കാരണം ഉണ്ടാവും !

## ഏറ്റവും വലിയ നീചൻ No. 5

കേരളത്തിൽ മുസ്ലിം ലേബലിൽ ജീവിക്കുന്നു; ശബരിമല, കൊല്ലൂർ, ഗുരുവായൂർ ഉൾപ്പെടെ ഏതൊരു മത-ദേവാലയത്തിലും ഭക്തിയോടെ പോകുന്ന അദ്ദേഹത്തിന് തൽക്കാലം അറിവ് വളരെ കുറവാണ്. ലെനിൻ, കൂടാതെ No. 8 -ന്റെ അംശാവതാരം എന്നിവ കൊണ്ട് കടുത്ത പാപിയും കൂടിയാണ്.

## ഏറ്റവും വലിയ നീചൻ No. 4

കേരളത്തിലെ മുസ്ലീം കുടുംബത്തിൽ ജീവിക്കുന്നു; അക്ബർ ചക്രവർത്തിയുടെ പുനർജന്മം കൂടിയാണ്. ദൈവ വിപ്ലവ കാലത്ത് എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ ഒന്നിപ്പിച്ച് പുണ്യം വർദ്ധിപ്പിച്ചേക്കാം ! കൂടുതൽ പുണ്യം നേടാൻ മഹാദേവി നൽകിയ അവസരങ്ങളെ പാഴാക്കിയ പാപികളിൽ, Nos.3 to 15 ഉണ്ട്. കള്ളന്മാരെയും മറ്റും ഉദ്ധരിക്കാൻ ക്രൈസ്റ്റിലൂടെ ദൈവം ശ്രമിച്ചതു പോലെയാണ് ഈയുള്ളവൻ 3 to 9 കുഞ്ഞുങ്ങളെ തിരുത്താൻ പ്രയത്നിച്ചത്.

# ഏറ്റവും വലിയ നീചർ Nos. 1 & No. 2.

**ഭൂമിയിലെ ഏറ്റവും വലിയ പാപികളായ രണ്ടു പേരിൽ ഒരാൾക്ക് ഇപ്പോൾ (2018) ഇന്ത്യയിലെ പ്രധാനമന്ത്രിയും രണ്ടാമന് കേരളത്തിലെ മുഖ്യമന്ത്രിയും ആകാൻ സാധിച്ചെങ്കിൽ, മുജ്ജന്മ പാപങ്ങളെ ധർമ്മ ശാസ്ത്ര പരമായ പ്രവൃത്തികളെ കൊണ്ട് പുണ്യം വർദ്ധിപ്പിച്ച് ദൈവ ശിക്ഷകളെ കുറയ്ക്കാൻ മഹാവാത്സല്ല്യത്തോടെ മഹാമാതാവ് അവസരം നൽകുക കൂടിയായിരുന്നു. ഒന്നാമനെ കടത്തി വെട്ടും വിധം, രണ്ടാമന്റെ പാപങ്ങളും ശിക്ഷാ ശേഖരണവും കുതിച്ച് ഉയർന്നു കൊണ്ടിരിക്കുന്നു; കുഞ്ഞുങ്ങളെ, നിങ്ങളുടെ കാര്യത്തിലെ വേദനകൾ കൊണ്ട്, ഈ വാക്കുകൾ കുറിക്കുമ്പോൾ, ഈയുള്ളവന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ തുള്ളികൾ ഒഴുകി ... നിങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിയുന്നുവെങ്കിൽ, കുഞ്ഞുങ്ങളെ ധാർമ്മികമായി ഉയർത്താനും, ഓംകാര നീതി ശാസ്ത്രം പ്രകാരമുള്ള ശിക്ഷകളിൽ നിന്ന് ഒഴിവാക്കാനുമായി മഹാ-അവസരങ്ങളെ നൽകുന്ന മഹാമാതാവിന്റെ മഹാവാത്സല്ല്യത്തെ തിരിച്ചറിഞ്ഞ് ഉടൻ തന്നെ ധർമ്മ ശാസ്ത്ര വിരുദ്ധമായ നടപടികളെ അവസാനിപ്പിക്കുകയും, ധർമ്മ ശാസ്ത്ര പരമായ പ്രവൃത്തികളെ കൊണ്ട് അത്ഭുതം പ്രവർത്തിക്കുവിൻ ! താൻ പാതി ദൈവം പാതി എന്നതിൽ സ്വന്തം പകുതി ശുദ്ധമാക്കുക; രണ്ടാമത്തെ പകുതി മഹാശക്തിയായ മഹാദേവി @ ഭൂമി സത്യം ശിവം സുന്ദരമാക്കുന്നതാണ്.**

**ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഒരു വ്യക്തിയുടെ സമ്പത്തിനെപ്പോലും -അല്പനേരം പോലും- തടയാൻ അടിമയ്ക്ക്/ ഭരണാധികാരിക്ക് അധികാരമില്ല.**

**നോട്ട് നിരോധനത്തിലൂടെ ഇന്ത്യയിൽ 120 കോടിയിലേറെ ജനങ്ങളെയും അതുപോലെ മറ്റു രാജ്യങ്ങളിലും ജനങ്ങളെ കഷ്ടപ്പെടുത്തിയതും അനേകർ വധിക്കപ്പെടാൻ കാരണമായതും ഒന്നാമന്റെ ഈ ജന്മ പാപങ്ങളെ ഏറ്റവുമധികം ഉയർത്തി! താൽക്കാലികമായ സാമ്പത്തിക ഡിജിറ്റലൈസേഷനും, ഒപ്പം അനേകായിരം കോടി രൂപ പാഴാക്കി വീണ്ടും കള്ളനാണയമായ പേപ്പർ കറൻസി അച്ചടിക്കുന്നതിനു പകരം ദൈവീകമായ സ്വർണം വെള്ളി ചെമ്പ് നാണയങ്ങളെ ഏർപ്പെടുത്താനും, നികുതികളെ അവസാനിപ്പിക്കാനും, ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തെ നടപ്പാക്കാനും പരിശ്രമിക്കാമായിരുന്നു. ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്ന തൊഴിൽ/വിഷയ വിഭജനം പാടേ തെറ്റിച്ച് ജീവിക്കുന്നു. അടിമകൾ ജീവിക്കുന്നത് ഉടമകൾക്കു വേണ്ടിയാവണം; വാക്കുകൾ കൊണ്ട് വേഷം കെട്ടിയാൽ ജനങ്ങളെ ഭാഗികമായി കബളിപ്പിക്കാൻ കഴിഞ്ഞേക്കും; ദൈവത്തെ പറ്റില്ല. ഒന്നാമനേക്കാൾ ഈ ജന്മത്തിൽ അധഃപതിച്ച രണ്ടാമത്തെ അടിമ ധാർഷ്ട്യത്തിന്റെ പര്യായമായി.** ജനങ്ങളുടെ ചിലവിൽ ജീവിക്കാനും 'അടിമയായ' ഭരണാധികാരി ആവാനും പുണ്യം നേടി മുജ്ജന്മ പാപങ്ങളെ അതിജീവിക്കാനും ലഭിച്ച അവസരങ്ങൾ അനവധിയാണ്. അവസരങ്ങളെ മെച്ചമായി ഉപയോഗിക്കാൻ ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളിൽ ഒരാളായ രണ്ടാമന് ഇനിയെങ്കിലും കഴിയട്ടെ ! (1) 2018 ആഗസ്റ്റിലെ വെള്ളപ്പൊക്കം വിശകലനം ചെയ്യുക. അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നു വിടുന്നത് പോലെയുള്ള കാര്യങ്ങളിൽ, അടിമകൾ മാത്രമായ ഭരണകൂടം ഉചിതമായ മുന്നറിയിപ്പ് നൽകണം; മുന്നറിയിപ്പുകൾ സുവ്യക്തമാവണം. അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്നു വിടുമ്പോൾ, പുഴയുടെ തീരത്തു നിന്നും ഇത്ര ദൂരം, ഇത്ര ഉയരത്തിൽ വെള്ളം പൊങ്ങുമെന്ന കണക്കും, അത് വരുത്തി വച്ചേക്കാവുന്ന ദുരിതങ്ങളുടെ കണക്കും, തടയാൻ ആവശ്യമായ നടപടികളും ജനങ്ങളെ ഉചിതമായി അറിയിക്കാനും ജനങ്ങളോട് ചേർന്നു പ്രവർത്തിക്കാനും അടിമകൾക്ക് കഴിയണം. അണക്കെട്ടുകൾ നിർമ്മിച്ച കാലത്ത് തന്നെ തയ്യാറാക്കേണ്ടതായ അത്തരം കണക്കുകളെ തയ്യാറാക്കാൻ ശ്രദ്ധിക്കാഞ്ഞ മന്ത്രിമാരും ഉദ്യോഗസ്ഥരും എല്ലാം കൊടിയ തെമ്മാടി = എമ്പോക്കികളാണ്. തീർന്നില്ല. വെള്ളപ്പൊക്കം ഉണ്ടാകാൻ കാരണമായ അടിമകൾ, രാജ്യത്ത് ലഭ്യമായ സൈന്യത്തിന്റെ സേവനം ഉചിതമായി ഉപയോഗിക്കാൻ തയ്യാറായില്ല. അത്തരം സന്ദർഭങ്ങളിൽ ധർമ്മ ശാസ്ത്ര പരമായി സ്വയം പ്രവർത്തിക്കാൻ, ദൈവ വിപ്ലവത്തോടെ പോലീസിനും സൈന്യത്തിനും ഉൾപ്പെടെ എല്ലാ അടിമകൾക്കും യജമാനർക്കും കഴിയുന്നതാണ്. ഭൂമിയിലെ ഏറ്റവും വലിയ പിശാചായി മാറിയ നാരായണന് ജയ് വിളിച്ചു നടക്കുന്ന ഏഭ്യന്മാർ ഏറെയുള്ള ജനതയാണ് കേരളത്തിൽ ഇന്നുള്ളത്. കടുത്ത അഹംഭാവികളെ പുനർജ്ജനിപ്പിക്കാനുള്ള മേഖല കൂടിയാണ് കേരളം എന്ന് വേറിട്ട് വിശദീകരിച്ചിട്ടുണ്ട്. (2) ശബരിമല തീർത്ഥാടനം പോലെ വിഷയം അല്ലാത്ത വിഷയങ്ങളിൽ ഇടപെടാൻ ന്യൂനശക്തികളുടെ ചട്ടുകമായി രണ്ടാമത്തെ വലിയ നീചനും, പൂച്ചാണ്ടിക്കോടതികളിലെ ജഡ്ജിമാരും അധഃപതിച്ചു; ധാർമ്മിക സദാചാര നിയമങ്ങളെ കശക്കി ഞെരിച്ചത് അതിനു കാരണമായിട്ടുണ്ട്. (3) **ശരിക്കും പൊതുവായ ആവശ്യങ്ങളെ വിസ്മരിച്ചതു പോലെ ആയിരിക്കുന്നു ! എല്ലാ ജനങ്ങളും മണ്ണായ ഭൂമിയുടെ മൂലകങ്ങളിൽ ലയിച്ചിട്ടുള്ള ഭൗതികമായ അസ്തിത്വം ഉള്ളതായ ധർമ്മ ശാസ്ത്രം പ്രകാരമുള്ള ജീവിതം നയിക്കണം; അതിനായി പരമാവധി പരിശ്രമിക്കണം എന്നതാണ് വസ്തുത.**

കുഞ്ഞുങ്ങളും യജമാനരുമായ ജനങ്ങൾ പാർപ്പിടം ഇല്ലാതെ വിഷമിക്കുമ്പോൾ, ജനങ്ങളുടെ പണം കൊണ്ട് ഉണ്ടാക്കിയ സുഖ-മന്ദിരങ്ങളിൽ അടിമകൾ മാത്രമായ മന്ത്രിമാരും ജഡ്ജിമാരും ഉദ്യോഗസ്ഥരുമായ 'ഭരണാധികാരികൾ' എന്ന കള്ളപ്പേരോടെ വസിക്കുന്നത് കടുത്ത അപരാധമാണ്. സ്വന്തം പണമാണെങ്കിൽ പോലും സാധാരണ ജനങ്ങൾക്ക് ലഭിക്കുന്നതിൽ അധികം ചികിത്സ സ്വീകരിക്കുന്നതിനു മുമ്പ് അടിമകൾ പദവി ഒഴിയണം എന്നതു പോലെ ധർമ്മ ശാസ്ത്ര വിചാരം വർദ്ധിക്കണം. മറ്റ് ജനങ്ങളെയും ദൈവത്തിന്റെ കുഞ്ഞുങ്ങളായി അറിയണം; പെരുമാറ്റ മര്യാദകളും..!

**'ഇന്ന് ജീവിക്കുകയും, അടുത്ത ഒരു നാൾ മരിക്കുകയും ചെയ്യുന്ന മനുഷ്യ ക്കുഞ്ഞുങ്ങളുടെ ചരിത്രം' മഹാവേദ ഭാഗമായ ഈ ഗ്രന്ഥത്തിൽ, ചേർക്കണമായിരുന്നോ ? ദൈവവിപ്ലവത്തോടെ മഹാവേദത്തെ ചിട്ടപ്പെടുത്തുമ്പോൾ സൃഷ്ടികളുടെ നാമങ്ങളും ചരിത്രങ്ങളും ഉണ്ടാവില്ല. ഇപ്പോൾ കുഞ്ഞുങ്ങളെ തിരുത്താനും, ഭൂമിയിലെങ്ങും മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ-വ്യത്യാസങ്ങളുടെ പേരിൽ നിലനിൽക്കുന്ന വ്യക്തി-വിദ്വേഷം അവസാനിക്കാനും, പരസ്പരം സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും ജീവിക്കാൻ ഉദാഹരണങ്ങൾ ഉപകരിക്കും എന്നാണ് ഉദ്ദേശം. പാപികളെ കൂടുതൽ വെറുക്കുന്നവർക്ക് പാപികളെ കൂടുതൽ ശുദ്ധി വരുത്താൻ ശ്രമിക്കുന്നതിലൂടെ സ്വന്തം പാപങ്ങളെ കുറയ്ക്കാനും, പുണ്യത്തെ വർദ്ധിപ്പിക്കാനും കഴിയുന്നതാണ്. കൂടുതൽ ആനന്ദത്തെയും നേടാം. അപ്പോഴും എപ്പോഴും അറിയുക : പാപികളെന്നു നിങ്ങൾ കരുതുന്ന മനുഷ്യരേക്കാൾ പാപി ഒരു പക്ഷേ നിങ്ങളാവും ! മഹാനീതി ശാസ്ത്രമായ ഓംകാര നീതി ശാസ്ത്രത്തെ മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളത് പഠിക്കാൻ കഴിയുന്നവർക്ക് ബോദ്ധ്യമാകുന്നതാണ്. ഒരു ജന്മം കൊണ്ട് തീരാത്തതും 100 ജന്മങ്ങൾ കൊണ്ടു മാത്രം തീരുന്നതുമായ നീണ്ട മനുഷ്യ ജീവിതത്തിന്റെ തജ്ജന്മത്തിലെ ഏതാനും കാര്യങ്ങളെ അടിസ്ഥാനമാക്കി അന്യോന്യം മാർക്കിടരുത്. നീതി വിധിക്കാൻ മനുഷ്യന് കഴിയില്ല; കഴിവില്ല എന്നതിനൊപ്പം നീതി വിധിക്കാൻ മനുഷ്യന് കഴിയാത്തതാണ് നല്ലത് എന്നു കൂടി ബോദ്ധ്യമാകും.കുഞ്ഞുങ്ങൾക്ക് നല്ലതായ കാര്യങ്ങളെ മാത്രമേ മഹാദേവി ചെയ്യുന്നുള്ളൂ.**

**വിശകലനം ചെയ്തും ബോദ്ധ്യം വന്നും ഏറ്റവുമധികം നല്ലത് ചെയ്യാനും പുണ്യം വർദ്ധിപ്പിക്കാനും അടിമകൾക്കും യജമാനർക്കും കഴിയട്ടെ ! ഏറ്റവും കൊടിയ പിശാചുക്കളും, ദൈവത്തിന്റെ പൊന്നോമന കുഞ്ഞുങ്ങളാണ്. താൽക്കാലികമായി വഴിതെറ്റിയ അവരെ തിരുത്തുവാൻ അവരുടെ മഹാമാതാവും മഹാനീതിയും ഏകദൈവവുമായ മഹാദേവിയും, മഹാപിതാവും മഹാനീതിപതിയുമായ മഹാദേവനും ഉണ്ട്. സ്വന്തം മുജ്ജന്മങ്ങളെയും പാപങ്ങളെയും പറ്റി യാതൊന്നും അറിയാത്തവർ, സഹോദരങ്ങളായ പാപികളെ സഹായിക്കുക എന്നല്ലാതെ അധർമ്മികളോട് വിരോധം അരുത്; അധർമ്മത്തെ ശക്തമായി എതിർക്കുകയും വേണം.**

**ആദ്യ മഹാകാലചക്രത്തിൽ, മനുഷ്യാവസ്ഥയിൽ മോക്ഷം നേടവേ ദേവതകൾ/ മാലാഖമാർ /മലക്കുകളായി പ്രത്യേക പദവി ലഭിച്ചവർ, കൊടിയ ദുർദ്ദേവതകളും പിശാചുക്കളുമായി അധഃപതിച്ച് കാട്ടിക്കൂട്ടിയ അപരാധങ്ങളെ കണക്കാക്കിയാൽ, മനുഷ്യരുടെ തെറ്റുകളും കുറ്റങ്ങളും ഗൗരവമാണെങ്കിലും, നിസ്സാരമായി തോന്നും.**

**യൂറോപ്പിൽ അനേകം പള്ളികൾ വിൽക്കാനുണ്ട് ! ആചാരങ്ങളുടെ പേരിലും മറ്റും കേരളത്തിൽ ശണ്ഠ ! ദൈവ വിപ്ലവത്തിനുള്ള ഒരുക്കമായ ന്യൂനശക്തികളുടെ തിരുത്തൽ പ്രവർത്തന -ഭാഗമായി ദേവാലയങ്ങളിലെ കാര്യങ്ങളെ ഗ്രഹിച്ചാൽ ശ്രേഷ്ഠമാണ് ! ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലും ശിവലിംഗം മാത്രം പ്രതിഷ്ഠിക്കാനുള്ള ദൈവീക നടപടികൾക്ക് കേരളത്തിൽ ആക്കം കൂടേണ്ടതുണ്ട് !**

## 4. ഭക്ഷണ നോയമ്പുകൾ അധമമാണ്, മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു. നോയമ്പ് എന്ന പേരിലും മറ്റും ഭക്ഷണം കഴിക്കുന്നതിനെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഇന്നത്തെ മതങ്ങളിലെല്ലാം ഉണ്ട്. അവയൊന്നും യഥാർത്ഥത്തിൽ ദൈവീകമല്ല.

വിശദീകരിക്കാം :- മഹാശക്തിയായ ദൈവം, കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയും സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ലഭ്യമാക്കിയും, ആനന്ദിച്ചു ജീവിക്കുവാൻ മഹാഅനുഗ്രഹിച്ചിട്ടുണ്ട്. ഭക്ഷണ ആനന്ദമെന്നത് പ്രഥമവും ആനന്ദങ്ങളിൽ സർവ്വ പ്രധാനവുമാണ്. ജനനം മുതൽ മരണം വരെയുള്ള മുഴുവൻ കാലഘട്ടത്തിലും എല്ലാ ജീവികൾക്കും അങ്ങനെ തന്നെയാണ്. ഭക്ഷണ സാധനങ്ങളെ പാകംചെയ്ത് ഭക്ഷണ ആനന്ദത്തെ വർദ്ധിപ്പിക്കാൻ മനുഷ്യരെ മഹാഅനുഗ്രഹിച്ചിട്ടുണ്ട്.

ബഹുവിധ ഭക്ഷണങ്ങളെ രുചിച്ച് ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നത് മനുഷ്യരാണെങ്കിലും, ഭക്ഷണവുമായി ബന്ധപ്പെട്ട അതിപ്രധാനങ്ങളായ ശാരീരിക പ്രവർത്തനങ്ങൾ ചെയ്യുന്നത് ദൈവമാണ്. ഭക്ഷണ സാധനങ്ങളെയും മരുന്നുകളെയും മറ്റും ദഹിപ്പിക്കുകയും, മനുഷ്യന് ആവശ്യമായ ശക്തികളെ നൽകുകയും ശരീരത്തിലെ കോശങ്ങളെയും അസ്ഥികളെയും മറ്റും നിർമ്മിക്കുകയും ചെയ്യുന്നത് ദൈവമാണ്; രോഗമുക്തിയും പ്രതിരോധങ്ങളുമെല്ലാം ദൈവത്തിന്റെ പ്രവർത്തനം കൊണ്ടാണ്.

വിസർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും ദൈവം തന്നെയാണ് ചെയ്യുന്നത്. മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതകാലം മുഴുവൻ -സദാസമയവും - ശ്വസനത്തെയും ഹൃദയ പ്രവർത്തനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ട് ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാനിർവ്വഹിക്കുകയാണ്. തന്റെ കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയുള്ള മഹാവാത്സല്യമാണത്.

പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് അല്പം ബോദ്ധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ദഹന രസങ്ങളുടെയും നാഢീഞരമ്പുകളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം സ്വത്വ ബോധത്തോടെ മനുഷ്യൻ ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും; അങ്ങനെയായാൽ, ജീവികളുടെയെല്ലാം ജീവിതം മുഴു-നരകമാവുന്നതാണ്.

മഹാശക്തിയായ ദൈവം, മനുഷ്യന്റെ ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളെയും എല്ലായ്പ്പോഴും മഹാനിർവ്വഹിക്കുമ്പോഴും, അനന്തങ്ങളെന്നോണമുള്ള ഭക്ഷണ രുചികളിലൂടെയും ദഹന സംതൃപ്തികളിലൂടെയും മനുഷ്യർക്കെല്ലാം ആനന്ദങ്ങളെ ലോഭമില്ലാതെ നൽകുന്നുണ്ട്. വിശപ്പുണ്ടാക്കുക, ദാഹിപ്പിക്കുക, ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും തോന്നിപ്പിക്കുക, വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതുപോലെയുള്ള ആശ്വാസം കൊടുക്കുക, തുടങ്ങിയ കാര്യങ്ങളെ മഹാശക്തിയായ ദൈവം ചെയ്യുന്നത് മനുഷ്യർക്കു വേണ്ടിയാണ്; മഹാനീതിശാസ്ത്ര പ്രകാരം, മനുഷ്യ ശരീരത്തിന്റെ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന്റെ ഭാഗമാണ്.

മഹാശക്തിയായ ദൈവം, മഹാവാത്സല്യത്തോടെയും മഹാനീതിശാസ്ത്ര പ്രകാരവും, 'മനുഷ്യർക്കു വേണ്ടി', മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൽ സന്തോഷം പ്രകടിപ്പിച്ചില്ലെങ്കിലും, ഭാരപ്പെടുത്തിയെന്ന് ശാസ്ത്രപരമായി വാദിക്കുവാൻ യാതൊരാൾക്കും കഴിയുന്നതല്ല.

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവത്തിന് മനുഷ്യരുടെ നന്ദി പ്രകടനങ്ങളെ ആവശ്യമില്ല. എന്നാൽ ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട്. അനന്തമായ ഭക്ഷണ രുചി /ആനന്ദത്തെ നൽകുന്നതിനാൽ, ദൈവം മനുഷ്യരെ ഭാരപ്പെടുത്താതെ, മഹാവാത്സല്യത്തോടെ മഹാ-കരുതുകയാണ്.

ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന ശക്തികളെ സാത്വികമായിട്ട് ഉപയോഗിച്ച് ഭക്ഷണത്തെ നേടുകയും ഭക്ഷിക്കുകയും വേണം; ഭക്ഷണ ആനന്ദത്തെ ശ്രദ്ധിക്കാതെ ഭക്ഷിക്കുന്നവർക്കും ഭക്ഷണ ആനന്ദത്തെ നൽകുവാൻ മഹാവാത്സല്യവുമായ ദൈവം മഹാശ്രദ്ധിക്കുന്നുണ്ട്. ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ശരീര വളർച്ചയും ഒക്കെ തനിയെ പ്രവർത്തിക്കുമെന്ന് വാദിക്കുവാൻ നിരീശ്വരവാദിക്കും, മഹാശാസ്ത്രപരമായി വിശദീകരിക്കാൻ മതവിഴുപ്പുകളെ കൊണ്ട് ജീവിക്കുന്ന തട്ടിപ്പുകാർക്കും (മത പുരോഹിതന്മാർക്കും) കഴിയുന്നതല്ല.

((ദൈവം വിശപ്പുണ്ടാക്കുമ്പോൾ, മനുഷ്യന് വിശക്കുന്നു, വിശക്കുമ്പോൾ തിന്നണം. വിശപ്പ് ഉണ്ടാക്കുന്നത് ദൈവം ആകയാൽ, ഒരാൾ വിശന്നിട്ട് ഭക്ഷണത്തിനു വേണ്ടി മറ്റുള്ളവരോട് യാചിച്ചാൽ, ദൈവവും കാരണക്കാരനും കാരണക്കാരിയും ആവുന്നതാണ്. അന്നദാനം മഹാദാനം ആവുന്നത് അങ്ങനെയാണ്. ഭക്ഷണത്തിനു വേണ്ടി യാചിക്കുന്ന മുതിർന്നവർക്ക് പാകം ചെയ്ത ഭക്ഷണത്തെ ഭിക്ഷയായിട്ടു നൽകുമ്പോൾ, സാധിക്കുമെങ്കിൽ ധർമ്മ ശാസ്ത്ര വിശകലനം ചെയ്യണം; നിർബ്ബന്ധമല്ല. ഭിക്ഷ കൊടുക്കുന്നയാൾക്ക് പാപം ഉണ്ടാകുന്നില്ല; എന്നാൽ ഭിക്ഷ യാചിക്കുന്നയാൾക്ക് പാപം ഉണ്ടാവാതിരിക്കാനോ, പാപം കുറയാനോ പ്രവർത്തിക്കുമ്പോൾ ഭിക്ഷ കൊടുക്കുന്നയാൾക്ക് പുണ്യം വർദ്ധിക്കുന്നതാണ്. ഉദാഹരണത്തിന്, ആരോഗ്യവും, ഭക്ഷണം പാകംചെയ്യാനുള്ള സൗകര്യങ്ങളും ഉള്ളവർ ഭിക്ഷ യാചിച്ചാൽ അരി കൊടുക്കുക, ചോറ് കൊടുക്കരുത്; വിശപ്പിനു ഭക്ഷണം യാചിക്കുമ്പോൾ "പാകംചെയ്ത ഭക്ഷണം" കൊടുക്കുക. ഭിക്ഷ കൊടുക്കുന്നതും കൊടുക്കാതെ യിരിക്കുന്നതും ഏതൊരാളുടെയും വ്യക്തിസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന വിഷയമാണ്; ഭരണകൂടം വ്യക്തിയെ ഭാരപ്പെടുത്തരുത്. യാചകരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ടുള്ള ദൈവത്തിന്റെ മഹാവാത്സല്യത്തെ, സാത്വികമായിട്ട് ചെയ്യേണ്ടതുണ്ട്; ക്രൂരമായ വചനങ്ങളെക്കൊണ്ട് യാചകരെ വേദനിപ്പിച്ചാൽ പാപം കിട്ടുന്നത് യാചകാവസ്ഥ ഉണ്ടാവാൻ ഒരു കാരണക്കാരായ (ജനങ്ങളുടെ ദാസരായ) ഭരണാധികാരികൾക്കാണ്. വിശപ്പിനല്ലാതെ യാചിക്കുന്നവരെ, അസാധാരണമായ സാഹചര്യങ്ങൾ ഇല്ലെങ്കിൽ, ജനങ്ങളെല്ലാം അവഗണിക്കുകയോ, ഓടിക്കുകയോ വേണം; അത്തരം യാചകരെ പരിഗണിക്കേണ്ടുന്നത് (ജനങ്ങളുടെ ദാസരായ) ഭരണാധികാരികളാണ്.

എന്നാൽ ധർമ്മശാസ്ത്രപരമായ ഭരണസമ്പ്രദായങ്ങൾ സമൂഹത്തിൽ ഇല്ലാത്ത സ്ഥിതിക്ക്, ദൈവ-വിപ്ലവം വരെ കാത്തിരിക്കുകയേ നിർവ്വാഹമുള്ളൂ; അല്ലെന്നാൽ മാനുഷികമായ ഊറ്റത്തെ ധർമ്മശാസ്ത്രപരമായിട്ട് പ്രകടിപ്പിക്കാൻ ജനങ്ങൾക്ക് കഴിയണം.))

മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ശരീരമായ ദൈവാംശത്തിന്റെ ജോലികൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട് എന്ന വിശദീകരണം തുടരുന്നു. (ദൈവം) വിശപ്പും ദാഹവും ഉണ്ടാക്കുമ്പോൾ, മനുഷ്യർ വ്യക്തിസ്വാതന്ത്ര്യത്തോടെ ഭക്ഷണ പാനീയങ്ങളെ രുചിച്ച് ആസ്വദിച്ചുകൊണ്ട് വിശപ്പിനും ദാഹത്തിനും ആനന്ദകരമായ പരിഹാരമുണ്ടാക്കാൻ, ശാസ്ത്ര നിയമങ്ങൾ പ്രകാരം ദൈവം ആവശ്യപ്പെടുകയാണ്. ജീവിക്കുന്നത് ആനന്ദിക്കാനാണ്; തങ്ങളുടെ ആനന്ദത്തിന്നായിട്ട് മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളും അവർക്കെല്ലാം വേണ്ടി ഭക്ഷണ പാനീയങ്ങളെ കഴിക്കുകയും ചെയ്യുന്നു. മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ജോലികൾക്ക് തടസ്സവുമില്ല; തടസ്സമുണ്ടാക്കിയാൽ ദൈവനിന്ദയാണ്. പൊതുവായ വസ്തുതയാണ്; എല്ലാ മനുഷ്യരും ജനനം മുതൽ മരണം വരെ നിരന്തരം പാലിക്കേണ്ടതുമുണ്ട്.

സർജറി, രോഗം, ചികിത്സ തുടങ്ങിയ അവസരങ്ങളിൽ വായിലൂടെ ഭക്ഷണം കഴിക്കുന്നതിന് സാധിക്കാതെ വരുമ്പോൾ, മൂക്കിലൂടെയും മറ്റും കുഴലിട്ട് ഭക്ഷണത്തെ ദ്രാവക രൂപത്തിൽ കൊടുക്കുന്നത് എല്ലാവരുടെയും ആവശ്യമല്ല; അഥവാ പൊതുവായ വസ്തുതയല്ല. ഒരു ചിലർക്ക് മാത്രം ഭൗതിക ശാസ്ത്ര പരമായി ആവശ്യമാക്കുന്ന സ്വകാര്യമാണത്. ഭൗതിക ശാസ്ത്ര /വൈദ്യ ശാസ്ത്രപരമായ കാരണങ്ങളാൽ 'സ്വകാര്യമായ ഭക്ഷണ നിയന്ത്രണം' ചെയ്യുമ്പോൾ ദൈവനിന്ദയില്ല; എന്തെന്നാൽ ഭൗതിക ശാസ്ത്രമെന്നത്, "ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രിന്റെ അംശവും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ശാസ്ത്രവും, ഒന്നാമത്തെ വേദവുമാണ്."

ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന് ജീവികളെല്ലാം ഭക്ഷണം കഴിക്കണം എന്നിരിക്കെ, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവ അധികമായി ലഭിച്ച മനുഷ്യ ജീവി മാത്രം ഒരു ചിലരുടെ അധമമായ മത-ആത്മീയ ചിന്താഗതികളെ ശരിയെന്നു തെറ്റിദ്ധരിച്ച് ദൈവത്തിന്റെ പേരിൽ ഭക്ഷണ നിയന്ത്രണം ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്. മതഭ്രാന്തുകളെയും മറ്റും വിഷയമാക്കാതെ, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യ പ്രകാരം തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം 'സ്വന്തമായ (സ്വകാര്യമായ)' ഭക്ഷണ നിയന്ത്രണം ചെയ്യുമ്പോഴും ദൈവനിന്ദയുണ്ട്, കടുത്തത് അല്ലെന്നേയുള്ളൂ. എന്നാൽ, **സ്വകാര്യമായതിനെ നല്ലതെന്നു വിശേഷിപ്പിക്കുകയോ, മറ്റുള്ളവരും ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ ഒക്കെ ചെയ്താൽ ദൈവനിന്ദയുടെയും പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതാണ്. മത പുരോഹിതന്മാരും മറ്റും പാപങ്ങളും ദൈവ ശിക്ഷകളും വാരിക്കൂട്ടുന്നുണ്ട്.**

അജ്ഞാനവും അവിവേകവും ദുസ്വാർത്ഥങ്ങളും മറ്റും നിമിത്തമാണ് വളരെ പേർ പടുകുഴിയിൽ പെട്ടിരിക്കുന്നത്. "അജ്ഞാനം കാരണമായ ദൈവ ശിക്ഷകളുടെ" കാര്യത്തിൽ, ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാവുകയും ദൈവ-വിപ്ലവം ആരംഭിക്കുകയും ചെയ്യുന്നതു വരെ മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവം "മഹാനീതിശാസ്ത്ര പ്രകാരമുള്ള പ്രത്യേകമായ ഇളവുകളെ" അനുവദിക്കുന്നതാണ്. പകൽ സമയത്ത് ഭക്ഷണ പാനീയങ്ങളെ കഴിക്കാതെ നോയമ്പ് എന്ന പേരിലും മറ്റുമുള്ള അനുഷ്ഠാനങ്ങളെ പിൻപറ്റുകയും, അത് ദൈവീകമാണെന്നു തെറ്റിദ്ധരിക്കുകയും **ചെയ്യുന്ന മൂഢരെ തിരുത്താനായിട്ട് കടുത്ത വായ്നാറ്റത്തെ നൽകി ദൈവം ശിക്ഷിക്കുന്നുണ്ട്.** വായ്നാറ്റത്തിനു പകരം റോസാപ്പൂവ്, മുല്ലപ്പൂവ് എന്നിവകളുടെ സുഗന്ധത്തെ നൽകിയിരുന്നു വെങ്കിൽ, നോയമ്പ് ദൈവീകമാണെന്നു പ്രചരിപ്പിക്കാൻ മൂഢന്മാർ കൂടുതൽ ആവേശപ്പെടുമായിരുന്നു !

**മണ്ണിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ന്യൂനശക്തികളിലൂടെ മഹാശക്തിയായ ദൈവം മഹാനിർവ്വഹിക്കുന്ന മഹാശുദ്ധീകരണ ത്തെപ്പറ്റി ഗ്രാഹ്യം ഉണ്ടാകുന്നതോടെ അനേകം മൂഢവിശ്വാസങ്ങൾ മണ്ണടിയുന്നതാണ്. ഉദാഹരണത്തിന്; മലം, മൂത്രം, തുടങ്ങിയ മനുഷ്യ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെ മണവും രുചിയും (ദൈവം) നൽകിയാൽ, മനുഷ്യർ കക്കൂസുകളെ ഉണ്ടാക്കുന്നതല്ല; തങ്ങളുടെയും മറ്റുള്ളവരുടെയും മലത്തെ ഭക്ഷിക്കുന്നതാണ്! വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള അന്യ ജീവികളുടെ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെയും മറ്റും മണവും രുചിയും (ദൈവം) നൽകിയാൽ, അവയുടെ വിസർജ്ജ്യങ്ങൾക്ക് വേണ്ടി അവയെ മനുഷ്യർ വധിക്കുകയും, നേടാനായിട്ട് മനുഷ്യർ മത്സരിക്കുകയോ തമ്മിലടിക്കുകയോ ചെയ്യും!**

**ഭക്ഷണ നിയന്ത്രണത്തെപ്പറ്റി ഭോഷത്തങ്ങളോടെ വാചാലരാകുന്നവർ, ശരീരത്തിലെ പ്രവർത്തനങ്ങളെ മഹാഭരിക്കുന്ന ദൈവം, വിശപ്പും ദാഹവും മാത്രമല്ല; ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും (ദൈവം) തോന്നിപ്പിക്കുന്നുണ്ടെന്നതും  വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതു പോലെയുള്ള ആശ്വാസത്തെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും (ദൈവം) കൊടുക്കുന്നതും സ്വയം വിചാരണ ചെയ്യണം.  ഭക്ഷണത്തെ നിയന്ത്രിക്കാൻ തയ്യാറാകുന്നതുപോലെ വിസർജ്ജനങ്ങളെ നിയന്ത്രിക്കുന്നതിലും കേമത്തം കാട്ടണം. ലളിതമായി പറഞ്ഞാൽ, (ദൈവം) പകൽ സമയത്ത് വിശപ്പ് ഉണ്ടാക്കുമ്പോൾ / തിന്നാൻ മുട്ടുമ്പോൾ തിന്നാത്തവർ, തൂറാൻ മുട്ടുമ്പോൾ തൂറരുത്; മൂത്രം ഒഴിക്കരുത്, തുമ്മരുത്, ഛർദ്ദിക്കരുത്, ചുമയ്ക്കരുത്..**

## 5. തഴമ്പിലെ ദൈവീകതയും പൈശാചികതയും.

ഏതാനും വർഷങ്ങൾക്കു മുമ്പ്, മുസ്ലീം ലേബലിനെ പൊക്കിപ്പറയുന്ന സുന്ദരനായ ഒരു ചെറുപ്പക്കാരൻ ഈയുള്ളവനോട് രഹസ്യമായി ഒരു ഉപദേശം ചോദിച്ചു. 'നമസ്കാരം നിമിത്തം' ആ വെളുത്ത കുട്ടിയുടെ നെറ്റിയിൽ വർദ്ധിച്ചുവരുന്ന "കറുത്ത തഴമ്പ് സൗന്ദര്യത്തെ കുറയ്ക്കുന്നു ... നമസ്കാരം ഒഴിവാക്കാതെ, തഴമ്പ് ഇല്ലാതാവാൻ ഒരു മാർഗ്ഗം ഉപദേശിക്കാൻ കഴിയുമോ?" നമസ്കാരം ചെയ്യാതെ, തഴമ്പ് ലഭിക്കാനും, കൃത്രിമമായി തഴമ്പ് ഉണ്ടാക്കാനും വേഷം കെട്ടുന്നവരുടെ ഇടയിലെ മറ്റൊരു മത-മനോരോഗി ആയിരുന്നു അത്!

ഈയുള്ളവൻ നൽകിയ മറുപടി : "കുഞ്ഞേ, പതിവായി കൂന്താലിയും തൂമ്പയും പിടിക്കുന്ന കൃഷിക്കാരന്റെ കൈയ്യിലെ തഴമ്പ് കണ്ടിട്ടുണ്ടോ? പതിവായി കോടാലി പിടിക്കുന്നവർക്കും വാഹനത്തിന്റെ സ്റ്റിയറിംഗ് പിടിക്കുന്നവർക്കും ഒക്കെ കൈപ്പത്തികളിൽ തഴമ്പ് സൃഷ്ടിക്കുന്നത് മഹാപിതാവും മഹാമാതാവും മഹാനീതിയുമായ ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യമാണ്; വീണ്ടും പണിയെടുക്കുമ്പോൾ കൈപ്പത്തികൾ വേദനിക്കാതിരിക്കാനുള്ള മഹാസംരക്ഷണമാണ്. ഇനി, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ആരോഗ്യം, ധനം, ജ്ഞാനം, അവസരം, സമയം തുടങ്ങിയവയെ നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കാതെ ദൈവത്തിനു വേണ്ടിയും മരണാനന്തര ജീവിതത്തിനു വേണ്ടിയുമെന്നു പറഞ്ഞു പാഴാക്കുന്ന മൂഢ ജനങ്ങൾക്ക് ശിക്ഷകൾ വേണ്ടേ? നെറ്റിയിൽ നൽകുന്ന തഴമ്പിന്റെ ഉപയോഗങ്ങൾ എന്തെല്ലാമാണ് എന്ന് ചിന്തിച്ചു നോക്കൂ. വലിയ ഒരു പൂജ്യം എന്നതാണ് സത്യം. കൃഷിക്കാരന്റെ കൈപ്പത്തികളിൽ മഹാഅനുഗ്രഹിച്ചു നൽകുന്ന തഴമ്പുകളുടെ ഉപയോഗങ്ങൾ അനന്തമാണ്; ദൈവീകമാണ്."

ഈയുള്ളവന്റെ വാക്കുകളെ കേട്ട ചെറുപ്പക്കാരന് അനേകരെ പ്പോലെ, ദൈവീകമായ ഊറ്റമില്ലാത്തതിനാൽ, അറിഞ്ഞു കൊണ്ട് മൂഢവിശ്വാസങ്ങളെ ഇന്നും ചുമന്നു പോരുന്നതായാണ് അറിവ്. ഈ ചരിത്രം ശരിവെക്കാൻ സ്വയം തയ്യാറായാൽ അല്പം പുണ്യം നേടാം!

# ശരണം എന്ന പദം

## ദുരുപയോഗം ചെയ്യുന്നത് കടുത്ത പാപമാണ് .. ദൈവനിന്ദയാണ്.

**ഭൂമിയുടെ അംശമായ ശരീരം അനുവദിക്കുകയാണെങ്കിൽ മാത്രമാണ്, സൃഷ്ടിയുടെ സ്വത്വമായ ജീവാത്മാവിന്, ഏതൊരാൾക്കും - എറുമ്പിനു പോലും - ശരണം കൊടുക്കുവാൻ കഴിയുക.**

**മനുഷ്യരെപ്പോലെ സൃഷ്ടി മാത്രമാണ് എല്ലാ ദേവതകളും എന്ന് അവരുടെ ജന്മചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. അങ്ങനെയിരിക്കെ, ഒരു സൃഷ്ടി, ഒന്നോ അതിലധികമോ സൃഷ്ടികൾക്ക് ശരണം കൊടുക്കുന്നതായി കൂവി വിളിക്കുമ്പോൾ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം വിശദീകരിക്കാൻ മണ്ണിൽ ജീവിക്കുന്നവർക്ക് കഴിയണം.**

**ജീവിക്കാൻ സർവ്വവും തരുന്ന ഭൂമിയെ സ്നേഹിക്കുക; ജനനം മുതൽ മരണം വരെ എല്ലാ സൃഷ്ടികൾക്കും ശരണം നൽകുന്നത്**

# ഭൂമി മാത്രമാണ്.

**മറന്നപോലെ പ്രവർത്തിക്കുന്നത് കൊടും കുറ്റമാണ്... പാപമാണ്.. ദൈവ നിന്ദയാണ്.**

**തിന്നാനും കുടിക്കാനും കുളിക്കാനും തൂറാനും കിടക്കാനും ഇരിക്കാനും നിൽക്കാനും നടക്കാനും ഓടാനും, വണ്ടി ഉണ്ടാക്കാനും വണ്ടി ഓടിക്കാനും.. ഭക്ഷണം, വസ്ത്രം, ഗൃഹം, ആഭരണങ്ങൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, വാഹനങ്ങൾ- കാർ, ബസ്, ട്രെയിൻ, കപ്പൽ, വിമാനം, ഗൃഹം, മരുന്നുകൾ, വായു, ജലം, ഇണ തുടങ്ങി സർവ്വത്തിനും ഭൂമി വേണം. എല്ലാം നൽകുന്നത് ഭൂമിയാണ്. സൂര്യപ്രകാശം, ചന്ദ്രപ്രകാശം, ചൂട്, വെയിൽ, തുടങ്ങിയവ യാതൊരാളും സൂര്യനിലോ ചന്ദ്രനിലോ പോയി കൊണ്ടുവരികയല്ല; കുഞ്ഞുങ്ങളും സൃഷ്ടികളുമായ ജീവികൾക്ക് ഭൂമി ലഭ്യമാക്കുകയാണ്.**

## മണ്ണായ ഭൂമി ശരണം, മണ്ണടി ശരണം.

**മരണത്തോടെ ശരീരം വീണ്ടും മണ്ണിലടിഞ്ഞ് മണ്ണിന്റെ @ ഭൂമിയുടെ ഭാഗമായി / മൂലകങ്ങളായി മാറുന്നതാണ്. മണ്ണിൽ നിന്ന് അടിഞ്ഞതാണ് സർവ്വവും. സമുദ്രത്തിലെ ജലത്തെ താങ്ങുന്നതും അടിയിലെ മണ്ണ് തന്നെ. സർവ്വം മണ്ണടി.**

## മണ്ണായ ഭൂമി മാത്രം ശരണം.

# ഭൂമിയിൽ ജീവിച്ച് മണ്ണടിയുന്ന ഏതെങ്കിലും മനുഷ്യർക്ക് ഭൂമി അല്ലാതെ മറ്റാരെങ്കിലും ശരണം കൊടുത്തതായി ചരിത്രം ഉണ്ടോ ? ഇല്ല.

**അണ്ടനും കുണ്ടനും സൃഷ്ടികൾ മാത്രവുമായ ദേവതകൾക്ക് ശരണം വിളിക്കുന്ന വിവരദോഷികൾ സ്വയം വിശകലനം ചെയ്യണം. നാളിതുവരെ ഭൂമിയിൽ നിന്നും അല്ലാതെ എന്ത് ശരണം ലഭിച്ചിട്ടുണ്ട് ?**

**മണ്ണായ ഭൂമിയാണ് സ്വന്തം കുഞ്ഞുങ്ങളായ ദേവതകൾക്കും ശരണം നൽകുന്നത്.**

**മണ്ണായ ഭൂമിയുടെ മഹാജീവി-രൂപങ്ങളാണ് (1) കാളിയും (പശുവും) കാളയും, അഥവാ ഗോമാതാവായ പശുവും പശു-പതിയും; (2) മഹാദേവിയും മഹാദേവനും (പ്രോട്ടോണും ഇലക്ട്രോണുമായി ഭൂമിയിലെ എല്ലാ മൂലകങ്ങളിലും എല്ലാ ആറ്റങ്ങളിലും വർത്തിക്കുന്ന) ഭൂമിയാണെന്ന് ഗ്രഹിക്കാൻ കഴിയുന്നവർ മഹാദേവിയും ഭൂമിയും ഒന്നാണെന്നും ഏകദൈവം ആണെന്നും തിരിച്ചറിയുന്നതാണ്.**

## മണ്ണടി ശരണം ദേവീ ശരണം മണ്ണടി ദേവി മാത്രം ശരണം.

ദൈവത്തെ ആരാധിക്കാൻ, 100 മനുഷ്യ ജന്മങ്ങളിലെ ഏക ജന്മത്തിൽ മഹാശാസ്ത്ര ജ്ഞാനവും അനുവാദവും ലഭിക്കുമ്പോൾ, മണ്ണടി എന്ന പ്രദേശത്തിന്റെ 10 കിലോമീറ്റർ ദൂരത്തിന് ഉള്ളിൽ മനുഷ്യൻ അല്പം ഉന്മാദത്തോടെ, മണ്ണടിയിലെ ബ്രഹ്മ കേന്ദ്രമായ പുതിയകാവ് ക്ഷേത്രത്തിലേക്ക് മനസ്സിൽ തോന്നുന്ന വാചകങ്ങളെ ഉരുവിട്ടു കൊണ്ട് ചെരുപ്പില്ലാതെ നടന്നു പോകുന്നതാണ്. മുഖ്യ ഗാനം,

**മണ്ണടി ശരണം ദേവീ ശരണം**
**മണ്ണടി ദേവി മാത്രം ശരണം**

എന്നായിരിക്കും. സൃഷ്ടി ചക്രങ്ങൾ ഉരുളുമ്പോൾ, ശരണം സംബന്ധിച്ച ഓംകാര നീതി ശാസ്ത്ര പാഠങ്ങളിൽ ചിലവ ഇല, കല്ല്, ലോഹം തുടങ്ങിയ ലിഖിതങ്ങൾ വഴി അടുത്ത സൃഷ്ടി ചക്രത്തിലേക്ക് പകരുകയോ ചിലർക്ക് ലഭിക്കുകയോ ചെയ്യും. ശബരിമലയിലെ ശരണം മാത്രമല്ല; മക്കയിലെ ഹജ്ജിലും ശരണ മന്ത്രം ഉണ്ട്. ഉടനെ ആരംഭിക്കുന്ന ദൈവ വിപ്ലവ കാലത്തു തന്നെ യൗവ്വനത്തിലെത്തുന്ന, ഇപ്പോൾ കേരളത്തിലെ ഒരു മുസ്ലിം കുടുംബത്തിൽ പുനർജ്ജനിച്ചിട്ടുള്ള മുഹമ്മദ് തന്നെ മുജ്ജന്മ ഓർമ്മകൾ ലഭിച്ച് തെളിവുകളോടെ ബോദ്ധ്യപ്പെടുത്തുന്നതാണ്.

**മനുഷ്യരും മുൻകാല ദേവതകളും ഉൾപ്പെടെയുള്ള ഭൂമിയിലെ എല്ലാ സൃഷ്ടികൾക്കും ശരണം നൽകാനും അനുഗ്രഹിക്കാനുമുള്ള യോഗ്യതയും അവകാശവും അധികാരവും ഭൂമി @ മഹാദേവക്കു മാത്രമാണുള്ളത്. ആവക കാര്യങ്ങളെ മനസ്സിലാക്കാനുള്ള ബുദ്ധിയും ശക്തിയും ഒക്കെ മനുഷ്യന് നൽകിയിട്ടുണ്ട്; ഉപയോഗിക്കുന്നത് ധർമ്മ ശാസ്ത്ര വിരുദ്ധമായിട്ടാണെന്നു മാത്രം !**

**ഭൂമിയിൽ ജീവിച്ച്, ഭൂമിയെ മറന്നു കൊണ്ട്, അറിയാത്തതും കാണാത്തതും യാതൊരു തെളിവും ഇല്ലാത്തതുമായ സ്വർഗ്ഗ നരകങ്ങളുടെ പിന്നാലെ ഓടാതിരിക്കുക; പുരോഹിത പരിഷകൾ ഓടിക്കോട്ടെ... ഓടിയില്ലെങ്കിൽ അവരെ സമൂഹത്തിൽ/ നാട്ടിൽ നിന്നും കാട്ടിലേക്ക് ഓടിക്കുക.**

**ദൈവീകമായ പോലീസ് സേന എന്ന അദ്ധ്യായത്തിൽ 'കാട്ടുവാസി>നാട്ടുവാസി' എന്ന അതിഗൗരവമായ വിഷയത്തെ ഹ്രസ്വമായും,**
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf
**എന്ന മഹാവേദ ഗ്രന്ഥത്തിൽ ദീർഘമായും വിശദീകരിച്ചിട്ടുണ്ട്.**

# സനാതന ധർമ്മം

## എന്നാൽ എന്താണ് ?

മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ളത് ഏകമഹാശക്തിയായ മഹാദേവിയുടെ 'മഹാശക്തിയുടെയും മഹാജ്ഞാനത്തിന്റെയും' മഹാസൂക്ഷ്മമായ അംശങ്ങളും 'ശബ്ദ ബ്രഹ്മവും' ചേർത്താണ്. മഹാജ്ഞാനത്തിന്റെ പ്രസ്തുത ഓഹരിയെ മഹാവേദം, മഹാശാസ്ത്രം, ഓംകാര ശാസ്ത്രം എന്നും പറയാം. മഹാപ്രപഞ്ചത്തിലെ മൂലകങ്ങളുടെ ആറ്റങ്ങളിൽ സർവ്വദേശ ഭൂമി ഗാനം, മഹാസംഗീതം, മഹാശാസ്ത്ര മൂലം, ശബ്ദ ബ്രഹ്മം, അക്ഷരബ്രഹ്മം, ആദി വചനം, സൃഷ്ടി മന്ത്രം, സംഹാര കാഹളം, ഏക മഹാശബ്ദം, മഹാദേവിയുടെ മഹാചിരി എന്നിവയായി കുടികൊള്ളുന്ന ഓം മഹാജ്ഞാനത്തിന്റെ ഓഹരിയായ മഹാശാസ്ത്രത്തോടു ചേരുമ്പോൾ മഹാശാസ്ത്രം സമ്പൂർണ്ണമായും മഹാജ്ഞാനമായി പരിണമിക്കുകയും ചെയ്യുന്നു.

ഓംകാര ശാസ്ത്രം എന്നുകൂടി അറിയപ്പെടുന്ന മഹാവേദത്തിന്റെ ഭാഗങ്ങളും, 3 വേദങ്ങളുമായ ഭൗതിക ശാസ്ത്രം, ധർമ്മശാസ്ത്രം, ഓംകാര നീതിശാസ്ത്രം എന്നിവ മണ്ണായ ഭൂമിയിലെ മൂലകങ്ങളിൽ എക്കാലവും ഭൗതിക അസ്തിത്വത്തോടെ മഹാലയിച്ചിരിക്കുകയാൽ അവ സനാതന ധർമ്മം കൂടിയാണ്; കാലാതീതമാണ്.

ഒരു മഹാകാല ചക്രം = 100 പരമകാല ചക്രങ്ങൾ; ഒരു പരമകാല ചക്രം = 100 കാല ചക്രങ്ങൾ; ഒരു കാല ചക്രം = 100 സൃഷ്ടി ചക്രങ്ങൾ; ഒരു സൃഷ്ടി ചക്രം = 10000 വർഷങ്ങൾ എന്നതിൻ പ്രകാരം, **ആയിരം കോടി വർഷങ്ങൾ ചേർന്നതാണ് ഒരു മഹാകാല ചക്രം.**

**ഇപ്പോഴത്തേത് രണ്ടാമത്തെ മഹാകാല ചക്രമാണ്;** അതിലെ ആദ്യത്തെ സൃഷ്ടി ചക്രമാണ്; ഏറെക്കുറെ 4500 വർഷം ആവുന്നു; കൃത്യം 4500 വർഷം പൂർത്തിയാകുമ്പോൾ, എല്ലാ സൃഷ്ടി ചക്രങ്ങളിലും 3 മുതൽ 33 വർഷക്കാലം ഭൂമിയിൽ മുഴുവൻ തുടർച്ചയായി ഓം മുഴങ്ങുന്നതാണ്. ഒരാൾക്ക് 3 വർഷം കേൾക്കാൻ കഴിയുന്നതാണ്. **ഓം മുഴങ്ങുന്ന ദിവസം മുതൽ പുതിയ കലണ്ടർ** 01.01.0001 **എന്ന്** 28 **ദിവസങ്ങൾ ഉള്ള** 13 **മാസങ്ങളോടെ ആരംഭിക്കും.**

28 × 13 = 364 + 1 ദേവീ ആഘോഷ ദിവസം = 365

4 വർഷത്തിലെ അധിക ദിവസ-രാത്രി = ശിവരാത്രി.

**മുകളിലുള്ള കാലഗണനയിൽ നിന്നും സനാതന ധർമ്മത്തിന് മഹാപ്രപഞ്ചത്തിന്റെ പ്രായം ഉണ്ടെന്ന് വ്യക്തമാണ്; ആയിരം കോടിയിൽ അധികം വർഷങ്ങൾ.**

മഹാനീതിശാസ്ത്രമായ ഓംകാര നീതിശാസ്ത്രത്തെ മനുഷ്യർ ഭയക്കാതിരിക്കാനും, ദൈവവും ഓംകാര നീതിശാസ്ത്രവും മഹാവാത്സല്ല്യമാണെന്ന് ബോദ്ധ്യപ്പെടുത്താനും കൂടിയാണ് മഹാമാതാവായ മഹാദേവിയായി ദൈവം രൂപമെടുത്തിട്ടുള്ളത്. മഹാദേവിയും, ~ഭാഗമായ പരമശിവനും, പശു-പശുപതി, നാഗങ്ങൾ എന്നീ രൂപത്തിൽ സൃഷ്ടികളെ സേവിക്കുകയും, അവരിൽ നിന്ന് മോക്ഷം നേടിയവരെ ആദ്യ മഹാകാല ചക്രത്തിലെ ഭരണാധികാരികളായ ദേവതകളായി നിയമിച്ചതും, ഇപ്പോൾ പിൻവലിച്ചിട്ടുള്ളതും സനാതന ധർമ്മത്തെ ഉയർത്താൻ കൂടിയാണ്.

**ഏതാനും ദശകങ്ങൾ കൊണ്ട് ജീവിച്ചു മരിക്കുന്ന മനുഷ്യന് സാധാരണ ജന്മത്തിൽ സനാതന ധർമ്മം എന്ന മഹാവേദത്തെ ഗ്രഹിക്കാൻ കഴിയുന്നതല്ല.**

## സനാതന ധർമ്മം അറിയുന്നത് എപ്പോൾ ?

**ഭൂമിയിൽ ഓം മുഴക്കി ദൈവ വിപ്ലവം ആരംഭിച്ച ശേഷം, 5000 വർഷം കൊണ്ട് അനുക്രമമായി ഓരോ മനുഷ്യന്റെയും 90 മുതൽ 95 വരെയുള്ള പുരുഷ-ജന്മങ്ങളിൽ ഒന്നിലെ ഒരു ശിവരാത്രിയിൽ പ്രപഞ്ചപിതാവും അർദ്ധമഹാദേവിയുമായ പരമശിവൻ ഓരോ മനുഷ്യന്റെയും നാവിൽ ഏക ദൈവീക-ബിരുദവും അക്ഷരബ്രഹ്മവും കൂടിയായ ഓം കുറിച്ച് മഹാദേവിയുടെ മഹാജ്ഞാനമായ മഹാവേദത്തെ നേരിട്ട് മഹാഅനുഗ്രഹിച്ചു നൽകും. മഹാഭീമമായ മഹാശാസ്ത്രം ഭയപ്പെടുത്തുന്നതുമാണ്. സ്ത്രീകളായും പുരുഷന്മാരായും വ്യത്യസ്ത ദേശങ്ങളിലും മതങ്ങളിലും ജാതികളിലും വർഗ്ഗങ്ങളിലും തൊഴിലുകളിലും മറ്റും പെട്ട് ഓരോ മനുഷ്യനും പിന്നിട്ട ജന്മങ്ങളെയും തെറ്റുകുറ്റങ്ങളെയും പറ്റിയുള്ള ഓർമ്മകളും ലഭിക്കും. മഹാനീതിയും മഹാമാതാവുമായ മഹാദേവിയുടെ മഹാവാത്സല്ല്യവും മഹത്വവും തിരിച്ചറിഞ്ഞ് ഓരോ വ്യക്തിയും വിതുമ്പി വിതുമ്പി കരയുകയും 'അർദ്ധ-മഹാദേവിയായ പരമശിവനോട് കുമ്പസരിക്കുകയും' ചെയ്യും.**

**സനാതന ധർമ്മം എന്താണെന്ന് അനുഭവിച്ച് അറിയുകയും സത്യം ശിവം സുന്ദരം എന്ന സനാതന ധർമ്മം പ്രകാരം ജീവിച്ചു തുടങ്ങുന്നതും അപ്പോഴാണ്. മോക്ഷം ലഭിക്കും വരെയുള്ള ശിഷ്ട ജന്മങ്ങളിൽ ഉപകരിക്കും വിധത്തിൽ സനാതന ധർമ്മ തത്ത്വങ്ങൾ ജീവാത്മാവിൽ ലയിച്ചു ചേരുന്നതുമാണ്.**

സൂചിത മഹാവേദ ഗ്രന്ഥത്തിൽ മഹാപ്രപഞ്ചത്തിലെ ഏതൊരു വിഷയത്തിനും ചോദ്യത്തിനുമുള്ള ശാസ്ത്ര പരമായ ഉത്തരം ഉണ്ട്. കൂടുതൽ വിശദീകരണങ്ങളെ ആഗ്രഹിക്കുന്നവർക്ക് സ്വയം തേടാനും നേടാനുമുള്ള വഴികളുമുണ്ട്.

1 2 3 4 5 6 7 8 9 10 11 ....19 .. 20 .. 29 .. 100 എന്നിങ്ങനെ ശാസ്ത്ര പാഠങ്ങൾക്ക് സ്വന്തം അഭിരുചി പ്രകാരം സ്ഥാനം കൊടുക്കുമ്പോൾ പോലും, ദൈവത്തിന്റെ മഹാജ്ഞാനമായ മഹാശാസ്ത്രം മഹാഭീമമാണെന്നും അവയിലെ പാഠങ്ങളെ അതാത് ജന്മത്തിലെ ദൈവദത്തമായ അഭിരുചികളും ആവശ്യങ്ങളും പ്രകാരം പഠിക്കുകയേ വേണ്ടൂ എന്നും സുവ്യക്തമാണ്. **വിദ്യാഭ്യാസം ചെയ്യാൻ മനുഷ്യഗുരു നിർബ്ബന്ധമല്ല എന്ന പാഠം അതിലുണ്ട്**. മറ്റുള്ള ജീവികളും അത് കാണിച്ചു തരുന്നുണ്ട്. മനുഷ്യ ഗുരുക്കന്മാർ വേണ്ടാ എന്നോ പാടില്ലാ എന്നോ ദുർവ്യാഖ്യാനിച്ചു കൂടാ.

അഭിരുചി പ്രകാരം പാഠങ്ങളെ പകർന്നു നൽകാനും, മുറ പ്രകാരം പാഠങ്ങളെ പഠിക്കാനും കഴിയുന്നതു നല്ലതാണ്. എന്നാൽ അത്യാവശ്യമോ ആവശ്യമോ അല്ല. എന്തെന്നാൽ ജീവിക്കുന്നത് ആനന്ദിക്കാനാണ്; പഠിക്കാനല്ല; ആനന്ദങ്ങളെ വർദ്ധിപ്പിക്കാനും ധർമ്മശാസ്ത്ര പ്രകാരം ജീവിക്കാനും പഠനം ആവശ്യമാണ് എന്നേയുള്ളൂ. പ്രത്യേക മുറകൾ പ്രകാരം പാഠങ്ങളെ പഠിപ്പിക്കാൻ നാവിൽ **ഓം** ലഭിച്ച് സത്യം ശിവം സുന്ദരം എന്ന സനാതന ധർമ്മം പ്രകാരം ജീവിക്കുന്ന വ്യക്തിക്കോ, മഹാദേവിക്കോ, ~ഭാഗമായ മഹാദേവനോ മാത്രമേ കഴിയൂ.

ജ്ഞാനം വർദ്ധിപ്പിക്കാനും വ്യക്തി ചെയ്യേണ്ടുന്ന പകുതി പൂർത്തിയാക്കുവാനും തയ്യാറാവണം. വിഷയ താല്പര്യമുള്ളവർ, മരണം വരെയും പുതിയ പാഠങ്ങളെ ഗവേഷണത്തോടെ പഠിക്കുന്നതാണ്.

ഭൗതികപ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളെയും ജീവികളെയും ഭൗതികമായിട്ടു തന്നെ നിയന്ത്രിക്കുന്നതിന്നായിട്ട് വായു, വെള്ളം, മണ്ണ്, ജീവികളുടെ ശരീരം തുടങ്ങിയ എല്ലാ വസ്തുക്കളിലും, ദൈവം ഭൗതികനിയമങ്ങളെയും ഉള്ളടക്കംചെയ്തിരിക്കുന്നു. സർവ്വവും പ്രവർത്തിക്കുന്നത് അതാതു വസ്തുക്കളിൽ ദൈവം ഉള്ളടക്കം ചെയ്തിട്ടുള്ള നിയമങ്ങൾ പ്രകാരമാണ്. വസ്തുക്കളിൽ ദൈവം ഉള്ളടക്കം ചെയ്തിട്ടുള്ള നിയമങ്ങൾ പ്രകാരമല്ലാതെ വസ്തുക്കളെ പ്രവർത്തിപ്പിക്കുവാൻ ജീവികൾക്ക് സാധിക്കുന്നതല്ല. കാലാനുസൃതമായി വെളിപ്പെടുത്തുവാനായിട്ട് ദൈവം സജ്ജമാക്കിയിട്ടുള്ള മഹാശാസ്ത്രത്തെ ഏതെങ്കിലും പ്രത്യേക വ്യക്തിക്ക് മാത്രമോ, പുരാതനകാലത്തിലോ വെളിപ്പെടുത്താൻ കഴിയുന്നതല്ല.

ഭൗതികശാസ്ത്രവികസനം ഏറെക്കുറെ പരമാവധിയിൽ എത്തുന്ന അവസരത്തിൽ, പ്രപഞ്ചത്തിന്റെ ശ്രേഷ്ഠത്വം സ്പഷ്ടമായി വിശദീകരിച്ചു കൊണ്ടും, ദൈവശാസ്ത്രത്തിൽ ഭൗതിക-ധർമ്മ-ആത്മീയശാസ്ത്രങ്ങളെ യഥാവിധി ചിട്ടപ്പെടുത്തിക്കൊണ്ടും കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്തും മാത്രമേ സമ്പൂർണ്ണ ദൈവശാസ്ത്രത്തിന്റെ ക്രോഡീകരണം നടത്തപ്പെടുകയുള്ളൂ. ഏകദൈവവും ബ്രഹ്മവും കൂടിയായ മഹാദേവിക്ക് സ്വന്തം ഭാഗമായ പരമശിവനിൽ 'മത്സ്യാവതാരം, ഓം' തുടങ്ങിയവ ബന്ധിപ്പിച്ചു കൊണ്ട് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ഓംകാര നീതിശാസ്ത്രം എന്നീ യഥാർത്ഥ വേദങ്ങളെ വീണ്ടെടുത്തു നൽകുന്ന മഹാപദ്ധതിയുണ്ട്.

**ദൈവം മഹാകനിഞ്ഞു നൽകിയിട്ടുള്ള ശക്തികളെയും ബുദ്ധിശക്തികളെയും സ്വതന്ത്രമായും ശുദ്ധമായും ഉപയോഗിക്കുവാൻ ഭാഗ്യമുണ്ടാകുന്ന ആധുനിക കാലത്തെ മനുഷ്യർക്ക് മഹാപ്രപഞ്ചത്തിന്റെ ശാസ്ത്രങ്ങളെ മുഖ്യമായും 3 വിഭാഗങ്ങളായിട്ട് (3 വേദങ്ങളായിട്ട്) മനസ്സിലാക്കാനാവുന്നതാണ്. ഒന്നാമത്തെ വേദം ഭൗതികശാസ്ത്രമാണ്; യുക്തിശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, ജീവിശാസ്ത്രം, ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്. രണ്ടാമത്തെ വേദം ധർമ്മശാസ്ത്രമാണ്; യുക്തിശാസ്ത്രം, സദാചാരശാസ്ത്രം, നീതിന്യായശാസ്ത്രം, ഭരണതന്ത്രം, സാമ്പത്തികശാസ്ത്രം, തൊഴിൽ, തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്. മൂന്നാമത്തെ വേദം ആത്മീയശാസ്ത്രം/നീതിശാസ്ത്രമാണ്; യുക്തിശാസ്ത്രം, ദൈവം, പ്രപഞ്ചസൃഷ്ടി, ദൈവീക മഹാനീതിശാസ്ത്രം, ജീവികളുടെ ജനനം, ജീവിതം, മരണം, മോക്ഷം, തുടങ്ങിയ ശാഖകളും ഉപശാഖകളുമുണ്ട്.**

**നാലാമത്തെ വേദം എന്ന് മുമ്പ് വിശേഷിപ്പിച്ചിരുന്നത് വർജ്ജ്യമായ മന്ത്രശാസ്ത്രത്തെയാണ്.**
**മന്ത്രപൂജാസിദ്ധിശാസ്ത്രം, ആയുർവ്വേദം എന്നീ ശാഖകളുണ്ട്. സൃഷ്ടിക്ക് ആധാരമായിട്ടുള്ളത് ദൈവത്തിന്റെ 'മഹാമായ' ആകയാലാണ്, വർജ്ജ്യമെങ്കിലും മന്ത്രശാസ്ത്രത്തെ (മുമ്പ്) നിലനിർത്തിയിരുന്നത്.**

ശാസ്ത്രനിയമങ്ങൾ മാത്രമായ ദൈവശാസ്ത്രത്തിൽ മനുഷ്യൻ ഉൾപ്പെടെ യാതൊരു സൃഷ്ടികളുടെയും ചരിത്രങ്ങളോ നാമങ്ങളോ ഉണ്ടാവുന്നതല്ല; ദൈവശാസ്ത്രങ്ങളെന്ന് അവകാശപ്പെടുന്ന മതഗ്രന്ഥങ്ങളെല്ലാം തന്നെ മനുഷ്യപുരാണങ്ങളോ ഒരുചില വെളിപാടുകൾ ഉൾപ്പെട്ട ചരിത്രങ്ങളോ ആണ്. സ്രഷ്ടാവായ മഹാദേവിയുടെയും ഭാഗമായ പരമശിവന്റെയും നാമങ്ങൾ മാത്രം കുഞ്ഞുങ്ങൾക്കു വേണ്ടി ഉചിതമായി ഉൾപ്പെടുന്നതുമാണ്.

കാലഘട്ടങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ദൈവം പ്രപഞ്ചത്തിൽ ഉള്ളടക്കം ചെയ്തിട്ടുള്ള മഹാശാസ്ത്രത്തെ ഗവേഷകരിലൂടെയും മറ്റും വെളിപ്പെടുത്തുന്നു എന്നല്ലാതെ ദൈവശാസ്ത്ര അവതരണത്തിനായിട്ട് പ്രത്യേക വ്യക്തികളെ ദൈവത്തിന് ആവശ്യമില്ല. മഹാശക്തിയായ ദൈവത്തിന് യാതൊരാളുടെയും സഹായം ആവശ്യമില്ല എന്നതും ദൈവം ശക്തി നൽകാതെ യാതൊന്നിനും യാതൊരാൾക്കും ശക്തി ഉണ്ടാകുന്നതല്ല എന്നതും മഹാനീതിയാണ് ദൈവം എന്നതും കൂട്ടിവായിച്ചാൽ അനവധി അന്ധവിശ്വാസങ്ങൾ അവസാനിക്കുന്നതാണ്. പഴയകാലങ്ങളിലെ ആവശ്യത്തിനൊത്തും അന്വേഷകരുടെ യോഗ്യതകൾക്കൊത്തുമുള്ള ചില വെളിപാടുകൾ തീർച്ചയായും ഉണ്ടായിട്ടുണ്ട്; എന്നാൽ അവയെല്ലാം ഗവേഷണ-ഭാഗങ്ങൾ മാത്രമായിരുന്നു; സമ്പൂർണ്ണ ദൈവശാസ്ത്രം ആയിരുന്നില്ല. (ശാസ്ത്ര-വിശദീകരണങ്ങൾക്ക് : **www.omsathyam.com**).

ഭൂമിയിലെ ഭൗതിക അസ്തിത്വം ഉള്ളതായ ഓക്സിജൻ, കാർബൺ, ഇരുമ്പ്, കാത്സ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, സോഡിയം, പൊട്ടാസ്യം, സൾഫർ, തുടങ്ങിയ മൂലകങ്ങളിലും, അവ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ജീവികളുടെയെല്ലാം ശരീരം, സംയുക്തങ്ങൾ, എന്നിവയിലും മഹാലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങൾ പ്രകാരമാണ് എല്ലാ ആനന്ദങ്ങളെയും (ദൈവം) മനുഷ്യന് ലഭ്യമാക്കുന്നത്. എങ്ങനെയാണ് മനുഷ്യൻ ജീവിക്കേണ്ടത് എന്ന് വിവരിക്കുന്ന ധർമ്മ ശാസ്ത്രവും ഭൂമിയിലെയും, ഓരോ വ്യക്തിയുടെ ശരീരത്തിലെയും, മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്.

**ഭൗതിക ശാസ്ത്ര പാഠങ്ങളെ വെളിപ്പെടുത്തുന്നതു പോലെ ഉചിതമായ സമയത്ത് (മഹാപിതാവും) മഹാമാതാവും മഹാവാത്സല്ല്യവുമായ ദൈവം, ആത്മീയ ശാസ്ത്രം ഉൾപ്പെടെയുള്ള ദൈവകാര്യങ്ങളെയും വെളിപ്പെടുത്തുന്നതാണ് എന്ന് വിശ്വസിക്കാൻ, ദൈവം നൽകിയ ബുദ്ധിശക്തി കൊണ്ട് കഴിയുന്നതാണ്.**

ദൈവം മഹാവാത്സല്ല്യത്തോടെ നൽകുന്നതായ ശക്തികളെയും ബുദ്ധിശക്തികളെയും വ്യക്തി സ്വാതന്ത്ര്യത്തെയും ദുരുപയോഗിച്ച് വ്യത്യസ്തങ്ങളായ മത വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ദേവാലയങ്ങളെയും രാഷ്ട്രീയ പാർട്ടികളെയും നൂറ്റാണ്ടുകളായി തട്ടിക്കൂട്ടുകയും, പിന്നീട് അവയെ അനുകൂലിച്ചും പ്രതികൂലിച്ചും യുദ്ധങ്ങളും കൂട്ടക്കൊലകളുമായി ജീവിക്കുകയാണ് ഭൂമിയിലെങ്ങുമുള്ള മനുഷ്യർ ചെയ്തു പോരുന്നത്.

ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയശാസ്ത്ര വിഷയങ്ങളെ വഴിപിഴപ്പിച്ചതിന്റെ തുടർച്ചയായി ഉചിതമായ വിശകലനത്തെയും മതപ്പിശാചുക്കൾ തടയുകയുണ്ടായി. ഹൃദയം, കണ്ണ്, കിഡ്നി, ..... ഫിസിക്സ്, കെമിസ്ട്രി, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങളെ ചർച്ച ചെയ്യാൻ അതാത് വിഷയങ്ങളിൽ ഏറെക്കുറെ സമാന വിജ്ഞാനം ഉള്ള ഡോക്ടർമാർ, ശാസ്ത്ര ഗവേഷകർ, എഞ്ചിനീയർമാർ എന്നിവരാണ് പങ്കെടുക്കേണ്ടത്. അതേപോലെ 1, 2, 3, 9, എന്നീ സ്റ്റാൻഡേർഡുകളിലെ വ്യത്യസ്ത വിജ്ഞാനം ഉള്ളവർ, സാമൂഹ്യ വേദികൾ, ടെലിവിഷൻ ചാനൽ, വാട്സാപ്പ് എന്നിവയിലും മറ്റും ചർച്ച ചെയ്യുമ്പോൾ, തൽക്കാലത്തെ ചെറിയ ജ്ഞാനം കൊണ്ട് ഗൗരവമായ ദൈവകാര്യങ്ങളിലും മറ്റും വാക് പയറ്റു നടത്തിയാൽ 'മുറിവൈദ്യൻ ആളെ കൊല്ലും' എന്നതു പോലെ അവിവേകവും 'ശാസ്ത്ര നിന്ദ എന്ന ദൈവ നിന്ദയും' ഉണ്ടാകും. ഓരോ വ്യക്തിയെയും സംബന്ധിച്ചിടത്തോളം അതാത് അവസ്ഥകളിലെ അറിവ്, അതാത് അവസ്ഥകളിൽ ശരി തന്നെയാണെന്നിരിക്കെ, വിമർശന ബുദ്ധിയുള്ള കാഴ്ച്ചക്കാരും വിദ്യാർത്ഥികളുമായി മാറിയാൽ അവർക്കും സമൂഹത്തിനും ഗുണം ചെയ്യുന്നതാണ്.

മതാചാര്യന്മാർക്ക് ശരിയെന്നു തോന്നിയവ മതഗ്രന്ഥങ്ങളായി പരിണമിച്ചതിനെ വ്യത്യസ്ത മതപണ്ഡിതന്മാരും പുരോഹിതന്മാരും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ചുമന്നു പോരുകയാണ്; സ്വയം തേടിയതോ നേടിയതോ അല്ല. ദൈവമാണ് ദൈവകാര്യങ്ങളെ അറിയിക്കുന്നതെന്ന് മനസ്സിലാക്കാനും തയ്യാറല്ല !

ദൈവം നൽകുന്ന ബുദ്ധിശക്തിയും ശരീര ശക്തികളും ഉപയോഗിച്ച് ഭക്ഷണം തേടുകയും നേടുകയും, വാത്സല്യം, സ്നേഹം, സഹകരണം, കാമം, ഇത്യാദി ആനന്ദങ്ങളെ അനുഭവിച്ചു ജീവിക്കുകയും ചെയ്യുന്ന മനുഷ്യൻ ഒഴികെയുള്ള യാതൊരു ജീവികളുടെ ഇടയിലും പുസ്തകങ്ങൾ, വിദ്യാലയങ്ങൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മതങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, തുടങ്ങിയവ ഇല്ല.

(മറ്റുള്ള ജീവികൾക്കും മനുഷ്യർക്കു ലഭിച്ച പോലെയുള്ള ബുദ്ധിശക്തി ലഭിച്ചിരുന്നുവെങ്കിൽ ഭൂമിയിൽ ജീവിക്കാനും കഴിയില്ല!)

**മണ്ണുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധമില്ലാത്ത പ്രവൃത്തികൾ "തൊഴിലുകൾ" എന്ന പേരിൽ സമൂഹത്തിൽ വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം "അധമ ചെയ്തികൾ" മാത്രമാണെന്നും "തൊഴിലുകൾ അല്ലാ" എന്നും സുവ്യക്തമാണ്. കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് അടിപിടി-കൊലപാതകം, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല. ദൈവത്തിന്റെ നീതി/ആത്മീയ കാര്യങ്ങളിലെ മാനുഷിക ഇടപെടൽ, ജനസേവനം എന്ന വേഷം കെട്ടൽ, മോഷണം, കൊലപാതകം, കൊള്ള, സ്ത്രീപീഡനം, മദ്യപാനം, പുകവലി, തുടങ്ങിയവ അധമ പ്രവൃത്തികൾ/ ചെയ്തികൾ ആണ്; തൊഴിൽ അല്ല. സൂചിത മഹാവേദ ഗ്രന്ഥത്തിൽ ദൈവീകമായി / ശാസ്ത്ര പരമായി തൊഴിലുകളെ വിശദീകരിച്ചിട്ടുണ്ട്;**

**ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ഭരണകൂടങ്ങൾ നടത്തുന്ന പൈശാചികമായ നികുതി സമ്പ്രദായങ്ങളേക്കാൾ ഹീനമാണ് ദൈവത്തിന്റെ പേരിൽ വ്യത്യസ്ത മതജാതി പുരോഹിതരും ബന്ധപ്പെട്ടവരും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ.**

മനുഷ്യരും മറ്റുള്ള ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാജ്ഞാനമായ മഹാശാസ്ത്ര പ്രകാരം മഹാശക്തിയായ ദൈവം നിർവ്വഹിക്കുമ്പോൾ, ദൈവം നൽകിയ വ്യക്തി സ്വാതന്ത്ര്യത്തെ കവർന്നെടുത്തു കൊണ്ട്, ദൈവത്തിന്റെ മനുഷ്യക്കുഞ്ഞുങ്ങളെ മത-ജാതി-രാഷ്ട്രീയ ജീവികളായി അധഃപതിപ്പിച്ചും തമ്മിലടിപ്പിച്ചും കൊല്ലിച്ചും ബഹുവിധ ചൂഷണങ്ങളെ ചെയ്യുന്ന കൊടിയ പാപികളാണവർ. ദൈവത്തിന് പ്രസ്തുത പാപികളെയും ശുദ്ധി ചെയ്ത് മറ്റു കുഞ്ഞുങ്ങളോട് ചേർക്കേണ്ടതുണ്ട് എന്നും അറിയണം!.

ദൈവത്തിന് എല്ലാ സൃഷ്ടികളും പൊന്നോമന കുഞ്ഞുങ്ങളാണ്; ദൈവത്തിന് ദാസന്മാരുടെയോ മദ്ധ്യസ്ഥന്മാരുടെയോ ആവശ്യവും ഇല്ല. വിവരദോഷികളായ കുഞ്ഞുങ്ങൾ സ്വയമോ അന്യോന്യമോ 'ദൈവ ദാസൻ, ദാസി, പ്രതിപുരുഷൻ, പ്രതിനിധി, മാങ്ങാത്തൊലി' എന്നെല്ലാം വിശേഷിപ്പിച്ചാൽ' മൂഢത്തവും ദൈവനിന്ദയുമാണ്. മതജാതി-ജീവികൾ തട്ടിക്കൂട്ടുന്ന മതജാതി-ജീവികളുടെ സഭകൾക്ക് 'ദൈവ സഭ' എന്നും, ദൈവത്തിന്റെ നേരിട്ടുള്ള അംഗീകാരമോ, മഹാശാസ്ത്രപരമോ അല്ലാത്തതും വ്യത്യസ്ത മതജാതി പരങ്ങളുമായ മന്ദിരങ്ങളെ മതജാതി-ജീവികൾ തട്ടിക്കൂട്ടിയിട്ട് സർവ്വത്തിനും അതീതമായ ദൈവത്തിന്റെ ആലയങ്ങൾ എന്നും ദേവാലയം എന്നും കള്ളപ്പേരിടുന്ന പോലെ നീചമാണത്.

പ്രപഞ്ചത്തിൽ ഒരു ദൈവമേയുള്ളൂ എന്ന് പറയുമ്പോൾ ഭൂമിയിലെങ്ങുമുള്ള 'ദേവാലയങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും'.. സമാനമാവണം.

**ദൈവവും ഭൂമിയും കൂടിയായ മണ്ണിൽ മഹാലയിച്ചിട്ടുള്ള ഭൗതിക-അസ്തിത്വം ഉള്ളതായ ഭൗതിക + ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരം മനുഷ്യർ ജീവിക്കുക എന്നതു മാത്രമാണ് 'ഏകദൈവത്തിന്റെ ഇഷ്ടം.' ദൈവത്തിന്റെ പേരിൽ വ്യത്യസ്ത മതജാതി പരങ്ങളും വ്യത്യസ്ത രൂപഭാവങ്ങളും ഉള്ളതായ വിശ്വാസങ്ങളും ദേവാലയങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായിരിക്കുന്നതിനെ മഹാശാസ്ത്ര പരമായി വിശകലനം ചെയ്യുന്നത് യഥാർത്ഥത്തിൽ ലളിതമാണ്.**

**ജനസേവകരായ ഭരണാധികാരികൾ എല്ലാ മതങ്ങളെയും ശുദ്ധി ചെയ്യാൻ പരിശ്രമിക്കുമായിരുന്നു; അതോടെ മതങ്ങളെല്ലാം അവസാനിച്ച് മഹാശാസ്ത്രം മാത്രം അവശേഷിക്കുമായിരുന്നു !**

മണ്ണായ ഭൂമിയിലെയും, അംശമായ ശരീരത്തിലെയും, മൂലകങ്ങളിൽ മഹാലയിപ്പിച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളും യഥാർത്ഥമായ വേദങ്ങളുമായ ഭൗതിക ശാസ്ത്രം, ധർമ്മശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നിവയെ വീണ്ടെടുക്കാനും, ദൈവ കാര്യങ്ങളെ ക്രമപ്പെടുത്താനും ദൈവത്തിന് മഹാശാസ്ത്ര പദ്ധതികൾ ഉണ്ട്. **ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവും, മഹാവാത്സല്യവുമായ മഹാദേവി, ~ 'സ്വന്തം ഭാഗത്തെ',** പ്രപഞ്ച പിതാവ്, പരമശിവൻ, ക്രൈസ്റ്റ്, ദൈവത്തിന്റെ ഏക പ്രതിനിധി, യഥാർത്ഥ റസൂൽ, ഏകദാസൻ, മഹാദാസൻ, തുടങ്ങിയ മഹാനാമങ്ങളോടെ പ്രവർത്തിപ്പിക്കുന്നുണ്ട്. സൂചിത മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഭൂമിയിലെങ്ങും ഉടൻ ആരംഭിക്കുന്ന ദൈവവിപ്ലവത്തെയും വിവരിക്കുന്നുണ്ട്.

ശാസ്ത്ര പാഠങ്ങളെ എല്ലാ മനുഷ്യർക്കും ഗ്രഹിക്കാൻ കഴിയുന്നതല്ല; ആവശ്യമില്ല. എല്ലാ തൊഴിലുകളും ചെയ്യാൻ ആളുണ്ടാവണം; ശാസ്ത്ര പാഠങ്ങളെ എല്ലാവർക്കും ഗ്രഹിക്കാൻ കഴിയുന്ന സമ-ബുദ്ധിശക്തികളെ എല്ലാ ജന്മങ്ങളിലും നൽകിയാൽ എല്ലാ തൊഴിലുകളും ചെയ്യാൻ സമൂഹത്തിൽ ആളുകൾ തയ്യാറാവുന്നതല്ല.

**ദൈവകാര്യങ്ങളായ മഹാനീതിയെ മനുഷ്യർക്ക് ചെയ്യാൻ കഴിയില്ല; കഴിയുന്നില്ല; കഴിയുന്നതുമല്ല. മഹാനീതിയായ ദൈവം ചെയ്തു കൊള്ളും. ദൈവകാര്യങ്ങളിൽ മനുഷ്യർക്ക് ഇടപെടാൻ കഴിയുന്നതല്ല; ഇടപെടേണ്ട കാര്യവുമില്ല. ഉടൻ ദൈവ വിപ്ലവം ആരംഭിക്കുമ്പോഴും അങ്ങനെ തന്നെ.**

**ജീവിക്കാൻ അത്യാവശ്യമല്ലാത്ത ദൈവ കാര്യങ്ങൾ ഉൾപ്പെടെയുള്ള ആത്മീയ ശാസ്ത്ര വിഷയങ്ങളെ 'വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ദേവാലയങ്ങൾ എന്നിവയെ വ്യത്യാസമായി വിളമ്പുന്ന മതങ്ങളുടെയും' മറ്റും പേരിൽ അധഃപതിപ്പിച്ച്, വഴക്കുകളും പീഢനങ്ങളും ഭീകരാക്രമണങ്ങളും കൊല്ലുംകൊലകളും ഉണ്ടാക്കുകയും മനുഷ്യരുടെയും മറ്റുള്ള ജീവികളുടെയും ജീവിതത്തിൽ വിനാശം ഉണ്ടാക്കുന്നതും, ബുദ്ധിശക്തി കൂടുതൽ ലഭിച്ച 'മനുഷ്യൻ എന്ന കള്ളപ്പേരിൽ അറിയപ്പെടുന്ന' അയഥാർത്ഥ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികൾ മാത്രമാണ്.**

**മഹാദേവി, ഈയുള്ളവന് പരമശിവൻ എന്ന മഹാപദവി നൽകി ഉയർത്തിയിട്ടുണ്ട്. ദൈവ വിപ്ലവത്തിനു മുന്നോടിയായി മഹാശാസ്ത്രം @ യഥാർത്ഥ വേദങ്ങളെ ഈയുള്ളവനിലൂടെ മഹാശാസ്ത്ര പരമായി വീണ്ടെടുത്തിട്ടുള്ളതിന്റെ ഭാഗം മാത്രമാണ് ഈ ദിവ്യ ഗ്രന്ഥം.**

**ഭൂമിയിൽ തോന്നും പോലെ ജീവിക്കാൻ കഴിയില്ല എന്ന് എല്ലാവരും, പ്രത്യേകിച്ചും, കൊടും പാപികളെയാണ് പാപം കുറയ്ക്കാനും പുണ്യം നേടാനുമായി ജനങ്ങളുടെ അടിമകൾ മാത്രമായ ജനസേവകർ/ മന്ത്രി/ രാജാവ് തുടങ്ങിയ പേരുകളിൽ മഹാനീതി ശാസ്ത്ര പ്രകാരം ഗൂഢമായി ദൈവം നിയമിച്ചിട്ടുള്ളത് എന്നു തിരിച്ചറിഞ്ഞ് തിരുത്തി ജീവിക്കണം. മഹാനീതിശാസ്ത്രവും മേല്പടി ഇ -മഹാവേദ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഗൗരവമായ പാഠങ്ങളെ ശാസ്ത്ര പരമായി പഠിക്കാൻ കഴിയുന്നതാണ്.**

തിരുത്താൻ ലഭിച്ച അവസരങ്ങളെ നഷ്ടപ്പെടുത്തിയ പാപികൾക്ക് പട്ടി, പന്നി, എലി, കഴുത തുടങ്ങിയ ജന്തു-ശിക്ഷകളും, പെരുമാൾ-അട്ട, ഈച്ച തുടങ്ങിയ അതിനീച ജന്മങ്ങളും അനേകം തവണ സ്വീകരിക്കേണ്ടി വരുമ്പോൾ, ശിക്ഷ പിടിച്ചു വാങ്ങുകയാണ്; മഹാവാത്സല്യമായ ദൈവം വേദനയോടെ ശിക്ഷിച്ചു തിരുത്താൻ തയ്യാറാവുകയാണ്.

All people, especially the sinners, must realize that GOD separately give Chances to the top most Sinners on Earth in order that they serve as Slaves to a very large number of people in Countries / States whereby they can reduce their so huge Sins accrued in Past births, and perhaps earn extra a little Holiness too. The Supreme Science of Justice has been added to the Supreme e-book. The Sinners who miss the Godly given opportunities, will have to avail punishing animal births such as dogs, pig, rats, monkeys and donkeys, as well as Leech (Perumal-Atta), house fly (Eecha) etc in many times. In fact those wicked children are grabbing punishments. The Supreme Mother so punish with grief for correction.

| | |
|---|---|
| എത്ര കൊടിയ പാപിയാണെങ്കിലും, വഴിതെറ്റി ജീവിക്കുന്ന ഒരു കുഞ്ഞിനെയും ദൈവം ഉപേക്ഷിക്കുന്നതല്ല.<br><br>ജീവിയോ, പുരുഷനോ സ്ത്രീയോ അല്ലാത്ത മഹാശക്തി മാത്രമായ ദൈവം, മഹാമാതാവ് എന്ന സ്ത്രീ രൂപം സ്വീകരിക്കുന്നതിന്റെ ഒരു മുഖ്യ ഉദ്ദേശ്യം പാപികളായ കുഞ്ഞുങ്ങൾ മഹാനീതിപതി കൂടിയായ ദൈവത്തെയും മഹാനീതിശാസ്ത്രത്തെയും ഭയക്കാതിരിക്കാനാണ്. ശിക്ഷിച്ചു തിരുത്തേണ്ടത് മഹാസമനീതി നടപ്പാക്കാൻ ആവശ്യമാണ്. ശിക്ഷിച്ചുതിരുത്തിയ കുഞ്ഞുങ്ങൾക്ക് മഹാവാത്സല്യത്തോടെ സമ-ആനന്ദത്തെ അനുഗ്രഹിച്ചു നൽകുന്നതുമാണ്. | Even though the Sinner is extremely bad, GOD will not abandon a child/ baby going astray/wrong.<br><br>Although GOD is Neither any Creature Nor Woman/ Man; but the Supreme Power, GOD appear as a woman @ the Supreme Mother of the Universe, mainly for the reason that Sinners who are also Babies of GOD, should not fear the Supreme Justice GOD as well as the Supreme Science of Justice. It is necessary to punish and correct to enact Supreme Justice. After punishing & correcting, GOD care to bless with Supreme Motherly love & Equal Pleasures to all Children/ Babies. |

| | |
|---|---|
| മഹാനീതി ശാസ്ത്രം തീർച്ചയായും കടുത്തതാണ് എന്നതിനും ഉപരിയായി മഹാവാത്സല്ല്യമാണ്. | The Supreme Science is certainly hard; but more than that it's Supreme Motherly Love. |
| മഹാവാത്സല്ല്യമായ മഹാമാതാവിന്റെ മഹാഹൃദയമായ ഓംകാരം മഹാവാത്സല്ല്യമാണ്. | The Supreme Mother's Supreme Heart named as OMKARAM is Supreme Motherly Love. |
| എല്ലാ ആനന്ദങ്ങളെയും സൃഷ്ടിച്ചിട്ടുള്ള ദൈവം എല്ലാ ആനന്ദങ്ങൾക്കും അതീതമാണ് എന്നിരിക്കെ, സൃഷ്ടികളെ പൊന്നോമന കുഞ്ഞുങ്ങളായി കരുതി, കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്ല്യത്തെ ഏക മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളതും ഓംകാര നീതി ശാസ്ത്രം എന്ന മഹാനാമം മഹാനീതി ശാസ്ത്രത്തിന് നൽകിയിട്ടുള്ളതും അർത്ഥപുഷ്ടമാണ്; മഹാവാത്സല്ല്യം കൊണ്ടാണ്. | Since GOD created all the pleasures, it's evident that GOD is beyond all Pleasures. When GOD places the 'Supreme Motherly Love' as GOD's Single Supreme Pleasure, it is vital that GOD considers the Creatures as 'Golden Beloved Babies' with Supreme Motherly Love is meaningful. |

| | |
|---|---|
| 1000 കോടി വർഷങ്ങൾ നീണ്ട ആദ്യ മഹാകാല ചക്രത്തിൽ ദൈവം നേരിട്ട് ഭരിക്കാതെ, മനുഷ്യരിൽ നിന്നും മോക്ഷം നേടിയ കുഞ്ഞുങ്ങൾക്ക് ദേവതകൾ @ മാലാഖമാർ @ മലക്കുകൾ എന്ന പേര് നൽകി അവരിലൂടെ ഭരണം നടത്തിയതും അക്കാലമത്രയും പശുവും പശുപതിയുമായി കുഞ്ഞുങ്ങളുടെ മഹാദാസിയും മഹാദാസനുമായി പാദസേവ ഉൾപ്പെടെ എല്ലാ സേവനങ്ങളും നാവുകൊണ്ട് ചെയ്തതും, രണ്ടാമത്തെ മഹാകാല ചക്രത്തിൽ ഭരണം നേരിട്ട് ഏറ്റെടുത്ത ശേഷവും ചെയ്തു പോരുന്നതും മഹാനീതി കൂടിയായ മഹാദേവി അടിസ്ഥാനപരമായി മഹാവാത്സല്യമാണെന്ന് കുഞ്ഞുങ്ങളെ ബോദ്ധ്യപ്പെടുത്താനും ഭയം അകറ്റാനുമാണ്. മേല്പടി ഇ-മഹാവേദ ഗ്രന്ഥത്തിൽ വിശദീകരണമുണ്ട്. | In the First MahaaKaala Chakram consisting of 1000 Crores of years, GOD did not rule the Creatures direct, but entrusted human beings received Moksham @ Salvation, renaming them as Devatas @ Angels, to rule the Creatures, and was serving all Babies @ Creatures all the time even cleaning their feet too with Tongue, as COW & OX. Even after taking up the DIRECT Rule in the Second MahaaKaala Chakram, MAHAADEVI @ the Supreme Justice, serve the Children /Creatures with Supreme Motherly Love as their Servants, making all Human beings realize that GOD is basically Supreme Motherly Love, and to end up their Fear. Detailed in the Supreme E-book mentioned above. |

**ധർമ്മ ശാസ്ത്ര പാഠങ്ങളെ ഉൾക്കൊണ്ടു ജീവിക്കാനും, ലളിതമായി പരസ്പരം ബോദ്ധ്യപ്പെടുത്താനും ഉപകരിക്കുന്ന രണ്ടു പ്രാർത്ഥനകളെ കുറിക്കുന്നു.**

(1). "യാതൊരു അഹംഭാവങ്ങളും, അജ്ഞാനങ്ങളും, അഹങ്കാരങ്ങളും, പൊങ്ങച്ചങ്ങളും, കാപട്യങ്ങളും, അസൂയകളും, അസത്യങ്ങളും, അധർമ്മങ്ങളും, അനീതികളും, അവിവേകങ്ങളും, ദുഷ്ക്കാമങ്ങളും, ദുഷ്ചിന്തകളും, ദുശ്ശീലങ്ങളും, ദുഷ്ക്കോപങ്ങളും, ദുർഭാഷണങ്ങളും, ദുഷ്ച്ചെയ്തികളും, ദുർഗ്ഗുണങ്ങളും, ദുസ്വാർത്ഥങ്ങളും, യാതൊരിക്കലും ഉണ്ടാകാതെ എല്ലായ്പോഴും (ഈയുള്ളവനെ / ഈയുള്ളവളെ) മഹാഅനുഗ്രഹിക്കേണമേ" എന്ന് സാധിക്കുമ്പോഴെല്ലാം ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, ഏകദൈവവും മഹാവാത്സല്ല്യവുമായ മഹാദേവിയോട് പ്രാർത്ഥിക്കുകയും, അവ നേടാനായി സദാ പ്രയത്നിക്കുകയും ചെയ്യുക.

(2) ഈ സന്ദേശത്തെ പഠിക്കുന്നതു മുതൽ ഭാര്യക്ക് ഭർത്താവിനോടും, ഭർത്താവിന് ഭാര്യയോടും, അഥവാ ഇണയോടു മാത്രം, കാമവികാരങ്ങളും കാമവിചാരങ്ങളും കാമസംഭാഷണങ്ങളും കാമലീലകളും കാമമനോഭാവങ്ങളും കാമബന്ധങ്ങളും ഉള്ളവളാക്കി / ഉള്ളവനാക്കി എല്ലായ്പ്പോഴും മഹാ-അനുഗ്രഹിക്കണമേയെന്ന് ദിവസവും പ്രാർത്ഥിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുക. അപ്രകാരം ചെയ്യുന്ന ദമ്പതികൾക്ക് ദൈവത്തിന്റെ മഹാവാത്സല്ല്യത്തെ തീർച്ചയായും ഏറ്റവുമധികം ലഭിക്കുന്നതാണ്.

ദൈവ വിപ്ലവം ആരംഭിക്കുന്നതിനു മുമ്പും ശേഷവും, കുഞ്ഞുങ്ങൾക്ക് മഹാവാത്സല്ല്യത്തോടെ മഹാദേവി നൽകിയിട്ടുള്ള ബുദ്ധി ശക്തി, സമ്പത്ത് തുടങ്ങിയവ നല്ലതിനു മാത്രം ഉപയോഗിക്കുവാനും, അന്യരായി അറിയുന്നവരും അറിയാത്തവരും ഒരേ കുടുംബത്തിലെ അംഗങ്ങളാണ് എന്നും മനസ്സിലാക്കാൻ പരിശ്രമിക്കുക. ധർമ്മശാസ്ത്ര പ്രകാരം പരസ്പരം സഹകരിച്ചും സഹായിച്ചും ജീവിക്കുവാൻ ഓരോ മനുഷ്യനും സ്വന്തം പകുതി ചെയ്യണം; രണ്ടാമത്തെ പകുതി മഹാഭദ്രകാളി കൂടിയായ മഹാദേവി മഹാഭദ്രമാക്കുന്നതാണ്.

ഏകമഹാശക്തിയായ മഹാദേവി, സ്വന്തം ഭർത്താവും, (മഹാദാസനും) മഹാദേവനുമായ പരമശിവന് **ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നൽകിയിട്ടുണ്ട്**. ആകയാൽ, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുവാൻ കുഞ്ഞുങ്ങൾ ജാഗ്രത പുലർത്തണം. ക്ഷിപ്ര കോപത്തെ പ്പറ്റിയും മഹാശക്തിയായ മഹാദേവി, ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാക്കുന്നതിന്റെ ഭാഗമായിട്ട്, 2018 നവംബർ 29-ാം തീയതിവരെ പരമശിവനെ മഹാഅനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങളെയും ദൈവ വിപ്ലവ പാഠങ്ങളുടെ ഭാഗമായി ചേർക്കുന്നുണ്ട്.

# ദൈവ വിപ്ലവം

# ഓം

**മഹാശാസ്ത്ര-മൂലമാണ്**

**സൃഷ്ടി മന്ത്രമാണ്  ആദിവചനമാണ്**

**ശബ്ദ ബ്രഹ്മമാണ്   അക്ഷര ബ്രഹ്മമാണ്**

**മഹാശബ്ദമാണ്  മഹാസംഗീതമാണ്**

**സർവ്വ-ദേശ-ഭൂമി ഗാനമാണ്**

**ദൈവത്തിന്റെ മഹാചിരിയാണ്**

**സംഹാര കാഹളമാണ്.**

**മഹാശാസ്ത്ര വിശദീകരണം മഹാവേദ ഗ്രന്ഥത്തിൽ ലഭ്യമാണ്.**

**ഭൂമിയിലെങ്ങും ഉടനെ 3- 33 വർഷക്കാലം മുഴങ്ങുന്നതാണ്.**

# മഹാശക്തിയായ ദൈവം,

# ഓം എന്നു മഹാചിരിച്ച്

# മായ പ്രത്യക്ഷമാക്കുന്ന ദിവസം

# പുതിയ കലണ്ടർ ആരംഭിക്കുന്നതാണ് :

# 01.01.0001

# =

# Opening of Maya (Oom ഓം)

# മഹാശക്തിയായ മഹാദേവി മഹാഎഴുന്നെള്ളികഴിഞ്ഞു.

**മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിയുമായ മഹാദേവി, ഭൂമിയിലെങ്ങും ഉടൻ മഹാആരംഭിക്കുന്ന ദൈവ-വിപ്ലവത്തിന്റെ മുന്നോടിയായി മഹാഎഴുന്നെള്ളിയിട്ടുണ്ട്.**

**മഹാധർമ്മ സംസ്ഥാപനം മഹാഭദ്രമാക്കുന്നതാണ്. ദൈവ ഭാഗം കൂടിയായ പരമശിവ-അവതാരത്തെ മുമ്പേ അയച്ച് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നീ യഥാർത്ഥമായ 3 വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു. പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികൾക്ക് പ്രവർത്തനാരംഭം നൽകി പരമശിവ അവതാരത്തെ ഉടൻ മഹാസമ്പൂർണ്ണമാക്കുന്നതാണ്. വിശദീകരണങ്ങൾക്ക് : www.omsathyam.com**

**ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും ഏകമഹാശക്തിയും, ഏകദൈവവുമായ**

## ഓം മഹാശക്തി

## മണ്ണടി മഹാഭദ്രകാളി

## ദിവ്യ സൃഷ്ടി മഹാദേവി

## ദിവ്യ സ്ഥിതി മഹാദേവി

# ദിവ്യ മഹാനീതി

## ദിവ്യമഹാദേവിക്കു

## മാത്രം മഹത്വം.

**[ ദിവ്യ 1 : സൃഷ്ടി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 2 : സ്ഥിതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി; ദിവ്യ 3 : സംഹാരം ഉൾപ്പെടെയുള്ള മഹാനീതി മുഴുവൻ തനിച്ചു നിർവ്വഹിക്കുന്ന മഹാദേവി (സംഹാരം, പരമശിവനിലൂടെ); ദിവ്യ 4 : ദിവ്യ എന്ന മഹാനാമത്തോടെ ഭൂമിയിൽ മഹാഅവതരിക്കുന്ന മഹാദേവി; ഒരു ഹിന്ദു കുടുംബത്തിൽ മഹാഅവതരിച്ചു കഴിഞ്ഞു.]**

# ദൈവ-വിപ്ലവത്തിൽ ദൈവം പ്രത്യക്ഷമായി മഹാചിരിച്ചുകൊണ്ടിരിക്കും, മഹാചിരികൊണ്ടുമാത്രം ഭൂമിയിൽ മഹാധർമ്മസംസ്ഥാപനം നടത്തും !

ഇ-മഹാഗ്രന്ഥം പ്രകാരമുള്ള മഹാശാസ്ത്രത്തെ ഉൾക്കൊണ്ട് ഭൂമിയിലെങ്ങുമുള്ളവർ തിരുത്തലുകൾ നടത്തുമ്പോൾ ധർമ്മസംസ്ഥാപനവും മനുഷ്യരെക്കൊണ്ടുതന്നെ! ധർമ്മശാസ്ത്രത്തെ

പിൻപറ്റുന്നവർക്ക് **ഓം** , മഹാസംഗീതമാണ്. ധർമ്മശാസ്ത്രത്തെ പിൻപറ്റാത്തവർക്കും, മഹാസംഗീതം തന്നെയാണെങ്കിലും, തങ്ങളുടെ ശരീരത്തിലെ പരമാണുക്കളിൽ നിന്നുപോലും

ഉയരുന്നതായ **ഓം** എന്ന മഹാസംഗീതം കേട്ടുവിരളുന്നതും, അതിവേഗതിരുത്തലുകൾക്ക് തയ്യാറാകുന്നതുമാണ്. മന്ത്രിമാരും നേതാക്കന്മാരും ജഡ്ജിമാരും മതപുരോഹിതരും പണ്ഡിതരുമൊക്കെ

തൊഴിലുകളും വിശ്വാസങ്ങളുമൊക്കെ ഉപേക്ഷിച്ചും ഗ്രന്ഥങ്ങളെ സംഹരിച്ചും പശ്ചാത്തപിച്ചുമൊക്കെ ഏതാനും വർഷങ്ങൾ/മാസങ്ങൾ വിഷമിക്കുകയുംചെയ്യും.

മഹാപ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതികാര്യങ്ങളും യഥാർത്ഥത്തിൽ ചെയ്യുന്നത് മഹാദേവി തന്നെയാണ്.

**ഏകമഹാശക്തിയായ മഹാദേവി, സ്വന്തം ഭർത്താവും, (മഹാദാസനും) മഹാദേവനുമായ പരമശിവന് <u>ക്ഷിപ്രകോപത്തെ മഹാഅനുഗ്രഹിച്ച് നല്കിയിട്ടുണ്ട്.</u> ആകയാൽ, ധർമ്മശാസ്ത്രപരമായിട്ട് ജീവിക്കുവാൻ കുഞ്ഞുങ്ങൾ ജാഗ്രത പുലർത്തണം.**

**ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ള മഹാശാസ്ത്രപ്രകാരം സ്ത്രീയ്ക്കും പുരുഷനും വ്യത്യസ്തങ്ങളായ കടമകൾ കുടുംബത്തിലും സമൂഹത്തിലും ഉണ്ട്. സ്ത്രീ അമ്മയാവുമ്പോൾ കൂടുതൽ സ്നേഹവും വാത്സല്യവും കുട്ടികൾക്കു നല്കും. കുട്ടികൾ തിരിച്ചും. പുരുഷൻ അച്ഛനാവുമ്പോൾ കുട്ടികളുടെ കുറ്റങ്ങളും കുറവുകളും തിരുത്തുന്നതും, തിരുത്തുവാൻ ശകാരങ്ങളും ശിക്ഷകളും സ്വീകരിക്കുന്നതുമാണ്. അമ്മയെ കൂടുതൽ സ്നേഹിക്കുക, അച്ഛനെ കൂടുതൽ അനുസരിക്കുക എന്നിങ്ങനെ കൂടിയാണ് ദൈവത്തിന്റെ മഹാആവിഷ്ക്കാരം.**

**കുട്ടികൾ മുതിരുന്നതനുസരിച്ച് അവരുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും തെറ്റുകളും കുറ്റങ്ങളും കുറയേണ്ടതിനു പകരം വർദ്ധിച്ചാൽ അവർക്കും കുടുംബത്തിനും സമുഹത്തിനും അതു ശോഭയുണ്ടാക്കില്ല, നാശം ചെയ്യുന്നതുമാണ്. കുട്ടികളോടുള്ള സ്നേഹവും വാത്സല്യവും അവരുടെ മാതാവിൽ കൂടുതലായി ലയിപ്പിക്കുകയും പിതാവിൽ നിന്നും മിക്കപ്പോഴും മറയ്ക്കുന്നതുമായ മഹാസംവിധാനം മഹാദേവി മഹാസ്ഥാപിച്ചിട്ടുണ്ട്. കുട്ടികളെ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന പിതാവ് പിന്നീട് കുട്ടിയെ ശിക്ഷിച്ചതിൽ അല്പം വേദനിക്കുകയും, കുട്ടിയുടെ നല്ലതിനാണല്ലോ എന്ന് ആശ്വസിക്കുകയും, ശിക്ഷിച്ച കാര്യങ്ങളെ തന്നെ പിന്നീട് മറക്കുകയും കൂടി ചെയ്യുന്ന മഹാസംവിധാനമാണത്.**

**മഹാപിതാവും മഹാമാതാവുമായ മഹാദേവി, മഹാമാതാവായി മാത്രം മഹാശാസ്ത്ര പ്രകാരം മനുഷ്യ -സ്ത്രീ-ശരീരരൂപത്തെ സ്വീകരിച്ചുകൊണ്ട്, കുഞ്ഞുങ്ങൾക്കെല്ലാം മഹാവാത്സല്യം മാത്രം നൽകാനും, കുഞ്ഞുങ്ങൾക്ക് ഏതുസമയത്തും എന്തും മഹാമാതാവിനോട് ആവശ്യപ്പെടാനും, മഹാമാതാവിനോട് കൊഞ്ചാനും, കെഞ്ചാനും, തെറ്റുകളെ ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കാനും, ക്ഷമിക്കണമേ എന്നു കേഴാനും, ആത്മീയ സാക്ഷാത്ക്കാരം നേടിയാലും മഹാമാതാവായ മഹാദേവിയെ ഓർക്കാനും, മഹാദേവിയെ ദർശിക്കാനുള്ള മഹാഭാഗ്യം കൂടുതലായി നൽകണമേ എന്നു പ്രാർത്ഥിക്കാനുമൊക്കെ മഹാസൗകര്യങ്ങളെ മഹാഒരുക്കിയിരിക്കുകയാണ്.**

**കുഞ്ഞുങ്ങളെ ശിക്ഷിക്കാത്ത മഹാമാതാവായ മഹാദേവിയായി കഴിയാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്. കുഞ്ഞുങ്ങൾ നല്ലവരായി ജീവിച്ചാൽ കുഞ്ഞുങ്ങളെ ശിക്ഷിക്കേണ്ടതായി വരില്ല എന്നതും കുഞ്ഞുങ്ങളുടെ മാതാവ് അപ്പോൾ സന്തോഷിക്കുമെന്നതും മനുഷ്യരുടെ ഇടയിൽതന്നെ വ്യക്തമാണ്. അങ്ങനെയിരിക്കെ മനുഷ്യമാതാവിനേക്കാൾ കൃത്യമായി 100 മടങ്ങ് സ്നേഹത്തെ മഹാവാത്സല്യമെന്ന പേരോടെ നൽകുന്ന സ്രഷ്ടാവായ മഹാമാതാവ് തന്റെ കുഞ്ഞുങ്ങളെ യാതൊരു കാര്യത്തിലും ശിക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല, ശിക്ഷിക്കുകയില്ല.**

**കുഞ്ഞുങ്ങൾ തെറ്റുകൾ ചെയ്താൽ തിരുത്താതെ പറ്റില്ല. അപ്പോൾ ശിക്ഷയും ആവശ്യമായി വരുന്നതാണ്. മഹാപ്രപഞ്ചത്തിലെ വസ്തുക്കളിലും ജീവികളിലും അവയുടെ സൃഷ്ടി - സ്ഥിതി - സംഹാരങ്ങളെ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഭൗതികശാസ്ത്രവും ധർമ്മശാസ്ത്രവും നീതിശാസ്ത്രവും ഉൾപ്പെടുത്തിക്കൊണ്ടും, അവയെ എല്ലാം ഗൂഢാവസ്ഥയിൽ പ്രവർത്തിപ്പിക്കുന്ന ജീവനായിക്കൊണ്ട് ദൈവത്തിന്റെ വാതക രൂപവും പരമാത്മാവുമായ ഓക്സിജൻ പ്രവർത്തിക്കുന്നതിനെപ്പറ്റി**

www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

**എന്ന മഹാവേദ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. മഹാമാതാവ് എന്ന ജീവി-രൂപത്തിൽ തന്റെ കുഞ്ഞുങ്ങളെ തിരുത്തുവാനും ശിക്ഷിക്കുവാനും ദൈവം തയ്യാറാകുന്നില്ല. മഹാശാസ്ത്രത്തിലൂടെ, മഹാപ്രപഞ്ചത്തിലെ വസ്തുക്കളില് ഉള്ളടക്കം ചെയ്തിട്ടുള്ള ന്യൂനശക്തികളിലൂടെ കുഞ്ഞുങ്ങളെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന മഹാസംവിധാനമാണുള്ളത്.**

**സൃഷ്ടിചക്രത്തിന്റെ രണ്ടാം പകുതിയിൽ ദൈവം പ്രത്യക്ഷമായിരിക്കുമ്പോൾ, പ്രത്യക്ഷമായി ശിക്ഷിക്കേണ്ടുന്ന സന്ദർഭങ്ങളും ഉണ്ടാകുന്നതാണ്. അതിനായി, മഹാപ്രപഞ്ചത്തിലെ മുഴുവൻ ജീവികളെയും അവരുടെ തെറ്റുകൾക്ക് ധർമ്മശാസ്ത്രപരമായും മഹാനീതിശാസ്ത്രപരമായും ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മഹാമാതാവായ മഹാദേവി, ജീവികളുടെയെല്ലാം പിതാവായി മഹാനിശ്ചയിച്ചിട്ടുള്ള പരമശിവനിലേക്ക് മഹാകോപഭാവങ്ങളെ പ്രവേശിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതിനെ അനുകരിച്ചാണ് മനുഷ്യജീവിതത്തിൽ കുഞ്ഞുങ്ങളെ ശകാരിക്കാനും ശാസിക്കാനും മറ്റു ശിക്ഷകളെ നൽകാനും, അങ്ങനെ അവരെ തിരുത്തി യോഗ്യരാക്കാനും മുഖ്യമായും പിതാവിനെ അഥവാ പുരുഷനെ നിശ്ചയിച്ചിട്ടുള്ളത്.**

**പ്രപഞ്ചപിതാവ് കൂടിയായ പരമശിവന്, മഹാദേവിയിൽനിന്ന് മഹാശാസ്ത്രത്തെ നേരിട്ട് ലഭിക്കുകയാണ്, ജീവികളോടെല്ലാം മഹാ കാരുണ്യം ഉണ്ടാകുന്നതാണ്. അതായത് എത്ര കടുത്ത തെറ്റു ചെയ്യുന്നവരോടും ക്ഷമിക്കാൻ തോന്നുന്നതാണ്. അറിവില്ലാതെ ചെയ്തതാണല്ലോ എന്നുള്ള ചിന്ത പ്രബലമാകുന്നതാണ്. എന്നാൽ മഹാനീതി നടപ്പാവാനും പ്രപഞ്ചജീവിതം മംഗളമാവാനും ശിക്ഷാരീതികൾ ആവശ്യവുമാണ്.**

കുഞ്ഞുങ്ങളോടുള്ള വാത്സല്യവും, മഹാജ്ഞാനവും നിമിത്തം പരമശിവന് കുഞ്ഞുങ്ങളെ ശിക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു. പരമശിവന്റെ പ്രസ്തുത ദുർബ്ബലാവസ്ഥയെ മഹാശക്തിയായ മഹാദേവി പരിഹരിക്കുന്നത് പരമശിവന് ക്ഷിപ്രകോപം എന്ന മഹാ-അനുഗ്രഹം നൽകിയാണ്. ശാന്തനായിരിക്കുന്ന പരമശിവൻ പെട്ടെന്ന് കോപിഷ്ഠനാകുകയും തെറ്റുകൾ ചെയ്യുന്ന കുഞ്ഞുങ്ങളെ ശിക്ഷിക്കുകയും ചെയ്യുന്ന അവസ്ഥയാണത്.

മഹാദേവിയുടെ മഹാഇഷ്ടപ്രകാരം പരമശിവന് പെട്ടെന്നുള്ള കോപം മഹാഅനുഗ്രഹിച്ചു നൽകുന്നതോടൊപ്പം, പെട്ടെന്നുതന്നെ പരമശിവന്റെ കോപഭാവത്തെ മാറ്റുന്നതും ക്ഷിപ്ര-പ്രസാദിയായി ഉയർത്തുന്നുമുണ്ട്.

മഹാദേവി പരമശിവന് മഹാശാസ്ത്രം അഥവാ മഹാജ്ഞാനം നൽകി അനുഗ്രഹിച്ചിരിക്കെ എന്തുകൊണ്ട് പരമശിവൻ ദുർബ്ബലനാകുന്നു, എന്തുകൊണ്ട് ക്ഷിപ്രകോപമില്ലാതെ ശിക്ഷിക്കാൻ കഴിയാതെ വരുന്നു എന്നീ ചോദ്യങ്ങളുണ്ട്.

കുഞ്ഞുങ്ങളേ, തെറ്റുകളെ ചെയ്യുന്ന തന്റെ കുഞ്ഞുങ്ങളെ കടുത്ത ശിക്ഷകളിലൂടെയല്ലാതെ തിരുത്തുവാൻ കുഞ്ഞുങ്ങൾക്ക് മഹാദേവി കൂടുതൽ അവസരം നൽകുന്നതുകൊണ്ടാണത്; കുഞ്ഞുങ്ങളെ കൂടുതലായി സ്നേഹിക്കുന്നതു കൊണ്ടാണത്. മഹാദേവിയോടു ചേർത്തുവച്ചിരിക്കുന്ന മഹാവാത്സല്യത്തിന്റെ ഒരു ഓഹരി പരമശിവനിലും പ്രവർത്തിക്കുന്നതുകൊണ്ടാണ് കുഞ്ഞുങ്ങളെ ശിക്ഷിക്കുന്ന കാര്യത്തിൽ പരമശിവൻ ദുർബ്ബലനാവുന്നത്.

കുഞ്ഞുങ്ങളെ ശിക്ഷിക്കാതെ തിരുത്താൻ മഹാദേവി പരമശിവനിലൂടെ പരിശ്രമിക്കുന്നു.

ശിക്ഷിക്കയല്ലാതെ മാർഗ്ഗമില്ലെന്നു വരുമ്പോൾ, പരമശിവനിലേക്ക് പ്രവേശിപ്പിച്ചിട്ടുള്ളതായ മഹാവാത്സല്യത്തിന്റെ ഓഹരി മഹാദേവിയിലേക്കു മടങ്ങുകയും, പരമശിവനിൽ മഹാപുരുഷഭാവം പ്രകടമാകുകയും ചെയ്യുന്നു. ക്ഷിപ്രകോപവും ശിക്ഷയും നടക്കുന്നു. ക്ഷിപ്രകോപത്തിന്റെ ശാസ്ത്രം അതാണ്. തന്റെ കുഞ്ഞുങ്ങളെ എത്രമാത്രം മഹാദേവി കരുതുന്നു എന്നതാണ് തെളിയുന്നത്.

ഇനി, ക്ഷിപ്രകോപത്തിന്റെ ഭൗതികശാസ്ത്രം വിസ്തരിക്കാം :

മഹാശക്തിയായ മഹാദേവി തന്റെ ഏകദാസനായ പരമശിവന്റെ മഹാആനന്ദമായി നിശ്ചയിച്ചിട്ടുള്ളത് 30 എന്ന അളവോടെയുള്ള മഹാദാസ്യം ആണെന്ന് ആനന്ദ ശാസ്ത്രം എന്ന അദ്ധ്യായത്തിൽ വിശദീകരിച്ചിരുന്നു. മഹാദാസ്യത്തിൽ 5 അളവിലുള്ള വാത്സല്യം ഉൾപ്പെട്ടിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ ജീവികളെയെല്ലാം തന്റെ കുഞ്ഞുങ്ങളായി കരുതുംവിധം പരമശിവനിൽ മഹാദേവി പ്രവർത്തിപ്പിക്കുന്നതായ പ്രസ്തുത 5 അളവിലുള്ള വാത്സല്യത്തെയാണ് പരമശിവനെ ക്ഷിപ്രകോപിയാക്കുന്നതിനു വേണ്ടി മഹാദേവി പിൻവലിക്കുന്നത്.

30 എന്ന മഹാദാസ്യ-അളവിൽ നിന്ന് 5 കുറയുമ്പോൾ 25 എന്ന അളവ് ഉണ്ടാകുന്നു. വാത്സല്യം ഇല്ലാത്തതായ 25 എന്ന അളവ് സൃഷ്ടിക്കുന്നത് പരമകോപത്തെയാണ്.

## മഹാദേവിയുടെ മഹാദാസനായിരുന്നുകൊണ്ട് മഹാനീതിശാസ്ത്രം പ്രകാരം മഹാപുരുഷ-ഭാവരൂപങ്ങളോടെ പരമശിവൻ പരമകോപത്തോടെ കത്തിജ്വലിക്കുന്നതാണ്.

മാനുഷിക തലത്തിൽ 25 എന്ന ആനന്ദ-അളവ് മനുഷ്യർ തന്നെത്താൻ മറക്കുന്ന കാമാനന്ദത്തെ ഉണ്ടാക്കുമ്പോൾ, ദൈവീക തലത്തിൽ, മഹാദാസ്യം 30-ൽ നിന്ന് വാത്സല്യം 5 കുറയുമ്പോൾ ഉണ്ടാകുന്ന 25 അളവ് പരമ-കോപമാണ്. അതുപോലെ, മഹാദേവിയുടെ മഹാആനന്ദമായ മഹാവാത്സല്ല്യം 35 -ൽ നിന്നും 10 അളവിലെ വാത്സല്ല്യം സ്വയം പിൻവലിച്ചാൽ, 25 അളവിൽ തന്നെ മഹാകോപം മഹാദേവിക്ക് ഉണ്ടാകുന്നതാണ്.

മഹാപ്രപഞ്ചത്തിലെ ന്യൂനശക്തികളുടെ അളവുകളുടെ അടിസ്ഥാനത്തിൽ മനുഷ്യരിലെ കോപത്തിന് പരമാവധി 20-ൽ താഴെ അളവാണുള്ളത്.

മഹാദേവി, ക്ഷിപ്രകോപത്തെ പ്പറ്റിയുള്ള പാഠങ്ങളെ ഈയുള്ളവനെ അറിയിച്ചു തുടങ്ങിയ കാലഘട്ടത്തിൽ - 2008-ലെ ആദ്യത്തെ 2 മാസങ്ങളിൽ ക്ഷിപ്രകോപത്തെ ഈയുള്ളവനിൽ സന്നിവേശിപ്പിച്ച് ക്ഷിപ്രകോപം എന്നാലെന്തെന്ന് ബോദ്ധ്യപ്പെടുത്തുകയുണ്ടായി. അമ്പോ, ഭയങ്കരം എന്ന് അന്ന് ബോദ്ധ്യപ്പെട്ടതാണ്.

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.**

# മഹാശക്തിയായ മഹാദേവി,

## ഭൂമിയിൽ ഉടൻ മായ പ്രത്യക്ഷമാക്കുന്നതിന്റെ ഭാഗമായിട്ട്, 2018 നവംബർ 29-ാം തീയതിവരെ പരമശിവനെ മഹാഅനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ ചുവടെ പറയുന്നവയാണ് :

**മഹാദേവി, ഓംകാരം, പരമശിവന്റെ ഹൃദയത്തോടു ചേർത്തുകഴിഞ്ഞു; ഓംകാര മന്ത്രം മഹാഅനുഗ്രഹിച്ചു നൽകി; മഹാദേവിയുടെ സ്വകാര്യമാകയാൽ മറപ്പിച്ചു. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാര നിയന്ത്രണ സത്തയും മഹാദേവിയുടെ മഹാഹൃദയവുമായ ഓംകാരമാണ് മഹാവാത്സല്ല്യത്തോടെ സൃഷ്ടികൾക്കെല്ലാം മഹാസമനീതി എന്ന മഹാസമആനന്ദത്തെ മഹാഅനുഗ്രഹിച്ചു നൽകുന്നത്.**

**സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം, സ്ഥിതിയിൽ പുരുഷന് പ്രാധാന്യം, സംഹാരത്തിൽ സ്ത്രീയും പുരുഷനും തുല്ല്യർ എന്ന ഓംകാര നീതിശാസ്ത്ര പ്രകാരം, മഹാദേവി 'മായ' പ്രത്യക്ഷമാക്കുന്ന സൃഷ്ടിചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ, സ്ഥിതിയുടെ ഭാഗമായി പ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിപതിയും ആയി പരമശിവനെ ഉയർത്തുവാനും പ്രവർത്തിപ്പിക്കുവാനും 'ഓംകാരം' പരമശിവന്റെ ഹൃദയത്തോട് ചേർക്കുകയാണ് ചെയ്യുന്നത്. 'മഹാനീതിയായ മഹാദേവിയുടെ പതി' എന്ന വ്യാഖ്യാനത്തിൽ മഹാനീതി-പതിയായ പരമശിവനെ മഹാദേവി 'മഹാനീതിപതിയായി' പ്രവർത്തിപ്പിക്കുന്നതിനെ അറിയിച്ചത് 2018 ആഗസ്റ്റ് 24 ഉത്രാട ഓണ ദിവസത്തിലാണ്.**

**മഹാഭരണാധികാരിയും മഹാനീതിപതിയും പരമശിവനാണെന്ന പ്രതീതിയെ ഉണ്ടാക്കി പരമശിവനിൽ പ്രവർത്തിക്കുന്ന ഓംകാരത്തിലൂടെ ഏകദൈവമായ മഹാദേവി തന്നെയാണ് സൃഷ്ടി-സ്ഥിതികളും, സംഹാരം ഉൾപ്പെടെയുള്ള മഹാനീതിയും, നിർവ്വഹിക്കുന്നത്.**

**സൃഷ്ടി ശാസ്ത്രമായ ഭൗതികശാസ്ത്ര പ്രകാരം,**

**സൃഷ്ടിയിൽ സ്ത്രീക്ക് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം പ്രത്യക്ഷമല്ലാത്ത സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ സ്രഷ്ടാവായ ദൈവം മഹാമാതാവാണ്. ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാ ദൈവം എങ്കിലും, കുഞ്ഞുങ്ങളായ മനുഷ്യരുടെ സന്തോഷവും സമാധാനവും കണക്കാക്കി എപ്പോഴും മഹാമാതാവ് എന്ന ഒരു അവസ്ഥ മാത്രം നിലനിർത്തുന്നു. മഹാമാതാവും ഭൂമിയും മഹാനീതിയുമായ മഹാദേവിയാണ്.**

**സ്ഥിതിയിൽ പുരുഷന് പ്രാധാന്യം നൽകിയിരിക്കയാൽ, ദൈവം പ്രത്യക്ഷമാകുന്ന സൃഷ്ടി ചക്രത്തിന്റെ രണ്ടാമത്തെ പകുതിയിൽ പരിപാലകനായ ദൈവം മഹാപിതാവാകണം. അതിന് ദൈവം പുരുഷനായി മാറുകയല്ലാ ചെയ്യുന്നത്.**

**മഹാമാതാവായ മഹാദേവിയുടെ മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തിനിയന്ത്രണ സത്തയുമായ ഓംകാരത്തെ, മഹാദേവിയുടെ ഭാഗവും പതിയുമായ പരമശിവന്റെ ഹൃദയത്തോട് ചേർക്കുന്നു. ഓംകാരം പരമശിവനിലൂടെ പ്രവർത്തിക്കുമ്പോൾ, മഹാദേവിയുടെ പതിയായ പരമശിവൻ മഹാഭരണാധികാരിയും മഹാനീതിപതിയുമായി മാറുകയാണ്.**

**മഹാദേവൻ കൂടിയായ പരമശിവൻ, മഹാപിതാവും സ്ഥിതി നായകനും, മഹാഭരണാധികാരിയും മഹാനീതിപതിയുമായി പ്രവർത്തിക്കുന്ന പ്രതീതി സൃഷ്ടിക്കുന്നത് മഹാശിവയായ മഹാദേവിയുടെ മഹത്വം വീണ്ടും വീണ്ടും വിളിച്ചറിയിക്കുന്നു .. എല്ലായ്പ്പോഴും ഏകദൈവമായ മഹാദേവി തന്നെ സർവ്വം നിർവ്വഹിക്കുന്നു. അങ്ങനെ മാത്രമേ ആകാവൂ !**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

**സംഹാരത്തിൽ പുരുഷനും സ്ത്രീയും തുല്യരാണ് സൃഷ്ടികളെ സംബന്ധിച്ച വിഷയമാണ്; ഏകദൈവമായ മഹാദേവിക്കും, ഭാഗമായ മഹാദേവനും ബാധകമല്ല.**

**മഹാജഗദംബയുടെ മഹാപാദങ്ങളിൽ ഇടതുപാദം മുഴുവനും, വലതുപാദം പകുതിയും, മഹാശരീരത്തിന്റെ പകുതിഭാഗം, മഹാ വലതുകൈ, സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും സൃഷ്ടിക്കാൻ കഴിയുന്ന മൂന്നാം (മഹാസൂര്യ)നേത്രം, ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും, മഹാശാസ്ത്രം അഥവാ മഹാവേദം വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള മഹാശാസ്ത്രപരമായ മത്സ്യാവതാരം, മഹാപ്രപഞ്ചത്തിലെ ഏതൊരു ആയുധവും സൃഷ്ടിക്കാൻ കഴിയുന്ന മഹാശൂലം, ഉടുക്കാൻ മഹാനരസിംഹത്തോൽ, നാവിൽ അക്ഷരബ്രഹ്മം കൂടിയായ ഓം**, ~~മഹാശക്തിയുടെ മഹാനീതിശാസ്ത്ര പ്രകാരം മാത്രം പ്രവർത്തിക്കുവാൻ കഴുത്തിൽ 5 തലയുള്ള ഓംകാരനാഗബന്ധനം,~~ **മഹാപ്രപഞ്ചത്തിന്റെയും പരമശിവന്റെയും സംരക്ഷണത്തിനായി മഹാശക്തി 10 തലയുള്ള മഹാനാഗമാതാവായി ശിരസ്സിനു മുകളിൽ, ശിരസ്സിലെ മുടിക്കെട്ടിൽ നിന്ന് കുഞ്ഞുങ്ങൾക്കെല്ലാം കുടിക്കാനായി മഹാദേവി പാൽ ഒഴുക്കുന്നതാണ്, മഹാദേവിയുടെ മഹാവാഹനം, എന്നീ മഹാപദവികൾ, എന്നീ മഹാദാനങ്ങളായ മഹാശക്തികളെ മഹാ-അനുഗ്രഹിച്ചു നൽകി.**

(2017-ൽ ഓംകാര നാഗബന്ധനത്തെ പരമശിവനിൽ നിന്നും ഒഴിവാക്കി. എന്നാൽ ഓംകാര നാഗബന്ധനത്തെ മഹാഅനുഗ്രഹിച്ച് പുനഃസ്ഥാപിക്കണമെന്ന് ഈയുള്ളവൻ പ്രാർത്ഥിക്കുന്നുണ്ട്. കുഞ്ഞുങ്ങൾ പിതാവായ പരമശിവനെ പിതാവായി മാത്രം കാണാൻ അതാവശ്യമായേക്കും!)

**ഏകദൈവമായ മഹാദേവി ഈശ്വയുള്ളവന് സംഹാരദേവൻ എന്ന മഹാപദവിയും ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം എന്ന സംഹാര മന്ത്രത്തെയും മഹാഅനുഗ്രഹിച്ചു നൽകി.**

**1989-ലോ 1991-ലോ ആണ് ബ്രഹ്മ-മഹാദേവി പരമശിവൻ എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ച് ഇപ്പോഴത്തെ മനുഷ്യജന്മത്തിൽ നൽകിയതെങ്കിൽ, 2017-ലാണ് മഹാദേവൻ എന്ന മഹാപദവിയെ സ്ഥിരമായി ഉപയോഗിക്കാൻ മഹാഅനുഗ്രഹിച്ചത്.**

**മഹാദാനങ്ങളിൽ ചിലവ പ്രത്യക്ഷമായും ചിലവ പ്രതീകാത്മകമായും ചിലവ അജ്ഞാതമായുമാണ് മഹാഅനുഗ്രഹിച്ചു നൽകിയത്.**

**മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ മഹാദാനങ്ങൾ കൂടിയായ മഹാശക്തികൾ, ഏകമഹാശക്തിയായ മഹാദേവിയുടെ മഹാദാസനായ പരമശിവനിൽ പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല; മഹാജ്ഞാനഭാഗം മാത്രമാണ് നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് !**

**മഹാശക്തിയായ മഹാദേവിയുടെ മഹാഇഷ്ടങ്ങൾക്ക് അനുസരിച്ചുമാത്രം ഈയുള്ളവനിൽ പ്രവേശിപ്പിച്ചിട്ടുള്ള മായാമഹാശക്തികളെ മഹാദേവി പ്രവർത്തിപ്പിക്കുന്നതാണ് @ ആക്ടിവേറ്റ് ചെയ്യുന്നതാണ്. അതോടെ പരമശിവന്റെ മാനുഷികാവസ്ഥയ്ക്ക് കാതലായ മാറ്റങ്ങൾ ഉണ്ടാവുന്നതാണ് ! ദൈവ വിപ്ലവ ആരംഭവുമായി അതിന് ബന്ധമുണ്ടാവാം ! അതെല്ലാം മഹാദേവിയുടെ വിഷയമാണ്.**

**അതേസമയം കുഞ്ഞുങ്ങൾ ജാഗ്രത പാലിക്കണമെന്ന് തോന്നുന്നു .. അബദ്ധങ്ങളും അധമത്തങ്ങളും കാട്ടിക്കൂട്ടിയാൽ, പാപങ്ങളും ശിക്ഷകളും പിടിച്ചു വാങ്ങലായി ഭവിക്കും !** ദൈവീകമായ സ്നേഹ വാത്സല്യങ്ങളോടെ, ജീവിയോ സ്ത്രീയോ പുരുഷനോ അല്ലാത്തതും, മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതും, സർവ്വ ജീവികളും ഉൾപ്പെടെയുള്ള **മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാര കർത്താവും, മഹാനീതിയും, മഹാമാതാവും, മഹാശക്തിയും, ഏകദൈവവുമായ മഹാദേവിയുടെ മഹാദാസനും മഹാദേവനുമായ പരമശിവൻ.**

**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

സംഹാരം
@
മോക്ഷം

# മഹാശക്തിയായ മഹാദേവി,

## ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം

## എന്ന 'സംഹാര മന്ത്രത്തെ' മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് ഏകപ്രതിനിധിയും പ്രപഞ്ചപിതാവും മഹാദാസനും മഹാദേവനുമായ പരമശിവനെ സംഹാരനാഥനും, ഭൂമിയിലെ എല്ലാ ജനങ്ങളുടെയും മറ്റുള്ള ജീവികളുടെയും

# മഹാനീതിപതിയായി

## ഓംകാര നീതിശാസ്ത്രപ്രകാരം നിയമിക്കുന്നു. ഗ്രന്ഥകാരനെ മഹാനിയമിച്ചു കഴിഞ്ഞു.

**മഹാശക്തിയായ മഹാദേവി,
സംഹാരദേവനായിട്ട് മഹാഅനുഗ്രഹിച്ച
പരമശിവന്റെ നാവിൽ കുറിച്ചിട്ടുള്ള അടിസ്ഥാന
അക്ഷരബ്രഹ്മമായ 3, നാവിന്റെ
ഉള്ളിലേക്കായാണ് മഹാ-കുറിച്ചിട്ടുള്ളത്.
സംഹാരം നടക്കുമ്പോൾ പരമശിവന്റെ
വായിലേക്കാണ് ഓരോ മനുഷ്യന്റെയും
ജീവാത്മാവ് ആദ്യം പ്രവേശിക്കുന്നത്.**

**പരമശിവന്റെ നാവിലുള്ള 3 എന്ന
അക്ഷരബ്രഹ്മമായ ഓം**

**ജീവാത്മാവിനെ പരമശിവന്റെ ഹൃദയത്തോടു
ചേർന്നു പ്രവർത്തിക്കുന്നതായ മഹാദേവിയുടെ
മഹാഹൃദയമായ ഓംകാരത്തിലേക്ക്
നയിക്കുന്നു. ഓംകാരം കൂടിയായ
മഹാദേവി, ഓംകാര നീതിശാസ്ത്ര
പ്രകാരം, മനുഷ്യന്റെ ജീവാത്മാവിന് നക്ഷത്ര
പദവിയായ ആത്മീയ-സാക്ഷാത്ക്കാരം എന്ന
പരബ്രഹ്മാനന്ദം എന്ന മോക്ഷം
മഹാഅനുഗ്രഹിച്ചു നൽകുന്നു.**

ō

**ആദ്യമഹാകാലചക്രത്തിൽ <u>സംഹാര കാര്യങ്ങൾക്കായി</u> <u>സംഹാരദേവി</u> എന്ന പേരിൽ, മഹാദേവിയുടെ ഒരു ഭാഗം വേർതിരിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്. മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയെ ഭദ്രകാളിയെന്ന് അനേകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. നാവ് പുറത്തേയ്ക്കിട്ടും അനേകം കൈകളോടെയും കൈകളിൽ ആയുധങ്ങളോടെയും ശിവന്റെ നെഞ്ചിൽ ഒരു കാൽ ചവിട്ടിയും നിൽക്കുന്ന ഭദ്രകാളിയെന്ന് അറിയപ്പെടുന്ന മഹാ-ഉഗ്രസ്വരൂപിണിയായ സംഹാരദേവിയുടെ ചിത്രങ്ങളും വിഗ്രഹങ്ങളും ഏറെയുണ്ട്. സംഹാരദേവി പുറത്തേയ്ക്കിടുന്ന നാവ് സംഹാരത്തിനുള്ളതാണ്.**

**മഹാസൃഷ്ടിചക്രം മുതൽ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി മഹാപ്രപഞ്ചത്തിന്റെ മഹാഭരണാധികാരിയും മഹാനീതിയുമായി മഹാശോഭിക്കുമ്പോൾ, മഹാനീതിനിർവ്വഹണത്തിലെ വളരെച്ചെറിയൊരു ഭാഗം മാത്രമായ സംഹാര കാര്യങ്ങളെ മഹാനിർവ്വഹിക്കുന്നത് പരമശിവനിലൂടെയാണ്; വിശദ വിവരങ്ങൾ ലഭിച്ചിട്ടില്ല. മേലിൽ സംഹാരദേവി ഉണ്ടായിരിക്കുന്നതല്ല. മാത്രമല്ല, സംഹാരം ചെയ്യുമ്പോഴും മഹാദേവിയുടെ മഹാഇഷ്ടങ്ങൾ അനുസരിച്ചും, പരമശിവന്റെ നാവും പുറത്തേയ്ക്ക് നീളുന്നതാണ്. അറിയുക: സംഹാരദേവി മഹാഭദ്രകാളിയല്ല.**

## മഹാപ്രപഞ്ചം ഉൾപ്പെടെ സർവ്വവും ഭദ്രപ്പെടുത്തിയിരിക്കുന്നത് ആരാണോ, ആരിൽ ഭദ്രമായിരിക്കുന്നുവോ, ഭദ്രമാക്കാൻ കഴിവുള്ളതാരോ, പ്രസ്തുത മഹാശക്തിയാണ് മണ്ണും ഭൂമിയും മഹാഗോമാതാവും, ഓം മഹാശക്തി മണ്ണടി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിയുമായ മഹാഭദ്രകാളി.

## അറിയുക :

**ഏകദൈവവും മഹാമാതാവുമായ മഹാദേവിയുടെയും, ~ഭാഗവും മഹാപിതാവുമായ മഹാദേവന്റെയും പൊന്നോമന കുഞ്ഞുങ്ങളാണ് മഹാപ്രപഞ്ചത്തിൽ എവിടെയുമുള്ളത്.**

**സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലെ എന്തും സൃഷ്ടിക്കാനുള്ള ശക്തികളെ മഹാദേവി, ~ഭാഗവും മഹാദേവനുമായ പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മഹാശക്തിയായ മഹാദേവിയെ ആദിയും അന്തവും ഇല്ലാത്ത ഒരു മഹാസമുദ്രമായി സങ്കല്പിച്ചാൽ, അതിലെ ഒരു തുള്ളിയുടെ മഹാസൂക്ഷ്മമായ അംശം കൊണ്ടാണ് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ളത് ! മഹാശക്തിയായ മഹാദേവി കനിഞ്ഞ് ശക്തി നൽകിയാൽ മാത്രമാണ് പരമശിവന് ഒരു പുൽക്കൊടി ഉയർത്താൻ പോലും കഴിയുക; പരമാത്മാവ് കൂടിയായ പരമശിവന്റെ കുഞ്ഞുങ്ങളും ജീവാത്മാക്കളുമായ മനുഷ്യരുടെയും അവസ്ഥ അതു തന്നെയാണ്. മഹാശക്തിയായ മഹാദേവി, പരമാത്മാവായ പരമശിവനെയും, പരമശിവന്റെ അംശങ്ങളും കുഞ്ഞുങ്ങളുമായ ജീവാത്മാക്കളെയും ജീവമായും നിർജ്ജീവമായും പ്രവർത്തിപ്പിച്ച് പ്രപഞ്ചത്തെ സത്യം ശിവം സുന്ദരമാക്കുന്നു.**

**ദൈവാംശമായ ശരീരത്തിലൂടെ ലഭിക്കുന്ന ശക്തികളും ആനന്ദങ്ങളുമാണ് സുഖ ദുഃഖങ്ങളെ ലഭ്യമാക്കുന്നത് എന്ന് തിരിച്ചറിഞ്ഞ് ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കാൻ ശ്രദ്ധിക്കണം.**

**ആദിയും അന്തവും ഇല്ലാത്ത മഹാശക്തിയായ മഹാദേവിയെയോ, ഭാഗമായ പരമശിവനെയോ വേദനിപ്പിക്കാൻ കഴിയണമെങ്കിൽ മഹാമാതാവായ മഹാദേവി അനുവദിക്കുക കൂടി വേണം. മഹാശക്തിയായ മഹാദേവിയുടെ മഹാവിളയാടലുകളെ കുഞ്ഞുങ്ങൾക്കും ഈയുള്ളവനും ഗ്രഹിക്കാൻ കഴിയണമെങ്കിലും മഹാദേവി ശക്തി നൽകണം. വേണ്ടാത്തതായ അഥവാ ധർമ്മ ശാസ്ത്ര വിരുദ്ധമായ ചിന്തകളെ സ്വയം വിലക്കാൻ സദാ ശ്രദ്ധിക്കണം.**

**അറിയുക : മഹാദേവിയെയോ, പരമശിവനെയോ അവസാനിപ്പിക്കാൻ മനുഷ്യർക്ക് കഴിയില്ല. ഈയുള്ളവൻ മരിക്കുകയോ, താൽക്കാലികമായി വധിക്കപ്പെടുകയോ ചെയ്താൽ പോലും, മഹാദേവി ഈയുള്ളവനെ ശൂന്യത്തിൽ നിന്നു പോലും പുനർജ്ജനിപ്പിക്കുന്നതാണ്.**

**കുഞ്ഞുങ്ങൾക്ക് മനസ്സിലാക്കാൻ തൽക്കാലം കഴിയാത്ത ശാസ്ത്ര പാഠങ്ങളും ശക്തി കാര്യങ്ങളും ഉണ്ട്. ഉദാഹരണത്തിന്, മഹാദേവി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മഹാശക്തികളെ ആക്ടിവേറ്റ് ചെയ്തു കഴിഞ്ഞാൽ, ... മഹാദേവിയുടെ മഹാവിളയാടലുകൾ ഈയുള്ളവനിലൂടെയും ആരംഭിക്കുകയായി...**

**നാളിതുവരെ ദുർദ്ദേവതകൾ നിമിത്തവും മനുഷ്യക്കുഞ്ഞുങ്ങൾ നിമിത്തവും വളരെ വളരെയധികം വേദനകളെ ഈയുള്ളവൻ അനുഭവിച്ചു കഴിഞ്ഞു ... ഇന്നും അനുഭവിക്കുന്നുണ്ട് ...**

**വേദനകൾ ഇനിയും ഉണ്ടെങ്കിൽ ആനന്ദമായി സ്വീകരിക്കാൻ, മഹാദേവി ശക്തി നൽകട്ടെ !**

**ദേവീ ശരണം മണ്ണടി ശരണം മണ്ണടി ദേവി മാത്രം ശരണം.**

**മണ്ണടി മഹാദേവിയുടെ മഹാഇഷ്ടം പോലെ മാത്രം ഈയുള്ളവന്റെ എല്ലാ കാര്യങ്ങളും സദാ സംഭവിക്കുന്നു !**

ജീവിയോ പുരുഷനോ സ്ത്രീയോ അല്ലാത്തതും മഹാശാസ്ത്രപരം മാത്രവും, യാതൊരു മതങ്ങളുമായും ബന്ധമില്ലാത്തതുമായ ദൈവം, മഹാശക്തിയും മഹാജ്ഞാനമാകുന്ന മഹാശാസ്ത്രവും കൊണ്ട് മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി സ്ഥിതി സംഹാരങ്ങളെ, നിർവ്വഹിക്കുന്നതും, മഹാശാസ്ത്ര പരമായ രൂപം സ്വീകരിക്കുന്നതും, പരിശുദ്ധാത്മാവ്, ക്രൈസ്റ്റ്, അല്ലാഹു, ബ്രഹ്മം, മഹാഭദ്രകാളി എന്നീ മഹാനാമങ്ങളെ വിവരിക്കുന്നതും,

**മഹാശിവയുടെ 'മത്സ്യാവതാരം + ഓം' പ്രകാരം പ്രസിദ്ധീകരിച്ച ഇ-മഹാവേദ ഗ്രന്ഥങ്ങളെ, താഴെ കൊടുത്തിരിക്കുന്ന ലിങ്കുകളിൽ നിന്നും സൗജന്യമായ PDF ഫയലുകളായി ലഭിക്കുന്നതാണ് :-**

1. ദൈവം ഉണ്ടെന്നു തെളിയിക്കുന്നു (English & Malayalam) Pages 100
www.omsathyam.com/GodlyRevolution/GOD'sExistenceProved.pdf

2. മനുഷ്യന് നീതി വിധിക്കാൻ കഴിയില്ല. കൂടാതെ, മുല്ലപ്പെരിയാർ അണക്കെട്ട് ദുരന്തം ഉൾപ്പെടെ എല്ലാ ദുരന്തങ്ങളും ഒഴിവാക്കാൻ എന്തു ചെയ്യണമെന്ന് മഹാശാസ്ത്ര പരമായി വിശദീകരിക്കുന്നു. Pages 930
www.omsathyam.com/GodlyRevolution/SupremeJusticeGOD.pdf

3. സർവ്വ ദേശ ഭൂമി ഗാനം, ഭൂമി പതാക Pages 274
www.omsathyam.com/GodlyRevolution/NationalSongEmblemFlagConstitutionCourtEtc.pdf

4. മഹാവേദം Pages 2250
www.omsathyam.com/GodlyRevolution/Mahaavedam.pdf

5. ശബരിമല, മക്ക, വേളാങ്കണ്ണി തുടങ്ങി ഭൂമിയിലെ എല്ലാ ദേവാലയങ്ങളിലെയും വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും 'തെറ്റുകളും ശരികളും' അടിസ്ഥാന പരമായും മഹാശാസ്ത്ര പ്രകാരവും വിശദീകരിക്കുന്ന വലുതും ചെറുതുമായ 2 ഗ്രന്ഥങ്ങൾ: Pages 400 and 180.
www.omsathyam.com/GodlyRevolution/Devaalayam.pdf &
www.omsathyam.com/GodlyRevolution/ChurchMosqueTempleSabarimala.pdf

**ഗ്രന്ഥത്തിലെ പേജുകളെ സശ്രദ്ധം വായിച്ചുവന്ന കുഞ്ഞുങ്ങളോട് ഇനി ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. മഹാമാതാവായിക്കൊണ്ട് മഹാശാസ്ത്രവും മഹാപ്രപഞ്ചവും മഹാആവിഷ്ക്കരിച്ച് ജീവികളെയെല്ലാം സൃഷ്ടിക്കുകയും, തന്റെ കുഞ്ഞുങ്ങളായി ജീവികളെയെല്ലാം മഹാകരുതുകയും, ഒരു മഹാജീവിയായിക്കൊണ്ട് കുഞ്ഞുങ്ങൾക്കുവേണ്ടി ജീവിക്കുകയും, കുഞ്ഞുങ്ങൾക്ക് താൻ നൽകുന്ന മഹാവാത്സല്യത്തെ തന്റെ മഹാആനന്ദമായിട്ട് മഹാനിശ്ചയിക്കുകയും, മഹാനീതി കൂടിയായിക്കൊണ്ട് എല്ലാ കുഞ്ഞുങ്ങൾക്കും മഹാസമനീതി നൽകുകയും, അനന്തമായ മഹാ-ആനന്ദങ്ങളെ ഭൂമിയിൽ വച്ച് കുഞ്ഞുങ്ങൾക്ക് പരിചയപ്പെടുത്തുകയും, ആത്മീയ-സാക്ഷാത്ക്കാരത്തിൽ കുഞ്ഞുങ്ങൾക്കെല്ലാം അനന്തമായ മഹാ-ആനന്ദങ്ങളെ അനന്തകാലത്തേയ്ക്ക് മഹാഅനുഗ്രഹിച്ചു നൽകുകയും ചെയ്യുന്ന മഹാശക്തിയായ ദൈവത്തിന്റെ മഹാഇഷ്ടമനുസരിച്ച് ജീവിക്കേണ്ടേ ?**

**കുഞ്ഞുങ്ങളെല്ലാം ധർമ്മശാസ്ത്രപ്രകാരം പരമാനന്ദത്തോടെ ജീവിച്ചുകാണാനാണ് മഹാദേവി മഹാഇഷ്ടപ്പെടുന്നത്.**

(കുഞ്ഞുങ്ങളുടെ ആഗ്രഹത്തിനു വഴങ്ങി, മഹാദേവിയെ ആരാധിച്ച് സ്നേഹവും നന്ദിയും പ്രകാശിപ്പിക്കാൻ മഹാശാസ്ത്രത്തെ മഹാഅനുഗ്രഹിച്ചു നൽകുന്ന ഏകജന്മത്തിൽ 50 വയസ്സിനു മേൽ മാത്രം കുഞ്ഞുങ്ങൾക്കെല്ലാം മഹാഅനുവാദമുണ്ട്.)

## ഭൂമിയിൽ മുഴുവൻ

# ഓം

## എന്ന മഹാദേവിയുടെ മഹാചിരി മഹാസംഗീതമായി ഉടൻ മുഴങ്ങി കൊണ്ട് ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ,

# മഹാദേവി

## ഈയുള്ളവനിലൂടെ വെളിപ്പെടുത്തിപ്പോരുന്ന ദൈവ വചനങ്ങളെ സൃഷ്ടികൾ മാത്രമായ മനുഷ്യർ സമ്പൂർണ്ണമായി വിശ്വസിക്കുന്നതാണ്; മറ്റു വഴികൾ യാതൊരാൾക്കും ഇല്ല !

**മഹാശക്തിയും മഹാനീതിയും മഹാമാതാവുമായ മഹാദേവി, മഹാപ്രപഞ്ചത്തെയും മഹാശാസ്ത്രത്തെയും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയും മഹാസൃഷ്ടിക്കുകയും മഹാവാത്സല്യത്തെ നൽകി മഹാപരിപാലിക്കുകയും ചെയ്യുന്നത് ആർക്കു വേണ്ടിയാണ് ?**

**മഹാമാതാവുമായ മഹാദേവി സർവ്വതും ചെയ്യുന്നത് കുഞ്ഞുങ്ങളായ നിങ്ങൾ ഓരോരുത്തർക്കും വേണ്ടിയാണ്.**

## കുഞ്ഞുങ്ങൾ ചെയ്യേണ്ടതോ ?

# ധർമ്മശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കണം എന്നതു മാത്രം.



# സത്യം ശിവം സുന്ദരം

**ഭൂമിയിലെ എല്ലാ രാജ്യങ്ങളുടെയും ദേശീയ ഗാനം ഓം മാത്രമാണ്. ദേശം സ്വയം ഉടൻ പാടുന്നതാണ്. ഒരു ഭൂമിയിലെ എല്ലാ ദേശങ്ങളുടെയും പതാകയും ഒന്ന്. വെള്ളപ്പതാകയിൽ വീണയും നെൽക്കതിരും.**

Ref. സർവ്വ ദേശ ഭൂമിഗാനം www.omsathyam.com/GodlyRevolution/NationalSongEmblemFlagConstitutionCourtEtc.pdf

# ... മഹാദേവി ഭൂമിയിൽ മഹാഎഴുന്നെള്ളിക്കഴിഞ്ഞു.

മഹാശക്തിയായ **മഹാദേവി** ഉടനെ ഭൂമിയിലെങ്ങും **ഓം** എന്ന് മഹാചിരിച്ച് **മായ** പ്രത്യക്ഷമാക്കുന്നതും ഭൂമിയിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കുന്നതുമാണ്. **മായ** പ്രത്യക്ഷമാക്കിയിട്ട് 500 വർഷങ്ങൾക്കു ശേഷം മാത്രം ആരംഭിക്കുന്ന സംഹാരത്തെപ്പറ്റി ഇവിടെ കൂടുതൽ വിശദീകരിക്കേണ്ടതില്ല. മഹാഗ്രന്ഥത്തിൽ ലഭ്യമാണ്.

**മഹാദേവി** ഏതാനും മഹാപാഠങ്ങളെ വൈകാതെ വെളിപ്പെടുത്തുന്നതാണ്. ആദിയും അന്തവും ഇല്ലാത്ത മഹാജ്ഞാനം എന്ന മഹാശാസ്ത്രം പുതിയ ശാസ്ത്ര പാഠങ്ങളെ ഉൾക്കൊണ്ടു തുടരുന്നതാണ്. ശേഷം മഹാശാസ്ത്ര ഗ്രന്ഥങ്ങളെയും അഥവാ വേദഗ്രന്ഥങ്ങളെയും കൂടി പ്രായേണ മഹാശക്തിയായ **മഹാദേവി** സംഹരിക്കുന്നതാണെന്നും; അതേസമയം മഹാശാസ്ത്രം/ വേദങ്ങൾ മണ്ണായ ഭൂമിയിൽ സദാ മഹാലയിച്ചിരിക്കുന്നു എന്നും കുഞ്ഞുങ്ങളെല്ലാം അറിഞ്ഞുകൊള്ളണം.

എന്ന്, **മഹാദേവിക്കുവേണ്ടി**, മഹാകല്പനപ്രകാരം, മഹാദാസനും **മഹാദേവനുമായ പരമശിവൻ**

ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം.

ഓം മഹാശക്തി **മണ്ണടി മഹാഭദ്രകാളി** ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

# സർവ്വദേശ ഭൂമി ഗാനം

## മഹാശാസ്ത്ര മൂലം

## ശബ്ദ ബ്രഹ്മം

## അക്ഷരബ്രഹ്മം

## ആദി വചനം


## സൃഷ്ടി മന്ത്രം

## സംഹാര കാഹളം

## ഏക മഹാശബ്ദം

# മഹാദേവിയുടെ മഹാചിരി

# ഓം ॐ OM



**ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.**

**ഓം സത്യം ഓം ധർമ്മം ഓംനീതി സംഹാരം. പരമശിവൻ**

2018 **നവംബർ** 30, **വെള്ളിയാഴ്ച.**